03
ജൂലൈ 2024
ബുധൻ
1445 ദുൽഹജ്ജ് 27
1199 മിഥുനം 19
പേജ് 22
അബുദാബി
ഗൾഫ് ചന്ദ്രിക
https://gulf-chandrika.com/
ഗൾഫ് ചന്ദ്രിക
facebook.com/@gulfchandrika
instagram.com/@gulfchandrika
youtube/@gulfchandrika

08 തോൽക്കാൻ സി.ആറിന് മനസില്ല

മുസ്‌ലിംലീഗ് കരുത്ത്

മുസ്‌ലിം ലീഗിന്റെ പുതിയ രാജ്യസഭാംഗം അഡ്വ ഹാരിസ് ബീരാന്റെ സത്യപ്രതിജ്ഞാ ചടങ്ങിന് മുമ്പ് പാർട്ടിയുടെ മുഴുവൻ പാർലമെന്റംഗങ്ങളും സംസ്ഥാന അധ്യക്ഷൻ പാണക്കാട് സയ്യിദ് സാദിഖലി ശിഹാബ് തങ്ങൾക്കൊപ്പം ഡൽഹിയിൽ ഒരുമിച്ചപ്പോൾ. ഹാരിസ് ബീരാനൊപ്പം നവാസ് കനി, ഇ.ടി മുഹമ്മദ് ബഷീർ, ഡോ.അബ്ദുൾ സമദ് സമദാനി, പി.വി അബ്ദുൽ വഹാബ് എന്നിവർ. പാർലമെന്റിന്റെ ഇരു സഭകളിലുമായി അഞ്ച് പേരാണ് നിലവിൽ മുസ്‌ലിം ലീഗിനുള്ളത്

ഹാരിസ് ബീരാൻ സത്യപ്രതിജ്ഞ ചെയ്തു

കേരളത്തിൽ നിന്നുള്ള ജോസ് കെ. മാണിയും പി.പി. സുനീറും സത്യപ്രതിജ്ഞ ചെയ്തു

ന്യൂഡൽഹി: മുസ്‌ലിം ലീഗിന്റെരാജ്യസഭാംഗം അഡ്വ.ഹാരിസ് ബീരാൻ സത്യപ്രതിജ്ഞ ചെയ്തു. ആദ്യ ദിവസം തന്നെ സഭയെ അഭിസംബോധന ചെയ്യാനും ഹാരിസിന് അവസരം കിട്ടി. ഹാരിസ് ബീരാന് പുറമെ കേരളത്തിൽ നിന്നുള്ള മറ്റ് രണ്ട് എം.പിമാരും സത്യപ്രതിജ്ഞ ചെയ്തു.ഹാരിസ് ബീരാനാണ് ആദ്യം സത്യപ്രതിജ്ഞ ചെയ്തത്. രണ്ടാമതായി ജോസ് കെ.മാണിയും മൂന്നാമതായി പി.പി. സുനീറും സത്യപ്രതിജ്ഞ ചെയ്തു. ഹാരിസ് ബീരാനും ജോസ് കെ.മാണിയും ഇംഗ്ലീഷിലും പി.പി.സുനീർ മലയാളത്തിലും സത്യപ്രതിജ്ഞ ചൊല്ലി. മൂന്നു പേരും എതിരില്ലാതെയാണ് രാജ്യസഭയിലേക്ക് തിരഞ്ഞെടുക്കപ്പെട്ടത്. പത്രിക സമർപ്പിക്കേണ്ട അവസാന ദിനമായിരുന്ന ജൂൺ 13ന് നാലു പേർ പത്രിക സമർപ്പിച്ചെങ്കിലും തമിഴ്നാട് സ്വദേശിയായ പത്മരാജന്റെ പത്രിക തള്ളിയിരുന്നു. ഇതോടെയാണ് വോട്ടെടുപ്പ് ഒഴിവായത്. ജൂൺ 25നാണ് തിരഞ്ഞെടുപ്പ് നിശ്ചയിച്ചിരുന്നത്. രാജ്യസഭയിൽ കേരളത്തിൽ നിന്ന് ആകെ ഒൻപത് എംപിമാരാണുള്ളത്. അഡ്വ.ഹാരിസ് ബീരാൻ കൂടി സത്യപ്രതിജ്ഞ ചെയ്തതോടെ മുസ്‌ലിം ലീഗിന് പാർലമെന്റിൽ അഞ്ച് അംഗങ്ങളായി. രാജ്യസഭയിൽ ഹാരിസ് ബീരാനു പുറമെ പി.വി അബ്ദുൽ വഹാബും ലോക്സഭയിൽ ഇ.ടി മുഹമ്മദ് ബഷീർ, ഡോ.അബ്ദുസമദ് സമദാനി, കെ നവാസ് കനി എന്നിവരാണ് മുസ്‌ലിം ലീഗ് എംപിമാർ.

(കന്നി പ്രസംഗം പേജ്-12 ൽ)

രാജ്യസഭാംഗമായി മുസ്‌ലിംലീഗിലെ അഡ്വ. ഹാരിസ് ബീരാൻ സത്യപ്രതിജ്ഞ ചെയ്യുന്നു

പരാമർശങ്ങൾ നീക്കിയതിനെതിരെ പരാതിയുമായി രാഹുൽ

ന്യൂഡൽഹി: തിങ്കളാഴ്ച ലോക്സഭയിൽ നടത്തിയ പ്രസംഗത്തിലെ തന്റെ പരാമർശങ്ങൾ നീക്കം ചെയ്തതിനെതിരെ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി. മോദിയുടെ ലോകത്തു നിന്ന് മാത്രമേ സത്യത്തെ നീക്കം ചെയ്യാൻ കഴിയൂ, യാഥാർഥ്യത്തിൽ നിന്ന് പറ്റില്ലെന്ന് രാഹുൽ പറഞ്ഞു. ഇന്നലെ പാർലമെന്റ് നടപടികൾക്ക് മുന്നോടിയായി പാർലമെന്റ് സമുച്ചയത്തിന് പുറത്ത് മാധ്യമ പ്രവർത്തകരോട് സംസാരിക്കവെയായിരുന്നു അദ്ദേഹത്തിന്റെ പ്രതികരണം. രാഹുൽ ഗാന്ധിയുടെ പ്രസംഗത്തിൽ ബിജെപിയെയും ആർഎസ്എസിനെയും ഹിന്ദു മതത്തിന്റെ പേരിൽ വിദ്വേഷവും ഹിംസയും പ്രചരിപ്പിക്കുതിനെതിരെയും പരാമർശങ്ങൾ നടത്തിയിരുന്നു. ഇതിനെതിരെ പ്രധാനമന്ത്രി നരേന്ദ്ര മോദിയും കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷായും ഉൾപ്പെടെയുള്ളവർ എതിർപ്പ് പ്രകടിപ്പിച്ചിരുന്നു. പിന്നാലെയാണ് രാഹുലിന്റെ പരാമർശങ്ങൾ സഭ രേഖകളിൽ നിന്ന് സ്പീക്കർ നീക്കിയത്. ചൊവ്വാഴ്ച സ്പീക്കർ ഓം ബിർളയ്ക്ക് നൽകിയ കത്തിൽ, തന്റെ പ്രസംഗത്തിന്റെ ഭാഗങ്ങൾ 'നടപടിക്രമങ്ങളുടെ മറവിൽ' ഒഴിവാക്കുന്നത് പാർലമെന്ററി ജനാധിപത്യത്തിന്റെ തത്വത്തിന് വിരുദ്ധമാണെന്നും രാഹുൽ പറഞ്ഞു. വെട്ടിമാറ്റിയ കാര്യമറിഞ്ഞപ്പോൾ ഞെട്ടിപ്പോയെന്നും അദ്ദേഹം കത്തിൽ കുറിച്ചു. 'സഭയിൽ പറയാൻ ശ്രമിച്ചത് അടിസ്ഥാന യാഥാർഥ്യമാണ്, വസ്തുതാപരമായ നിലപാടെന്നും അദ്ദേഹം പറഞ്ഞു. കൂടാതെ, കേന്ദ്രമന്ത്രിയും ബിജെപി എംപിയുമായ അനുരാഗ് താക്കൂറിന്റെ തിങ്കളാഴ്ചത്തെ പ്രസംഗത്തെ കുറിച്ചും രാഹുൽ കത്തിൽ സൂചിപ്പിച്ചു. അതിൽ മുഴുവൻ ആരോപണങ്ങൾ മാത്രമായിരുന്നിട്ടും ഒരു വാക്ക് മാത്രമാണ് ഒഴിവാക്കിയത്. ചിലർക്ക് നേരെ മാത്രമുള്ള നടപടി യുക്തിരഹിതമാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ബ്രൗൺഷുഗറുമായി പിടിയിൽ

തൃശൂർ: ബ്രൗൺഷുഗറുമായി അന്യസംസ്ഥാനക്കാരൻ പിടിയിൽ. അസാം സ്വദേശി ജഹിറുൾ ആണ് അറസ്റ്റിലായത്. ഏകദേശം കാൽ ലക്ഷത്തോളം വിലവരുന്ന 1.49 ഗ്രാം ബ്രൗൺ ഷുഗറാണ് പിടിച്ചെടുത്തത്. കുട്ടനെല്ലൂരിൽ വിൽപനക്കു കൊണ്ടുവന്നതാണിത്. ഒല്ലൂർ പോലീസും കമ്മീഷണറുടെ നേതൃത്വത്തിലുള്ള ലഹരി വിരുദ്ധ സ്ക്വാഡും ചേർന്നാണ്ഇയാളെ പിടികൂടിയത്.

യു.പി.യിൽ തിക്കിലും തിരക്കിലും 122 മരണം

ദുരന്തം ഹാഥ്റസിൽ മതചടങ്ങിനിടെ

ലക്നൗ: ഉത്തർ പ്രദേശിലെ ഹാഥ്റസിൽ മതചടങ്ങിനിടെയുണ്ടായ തിക്കിലും തിരക്കിലും പെട്ട് മൂന്ന് കുട്ടികളടക്കം 122 പേർ കൊല്ലപ്പെട്ടു. 150ൽ അധികം പേർക്ക് പരിക്കേറ്റു. പരിക്കേറ്റവരിൽ പലരുടേയും നില ഗുരുതരമായതിനാൽ മരണ സംഖ്യ ഉയരാൻ സാധ്യതയുണ്ട്. മരിച്ചവരിൽ ഏറെയും സ്ത്രീകളാണ്. മരിച്ചവരുടെ മൃതദേഹങ്ങൾ ബസിലും ടെമ്പോകളിലുമായാണ് കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലെത്തിച്ചത്. സിക്കന്ദറാ റാവു പൊലീസ് സ്റ്റേഷൻ പരിധിയിലെ ഫുൽറായി ഗ്രാമത്തിലാണ് ദുരന്തമുണ്ടായത്. മത പ്രഭാഷകനായ ഭോലെ ബാബ സത്സങ് (പ്രാർത്ഥന)ചടങ്ങിനിടെയുണ്ടായ തിക്കിലും തിരക്കിലും പെട്ടാണ് ഇത്രയും പേർ മരിച്ചതെന്ന് എറ്റാ ചീഫ് മെഡിക്കൽ ഓഫീസർ ഡോ. ഉമേശ് കുമാർ ത്രിപാഠി അറിയിച്ചു. 50-60 മൃതദേഹങ്ങൾ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലെത്തിച്ചതായി എറ്റാ ജില്ലാ മജിസ്ട്രേറ്റ് അറിയിച്ചു. നിരവധി പേരെ പരിക്കുകളോടെ സമീപത്തെ ആശുപത്രിയിൽ പ്രവേശിപ്പിച്ചിട്ടുണ്ട്. സംഭവത്തെ കുറിച്ച് വിശദമായി അന്വേഷിച്ചു വരികയാണെന്നും കൂടുതൽ വിവരങ്ങൾ അന്വേഷണത്തിന് ശേഷം മാത്രമേ വ്യക്തമാക്കാനാവൂ എന്നും പൊലീസ് അറിയിച്ചു. സംഭവത്തെ കുറിച്ച് അന്വേഷിക്കാൻ പ്രത്യേക ടീമിനെ നിയോഗിച്ചതായി മുഖ്യമന്ത്രി ആദിത്യനാഥ് അറിയിച്ചു. മരിച്ചവരുടെ കുടുംബങ്ങൾക്ക് രണ്ട് ലക്ഷം വീതവും പരിക്കേറ്റവർക്ക് 50,000 വീതവും സംസ്ഥാന സർക്കാർ സഹായധനം പ്രഖ്യാപിച്ചു. പ്രത്യേകം ടെന്റിലായിരുന്നു 5000ൽ അധികം പേർ പ്രാർത്ഥനാ യോഗത്തിൽ പങ്കെടുത്തിരുന്നത്. ചടങ്ങ് കഴിഞ്ഞതിന് ശേഷം കനത്ത ചൂടിൽ ശ്വാസം മുട്ടിയതോടെ നിരവധി പേർ ഒരുമിച്ച് ഇടുങ്ങിയ കവാടം വഴി പുറത്ത് കടക്കാൻ ശ്രമിച്ചതാണ് തിക്കും തിരക്കും ഉണ്ടാവാൻ കാരണം. ഇതിനിടെ പ്രഭാഷകന്റെ വാഹനം കടന്നു പോകുന്നതുവരെ ജനങ്ങളെ കടത്തിവിടാതെയിരുന്നത് വലിയ തിരക്ക് രൂപപ്പെടാൻ ഇടയാക്കി. തിങ്ങിഞെരുങ്ങി പുറത്തുകടക്കുന്നതിനിടയിൽ പലരും വീണു. ശ്വാസം ലഭിക്കാതെ പലരും പ്രയാസപ്പെട്ടു. പുറത്തേക്കിറങ്ങാൻ ശ്രമിച്ചപ്പോൾ വാഹനങ്ങളും തടസ്സം സൃഷ്ടിച്ചു. ശ്വാസം കിട്ടാതെയും വീണിടത്തുനിന്ന് എഴുന്നേൽക്കാൻ കഴിയാതെയും വന്നതോടെ പലരുടെയും ജീവൻ പൊലിഞ്ഞുവെന്നു ദുരന്തത്തിൽ നിന്ന് അതിജീവിച്ചയാൾ പ്രതികരിച്ചു. മരിച്ചവരിൽ ഏറെയും സമീപ ഗ്രാമങ്ങളിൽ നിന്നുള്ളവരാണ്. പരിക്കേറ്റവരെ എറ്റാ ജില്ലാ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. മരിച്ചവരുടെ പോസ്റ്റ് മോർട്ടവും ഇവിടെ നടക്കും. പ്രസിഡന്റ് ദ്രൗപതി മുർമു, പ്രധാനമന്ത്രി നരേന്ദ്രമോദി, പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി എന്നിവർ ദുരന്തത്തിൽ അനുശോചിച്ചു. രക്ഷാ പ്രവർത്തനത്തിന് ഇന്ത്യ സഖ്യ പ്രവർത്തകർ പങ്കെടുക്കണമെന്നും രാഹുൽ അഭ്യർത്ഥിച്ചു.

ഹാഥ്റസിൽ തിക്കിലും തിരക്കിലുംപെട്ട് മരണമടഞ്ഞവരുടെ മൃതദേഹം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലെത്തിച്ചപ്പോൾ

വധശിക്ഷ റദ്ദാക്കി

റഹീമിന്റെ മോചനം ഉടൻ

റിയാദ്/ ഫറോക്ക്: വധശിക്ഷയ്ക്ക് വിധിക്കപ്പെട്ട് സൗദി അറേബ്യയിൽ ജയിലിൽ കഴിയുന്ന ഫറോക്ക് കോടാമ്പുഴ സ്വദേശി അബ്ദുൾ റഹീമിന്റെ ശിക്ഷ റദ്ദാക്കി. റിയാദ് ക്രിമിനൽ കോടതിയാണ് ഉത്തരവ് പുറപ്പെടുവിച്ചത്. മോചനത്തിനാവശ്യമായ ദിയാധനം 34 കോടി രൂപ കൊല്ലപ്പെട്ട സൗദി ബാലന്റെ കുടുംബത്തിന് കൈമാറി. ഇതേ തുടർന്ന് പ്രതിക്ക് മാപ്പ് നൽകുന്നതായി സൗദി കുടുംബം കോടതിയെ അറിയിച്ചു. ഓൺലൈൻ ആയി നടന്ന കോടതി നടപടികളിൽ ജയിലിൽ നിന്ന് അബ്ദുൽ റഹീമും പങ്കെടുത്തു. രേഖകളെല്ലാം പരിശോധിച്ചതിന് ശേഷമാണ് വധശിക്ഷ റദ്ദ് ചെയ്ത ഉത്തരവിൽ ഇന്നലെ ഉച്ചയ്ക്ക് കോടതി ഒപ്പുവെച്ചതെന്ന് സമിതി ഭാരവാഹികളായ കെ സുരേഷ്, കെ.കെ. ആലികുട്ടി മാസ്റ്റർ, എം.ഗിരീഷ് എന്നിവർ അറിയിച്ചു. എംബസി ഉദ്യോഗസ്ഥൻ യൂസഫ് കാക്കഞ്ചേരി, റഹീമിന്റെ കുടുംബത്തിന്റെ പവർ ഓഫ് അറ്റോണി സിദ്ധിഖ് തുവ്വൂർ എന്നിവരും കോടതിയിൽ സന്നിഹിതരായിരുന്നു. നടപടി ക്രമങ്ങൾ പൂർത്തിയാക്കി അടുത്ത ദിവസം തന്നെ റഹീം ജയിൽ മോചിതനാകും. റിയാദ് ഗവർണ്ണറേറ്റ് വഴി നൽകിയ പതിനഞ്ച് മില്യൺ റിയാലിന്റ (ഏകദേശം 34.35 കോടി രൂപ) ചെക്ക് കൊല്ലപ്പെട്ട സൗദി ബാലന്റെ കുടുംബത്തിന്റെ പവർ ഓഫ് അറ്റോണിക്ക് റിയാദ് ക്രിമിനൽ കോടതി ചീഫ് ജസ്റ്റിസ് കൈമാറിയതായി അബ്ദു റഹീം നിയമ സഹായ സമിതിയുടെ റിയാദ് ഘടകം ഭാരവാഹികളായ സി പി മുസ്തഫ, അബ്ദുല്ല വല്ലാംചിറ, സെബിൻ ഇഖ്ബാൽ എന്നിവർ അറിയിച്ചു. മോചനമുൾപ്പടെയുള്ള നടപടിക്രമങ്ങൾ വരും ദിവസങ്ങളിൽ കോടതി പരിഗണിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. റഹീമിന്റെ മടങ്ങി വരവ് വൈകാതെ ഉണ്ടാകുമെന്ന് റഹീം സഹായ സമിതി ഭാരവാഹി അഷ്റഫ് വേങ്ങാട്ടും പറഞ്ഞു.

സൗദി പൗരൻ അനസ് അൽഅശ്ഹരിയുടെ മരണത്തെ തുടർന്നാണ് അബ്ദുൽ റഹീമിന് കോടതി വധശിക്ഷ വിധിച്ചത്. സൗദി കുടുംബം ആവശ്യപ്പെട്ട ദിയധനം സ്വരൂപിക്കാൻ ലോക മലയാളി സമൂഹവും ഉദാര മനസ്കരും കൈകോർത്തത് തുല്യതയില്ലാത്ത കാരുണ്യ പ്രവർത്തനമായി മാറിയിരുന്നു.

റിയാദിലും ഫറോക്കിലും സർവ കക്ഷി കൂട്ടായ്മയുടെ നേതൃത്വത്തിൽ രൂപീകരിച്ച റഹീം നിയമ സഹായ സമിതിയും കോടമ്പുഴയിലെ പ്രാദേശിക സമിതിയും ഫണ്ട് സമാഹരണത്തിന് നേതൃത്വം നൽകി.

ആരോഗ്യവകുപ്പ് പനിക്കിടക്കയിൽ

- പ്രതിപക്ഷം നിയമസഭയിൽ നിന്ന് ഇറങ്ങിപ്പോയി
- അടിയന്തര പ്രമേയത്തിന് അനുമതി നൽകിയില്ല
- ആരോഗ്യവകുപ്പിന്റെ വീഴ്ചകൾ അക്കമിട്ടുനിരത്തി ടി.വി ഇബ്രാഹീം

തിരുവനന്തപുരം: സംസ്ഥാനത്ത് പകർച്ചപ്പനി വ്യാപിക്കുന്ന സാഹചര്യവും മഞ്ഞപ്പിത്തം പടരുന്നതും ആരോഗ്യവകുപ്പിന്റെ വീഴ്ചകളും നടപടികൾ നിർത്തിവെച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് കൊണ്ടുവന്ന അടിയന്തര പ്രമേയത്തിന് അനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് പ്രതിപക്ഷം നിയമസഭയിൽ നിന്നിറങ്ങിപ്പോയി.

പ്രതിപക്ഷത്തെ ടി.വി ഇബ്രാഹീമാണ് അടിയന്തര പ്രമേയത്തിന് അനുമതി തേടിയത്. മാലിന്യ സംസ്കരണവും ശുചീകരണ പ്രവർത്തനവും ശരിയായ രീതിയിൽ നടത്തിയില്ലെന്ന് അദ്ദേഹം കുറ്റപ്പെടുത്തി. കേരളത്തിലെ ആരോഗ്യവകുപ്പ് പനിപിടിച്ച് പുതച്ചുകിടക്കുകയാണെന്നും അദ്ദേഹം പരിഹസിച്ചു. എന്നാൽ പ്രതിപക്ഷത്തിന്റെ ആരോപണങ്ങൾ തള്ളിയ ആരോഗ്യമന്ത്രി വീണാ ജോർജ്, 2013, 2017 വർഷങ്ങളിലാണ് സംസ്ഥാനത്ത് ഡെങ്കി പനി കൂടിയതെന്ന് പറഞ്ഞു. എന്നാൽ അത് കുറച്ചുകൊണ്ടുവരാൻ കഴിഞ്ഞു. എലിപ്പനി കൂടാനുള്ള സാഹചര്യം ഉണ്ടായിരുന്നു. അതിനെതിരെയും ശക്തമായ നടപടി സ്വീകരിച്ചു. സംസ്ഥാനത്ത് മഞ്ഞപ്പിത്തം നിയന്ത്രണ വിധേയമാണ്. വള്ളിക്കുന്നിൽ ആരും മഞ്ഞപ്പിത്തം ബാധിച്ച് ഇപ്പോൾ ആശുപത്രിയിൽ ചികിത്സയിൽ ഇല്ലെന്നും മന്ത്രി വ്യക്തമാക്കി. വിഷയം അടിയന്തര പ്രാധാന്യത്തോടെ ചർച്ച ചെയ്യേണ്ടതില്ലെന്ന മന്ത്രിയുടെ വിശദീകരണത്തെ തുടർന്ന് സ്പീക്കർ ചർച്ചക്ക് അനുമതി നിഷേധിക്കുകയായിരുന്നു. ഇതേത്തുടർന്നാണ് പ്രതിപക്ഷം വാക്കൗട്ട് ചെയ്തത്.

പൊതുജനാരോഗ്യത്തെ സംബന്ധിച്ച കാര്യങ്ങൾ പറയുമ്പോൾ ആരോഗ്യ മന്ത്രി വ്യക്തിപരമായി എടുക്കരുതെന്ന് പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ വാക്കൗട്ട് പ്രസംഗത്തിൽ പറഞ്ഞു. പോരായ്മകൾ ചോദ്യം ചെയ്യപ്പെടും. തിരുവനന്തപുരം നഗര മധ്യത്തിൽ വെള്ളക്കെട്ട് ഉണ്ടായിട്ട് ഒരു മന്ത്രി പോലും തിരിഞ്ഞുനോക്കിയിട്ടില്ല. ഇതാണ് സംസ്ഥാനം മുഴുവനുള്ള അവസ്ഥ. മഴക്കാലപൂർവ്വ ശുചീകരണം ഏറ്റവും മോശമായ വർഷമാണിതെന്നും അദ്ദേഹം പറഞ്ഞു. സാംക്രമിക രോഗങ്ങൾ നിയന്ത്രിക്കാൻ 12 കോടി വകയിരുത്തിയിട്ടും ചിലവഴിച്ചത് .08 ശതമാനം മാത്രമാണ്. സർക്കാരിന്റെ തന്നെ കണക്കനുസരിച്ച്, 2024 ൽ ഇതുവരെ പനി ബാധിച്ചത് 12 ലക്ഷം പേർക്കാണ്. ഏഴു പേർ മരിച്ചു.

2024 ൽ ഡെങ്കിപ്പനി ബാധിച്ചത് 7949 പേർക്കാണ്. മരണം 22. 2024ൽ എലിപ്പനി ബാധിച്ചത് 1132 പേർക്കാണ്, മരണം 61. ഹെപ്പറ്റൈറ്റിസ് എ ബാധിച്ചവർ 3020 പേർ. മരിച്ചത് 24 പേർ. ഹെപ്പറ്റൈറ്റിസ് ബി ബാധിച്ചവർ: 119 പേർ. ഷിഗെല്ല ബാധിച്ചത് 63 പേർക്ക്. വെസ്റ്റ് നൈൽ ബാധിച്ചത് 20 പേർക്ക്, മരണം മൂന്ന്. ഈ കണക്ക് പൂർണമല്ല. സ്വകാര്യ ആശുപത്രികളും ക്ലിനിക്കുകളിലുമുള്ള വിവരങ്ങൾ ഒഴികെയുള്ള കണക്കാണിത്. ഇതിനേക്കാൾ കൂടുതലാണ് യാഥാർത്ഥ വിവരങ്ങളെന്നും പ്രതിപക്ഷ നേതാവ് പറഞ്ഞു.

അതേസമയം തിരഞ്ഞെടുപ്പ് കമ്മീഷന്റെ മാർഗനിർദ്ദേശങ്ങൾ ഉള്ളതുകൊണ്ടാണ് യോഗങ്ങൾ പലതും ചേരാൻ കഴിയാഞ്ഞതെന്ന് തദ്ദേശവകുപ്പ് മന്ത്രി എം.ബി രാജേഷ് പറഞ്ഞു. മഴ പെയ്താൽ ലോകത്ത് എല്ലായിടത്തും വെള്ളം കയറുമെന്നും അദ്ദേഹം വിശദീകരിച്ചു. എന്നാൽ യോഗം ചേരുന്നതിന് മാത്രമാണ് കമ്മീഷന്റെ വിലക്ക് ഉണ്ടായിരുന്നതെന്നും മഴക്കാലപൂർവ ശുചീകരണത്തിന് വിലക്കുണ്ടായിരുന്നില്ലെന്നും സതീശൻ തിരിച്ചടിച്ചു.

സംസ്ഥാനത്ത് മലിന ജലമാണ് കുടിവെള്ളമായി വിതരണം ചെയ്യുന്നത്. പൊതുജനാരോഗ്യത്തിൽ സർക്കാരിന് ശ്രദ്ധയില്ലെന്നും പ്രതിപക്ഷം വിമർശിച്ചു.

ഗൾഫ് ചന്ദ്രിക
gulfchandrikanews@gmail.com
2024 ജൂലൈ 03 ബുധൻ
ഗൾഫ് ചന്ദ്രിക

ഹാദിയയുടെ മതപഠന കോഴ്സിന് അപേക്ഷിക്കാം

ദുബൈ: ദാറുൽഹുദാ ഇസ്‌ലാമിക സർവകലാശാലയുടെ പൂർവ വിദ്യാർത്ഥി സംഘടന ഹാദിയക്കു കീഴിലെ ദുബൈ ഖിസൈസിലുള്ള അൽഹിദായ ഇസ്‌ലാമിക് സെന്ററിൽ നടക്കുന്ന മതപഠന കോഴ്സിന് അപേക്ഷിക്കാം. ഖുർആൻ,ഹദീസ്,പാരായണ ശാസ്ത്രം,കർമശാസ്ത്രം തുടങ്ങിയ വിഷയങ്ങളിലെ അടിസ്ഥാന മതപഠന കോഴ്സിന്റെ ക്ലാസുകൾ പ്രതിവാരം ഞായറാഴ്ചകളിൽ രാവിലെ സെന്ററിൽ വെച്ചാണ് നടക്കുക. പ്രായഭേദമന്യെ പ്രവാസികളായ എല്ലാ പുരുഷന്മാർക്കും കോഴ്സിനു അപേക്ഷിക്കാം. വിശദ വിവരങ്ങൾക്ക് +971 56 213 5351 എന്ന നമ്പറിൽ ബന്ധപ്പെടുക.

കറൻസി മൂല്യം

1 യു.എ.ഇ ദിർഹം 22.72 ₹
1 ഒമാനി റിയാൽ 216.83 ₹
1 സൗദി റിയാൽ 22.25 ₹
1 ഖത്തർ റിയാൽ 22.87 ₹
1 കുവൈറ്റ് ദിനാർ 272.34 ₹
1 ബഹ്റൈൻ ദിനാർ 221.45 ₹

സ്വർണവില

(ഗ്രാമിന്-ദിർഹം)

24 കാരറ്റ് 282.00
22 കാരറ്റ് 261.00
21 കാരറ്റ് 252.75
18 കാരറ്റ് 216.75

ഗൾഫ് വാർത്തകൾ

പ്രായമായവരെ ആദരിക്കാൻ ദുബൈ ഇമിഗ്രേഷൻ ഒരുക്കിയ ചടങ്ങിൽ നിന്ന്

ദുബൈ എമിഗ്രേഷൻ: പ്രായമായവരെ ആദരിച്ചു

ദുബൈ: പ്രായമായവരെ ആദരിക്കാനും തലമുറകൾ തമ്മിലുള്ള ആശയവിനിമയം പ്രോത്സാഹിപ്പിക്കാനുമുള്ള ഹൃദ്യസ്പർശിയായ ഒരു ചടങ്ങ് കഴിഞ്ഞ ദിവസം ദുബൈ എമിഗ്രേഷൻ വകുപ്പ് സംഘടിപ്പിച്ചു. 'നിങ്ങളുടെ സംതൃപ്തിയാണ് സ്വർഗം' എന്ന പേരിൽ അൽ മംസാറിലുള്ള സീനിയേഴ്സ് ഹാപ്പിനസ് സെന്ററിലാണ് പരിപാടി നടന്നത്. സമൂഹത്തിലെ പ്രായമായവരുടെ അമൂല്യമായ സംഭാവനകളെ ആദരിക്കാനും അവർക്ക് സന്തോഷം പകരാനും വേണ്ടിയായിരുന്നു പരിപാടി. ദുബൈ വിമാനത്താവളങ്ങളിലെ എമിഗ്രേഷൻ വിഭാഗത്തിന്റെ നേതൃത്വത്തിൽ അവരുടെ പങ്കാളികളും ചേർന്നാണ് ചടങ്ങ് സംഘടിപ്പിച്ചത്.

ആഘോഷവും സന്തോഷവും നിറഞ്ഞ പരിപാടിയിൽ നമ്മുടെ സമൂഹത്തിലെ പ്രായമായവരോടുള്ള ആദരവ് പ്രകടിപ്പിക്കാൻ പങ്കെടുത്തവർ ഒത്തുകൂടി. അവരുമായി കളിച്ചും വിശേഷം പങ്കുവെച്ചും, അവർക്ക് വിവിധ സമ്മാനങ്ങൾ നൽകിയും സന്തോഷം പകർന്ന ചടങ്ങ് വേറിട്ടതായി. ഈ പരിപാടിയിലൂടെ, ജീവിതത്തിൽ പ്രായമായവരുടെ പ്രാധാന്യത്തെക്കുറിച്ച് കൂടുതൽ അവബോധം സൃഷ്ടിക്കാനും പുതുതലമുറയെ പഴയ തലമുറയുമായി ബന്ധിപ്പിക്കാനും അവരിൽ നിന്ന് പഠിക്കാനും ലക്ഷ്യമാക്കിയാണ് ദുബൈ ഇമിഗ്രേഷൻ വേദി ഒരുക്കിയതെന്ന് അധികൃതർ അറിയിച്ചു.

പ്രായമായവരോടുള്ള ബഹുമാനവും സ്നേഹവും വളർത്തുന്നതിലൂടെ, തലമുറകൾ തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്താനും കൂടുതൽ സാമീപ്യവും അവരെ പിന്തുണയ്ക്കുന്ന സമൂഹം സൃഷ്ടിക്കാനും അതിനായി പ്രചോദിപ്പിക്കുന്ന സന്ദേശം നൽകുന്ന പരിപാടിയായി മാറി.

ഒന്നും പറയേണ്ട,നന്നാവില്ല

എയർഇന്ത്യ എക്സ്പ്രസ് റദ്ദാക്കൽ തുടരുന്നു

ദുബൈ: സ്വകാര്യ കമ്പനി ഏറ്റെടുത്താൽ എല്ലാം ശരിയാവുമെന്ന് ധരിച്ചെങ്കിൽ തെറ്റി. എയർഇന്ത്യ എക്സ്പ്രസ് ഇനിയും നന്നാവുമെന്ന് കരുതാനാവില്ല. പ്രവാസികളുടെ യാത്ര എളുപ്പമാക്കാനും യാത്രാകൂലി ലഘൂകരിക്കാനുമായി തുടങ്ങിയ ഈ വിമാനസർവീസ് ഇപ്പോൾ പ്രവാസി സമൂഹത്തിന് ദുരിതം തീർത്തു കൊണ്ടിരിക്കുകയാണ്. അടുത്ത കാലത്ത് ജീവനക്കാരുടെ സമരം മൂലം പ്രവാസികൾ അനുഭവിച്ച ദുരിതത്തിന് കണക്കില്ല. ജീവനക്കാരുടെ സമരം അവസാനിച്ചെങ്കിലും ഇപ്പോൾ പൈലറ്റ് ഉൾപ്പെടെയുള്ള ജീവനക്കാരുടെ കുറവുമൂലം എയർഇന്ത്യ എക്സ്പ്രസ് സർവീസുകളുടെ റദ്ദാക്കൽ തുടരുകയാണ്. കണ്ണൂരിൽ അഞ്ചും കോഴിക്കോട്ട് രണ്ടും രാജ്യാന്തര സർവീസുകൾ കഴിഞ്ഞ ദിവസം മുടങ്ങി. കണ്ണൂരിലേക്കുള്ള അബുദാബി, ഷാർജ, ദോഹ സർവീസുകളും കണ്ണൂരിൽനിന്നു ഷാർജ, ദോഹ എന്നിവിടങ്ങളിലേക്കുള്ള സർവീസുകളുമാണു റദ്ദാക്കിയത്. കോഴിക്കോട്ടുനിന്നുള്ള 2 രാജ്യാന്തര സർവീസുകളും റദ്ദാക്കി. വൈകുന്നേരം 6 മണിക്കുള്ള ഷാർജ, രാത്രി 10:10നുള്ള അബുദാബി സർവീസുകളാണു റദ്ദാക്കിയത്. അവധിമൂലം ജീവനക്കാർ കുറവാണെന്നതാണ് കാരണമായി പറയുന്നത്. കോഴിക്കോട്ടുനിന്ന് രാവിലെ 9.30നുള്ള റാസൽഖൈമ സർവീസും റദ്ദാക്കിയിട്ടുണ്ട്. യാത്രക്കാർ എത്തിയിട്ടും പൈലറ്റ് എത്താത്തതിനാൽ റദ്ദാക്കിയ കോഴിക്കോട്-ദുബൈ സർവീസ് ഉൾപ്പെടെ കഴിഞ്ഞ 2 ദിവസങ്ങളിലായി 3 സർവീസുകൾ കോഴിക്കോട്ട് റദ്ദാക്കിയിട്ടുണ്ട്. കേരളത്തിലെ കെഎസ്ആർടിസിയുടെ സ്ഥിതിയിലെത്തിയിട്ടുണ്ട് എയർഇന്ത്യ എക്സ്പ്രസ് സർവീസ്.

ദുബൈ എമിഗ്രേഷനിലും ഇനി 'നിർമിത ബുദ്ധി'

ദുബൈ: സർക്കാർ വകുപ്പുകളിൽ നിർമിത ബുദ്ധി ടൂളുകൾ വ്യാപകമായി ഉപയോഗിക്കുകയെന്ന ദുബൈയുടെ കാഴ്ചപ്പാടിന് ശക്തിപകരാൻ ദുബൈ എമിഗ്രേഷൻ വകുപ്പും ആ പാതയിലേക്ക്. നൂതന നിർമിത ബുദ്ധി ടൂളുകൾ ഉപയോഗിച്ച് ഉപഭോക്തൃ സേവനം മെച്ചപ്പെടുത്താൻ ജനറൽ ഡയറക്ടറേറ്റ് ഓഫ് റെസിഡൻസി ആൻഡ് ഫോറിനേഴ്സ് അഫയേഴ്സ് തയ്യാറെടുക്കുന്നു. വിവിധ മേഖലകളിലെ അഡ്മിനിസ്ട്രേറ്റീവ് കേഡർമാരെ ലക്ഷ്യമിട്ട് എ ഐ രംഗത്ത് പരിശീലനം നൽകുന്നതിനായി മൈക്രോസോഫ്റ്റുമായി സഹകരിച്ച് ശിൽപശാല നടത്തി.

ജനറൽ ഡയറക്ടറേറ്റ് ഓഫ് റെസിഡൻസി ആൻഡ് ഫോറിനേഴ്സ് അഫയേഴ്സ് എ.ഐ ശിൽപശാലയിൽ നിന്ന്

സർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമായി ആർട്ടിഫിഷ്യൽ ഇന്റലിജൻസ് സാങ്കേതികവിദ്യയുടെ ഉപയോഗം വേഗത്തിലാക്കുക എന്ന ലക്ഷ്യത്തിന്റെ ഭാഗമായിരുന്നു പരിപാടി. ജിഡിആർഎഫ്എ ദുബൈ ഡയറക്ടർ ജനറൽ ലഫ്. ജനറൽ മുഹമ്മദ് അഹമ്മദ് അൽ മർറി, അസിസ്റ്റൻറ് ഡയറക്ടർമാർ, വകുപ്പ് തലവന്മാർ, മുതിർന്ന ഉദ്യോഗസ്ഥർ, ജീവനക്കാർ എന്നിവർ അൽ ജാഫിലിയയിലെ ഡയറക്ടറേറ്റ് ആസ്ഥാനത്ത് നടന്ന പരിശീലന പരിപാടിയിൽ പങ്കെടുത്തു. വർക്ക് ടൂളുകളിൽ എഐ സംയോജിപ്പിക്കുന്നതിൽ ഡയറക്ടറേറ്റ് നേടിയ വിജയത്തിന്റെ അടിസ്ഥാനത്തിലാണ് ഈ സംരംഭം രൂപകൽപന ചെയ്തതെന്ന് ജിഡിആർഎഫ്എ യിലെ ഡിജിറ്റൽ സേവനങ്ങൾക്കായുള്ള ഡപ്യൂട്ടി അസിസ്റ്റൻറ് ഡയറക്ടർ ലഫ്. കേണൽ ഖാലിദ് ബിൻ മദിഹ് അൽ ഫലാസി പറഞ്ഞു.

എ ഐ സാങ്കേതികവിദ്യകൾ സിസ്റ്റങ്ങൾ വികസിപ്പിക്കാൻ മാത്രമല്ല, പ്രകടന നിലവാരം മെച്ചപ്പെടുത്താനും അഡ്മിനിസ്ട്രേറ്റീവ് പ്രക്രിയകൾ കൂടുതൽ മികവുറ്റതാക്കാനും കാര്യക്ഷമത വർധിപ്പിക്കാനും ടാസ്ക് എക്സിക്യൂഷനിൽ ഉയർന്ന കൃത്യത കൈവരിക്കാനും സഹായിക്കുന്നുവെന്ന് അദ്ദേഹം പറഞ്ഞു.

യുഎഇയിൽ മുഹറം ഒന്നിന് സ്വകാര്യ മേഖലയിൽ പൊതുഅവധി

അബുദാബി: ഇസ്‌ലാമിക വർഷത്തിന് തുടക്കം കുറിക്കുന്ന മുഹറം ഒന്നിന് യുഎഇയിൽ സ്വകാര്യ മേഖലയിലെ തൊഴിലാളികൾക്ക് പൊതുഅവധിയായിരിക്കുമെന്ന് മാനവവിഭവശേഷി സ്വദേശിവത്കരണ മന്ത്രാലയം അറിയിച്ചു. ജൂലൈ 7ന് ഞായറാഴ്ചയാണ് മുഹറം ഒന്ന്. പൊതുമേഖലയിലെ ജീവനക്കാർ സാധാരണയായി വാരാന്ത്യത്തിൽ ജോലി ചെയ്യുന്നില്ലെങ്കിലും, ഫെഡറൽ സർക്കാർ ജീവനക്കാർക്കുള്ള പൊതു അവധി ഇതുവരെ സ്ഥിരീകരിച്ചിട്ടില്ല. പൊതുസ്വകാര്യ മേഖലയിലെ ജീവനക്കാർക്ക് ഓരോ വർഷവും ഒരേ എണ്ണം അവധികളാണ് നൽകുന്നത്. ഇസ്‌ലാമിക കലണ്ടറിലെ 12 മാസങ്ങളിൽ ആദ്യത്തേതായ മുഹറമിന്റെ തുടക്കമാണ് ഹിജ്റി പുതുവത്സരം പ്രഖ്യാപിക്കുന്നത്. ഈദ് അൽ ഫിത്തർ, ഈദ് അൽ അദ്ഹ എന്നിവയിൽ നിന്ന് വ്യത്യസ്തമായി, ഇസ്‌ലാമിക പുതുവർഷത്തിന് മതപരമായ ആചരണങ്ങളൊന്നും നിർദ്ദേശിക്കപ്പെട്ടിട്ടില്ല. ആഘോഷം എന്നതിലുപരി പ്രതിഫലനത്തിന്റെ ദിവസമായാണ് പൊതുവെ ഇതിനെ കണക്കാക്കുന്നത്.

മാനവവിഭവശേഷി സ്വദേശിവത്കരണ മന്ത്രാലയം

ദൈദ് ഈത്തപ്പഴ മേള 25 മുതൽ

ഷാർജ: ഇനി ഈത്തപ്പഴ മേളകളുടെ കാലം. ഷാർജ അൽ ദൈദ് ഡേറ്റ് ഫെസ്റ്റിവലിന്റെ എട്ടാമത് പതിപ്പ് ജൂലൈ 25 മുതൽ 28 വരെ എക്സ്പോ അൽ ദൈദിൽ നടക്കുമെന്ന് ഷാർജ ചേംബർ ഓഫ് കൊമേഴ്സ് ആൻഡ് ഇൻഡസ്ട്രി പ്രഖ്യാപിച്ചു. യുഎഇയുടെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള ഈന്തപ്പന തോട്ടങ്ങളുടെ ഉടമകൾ, ഈന്തപ്പന കർഷകർ എന്നിവർ ഈ മേളയിൽ ഒരുമിക്കും. കഴിഞ്ഞ ദിവസം എക്സ്പോ അൽ ദൈദിൽ നടത്തിയ പത്രസമ്മേളനത്തിൽ, എട്ടാം പതിപ്പിന്റെ മത്സരങ്ങൾക്കായി അനുവദിച്ച സമ്മാനത്തുകയുടെ ആകെ മൂല്യം 800,000 ദിർഹത്തിൽ കൂടുതലാണെന്ന് ചേംബർ വെളിപ്പെടുത്തി. പരിപാടിയിൽ കുട്ടികൾക്ക് മാത്രമായി റത്ബ് അൽ ഖറൈഫ് ബ്യൂട്ടി എന്ന പേരിൽ ഒരു പുതിയ മത്സരം അവതരിപ്പിക്കുമെന്നും സംഘാടകർ പറഞ്ഞു. മേളയുടെ ഭാഗമായി നടക്കുന്ന വിവിധ മത്സരങ്ങളിൽ പങ്കെടുക്കുന്നവർ 2024 സീസണിൽ പ്രാദേശികമായി വളർത്തുന്ന ഈത്തപ്പഴം പാകമാകുന്ന അനുയോജ്യമായ ഘട്ടത്തിലും 50% ൽ കൂടുതൽ ഈർപ്പം ഇല്ലാത്തതും കൊണ്ടുവരേണ്ടതുണ്ടെന്ന് സംഘാടക സമിതി അറിയിച്ചു.

ദൈദ് ഈത്തപ്പഴ മേള സംഘാടക സമിതി യോഗം

യുഎഇ സെൻട്രൽ ബാങ്കിൽ സീറോ ബ്യൂറോക്രസി

അബുദാബി: യുഎഇ ഗവൺമെന്റിന്റെ സീറോ ബ്യൂറോക്രസി പ്രവർത്തനങ്ങൾക്ക് തുടക്കമിട്ട് യുഎഇ സെൻട്രൽ ബാങ്ക്. സാമ്പത്തിക മേഖലയിൽ സീറോ ബ്യൂറോക്രസി നടപ്പിലാക്കി സർക്കാർ പ്രവർത്തനങ്ങൾ കൂടുതൽ സുതാര്യമാക്കുകയാണ് ലക്ഷ്യം. ഗവൺമെന്റ് നടപടിക്രമങ്ങളിൽ ഉദ്യോഗസ്ഥ ഇടപെടലുകൾ കുറച്ച് ജനങ്ങൾക്ക് വേഗത്തിലും കാര്യക്ഷമമായും സേവനം ലക്ഷ്യം വെച്ചുള്ളതാണ് പദ്ധതി. യുഎഇ സെൻട്രൽ ബാങ്കും, പ്രധാനമന്ത്രിയുടെ ഓഫീസും സീറോ ബ്യൂറോക്രസി പ്രോഗ്രാം നടപ്പിലാക്കുന്നതിനുള്ള ചർച്ച നടത്തിയിരുന്നു. സീറോ ബ്യൂറോക്രസിയിലൂടെ 2,000 സർക്കാർ നടപടിക്രമങ്ങൾ ഒഴിവാക്കുകയും, നടപടി ക്രമങ്ങളുടെ സമയപരിധി 50 ശതമാനമായി കുറച്ചും, അനാവശ്യമായ എല്ലാ പ്രക്രിയകളും നീക്കം ചെയ്തും സർക്കാർ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുയാണ് പദ്ധതിയുടെ ലക്ഷ്യം. നടപടിക്രമങ്ങൾ ലഘൂകരിക്കുകയും, സേവനങ്ങൾ വേഗത്തിലാക്കുകയും സർക്കാർ നടപടിക്രമങ്ങളുടെ പുതിയ മാതൃകകൾ നവീകരിക്കുകയും ചെയ്തുകൊണ്ട് ബ്യൂറോക്രസി ഇല്ലാതാക്കാൻ ലക്ഷ്യമിട്ടുള്ള നിരവധി സംരംഭങ്ങളും പദ്ധതികളും ചർച്ച ചെയ്തു. യുഎഇ സെൻട്രൽ ബാങ്ക് യൂത്ത് കൗൺസിലും ഹാപ്പിനസ് കമ്മിറ്റിയും സീറോ ഗവൺമെന്റ് ബ്യൂറോക്രസി പ്രോഗ്രാം നടപ്പിലാക്കുന്നതിന് ജീവനക്കാർക്കും വകുപ്പുകൾക്കുമിടയിലെ ആശയവിനിമയം പ്രോത്സാഹിപ്പിക്കുന്നു. യുഎഇയുടെ 'ഞങ്ങൾ യുഎഇ 2031' എന്ന ലക്ഷ്യത്തെ പിന്തുണച്ചുകൊണ്ട് സാമ്പത്തിക മേഖലയിൽ സംയോജിതവും നൂതനവുമായ ഒരു സർക്കാർ ഇക്കോസിസ്റ്റം സൃഷ്ടിക്കാൻ സീറോ ബ്യൂറോക്രസി പ്രോഗ്രാം സഹായിക്കുമെന്ന് യുഎഇ സെൻട്രൽ ബാങ്ക് ഗവർണർ ഖാലിദ് മുഹമ്മദ് ബലാമ വ്യക്തമാക്കി.

ട്രെൻഡിങ് ഡെസ്റ്റിനേഷനിൽ യുഎഇ ഒമ്പതാം സ്ഥാനത്ത്

ദുബൈ: ലോക വിനോദസഞ്ചാരഭൂപടത്തിൽ യുഎഇ മുന്നേറ്റം തുടരുന്നു. കഴിഞ്ഞ 12 മാസത്തിനിടെ ആഗോളതലത്തിൽ വിനോദ സഞ്ചാരികളെ ആകർഷിച്ച ട്രെൻഡിംഗ് ഡെസ്റ്റിനേഷനുകളിൽ 9-ാം സ്ഥാനത്താണ് യുഎഇ. മാസ്റ്റർകാർഡ് ഇക്കണോമിക്സ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഏറ്റവും പുതിയ ട്രാവൽ ട്രെൻഡ്സ് 2024 റിപ്പോർട്ടിലാണ് ലോകത്തെ ഏറ്റവും മികച്ച ട്രെൻഡിംഗ് ലക്ഷ്യസ്ഥാനങ്ങളിൽ ആദ്യ പത്തിൽ രാജ്യം ഇടം നേടിയത്. ഈ കാലയളവിൽ യാത്രാ ചെലവിലുണ്ടായ ഗണ്യമായ വർദ്ധനവും ട്രാവൽ ട്രാഫിക്കിലെ ശക്തമായ വളർച്ചയും ട്രാവൽ വ്യവസായത്തിലെ ഒരു പ്രധാന മാറ്റമാണെന്ന് റിപ്പോർട്ട് ചൂണ്ടിക്കാണിക്കുന്നു. മാറിക്കൊണ്ടിരിക്കുന്ന വിനിമയ നിരക്കുകളും താങ്ങാനാവാത്ത വില ഉണ്ടായിരുന്നിട്ടും, ആളുകൾക്കിടയിൽ യാത്ര ചെയ്യാനുള്ള ആഗ്രഹം ശക്തമായി തുടരുന്നതായും റിപ്പോർട്ട് വ്യക്തമാക്കുന്നു. ലണ്ടൻ, ഏഥൻസ്, പാരീസ് എന്നിവയാണ് ഈ വേനൽക്കാലത്തെ യുഎഇയിൽ നിന്നുള്ള യാത്രക്കാരുടെ ട്രെൻഡിംഗ് ഡെസ്റ്റിനേഷനുകൾ. യൂറോപ്യൻ ചാമ്പ്യൻഷിപ്പ് കാരണം ജപ്പാനിലെ മ്യൂണിക്ക് ഈ വേനൽക്കാലത്തെ ഏറ്റവും മികച്ച ട്രെൻഡിംഗ് ഡെസ്റ്റിനേഷനായി മാറിയെന്നും റിപ്പോർട്ട് പറയുന്നു.



ലഫ്.ജനറൽ മുഹമ്മദ് അഹ്മദ് അൽ മർറിയെ ആദരിച്ചു

ദുബൈ: ദുബൈ കൾച്ചർ ആന്റ് ആർട്സ് അതോറിറ്റി ചെയർപേഴ്സൺ ശൈഖ ലത്തീഫ ബിൻത് മുഹമ്മദ് ബിൻ റാഷിദ് അൽ മക്തും ദുബൈയിലെ ജനറൽ ഡയറക്ടറേറ്റ് ഓഫ് റെസിഡൻസി ആന്റ് ഫോറിനേഴ്സ് അഫയേഴ്സ് (ജിഡിആർഎഫ്എ) മേധാവി ലഫ്റ്റനന്റ് ജനറൽ മുഹമ്മദ് അഹ്മദ് അൽ മർറിയെ ആദരിച്ചു. ദുബൈ ഡിസൈൻ ഡിസ്ട്രിക്റ്റിലെ അതോറിറ്റിയിൽ ജിഡിആർഎഫ്എ ഉദ്യോഗസ്ഥ സംഘം സന്ദർശനം നടത്തുന്ന വേളയിലാണ് ആദരവ് നൽകിയത്. ദുബൈ ഗവൺമെന്റ് എക്സലൻസ് പ്രോഗ്രാമിനായുള്ള ദുബൈ കൾച്ചറിന്റെ സമർപ്പണങ്ങളെ പിന്തുണയ്ക്കുന്നതിനുള്ള അദ്ദേഹത്തിന്റെ സംഭാവനകളെയും ശ്രമങ്ങളെയും അഭിനന്ദിച്ചാണ് അംഗീകാരം. ജി ഡി ആർ എഫ് എ യുടെ പിന്തുണ അതോറിറ്റിയുടെ മത്സരശേഷി വർധിപ്പിക്കുന്നതിനും പ്രോഗ്രാമിലെ മികവ് വിഭാഗത്തിലേക്ക് ഉയർത്തുന്നതിനും ദുബൈയിലെ സർക്കാർ സ്ഥാപനങ്ങൾക്കിടയിൽ സ്ഥാനം ശക്തിപ്പെടുത്തുന്നതിനും സഹായിച്ചു.

ദുബൈ ഗവൺമെന്റ് എക്സലൻസ് പ്രോഗ്രാമിന്റെ ഏറ്റവും പുതിയ സംവിധാനത്തിൽ ദുബൈ കൾച്ചറിന് പിന്തുണ നൽകുന്നതിനായി അതോറിറ്റിയുടെ 'പയനിയറിങ്ങിനായുള്ള പങ്കാളികൾ' എന്ന നിലയിൽ ജിഡിആർഎഫ്എ ടീം നിർണായക പങ്ക് വഹിച്ചു. ദുബായ് കിരീടാവകാശിയും ദുബൈ എക്സിക്യൂട്ടീവ് കൗൺസിൽ ചെയർമാനായ ശൈഖ് ഹംദാൻ ബിൻ മുഹമ്മദ് ബിൻ റാഷിദ് അൽ മക്തൂമാണ് ഈ സംരംഭം ആരംഭിച്ചത്. മികവിൽ മികച്ച രീതികൾ നടപ്പിലാക്കുന്നതിനായി ജിഡിആർഎഫ്എ ടീം ദുബൈ കൾച്ചറിന്റെ ജീവനക്കാരെ പരിശീലിപ്പിക്കുകയും സ്ഥാപനപരമായ മികവിന്റെ പക്വതയുടെ അളക്കുന്നതിനുള്ള സ്വയം വിലയിരുത്തലിലൂടെ അവരെ തുടർച്ചയായി പിന്തുണയ്ക്കുകയും ചെയ്തു. ഈ പങ്കാളിത്തം അതോറിറ്റിയുടെ പ്രവർത്തന രീതികളിൽ ശ്രദ്ധേയമായ അടയാളപ്പെടുത്തലുകൾ ഉണ്ടാക്കി. അതിനെ തുടർന്ന് ടീമുകളുടെ പ്രൊഫഷണലിസവും സുതാര്യതയും വർധിപ്പിക്കുകയും മികവിന്റെ സംസ്കാരം ജീവനക്കാർക്ക് പകരുകയും ചെയ്തിട്ടുണ്ട്.

ലഫ്റ്റനന്റ് ജനറൽ മുഹമ്മദ് അഹ്മദ് അൽ മർറിയെ ശൈഖ ലത്തീഫ ബിൻത് മുഹമ്മദ് ബിൻ റാഷിദ് അൽ മക്തും ആദരിക്കുന്നു

ദുബൈയിൽ റെസിഡന്റ്സ്
കാലാവധി കഴിഞ്ഞാൽ ചുമത്തുന്ന പിഴയിൽ മാറ്റമില്ലെന്ന്

ദുബൈ: ദുബൈയിൽ റെസിഡന്റ്സ് കാലാവധി കഴിഞ്ഞാൽ ചുമത്തുന്ന പിഴയിൽ മാറ്റമില്ലെന്ന് അധികൃതർ. ഫെഡറൽ അതോറിറ്റി ഫോർ ഐഡന്റിറ്റി, സിറ്റിസൺഷിപ്പ്, കസ്റ്റംസ് ആന്റ് പോർട്സ് സെക്യൂരിറ്റിയാണ് ഇക്കാര്യം വ്യക്തമാക്കിയത്. കാലാവധി കഴിഞ്ഞാൽ സ്പോൺസർ വിസ പുതുക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് അതോറിറ്റി വെബ്സൈറ്റിൽ പറയുന്നു. റസിഡൻസി വിസ റദ്ദായാൽ 30 ദിവസം വരെ ഗ്രേസ് പിരീഡ് ലഭിക്കും.

സൗദിയിൽ അഴിമതി
ആരോപണങ്ങളിൽ 155 സർക്കാർ ഉദ്യോഗസ്ഥരെ അറസ്റ്റ് ചെയ്തു

റിയാദ്: സൗദിയിൽ അഴിമതി ആരോപണങ്ങളിൽ 155 സർക്കാർ ഉദ്യോഗസ്ഥരെ അറസ്റ്റ് ചെയ്തു. ജൂൺ മാസത്തിൽ 924 പരിശോധനകളാണ് നടന്നത്. തുടർന്ന് വിവിധ അഴിമതി ആരോപണങ്ങളിൽ 382 ഉദ്യോഗസ്ഥർക്കെതിരെ അന്വേഷണം ആരംഭിക്കുകയും 155 പേരെ അറസ്റ്റ് ചെയ്യുകയുമായിരുന്നു.

Nazaha نزاهة
هيئة الرقابة ومكافحة الفساد
Oversight and Anti-Corruption Authority

ഗൾഫ് വാർത്തകൾ

നിയമലംഘകരെ പിടികൂടാൻ
കുവൈത്തിൽ പരിശോധന ശക്തമാക്കി

ആറ് ഗവർണറേറ്റിലും പരിശോധന ആദ്യദിനം പിടികൂടിയത് 750 ലധികം അനധികൃത താമസക്കാരെ

റഷീദ് പയന്തോങ്ങ്
കുവൈത്ത് സിറ്റി

കുവൈത്ത് സിറ്റി: പൊതുമാപ്പ് സമയപരിധി അവസാനിച്ചതോടെ കുവൈത്തിൽ പഴുതടച്ച പരിശോധന. താമസ രേഖയില്ലാതെ അനധികൃതമായി രാജ്യത്ത് തുടരുന്നവരെ തേടി ആഭ്യന്തര മന്ത്രാലയം ആറ് ഗവർണറേറ്റിൽ തിങ്കളാഴ്ച പുലർച്ചെ മുതൽ വിപുലമായ പരിശോധന കാമ്പയിൻ തുടങ്ങി.

ആദ്യ ദിനം 750 ഓളം നിയമലംഘകരെയാണ് പിടികൂടിയത്. ഇവരിൽ പലരും കേസുകളിൽപെട്ട് ഒളിവിൽ കഴിയുന്നവരാണ്. ഒന്നാം ഉപപ്രധാന മന്ത്രിയും ആഭ്യന്തര മന്ത്രിയുമായ ശൈഖ് ഫഹദ് യൂസുഫ് സഊദ് അൽ സബാഹിന്റെ നിർദേശാനുസരണം മന്ത്രാലയം അണ്ടർ സെക്രട്ടറി ലഫ്റ്റനന്റ് ജനറൽ ശൈഖ് സാലം നവാഫ് അഹ്മദ് അൽ സബാഹിന്റെ നേതൃത്വത്തിൽ ബനീദ് അൽ ഗാർ, ജലീബ് അൽ സുയൂഖ് പ്രദേശങ്ങളിലാണ് ആദ്യ ദിനം പരിശോധന നടത്തിയത്. അധികൃതരുടെ പിടിയിലാകുന്ന നിയമലംഘകരെ സംബന്ധിച്ച് ആഭ്യന്തര വിദേശകാര്യ മന്ത്രാലയങ്ങളും ബന്ധപ്പെട്ട എംബസികളും ചേർന്ന് നിയമപരമായ നടപടികൾ പൂർത്തിയാക്കിയ ശേഷം ഉടൻ യാത്രാ രേഖകൾ ഉൾപ്പടെ നാടുകടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കും. അതേ സമയം നിയമലംഘകർക്ക് അഭയം നൽകുന്നവർക്കെതിരെയും ശക്തമായ നടപടിയുണ്ടാകും. പിടികൂടുന്ന അനധികൃത താമസക്കാരുടെ നിയമപരമായ പിഴയും, യാത്രാ ടിക്കറ്റും സ്പോൺസർ നൽകിയ ഫീസും ഉൾപ്പടെയുള്ള ചിലവുകൾ വഹിക്കാൻ ഇവർ ബാധ്യസ്ഥരാകുകയും ചെയ്യും.

തൃശൂർ സി.എച്ച് സെന്റർ മെമ്പർഷിപ്പ് കാമ്പയിൻ അബുദാബിയിൽ മുസ്‌ലിംലീഗ് സംസ്ഥാന വൈസ് പ്രസിഡന്റ് സി.എച്ച് റഷീദ് ഉദ്ഘാടനം ചെയ്യുന്നു

തൃശൂർ സി.എച്ച് സെന്റർ മെമ്പർഷിപ്പ് കാമ്പയിന് അബുദാബിയിൽ തുടക്കം

അബുദാബി: തൃശൂർ ഗവ.മെഡിക്കൽ കോളജ് കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന സി.എച്ച് സെന്ററിന്റെ ജൂലൈ ഒന്നു മുതൽ ആഗസ്റ്റ് 31 വരെ നീണ്ടുനിൽക്കുന്ന മെമ്പർഷിപ്പ് കാമ്പയിൻ പ്രവർത്തനങ്ങൾക്ക് അബുദാബിയിൽ തുടക്കം. ഇന്ത്യൻ ഇസ്‌ലാമിക് സെന്ററിൽ നടന്ന ചടങ്ങ് മുസ്‌ലിംലീഗ് സംസ്ഥാന വൈസ് പ്രസിഡന്റ് സി.എച്ച് റഷീദ് ഉദ്ഘാടനം ചെയ്തു. കെഎംസിസി ഗുരുവായൂർ മണ്ഡലം വൈസ് പ്രസിഡന്റ് പി.എ സെയ്തുമുഹമ്മദ് സി.എച്ച് സെന്റർ പ്രസിഡന്റ് സി.എ മുഹമ്മദ് റഷീദിൽ നിന്നും രണ്ടര ലക്ഷം രൂപയുടെ പേട്രൺ അംഗത്വം ഏറ്റുവാങ്ങി. കെഎംസിസി ജില്ലാ പ്രസിഡന്റ് അൻവർ കൈപ്പമംഗലം അധ്യക്ഷനായി. കെഎംസിസി സംസ്ഥാന വൈസ് പ്രസിഡന്റ് അഷ്റഫ് പൊന്നാനി, അബുദാബി ഇന്ത്യൻ ഇസ്‌ലാമിക് സെന്റർ ജനറൽ സെക്രട്ടറി ടി. ഹിദായത്തുല്ല,

യുഎഇ കെഎംസിസി കോഡിനേഷൻ കമ്മിറ്റി ജനറൽ കൺവീനർ ജമാൽ മനയത്ത്,വനിതാ ലീഗ് സംസ്ഥാന വൈസ് പ്രസിഡന്റ് സാജിത,അഡ്വ. റഫീഖ് മുഹമ്മദ് പ്രസംഗിച്ചു. സി.എച്ച് സെന്റർ അബുദാബി ചാപ്റ്റർ ജനറൽ കൺവീനർ റസാക്ക് ഒരുമനയൂർ സ്വാഗതവും അബുദാബി കെഎംസിസി ജില്ലാ ആക്ടിങ് ജനറൽ സെക്രട്ടറി അബ്ദുല്ല ചേലക്കോട് നന്ദിയും പറഞ്ഞു.

തൃശ്ശൂർ ഗവ.മെഡിക്കൽ കോളജിനെ ആശ്രയിക്കുന്ന നിർധനരായ കാൻസർ രോഗികൾക്ക് സൗജന്യ താമസവും ഭക്ഷണവും നൽകി അഭയമാകുന്നതിനു വേണ്ടി മെഡിക്കൽ കോളജിന് സമീപം 13000 ചതുരശ്ര അടിയിൽ നാലു കോടിയോളം രൂപ ചിലവ് പ്രതീക്ഷിക്കുന്ന കെട്ടിടത്തിന്റെ നിർമാണം പുരോഗമിച്ചു വരികയാണ്.

സ്നേഹപ്പെയ്ത്തായി റാസൽ ഖൈമ കെഎംസിസി 'സർഗധാര മുഹബ്ബത്ത്കി ബസാർ'

റാസൽ ഖൈമ: റാസൽ ഖൈമ കെഎംസിസി സർഗധാര സംഘടിപ്പിച്ച 'മുഹബ്ബത്ത്കി ബസാർ' പ്രവാസി കുടുംബങ്ങളുടെ സ്നേഹ സംഗമമായി. നിലാവലിഞ്ഞു ചേർന്ന സന്ധ്യയെ സാക്ഷിനിർത്തി, സർഗാത്മകതയുടെ വസന്തോത്സവത്തിൽ റാക് കെഎംസിസി സർഗധാരയുടെ പ്രതിഭകൾ സ്നേഹപ്പെയ്ത്തായി മാറിയ നിമിഷങ്ങൾ അനുവാചക ഹൃദയങ്ങൾക്ക് അവിസ്മരണീയ ദിനമാണ് സമ്മാനിച്ചത്.

റാസൽഖൈമ ഇന്ത്യൻ അസോസിയേഷൻ ഓഡിറ്റോറിയത്തിൽ സംസ്ഥാന പ്രസിഡന്റ് റസാഖ് ചെനക്കൽ ഉദ്ഘാടനം ചെയ്തു. സർഗധാര ചെയർമാൻ നാസർ പൊന്മുണ്ടം അധ്യക്ഷനായി. ഇന്ത്യൻ അസോസിയേഷൻ പ്രസിഡന്റ് എസ്എ സലീം മുഖ്യാതിഥിയായി. കെഎംസിസി സംസ്ഥാന ജനറൽ സെക്രട്ടറി റാഷിദ് തങ്ങൾ, ട്രഷറർ താജുദ്ദീൻ മർഹബ,ഉപദേശക സമിതി അംഗം ടി.എം ബഷീർ കുഞ്ഞു, ഇന്ത്യൻ അസോസിയേഷൻ വൈസ് പ്രസിഡന്റ് ഹസൈനാർ ഹാജി, കേരള സമാജം പ്രസിഡന്റ് നാസർ അൽദാന, കേരള ഗ്രൂപ്പ് എംഡി അബു കേരള പ്രസംഗിച്ചു.

കെഎംസിസി സംസ്ഥാന ഭാരവാഹികളായ അയ്യൂബ് കോയക്കൻ, വെട്ടം അബ്ദുൽ കരീം, അസീസ് കൂട്ടല്ലൂർ, മൂസ കുനിയിൽ,അബ്ദുൽ റഹീം കാഞ്ഞങ്ങാട്, ഹസൈനാർ കോഴിച്ചെന, ഹുസൈൻ കൂളിയാട്ട്, വനിതാ വിങ് ഭാരവാഹികളായ ഷംസാദ റഹീം, സൗദ അയ്യൂബ്, മറിയക്കുട്ടി അഷറഫ്, സുബൈദ അസീസ്, ഷൈമ ഹുസൈൻ, ഫായിസ സിദ്ദീഖ്, റഫാൻ കുനിയിൽ, റസാനത്ത് മുസ്തഫ, സെലീന, സബിത സുബൈർ, നൗഷിബ റുഫ്‌ലഹ്, ഷമീറ, ഷഹന ഫിറോസ്, ഷിഫാ സക്കറിയ, ഉനൈസ, അനിസ റയീസ്, റഫീന മുസ്തഫ, നജില തുടങ്ങിയവർ നേതൃത്വം നൽകി. പ്രതികൂല കാലാവസ്ഥയിലും സർഗ കലയുടെ പേമാരി പെയ്തിറങ്ങി ജനഹൃദയങ്ങളെ കുളിരണിയിച്ച കലാപരിപാടികൾക്ക് നൗഫൽ മഞ്ചേരി, റാഫി മഞ്ചേരി, അമൃത പ്രജിത്ത്,നിരഞ്ജന മേനോൻ, ഇനാര ഫാത്തിമ, അയാന ആയിഷ, ഹന മെഹക്,തുടങ്ങിയ കലാപ്രതിഭകൾ നിറം പകർന്നു. സർഗ്ഗധാര ജോ.കൺവീനർ ജാഫർ മണ്ണിങ്ങൽ സ്വാഗതവും ട്രഷറർ സിദ്ദിഖ് തലക്കടത്തൂർ നന്ദിയും പറഞ്ഞു.

റാസൽ ഖൈമ കെഎംസിസി സർഗധാര സംഘടിപ്പിച്ച 'മുഹബ്ബത്ത്കി ബസാർ' കുടുംബ സംഗമത്തിൽ നിന്ന്

ദുബൈ കണ്ണൂർ മണ്ഡലം കെഎംസിസി യോഗം യുഎഇ കെഎംസിസി ജനറൽ സെക്രട്ടറി പി.കെ അൻവർ നഹ ഉദ്ഘാടനം ചെയ്യുന്നു

പ്രവാസികളോടുള്ള എയർ ഇന്ത്യയുടെ അവഗണന അവസാനിപ്പിക്കണം: കെഎംസിസി

ദുബൈ: വേനലവധി മുന്നിൽ കണ്ട് പ്രവാസികളെ പിഴിയുന്ന വിമാന കമ്പനികൾ നടത്തുന്ന കൊള്ളയും മുന്നറിയിപ്പില്ലാതെ വിമാനങ്ങൾ റദ്ദാക്കുന്ന നടപടികളും അവസാനിപ്പിക്കണമെന്നും കേന്ദ്ര- കേരള സർക്കാറുകൾ വിഷയം ഗൗരവത്തിൽ കാണണമെന്നും ദുബൈ കെഎംസിസി കണ്ണൂർ മണ്ഡലം കമ്മിറ്റി അഭിപ്രായപ്പെട്ടു. വിമാനം റദ്ദാക്കുന്നത് മൂലം പാവപ്പെട്ട പ്രവാസികളുടെ ജോലിയിൽ വരെ പ്രയാസങ്ങൾ അനുഭവപ്പെടുന്നുണ്ട്. വിശേഷ ദിവസങ്ങളിൽ കേരള സെക്ടറിൽ മാത്രം നാലു മടങ്ങ് വരെ വർധന വിമാന കമ്പനികൾ ഈടാക്കാറുണ്ട്. വിഷയത്തിന്റെ ഗൗരവം കണക്കിലെടുത്തു കേന്ദ്ര വ്യോമയാന മന്ത്രിക്കും പ്രവാസി മന്ത്രിക്കും പ്രതിപക്ഷ നേതാവിനുൾപ്പെടെ മെയിൽ സന്ദേശം അയക്കുമെന്നും വിഷയത്തിൽ അടിയന്തിര ഇടപെടൽ ആവശ്യമാണെന്നും യോഗം വ്യക്തമാക്കി.

യോഗം യുഎഇ കെഎംസിസി ജനറൽ സെക്രട്ടറി അൻവർ നഹ ഉദ്ഘടനം ചെയ്തു. ദുബൈ കെഎംസിസി കണ്ണൂർ മണ്ഡലം പ്രസിഡന്റ് മൊയ്തു മഠത്തിലിൽ അധ്യക്ഷനായി. വെൽഫെയർ സ്കീമിന്റെ മണ്ഡലംതല ഉദഘാടനം ആഷിക് മുക്കണ്ണിക്ക് നൽകി അൻവർ നഹ നിർവഹിച്ചു. ഒഴിവു വന്ന ഭാരവാഹികളിലേക് വൈസ് പ്രസിഡന്റുമാരായി അയാസ് തായത്തിനെയും ടി. സി നാസറിനെയും സെക്രട്ടിമാരായി ഷാഫി കസാനക്കോട്ട, റിസാൽ മഠത്തിൽ, ബഷിർ കൂംബയിലിനെയും തിരഞ്ഞെടുത്തു. ആഷിഖ് മുക്കണ്ണി, അയാസ് തായത്ത്, അർഷിൽ ആയിക്കര, ടി സി നാസർ, ഷാഫി കസാനക്കോട്ട, നിഫ്മത്തുല്ല അറക്കൽ, റിസാൽ മഠത്തിൽ പ്രസംഗിച്ചു. അൻസാരി പയ്യാമ്പലം സ്വാഗതവും ഷഹീബ് സ്വാലിഹ് നന്ദിയും പറഞ്ഞു.

മനാമ അഗ്നിബാധിതരെ ചേർത്തുപിടിച്ചു സംഘടനകൾ

മനാമ: മനാമ സൂഖിലുണ്ടായ തീപിടിത്തത്തിൽ എല്ലാം നഷ്ടപ്പെട്ട ഇന്ത്യക്കാരെ ചേർത്തുപിടിക്കുന്നതിനായി ബഹ്റൈനിലെ 65 ഓളം സംഘടനകളുടെയും കൂട്ടായ്മകളുടെയും ഭാരവാഹികളും പ്രവർത്തകരും മനാമ കെ സിറ്റിയിൽ സംഗമിച്ചു. തീപിടിത്തബാധിതരെ സഹായിക്കാൻ ബഹ്റൈൻ നിയമത്തിനുള്ളിൽ നിന്നുകൊണ്ട് ഇന്ത്യൻ എംബസിയുടെയും ബഹ്റൈൻ അധികാരികളുടെയും ശ്രദ്ധയിൽപ്പെടുത്തേണ്ട കാര്യങ്ങളും കടകളുടെ സ്പോൺസർമാരുമായി സഹകരിച്ചു നേടിയെടുക്കേണ്ട ആനുകൂല്യങ്ങളും സംഘടനാ പ്രതിനിധികൾ ചർച്ച ചെയ്തു. തീപിടിത്തത്തിന്റെ ഭാഗമായി വരുമാനം നിലച്ചു പോയവർക്ക് അത്യാവശ്യമായി വരുന്ന കാര്യങ്ങൾ അടിയന്തിര പ്രാധാന്യത്തോടെ ചെയ്തു കൊടുക്കാൻ യോഗം തീരുമാനിച്ചു. മനാമ സൂഖിലെ തീപിടിത്ത ബാധിതരിൽ അർഹരായവർക്ക് ആക്ഷൻ കമ്മിറ്റിയുടെയും വിവിധ സംഘടനകളുടെയും നേതൃത്വത്തിൽ ഭക്ഷ്യക്കിറ്റുകളും നാട്ടിലേക്ക് പോകാൻ ആഗ്രഹിച്ചവർക്ക് യാത്ര കിറ്റുകളും ഇന്ത്യൻ എംബസി മുഖേന ഫ്ളൈറ്റ് ടിക്കറ്റുകളും ഇതിനകം നൽകിയിട്ടുണ്ട്

ബഹ്റൈനിലെ വിവിധ സംഘടനാ പ്രതിനിധികൾ ഒത്തുകൂടിയപ്പോൾ

ഷാർജ ഇന്ത്യൻ അസോസിയേഷൻ
അഖിലേന്ത്യാ കബഡി ഫെസ്റ്റ് എമിറേറ്റ്സ് മലയാളി അസോസിയേഷൻ ജേതാക്കൾ

ഷാർജ: ഷാർജ ഇന്ത്യൻ അസോസിയേഷൻ സംഘടിപ്പിച്ച അഖിലേന്ത്യാ കബഡി ഫെസ്റ്റിൽ എമിറേറ്റ്സ് മലയാളി അസോസിയേഷൻ ജേതാക്കളായി. ഷാർജ കമ്മ്യൂണിറ്റി ഹാളിൽ തിങ്ങിനിറഞ്ഞ കാണികൾക്കു മുമ്പിൽ ആവേശം നിറഞ്ഞ മത്സരത്തിന്റെ ഫൈനലിൽ യുവകലാസാഹിതിയുടെ ന്യൂ സ്റ്റാർ മാംഗ്ലൂർ ടീമിനെ 16 നെതിരെ 18 പോയിന്റുകൾക്ക് പരാജയപ്പെടുത്തിയാണ് എമിറേറ്റ്സ് മലയാളി കൂട്ടായ്മയുടെ പൊന്നാനി ടീം ജേതാക്കളായത്. തുടക്കത്തിൽ പൊന്നാനി ടീം മുന്നിട്ടു നിന്നെങ്കിലും തുടർന്ന് കാണികളിൽ ആവേശം പടർത്തിയ ഇഞ്ചോടിഞ്ച് പോരാട്ടമായിരുന്നു. ഏഴു വർഷങ്ങൾക്ക് ശേഷമാണ് ഇന്ത്യൻ അസോസിയേഷൻ ഷാർജയുടെ സ്പോർട്സ് കമ്മിറ്റിയുടെ നേതൃത്വത്തിൽ കബഡി മത്സരം അരങ്ങേറുന്നത്.

അസോസിയേഷൻ ആക്ടിങ് പ്രസിഡന്റ് പ്രദീപ് നെന്മാറ കബഡി ഫെസ്റ്റ് ഉദ്ഘാടനം ചെയ്തു. ജേതാക്കളായ എമിറേറ്റ്സ് മലയാളി കൂട്ടായ്മ പൊന്നാനി ടീമിനുള്ള ട്രോഫികളും ക്യാഷ് പ്രൈസുകളും മെഡലുകളും ആക്ടിങ് പ്രസിഡന്റ് പ്രദീപ് നെന്മാറ,ജനറൽ സെക്രട്ടറി ശ്രീപ്രകാശ് പുറയത്ത് എന്നിവർ സമ്മാനിച്ചു. രണ്ടാം സ്ഥാനക്കാരായ യുവ കലാസാഹിതി ന്യൂ സ്റ്റാർ മാംഗ്ലൂർ ടീമിനും മൂന്നാം സ്ഥാനത്തെത്തിയ സമദർശിനിയുടെ കിങ് സ്റ്റാർ മണിയമ്പാറ ടീമിനുള്ള സമ്മാനങ്ങൾ തുടങ്ങിയവ ജോയിന്റ് ജനറൽ സെക്രട്ടറി ജിബി ബേബി, മാനേജിങ് കമ്മിറ്റി അംഗങ്ങളായ കെ.കെ താലിബ്,അനീഷ് എൻ.പി,അബ്ദുമനാഫ്,എ. വി മധു,പഭാകരൻ പയ്യന്നൂർ,മുഹമ്മദ് അബൂബക്കർ,യൂസഫ് സഗീർ,നസീർ കൂനിയിൽ,ജെഎസ് ജേക്കബ്,സജി മണപ്പറ എന്നിവർ സമ്മാനിച്ചു. സ്പോർട്സ് കമ്മിറ്റി കൺവീനർ സാജു സാമ്പാൻ,കോർഡിനേറ്റർ കെ.കെ. താലിബ് എന്നിവരുടെ നേതൃത്വത്തിലുള്ള സ്പോർട്സ് കമ്മിറ്റി അംഗങ്ങളും കബഡി അസോസിയേഷനുമാണ് 16 പ്രമുഖ ടീമുകൾ മാറ്റുരച്ച മത്സരത്തിന് നേതൃത്വം നൽകിയത്.

ഷാർജ ഇന്ത്യൻ അസോസിയേഷൻ സ്പോർട്സ് കമ്മിറ്റിയുടെ നേതൃത്വത്തിൽ നടന്ന അഖിലേന്ത്യാ കബഡി മത്സരത്തിൽ ജേതാക്കളായ എമിറേറ്റ്സ് മലയാളി കൂട്ടായ്മയുടെ പൊന്നാനി ടീമിനുള്ള ട്രോഫികളും മെഡലുകളും ആക്ടിങ് പ്രസിഡന്റ് പ്രദീപ് നെന്മാറ, ജനറൽ സെക്രട്ടറി ശ്രീപ്രകാശ് പുറയത്ത് എന്നിവർ സമ്മാനിച്ചപ്പോൾ

ഐ.എ.എസ് വനിതാ വേദി ഉദ്ഘാടനം

ഷാർജ: ഷാർജ ഇന്ത്യൻ അസോസിയേഷൻ വനിതാ വേദി ഉപസമിതിയുടെ പ്രവർത്തനോദ്ഘാടനം എഴുത്തുകാരിയും പ്രഭാഷകയുമായ ജിൽന ജന്നത്ത് നിർവഹിച്ചു.'അതി ജീവനത്തിന്റെ പെൺവഴികൾ' എന്ന വിഷയത്തിൽ പ്രഭാഷണം നടത്തി. അസോസിയേഷൻ ആക്ടിങ് പ്രസിഡന്റ് പ്രദീപ് നെന്മാറ അധ്യക്ഷനായി. ട്രഷറർ ഷാജി ജോൺ,ജോയിന്റ് ജനറൽ സെക്രട്ടറി ജിബി ബേബി പ്രസംഗിച്ചു.

കൺവീനർ ലത വാര്യർ ആമുഖ പ്രഭാഷണം നടത്തി. ജനറൽ സെക്രട്ടറി ശ്രീപ്രകാശ് പുറയത്ത് സ്വാഗതവും വനിതാവേദി കോർഡിനേറ്റർ മുഹമ്മദ് അബൂബക്കർ നന്ദിയും പറഞ്ഞു.വനിതാവേദിയുടെ നേതൃത്വത്തിൽ വിവിധ കലാപരിപാടികളും അരങ്ങേറി.

ഷാർജ ഇന്ത്യൻ അസോസിയേഷൻ വനിതാവേദി പ്രവർത്തനോദ്ഘാടനം ജിൽന ജന്നത്ത് നിർഹിക്കുന്നു

വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് സോളാർ മിഡിലിസ്റ്റ് കൂട്ടായ്മ ഡോ.എം.കെമുനീർ എം.എൽ.എക്ക് നിവേദനം നൽകുന്നു

നിവേദനം നൽകി

അബുദാബി: കേരളത്തിലെ ആയിരക്കണക്കിന് ഉപഭോക്താക്കൾ ലക്ഷങ്ങൾ മുടക്കി പുറപ്പുറത്ത് നിർമിച്ച സൗരോർജ പദ്ധതിയിൽ സർക്കാർ നൽകുന്ന ആനുകൂല്യങ്ങളിലും ബില്ലിങ് സംവിധാനത്തിലും മാറ്റം വരുത്തണമെന്ന് ആവശ്യപ്പെട്ട് സാളാർ മിഡിലിസ്റ്റ് കൂട്ടായ്മ ജാഫർ രാമന്തളിയുടെ നേതൃത്വത്തിൽ ഡോ.എം.കെ മുനീർ എം.എൽ.എക്ക് നിവേദനം നൽകി.

നിരീക്ഷണം

അല്ലാഹുവെപ്പറ്റി പറയപ്പെട്ടാൽ ഹൃദയങ്ങൾ പേടിച്ച് നടുങ്ങുകയും, അവന്റെ ദൃഷ്ടാന്തങ്ങൾ വായിച്ചുകേൾപിക്കപ്പെട്ടാൽ വിശ്വാസം വർദ്ധിക്കുകയും, തങ്ങളുടെ രക്ഷിതാവിന്റെ മേൽ ഭരമേൽപിക്കുകയും ചെയ്യുന്നവർ മാത്രമാണ് സത്യവിശ്വാസികൾ.

(വിശുദ്ധ ഖുർആൻ: 08: 02)

ഗൾഫ് ചന്ദ്രിക
1445 ദുൽഹജ്ജ് 27 • 1199 മിഥുനം 19 • 11946 ആഷാഢം 12

പ്രതിപക്ഷക്കരുത്തിന്റെ ബഹിർസ്ഫുരണം

രാഷ്ട്രപതിയുടെ പ്രസംഗത്തിന്മേലുള്ള നന്ദിപ്രമേയ ചർച്ചയിൽ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി നടത്തിയ പ്രസംഗം പാർലമെന്റിലെ പ്രതിപക്ഷക്കരുത്തിന്റെ ബഹിർസ്ഫുരണമായിരിക്കുകയാണ്. പ്രതിപക്ഷനേതാവില്ലാത്ത, പ്രതിപക്ഷത്തിന്റെ അവകാശങ്ങൾ ചവിട്ടി മെതിക്കപ്പെട്ട ഒരു പതിറ്റാണ്ടിന് ശേഷം ജനാധിപത്യ സംവിധാനത്തിൽ പ്രതിപക്ഷത്തിന്റെ റോൾ എന്താണെന്ന് ഭരണപക്ഷത്തിനും പൊതു സമൂഹത്തിനും തുറന്നുകാണിച്ചു കൊടുക്കുകയായിരുന്നു രാഹുൽ ഗാന്ധി. കഴിഞ്ഞ പത്തു വർഷക്കാലത്തെ മോദി സർക്കാറിന്റെ വീഴ്ച്ചകൾ അക്കമിട്ടു നിരത്തിക്കൊണ്ട് സർക്കാറിനെ കടന്നാക്രമിച്ച അദ്ദേഹത്തിന്റെ പ്രസംഗം നൽകുന്ന രാഷ്ട്രീയ സന്ദേശം അടുത്ത അഞ്ചു വർഷക്കാലം പാർലമെന്റ് കാണാനിരിക്കുന്നത് കരുത്തുറ്റ പ്രതിപക്ഷത്തെയായിരിക്കുമെന്നതാണ്. രാഹുലിന്റെ പ്രസംഗം സർക്കാറിനെ എത്രത്തോളം ഉലച്ചുകളഞ്ഞിരിക്കുന്നു എന്നതിന്റെ തെളിവായിരുന്നു പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെയും ആഭ്യന്തര മന്ത്രി അമിത്ഷായുടെയും ആറോളം കാബിനറ്റ് മന്ത്രിമാരുടെയും നിരന്തരമായ ഇടപെടലുകൾ. കഴിഞ്ഞ പത്തുവർഷത്തിനിടെ ഒരിക്കൽ പോലും ഒരു പാർലമെന്റംഗത്തിന്റെയും പ്രസംഗത്തിൽ ഇടപെട്ടിട്ടില്ലാത്ത മോദി രണ്ടു തവണയാണ് രാഹുലിന്റെ പ്രസംഗത്തിൽ ഇടപെട്ടത്. ഒരു കൂസലുമില്ലാതെ ആക്രമണം കടുപ്പിച്ചപ്പോൾ അമിത് ഷാ നിരന്തരം ശല്യപ്പെടുത്തിക്കൊണ്ടിരുന്നു. നാലുതവണയാണ് അദ്ദേഹം എഴുന്നേറ്റത്. ഇതിനു പുറമെ രാജ് നാഥ് സിങ്, ശിവരാജ് സിങ് ചൗഹാൻ എന്നിവരോടും അമിത്ഷാ പ്രതിഷേധിക്കാൻ ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്നുണ്ടായിരുന്നു. രാഹുലിന്റെ സംസാരം രാജ്യത്തൊന്നാകെ അലയടിച്ചുവെന്ന് ബോധ്യമായപ്പോൾ വാർത്താ വിതരണ മന്ത്രി അശ്വനി വൈഷ്ണവിനെയും പാർലമെന്ററി മന്ത്രി കിരൺ റിജിജുവിനെയും കൊണ്ട് അദ്ദേഹം സംയുക്തമായി വാർത്താസമ്മേളനം വിളിപ്പിക്കുകയും ചെയ്തു. എന്നാൽ ബി.ജെ.പി ഒഴികെ പ്രതിപക്ഷ നിരയിലെ ഒരാളും രാഹുലിന്റെ പ്രസംഗം തടസപ്പെടുത്താനോ കാര്യമായ പ്രതിഷേധത്തിനോ തയാറായില്ലെന്നത് സർക്കാറിന്റെ ചങ്കിടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. രാഹുലിന്റെ ആക്രമണത്തിന് എത്രത്തോളം മൂർച്ചയുണ്ടെന്നതിന് പ്രധാനമന്ത്രിയുടെ ശരീരഭാഷതന്നെ തെളിവായിരുന്നു. പതിവില്ലാത്ത വിധം അസ്വസ്തനായ അദ്ദേഹം തന്നെ അഭിവാദ്യം ചെയ്ത സ്വന്തം എം.പിമാരെ തിരികെ അഭിവാദ്യം ചെയ്യാൻ പോലും നിൽക്കാതെയാണ് പാർലമെന്റിൽ നിന്ന് മടങ്ങിയത്.

എന്നാൽ പ്രതിപക്ഷ നിരയിലാവട്ടെ രാഹുലിന്റെ പ്രകടനം നൽകിയ ആത്മവിശ്വാസം ചെറുതല്ല. താൻ ഭരണഘടനാ പദവിയുള്ള പ്രതിപക്ഷ നേതാവായതോടെ കേവലം കോൺഗ്രസിനെയല്ല, എല്ലാ പ്രതിപക്ഷത്തിനും വേണ്ടിയാണ് നിലകൊള്ളുകയെന്ന അദ്ദേഹത്തിന്റെ പ്രഖ്യാപനം വൻ കരഘോഷത്തോടെയാണ് പ്രതിപക്ഷ നിര ഏറ്റെടുത്തത്. തന്റെ സംസാരം കഴിഞ്ഞ് ആദ്യമായി അഭിനന്ദിക്കാൻ ഓടിയെത്തിയത് തൃണമൂൽ കോൺഗ്രസിന്റെ എം.പിയായിരുന്നു. പിന്നീട് പ്രതിപക്ഷത്തെ എല്ലാ അംഗങ്ങളും അഭിനന്ദിക്കാൻ മത്സരിക്കുകയായിരുന്നു. വർധിത വീര്യത്തോടെ സർക്കാറിനെതിരെ ആഞ്ഞടിച്ച അദ്ദേഹത്തിനുപിന്നിൽ പ്രതിപക്ഷം ഒന്നടങ്കം ഉറച്ചു നിൽക്കുന്ന കാഴ്ച്ചയാണ് കാണാൻ കഴിഞ്ഞത്. ഹിന്ദുത്വ വികാരം ഇളക്കിവിട്ട് തിരഞ്ഞെടുപ്പിൽ ജയിച്ചുകയറുന്ന ബി.ജെ.പിയുടെ വിഭാഗീയതയുടെ രാഷ്ട്രീയത്തെ സധൈര്യം തുറന്നുകാട്ടാൻ തയാറായി എന്നതാണ് ഇന്നലെ രാഹുൽ നടത്തിയ ശ്രദ്ധേയമായ നീക്കം. വെറുപ്പു വിൽക്കാൻ നടക്കുന്ന ബി.ജെ.പിക്കാർ ഹിന്ദുക്കളല്ലെന്ന് പരമശിവന്റെ ചിത്രം ഉയർത്തിപ്പിടിച്ച് അദ്ദേഹം പ്രഖ്യാപനം നടത്തി എന്നുമാത്രമല്ല, ആ പ്രയോഗത്തെ പതുവുപോലെ ഹിന്ദുക്കളെ അപമാനിച്ചുവെന്ന് പറഞ്ഞ് വഴിതിരിച്ചുവിടാൻ മോദിയും അമിത്ഷായും ഉൾപ്പെടെ ശ്രമിച്ചപ്പോഴും രാഹുലിന് ഒരുകുലുക്കവുമുണ്ടായിരുന്നില്ല. യു.പിയിൽ ഇന്ത്യാ സഖ്യത്തിനുണ്ടായ വിജയം ഉയർത്തിപ്പിടിച്ച്, ബി.ജെ.പിയുടെ ധ്രുവീകരണ ശ്രമത്തെ യഥാർത്ഥ ഹിന്ദുദൈവങ്ങളെ ഉയർത്തിക്കാട്ടി പ്രതിരോധിക്കുകയെന്ന അതിസാഹസികമായ ഈ നീക്കം മോദിയുടെയും കൂട്ടരുടെയും ഉറക്കംകെടുത്തുമെന്നുറപ്പാണ്. അഗ്നിവീർ, കർഷക പ്രക്ഷോഭം, നീറ്റ്, മണിപ്പൂർ തുടങ്ങിയ രാജ്യം അഭിമുഖീകരിക്കുന്ന മുഴുവൻ വിഷയങ്ങളെയും അഭിസംബോധന ചെയ്ത അദ്ദേഹം എല്ലാ വിഭാഗം ജനങ്ങൾക്കും ഒരുപോലെ പ്രതീക്ഷ നൽകിയിരിക്കുകയാണ്. നിങ്ങൾ ആരുടെയും മുന്നിൽ തലകുനിക്കരുതെന്ന സ്പീക്കറോടുള്ള ഓർമപ്പെടുത്തൽ സഭാ സമ്മേളനത്തിന്റെ ആദ്യ ദിനം തന്നെ പക്ഷപാതം കാട്ടിയ സ്പീക്കർക്കുള്ള കനത്ത മുന്നറിയിപ്പായിരുന്നു. പാർലമെന്റിൽ കരുത്തുറ്റ ഒരു പ്രതിപക്ഷത്തിന്റെ വരവാണ് രാഹുൽ ഫ്ലേ അടയാളപ്പെടുത്തിയത്.

അടിക്കുറിപ്പ്

ഹിന്ദുക്കളെ അപമാനിക്കുന്നേ എന്ന് നിലവിളിച്ച് ഇന്നലെ നരേന്ദ്ര മോദി തന്നെ നേരിട്ട് രംഗത്തിറങ്ങിയപ്പോഴും അതിന്റെ മുന്നിൽ ചൂളിപ്പോവാതെ 'അങ്ങനെ ഈ രാജ്യത്തെ മുഴുവൻ ഹിന്ദുക്കളുടേയും അട്ടിപ്പേറവകാശമൊന്നും നിങ്ങൾക്കില്ല' എന്ന് തിരിച്ചടിക്കുന്ന രാഹുൽ ഗാന്ധി ഇന്ത്യൻ ജനതയുടെ മാറിയ തിരിച്ചറിവിന്റെ പ്രതീകമാണ്. 'ഭയവും വിദ്വേഷവും വളർത്തുന്നതല്ല ഹിന്ദുമതം' എന്ന് ഇന്ത്യയിലെ സാധാരണ ഹിന്ദുമതവിശ്വാസികൾ ഇന്ന് കൂടുതൽക്കൂടുതലായി ഉറക്കെ പറഞ്ഞു തുടങ്ങുകയും ചെയ്യുന്നുണ്ട്. അയോധ്യയിലടക്കമുണ്ടായ ജനവിധി അതിന്റെ സൂചനയാണ്.

–വി.ടി ബൽറാം

ചരിത്രത്തിൽ ഇന്ന്

1792 ലെ ഫ്രഞ്ചുവിപ്ലവം വരെ ഫ്രാൻസ് ഭരിച്ച കാപെഷ്യൻ സാമ്രാജ്യത്തിലെ ആദ്യ രാജാവായ ഹഗ് കാപെറ്റ് അധികാരത്തിലേറി.

1754 ജോർജ് വാഷിങ്ടൺ നെസെസ്സിറ്റി കോട്ട ഫ്രഞ്ചുപട്ടാളത്തിന് അടിയറ വച്ചു.

1767 നോർവേയിലെ ഇപ്പോഴും പ്രസിദ്ധികരിക്കുന്നതിൽ ഏറ്റവും പഴയ വർത്തമാനപ്പത്രമായ അഡ്രെസ്സീവിസെൻ (Adresseavisen) ആദ്യമായി പുറത്തിറങ്ങി.

1778 ഓസ്ട്രിയക്കെതിരെ പ്രഷ്യ യുദ്ധം പ്രഖ്യാപിച്ചു.

1848 ഇപ്പോൾ വെർജിൻ ഐലന്റ്സ് എന്നറിയപ്പെടുന്ന ഡാനിഷ് വെസ്റ്റിന്റീസിൽ അടിമകളെ സ്വതന്ത്രരാക്കി.

1962 ഫ്രാൻസിനെതിരെയുള്ള അൾജീരിയയുടെ സ്വാതന്ത്ര്യസമരം അവസാനിച്ചു.

ഇതാ, ഇന്ത്യയുടെ പ്രതീക്ഷ

കുറുക്കോളി മൊയ്തീൻ

2019 ലെ പതിനേഴാം ലോക്സഭാ തിരഞ്ഞെടുപ്പിൽ രാഹുൽ ഗാന്ധി രാജ്യത്തിന്റെ പ്രധാനമന്ത്രി ആകുമെന്ന് ജനാധിപത്യ വിശ്വാസികൾ, പ്രത്യേകിച്ച് യു.ഡി.എഫ് പ്രവർത്തകരും അനുഭാവികളെങ്കിലും പ്രതീക്ഷിച്ചിരുന്നു. അത് നടന്നില്ല. അംഗീകൃത പ്രതിപക്ഷം ആവാൻ പോലും കഴിയാതെ പോയി. പതിനെട്ടാം ലോക്സഭാ തിരഞ്ഞെടുപ്പിൽ രാഹുൽ രണ്ടാമതും വയനാട്ടിൽ തന്നെ മത്സരിക്കാൻ തയ്യാറായപ്പോൾ കഴിഞ്ഞ തവണ പൊലിഞ്ഞ സ്വപ്നം യാഥാർത്ഥ്യമാകുമെന്നും മോഹിച്ചു. പക്ഷേ വീണ്ടും നടന്നില്ല. എന്നാൽ അദ്ദേഹം ലോക്സഭയിലെ പ്രതിപക്ഷ നേതാവ് ആയിത്തീർന്നത് നൽകിയ സന്തോഷം വളരെ വലുതാണ്.

പതിനെട്ടാമത് ലോക്സഭയിലെ പ്രതിപക്ഷ നേതാവ് ആരാകണം എന്ന ചർച്ച നടക്കുമ്പോൾ ജനങ്ങൾ നേതാവിനെ മനസ്സിൽ കുറിച്ചിട്ട് കഴിഞ്ഞിരുന്നു. നേരത്തെ ഐകകണ്ഠേന കോൺഗ്രസ് പ്രസിഡന്റ് സ്ഥാനം ഏറ്റെടുക്കാൻ അഭ്യർത്ഥിച്ചിട്ടും അതിന് തയ്യാറാകാതെ മാറിനിന്ന പോലെ, സോണിയ ഗാന്ധിയെ പ്രധാനമന്ത്രി സ്ഥാനത്തേക്ക് തിരഞ്ഞെടുത്തിട്ടും സ്വയം മാറിനിന്നപോലെ ഇക്കാര്യത്തിലും സംഭവിക്കുമോ എന്ന ആശങ്ക ജനങ്ങളിൽ ഇല്ലാതിരുന്നില്ല. എന്നാൽ പാർട്ടിയുടെയും ഘടക കക്ഷികളുടെയും അഭ്യർത്ഥന മാനിച്ച് അതേറ്റെടുക്കാൻ രാഹുൽ ഗാന്ധി തയ്യാറയതിൽ ജനങ്ങൾ അഭിമാനംകൊണ്ടു, ആവേശഭരിതരായി.

നേതാവ് വരേണ്ടത് ഇങ്ങനെ തന്നെയാണ്. ജനമനസ്സുകളുടെ അഭ്യർത്ഥനകളിലൂടെയും പ്രാർത്ഥനകളിലൂടെയും ആഗ്രഹങ്ങളിലൂടെയും ആകണം നേതാവ് ഉയർന്ന് വരേണ്ടത്. അപ്പോഴാണ് ജനങ്ങളുടെ നേതാവ് ആകുന്നത്. രാഹുലിന്റെ ആദ്യ പ്രകടനം തന്നെ രാജ്യത്തെ കോൾമയിർ കൊള്ളിച്ചു. സ്പീക്കറെ അഭിനന്ദിച്ചുകൊണ്ടുള്ള സംസാരമായിരുന്നല്ലോ അത്. രണ്ടാമത് പ്രസിഡന്റിൻെ നയ പ്രഖ്യാപനത്തിന്മേൽ നടന്ന നന്ദിപ്രമേയ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് രാഹുൽ കസറിയിരിക്കുന്നു. ആ ശബ്ദം ഇന്ത്യാ മുന്നണിയുടേത് മാത്രമല്ല, ഇന്ത്യയുടേത് കൂടിയാണ്. സർക്കാരിന്റെ കാപട്യവും വിഭജന കുതന്ത്രങ്ങളും തുറന്നുകാട്ടിയ പ്രസംഗം രാജ്യസ്നേഹികളുടെ മനസ്സ് കുളിർപ്പിച്ചു.

രാജ്യത്തെസംരക്ഷിക്കാൻ, പൗരന്മാരെ സഹായിക്കാൻ, അവർക്ക് വേണ്ടി ശബ്ദിക്കാൻ പ്രതിപക്ഷത്തായാലും സാധിക്കുമെന്ന് കൂടി തെളിയിച്ചിരിക്കുന്നു. തന്റെ കന്നി പ്രസംഗത്തിൽ തന്നെ രാജ്യത്തെ അതിപ്രധാനമായ പ്രശ്നങ്ങളിലേക്ക് അദ്ദേഹം കടന്നുചെന്നത് രാജ്യം അദ്ദേഹത്തിൽ അർപ്പിച്ചിരിക്കുന്ന പ്രതീക്ഷ സാക്ഷാത്കരിക്കുന്നതാണ്. പ്രധാനമന്ത്രി കഴിഞ്ഞാൽ സഭയ്ക്കകത്ത് പ്രധാന പദവിയാണ് പ്രതിപക്ഷ നേതൃസ്ഥാനം. പത്തു കൊല്ലത്തെ ഇടവേളയ്ക്ക് ശേഷമാണ് ലോക്സഭയിൽ അംഗീകൃത പ്രതിപക്ഷവും പ്രതിപക്ഷ നേതാവും വന്നിരിക്കുന്നത്. കേരളത്തിന്റെകൂടി ജനപ്രതിനിധിയായാണ് രാഹുൽ ഡൽഹിയിൽ എത്തിയത്. രാജ്യത്തെ സ്നേഹിക്കുന്നവരും സാധാരണക്കാരുമായ ജനകോടികൾ അദ്ദേഹത്തെ അഭിമാനത്തോടെയും പ്രതീക്ഷയോടെയും ആണ് നോക്കിക്കാണുന്നത്. പതിനെട്ടാമത് ലോക്സഭയിലെ ആദ്യദിനങ്ങളിൽ തന്നെ രാജ്യത്തിന്റെ പ്രതീക്ഷ കാത്തുസൂക്ഷിച്ച രാഹുൽജി, താങ്കൾക്ക് അഭിനന്ദനങ്ങൾ.

> പത്തു കൊല്ലത്തെ ഇടവേളയ്ക്ക് ശേഷമാണ് ലോക്സഭയിൽ അംഗീകൃത പ്രതിപക്ഷവും പ്രതിപക്ഷ നേതാവും വന്നിരിക്കുന്നത്. കേരളത്തിന്റെകൂടി ജനപ്രതിനിധിയായാണ് രാഹുൽ ഡൽഹിയിൽ എത്തിയത്. രാജ്യത്തെ സ്നേഹിക്കുന്നവരും സാധാരണക്കാരുമായ ജനകോടികൾ അദ്ദേഹത്തെ അഭിമാനത്തോടെയും പ്രതീക്ഷയോടെയും ആണ് നോക്കിക്കാണുന്നത്. പതിനെട്ടാമത് ലോക്സഭയിലെ ആദ്യദിനങ്ങളിൽ തന്നെ രാജ്യത്തിന്റെ പ്രതീക്ഷ കാത്തുസൂക്ഷിച്ച രാഹുൽജി, താങ്കൾക്ക് അഭിനന്ദനങ്ങൾ.

ലോക്സഭയിൽ പലപ്പോഴും അംഗീകൃത പ്രതിപക്ഷമോ പ്രതിപക്ഷ നേതാവോ ഉണ്ടായിരുന്നില്ല.10 ശതമാനം അംഗങ്ങളെങ്കിലും ഉണ്ടെങ്കിലേ പ്രതിപക്ഷം ആയി അംഗീകരിക്കപ്പെടുകയുള്ളൂ. ഒന്നും രണ്ടും മൂന്നും ലോക്സഭകളിൽ അതുണ്ടായിട്ടില്ല. 1970ലെ അഞ്ചാം സഭയിലും 1979 മുതൽ 1984 വരെയുള്ള ഏഴാമത് സഭയിലും 1984 മുതൽ 1989 വരെയുള്ള എട്ടാമത് സഭയിലും പ്രതിപക്ഷ നേതാവ് ഉണ്ടായിരുന്നില്ല.

പതിനാറും പതിനേഴും ലോക സഭകളിലും ദൗർഭാഗ്യവശാൽ പ്രതിപക്ഷ നേതാവ് ഇല്ലാതെ പോയി. എന്നാൽ കഴിഞ്ഞ ലോക്സഭയെക്കാൾ ഇരട്ടിയിലധികം അംഗങ്ങളുമായി കോൺഗ്രസ് ഇന്ത്യ മുന്നണിക്ക് നേതൃത്വം നൽകി കൊടുങ്കാറ്റ് പോലെ ഇക്കുറി കടന്നു വന്നിരിക്കുന്നു. രാജ്യത്ത് ഇതിനകം 15 പ്രധാനമന്ത്രിമാരും 17 സ്പീക്കർമാരും ഉണ്ടായിട്ടുണ്ട്.പ്രതിപക്ഷ നേതാവായി 12 പേരാണ് ഇതിനകം ഉണ്ടായത്. കേരളത്തിനും ഒരു അവസരം ലഭിക്കുകയുണ്ടായി. 1977 ൽ ഇടുക്കിയിൽ നിന്ന് വിജയിച്ച സി എം സ്റ്റീഫൻ (1978 79) ആ പദവിയിൽ ഇരുന്നിട്ടുണ്ട്. രാം സുഭഗ് സിംഗ് (1969 70), യശ്വന്ത് റാവു ചവാൻ (1977 78, 1979 ൽ 18 ദിവസം), ജഗ്ജീവൻ റാം (1979 ൽ 24 ദിവസം), രാജീവ് ഗാന്ധി (1989 90), എൽ .കെ അദ്വാനി (1990 1993, 2004 2009), എ.ബി. വാജ്പേയ് (1993 1996,1996 1997), പി.വി നരസിംഹറാവു (1996 ൽ 15 ദിവസം), ശരത് പവർ (1998 1999), സോണിയ ഗാന്ധി (1999 2004), സുഷമാ സ്വരാജ് (2009 2014) എന്നിവരാണ് പ്രതിപക്ഷ നേതൃസ്ഥാനം വഹിച്ച മറ്റു വ്യക്തികൾ. രാജീവ് ഗാന്ധി, എ.ബി വാജ്പേയ്, പി.വി നരസിംഹറാവു എന്നിവർ പ്രധാനമന്ത്രിയുടെയും പ്രതിപക്ഷ നേതാവിന്റെയും പദവികൾ അലങ്കരിച്ചവരാണ്. പത്തു കൊല്ലത്തെ ഇടവേളയ്ക്ക് ശേഷമാണ് ലോകസഭയിൽ അംഗീകൃത പ്രതിപക്ഷവും പ്രതിപക്ഷ നേതാവും വന്നിരിക്കുന്നത്. കേരളത്തിൻറെ കൂടി ജനപ്രതിനിധിയായാണ് രാഹുൽ ഡൽഹിയിൽ എത്തിയത്. രാജ്യത്തെ സ്നേഹിക്കുന്നവരും സാധാരണക്കാരുമായ ജനകോടികൾ അദ്ദേഹത്തെ അഭിമാനത്തോടെയും പ്രതീക്ഷയോടെയും ആണ് നോക്കിക്കാണുന്നത്. പതിനെട്ടാമത് ലോകസഭയിലെ ആദ്യദിനങ്ങളിൽ തന്നെ രാജ്യത്തിന്റെ പ്രതീക്ഷ കാത്തുസൂക്ഷിച്ച രാഹുൽജി താങ്കൾക്ക് അഭിനന്ദനങ്ങൾ.

പുതിയ ക്രിമിനൽ നിയമങ്ങൾ ഉയർത്തുന്ന ആശങ്കകൾ

അഡ്വ.മുഹമ്മദ് ആരിഫ് കെ. പി

> ബ്രിട്ടീഷ്കോളനി ഭരണകാലത്തെ നിയമങ്ങൾ പൊളിച്ചെഴുതി ഇന്ത്യൻ സാഹചര്യങ്ങൾക്കനുകൂലമായരീതിയിലുള്ള നിയമ നിർമ്മാണം നടത്തുകയാണുണ്ടായതെന്നാണ് ഈ വിഷയത്തിൽ കേന്ദ്രആഭ്യന്തര മന്ത്രാലയത്തിന്റെവിശദീകരണം. എന്നാൽ എത്രത്തോളം ഈ വിഷയത്തിൽ പുതിയ നിയമത്തിന് പരിഹാരം നൽകാൻ കഴിയും എന്ന കാര്യം പരിശോധിക്കേണ്ടതാണ്.

നൂറ്റാണ്ടിലേറെയായിഇന്ത്യയിലെ ക്രിമിനൽ നിയമവ്യവസ്ഥയുടെ നെടുംതൂണായി നിലനിന്നിരുന്ന മൂന്ന് പ്രധാന നിയമങ്ങൾ 2024 ജൂൺ 30നോട്കൂടിഇല്ലാതാവുകയും ആയതിന് പകരമായി ഭാരതീയ ന്യായ സംഹിത 2023 (BNS) ഭാരതീയ നാഗരിക്സുരക്ഷസംഹിത 2023 (BNSS) ഭാരതീയ സാക്ഷ്യഅധിനിയം 2023 (BSA) എന്നീ നിയമങ്ങളാണ്2024 ജൂലൈ ഒന്നു മുതൽരാജ്യത്തിന്റെ നീതിന്യായവ്യവസ്ഥയുടെ ഭാഗമായിമാറിയിട്ടുള്ളത്. 1860 ലെ ഇന്ത്യൻ ശിക്ഷാനിയമം (IPC) 1973 ലെ ക്രിമിനൽ നടപടിചട്ടം (CrPc) 1872 ലെ ഇന്ത്യൻ എവിഡൻസ്ആക്ട്എന്നീ നിയമങ്ങളാണ് പുതിയ നിയമങ്ങൾ വന്നതോടെഇല്ലാതായിരിക്കുന്നത്.

കിമിനൽ നീതിന്യായവ്യവസ്ഥയിൽഏറ്റവും പ്രധാനപ്പെട്ട മൂന്ന്നിയമങ്ങൾ പാർലമെന്റ് പാസ്സാക്കിയത്141 പ്രതിപക്ഷ എം.പിമാരെ സസ്പെന്റ്ചെയ്തസമയത്തായിരുന്നു. ആയതിനാൽതന്നെ വളരെ പ്രധാനപ്പെട്ട ഈ മൂന്ന് നിയമങ്ങളും പാർലമെന്റ് പാസാക്കുന്നതിന് മുമ്പായി വിശദമായ ചർച്ചകൾ നടക്കുകയുണ്ടായിട്ടില്ല. ഇപ്രകാരം 12.12.2023ന് പാർലമെന്റിലെഇരു സഭകളും ഈനിയമംപാസാക്കുകയും 25.12.2023ന് രാഷ്ട്രപതിഒപ്പുവക്കുകയുംചെയ്തതോടെയാണ് നിയമങ്ങൾ രാജ്യത്ത് നിലവിൽ വന്നത്.

ബ്രിട്ടീഷ്കോളനി ഭരണകാലത്തെ നിയമങ്ങൾ പൊളിച്ചെഴുതി ഇന്ത്യൻ സാഹചര്യങ്ങൾക്കനുകൂലമായരീതിയിലുള്ള നിയമ നിർമ്മാണം നടത്തുകയാണുണ്ടായതെന്നാണ് ഈ വിഷയത്തിൽ കേന്ദ്രആഭ്യന്തര മന്ത്രാലയത്തിന്റെവിശദീകരണം. എന്നാൽ എത്രത്തോളം ഈ വിഷയത്തിൽ പുതിയ നിയമത്തിന് പരിഹാരം നൽകാൻ കഴിയും എന്ന കാര്യം പരിശോധിക്കേണ്ടതാണ്. ക്രിമിനൽ നിയത്തിലെ ഭൂരിഭാഗംവകുപ്പുകളുംയാതൊരുമാറ്റവുംകൂടാതെഅതേപടിതന്നെ വകുപ്പുകളുടെനമ്പർ മാത്രംമാറ്റി പുതിയനിയമങ്ങളിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണ്. ഈ മാറ്റം അഭിഭാഷകർക്കുംനിയമരംഗത്ത് പ്രവർത്തിക്കുന്നവർക്കുംപ്രായോഗികതലത്തിൽ കൂടുതൽ ബുദ്ധിമുട്ട് ഉണ്ടാകുമെന്നല്ലാതെ മറ്റ്യാതൊരു പ്രയോജനവുമില്ല. നിലവിലെ നിയമങ്ങൾ അതേപടി നില നിർത്തികേവലംവകുപ്പുകളുടെ നമ്പർ മാത്രംമാറ്റിയതുകൊണ്ട് ബ്രിട്ടീഷ്കോളനിവാഴ്ചയിലെ നിയമങ്ങളിൽ നിന്നുംഎന്താണ്മാറ്റംഉണ്ടായത് എന്ന് നിയമം പാസ്സാക്കിയവർതന്നെ വിശദീകരിക്കേണ്ടതാണ്. ഉദാഹരണമായി ഇന്ത്യൻ ശിക്ഷാ നിയമത്തിലെ 302–ാം വകുപ്പ്(കൊലപാതകം) 103 ആയും 307(വധ ശ്രമം) 109 ആയും 376മുതൽ 376 E(ബലാത്സംഗം) 64 മുതൽ 71 വരെവകുപ്പുകളായുംമാറിയിട്ടുള്ളതാണ്. അതുപോലെ CrPc യിലെ FIR രജിസ്റ്റർ ചെയ്യാനുള്ളവകുപ്പ് 154 എന്നത് 173 ആയും പൊലീസിന് വാറണ്ട്ഇല്ലാതെഅറസ്റ്റ്ചെയ്യാനുള്ളവകുപ്പ് 41 എന്നത് 35 ആയും മുൻകൂർ ജാമ്യാപേക്ഷ സമർപ്പിക്കുന്നതിനുള്ളവകുപ്പ് 438 എന്നത് 482 ആയും മാറ്റി എന്നല്ലാതെഒരു നിയമ പുസ്തകംമൊത്തംമാറ്റി പുതിയത് കൊണ്ടുവരാൻ മാത്രം മാറ്റങ്ങൾ ഒന്നും ഉണ്ടായിട്ടില്ലാത്തതാണ്.

എന്നാൽ സാമൂഹ്യജീവിത പശ്ചാത്തലത്തിൽകാലാനുസൃതമായിഉണ്ടാകുന്ന മാറ്റങ്ങൾക്ക് അനുസൃതമായി നീതിന്യായവ്യവസ്ഥയിലുംമാറ്റങ്ങൾ ഉണ്ടാവണം എന്ന കാര്യത്തിൽയാതൊരുതർക്കവും ഇല്ലാത്തതാണ്. ഇപ്രകാരംമാറ്റങ്ങൾ രാജ്യത്ത്സ്വാതന്ത്ര്യാനന്തരംമുതൽഓരോകാലഘട്ടത്തിലും നടന്നിട്ടുള്ളതുമാണ്. ഇത്തരംഭേദഗതികളിൽകാലഹരണപ്പെട്ടതുംഅപ്രസക്തവുമായ നിയമങ്ങൾ ഒഴിവാക്കുകയുംആവശ്യമായ പുതിയ നിയമങ്ങൾ കൂട്ടിച്ചേർക്കുകയും പതിവാണ്. ഇപ്രകാരം ക്രിമിനൽ നടപടി നിയമവ്യവസ്ഥയിൽ ഏറ്റവും അവസാനമായി പാർലമെന്റ് പാസാക്കിയ നിയമമാണ് ക്രിമിനൽ ലോ അമൻമെന്റ് ആക്ട് 2018. ഇതിന് മുമ്പായി 2013 ലുംക്രിമിനൽ ലോ അമൻമെന്റ് ആക്ട് പാർലമെന്റ് പാസാക്കിയിട്ടുള്ളതാണ്. ഇപ്രകാരം കാലാനുസൃതമായ മാറ്റങ്ങൾ വരുത്തി അപ്രസ്ക്തമായ വകുപ്പുകൾ ഒഴിവാക്കിയുംആവശ്യമായവകുപ്പുകൾ കൂട്ടിച്ചേർത്തുംഒരു ക്രിമിനൽ ലോ അമൻമെന്റ് ആക്ട് പാസാക്കിയിരുന്നെങ്കിൽ നിലവിലെ നിയമങ്ങൾ മാറ്റാതെ തന്നെ ഈ വിഷയങ്ങൾ പരിഹരിക്കാമായിരുന്നു.

ഇപ്പോൾ നിലവിൽവന്ന പുതിയ നിയമങ്ങൾ ഇലക്ട്രോണിക്ക്തെളിവുകൾക്കുംരേഖകൾക്കും കൂടുതൽ പ്രാധാന്യം നൽകുന്നത് ശാസ്ത്ര സാങ്കേതികവിദ്യ ദൈനംദിന പുരോഗമിച്ചുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ കേസ് അന്വേഷണത്തിനും ആയത് തീർപ്പാക്കുന്നതിനും സഹായകരമാണ്. അതുപോലെകോടതിയിൽ നിന്നുംഇലക്ട്രോണിക്ക് മാധ്യമങ്ങൾ മുഖേന സമൻസുകളും മറ്റ് നോട്ടീസുകളും അയച്ചു നടത്താൻ കഴിയുന്നതും സാക്ഷികളെ വീഡിയോ കോൺഫറൻസ് മുഖേന വിസ്താരം നടത്താൻ കഴിയുന്നതും കേസ് പെട്ടന്ന് തീർപ്പാക്കാൻ സഹായിക്കുന്നതാണ്. എന്നാൽകോടതികളിൽ നേരത്തെ രജിസ്റ്റർ ചെയ്തകേസുകളിൽ പഴയ നിയമങ്ങളുംപുതിയകേസുകളിൽ പുതിയ നിയമങ്ങളുംഒരേസമയം ഉപയോഗിക്കേണ്ടി വരുന്നത് പ്രയോഗിക ബുദ്ധിമുട്ടിന് ഇടവരുത്തുന്നതാണ്.

നിലവിലെ നിയമത്തിൽ പൊലീസ്കസ്റ്റഡി15 ദിവസത്തിനുള്ളിൽ നൽകാൻ മാത്രമെവ്യവസ്ഥഉണ്ടായിരുന്നെങ്കിലും പുതിയനിയമപ്രകാരം പൊലീസ്കസ്റ്റഡി കുറ്റകൃത്യങ്ങളുടെ ഗൗരവമനുസരിച്ച് 90 ദിവസംവരെ നൽകാൻ അധികാരം നൽകുന്നു.ഇപ്രകാരം പൊലീസിന് കൂടുതൽ അധികാരം നൽകുന്ന തരത്തിലുള്ള പുതിയ നിയമം പൗരൻമാർക്കെതിരെ ദുരുപയോഗം ചെയ്യാൻ സാധ്യതയുണ്ട്.

പോസ്റ്റ് ബോക്സ്

chandrikapostbox@gmail.com

ലോക്സഭാ സ്പീക്കർ മോദിയുടെ വിശ്വസ്തൻ

മോദി ഭരണകൂടത്തിന്റെ വിശ്വസ്തനും പ്രതിപക്ഷത്തിന് തലവേദനയുമാണ് ഓം ബിർള. ചരിത്രമാവുകയാണ് ഓംബിർളയുടെ രണ്ടാമൂഴം. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെയും ആഭ്യന്തര മന്ത്രി അമിത് ഷായുടെയും വിശ്വസ്തനാണ് അദ്ദേഹം. ഈ അടുപ്പം കാരണം തന്നെയാണ് മറ്റു മുതിർന്ന നേതാക്കളിൽ ആർക്കും നൽകാതെ പ്രധാനമന്ത്രി രണ്ടാമതും സ്പീക്കർ സ്ഥാനം അദ്ദേഹത്തിന് നൽകിയത്. പ

വിദ്വേഷം പരത്തലല്ല ഹിന്ദുത്വം

ന്യൂഡൽഹി: രാഹുൽ ഗാന്ധി ഹിന്ദു വികാരത്തെ വ്രണപ്പെടുത്തിയതെന്ന മോദിയുടെയും അമിത് ഷായുടെയും ആരോപണം തള്ളി ശിവസേന (ഉദ്ധവ് വിഭാഗം) നേതാവ് സഞ്ജയ് റാവത്ത്. ഹിന്ദുക്കൾക്കും ഹിന്ദു സമൂഹത്തിനും എതിരെ രാഹുൽ മോശം പരാമർശം നടത്തിയിട്ടില്ല. വിദ്വേഷം പരത്തലല്ല ഹിന്ദുത്വം. ബി.ജെ.പി ചിത്രീകരിക്കുന്ന കപട ഹിന്ദുത്വവുമായി ഞങ്ങൾ യോജിക്കുന്നില്ല. രാഹുൽ തെറ്റായി ഒന്നും പറഞ്ഞിട്ടില്ല. ഹിന്ദുത്വ എന്നത് വളരെ വിശാലമായ പദമാണെന്നും ബി.ജെ.പിക്ക് ഇത് മനസ്സിലാകില്ലെന്നുമാണ് രാഹുൽ പറഞ്ഞത്. സ്വയം ഹിന്ദുക്കളായി കരുതുന്നവർ അദ്ദേഹത്തിന്റെ പ്രസംഗം ഒന്നുകൂടി കേൾക്കണം.

ബി.ജെ.പിയുടേത് രാഷ്ട്രീയക്കളി

ലക്നൗ: പാർലമെന്റിൽ രാഹുൽ ഗാന്ധി ഉയർത്തി പരാമർശങ്ങൾ ബി.ജെ.പി രാഷ്ട്രീയമായി ഉപയോഗിക്കുകയാണെന്ന് ബി.എസ്.പി അധ്യക്ഷ മായാവതി. രാഹുലിന്റെ ഹിന്ദുത്വ പരാമർശം അവർക്ക് രാഷ്ട്രീയം കളിക്കാനുള്ളതായി. അത്തരമൊരു അവസരം അവർക്ക് നൽകാൻ കോൺഗ്രസിന് എങ്ങനെ കഴിഞ്ഞു?. അതൽപം ചിന്തിക്കേണ്ട കാര്യം തന്നെയാണ്. എല്ലാ മതങ്ങളോടും എല്ലാവർക്കും ബഹുമാനം ഉറപ്പുവരുത്താനാണ് ബാബാ സാഹേബ് അംബേദ്കർ ഭരണഘടനയ്ക്ക് രൂപം നൽകിയത്. അത് ഇരുകൂട്ടരും ഓർക്കണം. ഭരണപക്ഷമായാലും പ്രതിപക്ഷമായാലും പാർലമെന്റിനകത്തും പുറത്തും കാര്യങ്ങളെ ഗൗരവമായി തന്നെ കാണണം.

ഇന്ത്യ വാർത്തകൾ

ചുരുക്കത്തിൽ

മധ്യപ്രദേശിൽ വൈസ് ചാൻസലർ ഇനി കുലഗുരു

ഭോപ്പാൽ: വൈസ് ചാൻസലറെ കുലഗുരു എന്ന് വിളിക്കാനുള്ള തീരുമാനത്തിന് മധ്യപ്രദേശ് മന്ത്രിസഭയുടെ അംഗീകാരം. സംസ്ഥാന മന്ത്രി സഭാ യോഗത്തിൽ നടന്ന ചർച്ചക്ക് ശേഷമാണ് വൈസ് ചാൻസലറെ കുലഗുരു എന്ന് വിളിക്കാനുള്ള തീരുമാനം നടപ്പാക്കിയത്. ഈ മാസം ഗുരു പൂർണിമ ആഘോഷിക്കുന്നതിനാൽ സർവകലാശാലകളുടെ വൈസ് ചാൻസലർമാരെ കുലഗുരു എന്ന് വിളിക്കുന്നതിന്റെ പ്രാധാന്യം കൂടി എന്ന് തന്നെ പറയാം. പുണ്യമാസത്തിലെടുത്ത മികച്ച തീരുമാങ്ങളിലൊന്നാണ് ഇതെന്ന് മധ്യപ്രദേശ് മുഖ്യമന്ത്രി മോഹൻ യാദവ് പറഞ്ഞു. ചില സംസ്ഥാനങ്ങൾ കൂടി പേര് മാറ്റത്തിൽ താത്പര്യം പ്രകടിപ്പിച്ചിട്ടുണ്ടെന്നും മോഹൻ യാദവ് പറഞ്ഞു. ഇതിന്റെ അടിസ്ഥാനത്തിൽ അതാത് സംസ്ഥാനത്തിന്റെ വൈസ് ചാൻസലർമാരുടെ പേരുകൾ മാറ്റുമെന്നും അദ്ദേഹം പറഞ്ഞു.

അസമിൽ വെള്ളപ്പൊക്കം; 20 ജില്ലകളിൽ നാശനഷ്ടം

ഗുവാഹത്തി: അസമിലുണ്ടായ വെള്ളപ്പൊക്കം 20 ജില്ലകളിലായി 6.71 ലക്ഷത്തിലധികം ആളുകളെ ബാധിച്ചു. ദിബ്രുഗഢ് ജില്ലയിലെ ചെറിയ ദ്വീപായ ഹാതിയ അലിയിൽ കുടുങ്ങിപ്പോയ 13 മത്സ്യത്തൊഴിലാളികളെ ഇന്ത്യൻ വ്യോമസേന രക്ഷപ്പെടുത്തി. ചതുപ്പുനിലത്ത് കുടുങ്ങിയ ഇവരെ വ്യോമസേനാ ഹെലികോപ്റ്ററിൽ എയർ ലിഫ്റ്റ് ചെയ്യുകയായിരുന്നു. ബ്രഹ്മപുത്ര ഉൾപ്പെടെ 13 പ്രധാന നദികൾ കരകവിഞ്ഞൊഴുകുകയാണ്. അപ്പർ അസമിലെ പ്രധാന നഗരമായ ദിബ്രുഗഡിലാണ് കൂടുതൽ നാശനഷ്ടമുണ്ടായത്. ബിശ്വനാഥ്, കച്ചാർ, ചറൈഡിയോ, ദരാംഗ്, ചിരാംഗ്, ധേമാജി, ഗോലാഘട്ട്, ജോർഹട്ട്, കാംരൂപ്, ലഖിംപൂർ, ശിവസാഗർ, സോഗനിത് നാഗോൺ, മജുലി, കരിംഗഞ്ച്, താമുൽപൂർ, ടിൻസുകിയ, നാൽബാരി തുടങ്ങിയ ജില്ലകളും വെള്ളത്തിലാണ്. കഴിഞ്ഞ 24 മണിക്കൂറിനിടെ ഒരു മരണം റിപ്പോർട്ട് ചെയ്തു. ഇതോടെ ഈ വർഷം വെള്ളപ്പൊക്കത്തിലും കൊടുങ്കാറ്റിലും ഉരുൾപൊട്ടലിലും മരിച്ചവരുടെ എണ്ണം 46 ആയി. 72 ദുരിതാശ്വാസ ക്യാമ്പുകളിലായി 8,142 പേർ അഭയം പ്രാപിച്ചിട്ടുണ്ട്. പ്രശസ്തമായ കാസിരംഗ നാഷണൽ പാർക്കിലെ 233 ഫോറസ്റ്റ് ക്യാമ്പുകളിൽ 95 എണ്ണം വെള്ളത്തിനടിയിലായി. സംസ്ഥാനത്ത് മഴ തുടരുമെന്നാണ് കാലാവസ്ഥാ റിപ്പോർട്ട്.

പ്രണയഭ്യാർത്ഥന നിരസിച്ചതിന് 17കാരിയെ കുത്തിക്കൊന്നു

ജബൽപൂർ: പ്രണയഭ്യാർത്ഥന നിരസിച്ചതിന് 17കാരിയെ യുവാവ് പട്ടാപ്പകൽ നടുറോഡിൽ കുത്തിക്കൊന്നു. തിങ്കളാഴ്ച വൈകുന്നേരം മധ്യപ്രദേശിലെ ജബൽപൂർ നഗരത്തിൽ ജനങ്ങൾ നോക്കിനിൽക്കെയാണ് സംഭവം. തമന്ന എന്ന പെൺകുട്ടിയാണ് കൊല്ലപ്പെട്ടത്. കുത്തേറ്റ പെൺകുട്ടിയെ ഉടൻ ആശുപത്രിയിൽ എത്തിച്ചെങ്കിലും മരണം സ്ഥിരീകരിച്ചു. കൃത്യം നടത്തിയത് ഗുഫ്രാൻ (20) എന്ന യുവാവാണെന്ന് തിരിച്ചറിഞ്ഞിട്ടുണ്ട്. കൊലപാതകത്തിന് ശേഷം ഓടി രക്ഷപ്പെട്ട ഇയാൾക്കായി പൊലീസ് തിരച്ചിൽ തുടങ്ങി. പ്രദേശത്തെ സിസിടിവി ദൃശ്യങ്ങൾ കേന്ദ്രീകരിച്ച് നടത്തിയ അന്വേഷണത്തിലാണ് പ്രതിയെ തിരിച്ചറിഞ്ഞത്. ആക്രമണത്തിന് ശേഷം ഓടിയ പ്രതിയെ വഴിയാത്രക്കാർ പിടികൂടാൻ ശ്രമിക്കുന്നതിന്റെ ദൃശ്യങ്ങളും പുറത്തുവന്നിട്ടുണ്ട്. പെൺകുട്ടിയും പ്രതിയും പരിചയക്കാരായിരുന്നെന്നും പ്രണയഭ്യാർത്ഥന നിരസിച്ചതിലുള്ള പകയാണ് കൊലയിലേക്ക് നയിച്ചതെന്നും പൊലീസ് പറഞ്ഞു.

പ്രധാനമന്ത്രിയുടെ മറുപടി

പരിഹാസം, വ്യക്തിഹത്യ

മണിപ്പൂർ, കർഷക സമര വിഷയങ്ങളിൽ മൗനം

മോദിയുടെ പ്രസംഗം 2.15 മണിക്കൂർ

ബാലബുദ്ധി, പരാന്നഭോജി പരാമർശവും

ന്യൂഡൽഹി: രാഷ്ട്രപതിയുടെ അഭിസംബോധനയ്ക്കുള്ള നന്ദിപ്രമേയ ചർച്ചയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ പ്രസംഗത്തിലുടനീളം പരിഹാസവും വ്യക്തിഹത്യയും. കഴിഞ്ഞ ദിവസം ഒന്നര മണിക്കൂറിലേറെ ദൈർഘ്യമുള്ള പ്രസംഗമായിരുന്നു പ്രതിപക്ഷനേതാവ് രാഹുൽ ഗാന്ധി സഭയിൽ നടത്തിയത്. ഇതിന് മറുപടിയായി 2.15 മണിക്കൂറെടുത്താണ് മോദി പ്രസംഗിച്ചത്.

പ്രതിപക്ഷ നേതാവിനും കോൺഗ്രസ് പാർട്ടിക്കുമെതിരേ പരിഹാസവും വ്യക്തിഹത്യയുമായിരുന്നു പ്രസംഗത്തിലേറെയും. തുടക്കം മുതൽ ഒടുക്കം വരെ നീണ്ട പ്രതിപക്ഷ പ്രതിഷേധത്തിനിടെയായിരുന്നു മോദിയുടെ പ്രസംഗം. ഇടയ്ക്ക് രണ്ടു തവണ സ്പീക്കർ പ്രതിപക്ഷത്തിനു താക്കീത് നൽകി. മണിപ്പൂർ വിഷയത്തിൽ പ്രതിപക്ഷം ഏറെനേരം മുദ്രാവാക്യം മുഴക്കിയിട്ടും പ്രധാനമന്ത്രി മണിപ്പൂരിനെപ്പറ്റി പരാമർശിച്ചില്ല. കർഷക സമരത്തെക്കുറിച്ചും അദ്ദേഹം മൗനം പാലിച്ചു. നീറ്റ് പരീക്ഷ ചോദ്യപ്പേപ്പർ ചോർച്ചയിൽ സർക്കാർ ഉചിതമായ നടപടിയെടുക്കുമെന്ന് പ്രധാനമന്ത്രി പറഞ്ഞു. പരീക്ഷ നടത്തിപ്പിന്റെ ഘടന പരിഷ്കരിക്കാനുള്ള മാർഗങ്ങൾ സ്വീകരിക്കുന്നുണ്ട്. ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ സർക്കാർ ശ്രദ്ധയോടെ യുദ്ധകാലാടിസ്ഥാനത്തിൽ പ്രവർത്തിക്കും എന്നാണ് രാജ്യത്തെ വിദ്യാർഥികളോടും യുവാക്കളോടും പറയാനുള്ളതെന്നും മോദി പറഞ്ഞു.

രാഹുൽഗാന്ധിയെ 'ബാല ബുദ്ധി'യെന്ന് പേരെടുത്തു പറയാതെ മോദി പരിഹസിച്ചു. ബോളിവുഡ് ചിത്രം 'ഷോലെ'യിലെ സംഭാഷണങ്ങൾ പരാമർശിച്ചും തിരഞ്ഞെടുപ്പിൽ ലഭിച്ച സീറ്റുകളുടെ എണ്ണം ചൂണ്ടിക്കാട്ടിയുമായിരുന്നു മോദിയുടെ പരിഹാസം. സഖ്യകക്ഷികളുടെ വോട്ടു തിന്നുന്ന പരാന്നഭോജിയാണ് കോൺഗ്രസ് എന്നും അദ്ദേഹം പറഞ്ഞു. കോൺഗ്രസ് ബി.ജെ. പിയുമായി നേരിട്ട് ഏറ്റുമുട്ടിയ ഇടങ്ങളിൽ 26 ശതമാനമാണ് സ്ട്രൈക്ക് റേറ്റ്. എന്നാൽ, സഖ്യകക്ഷികൾ ഉള്ളിടത്ത് 50ൽ കൂടുതലാണിത്. കോ ൺഗ്രസ് ജയിച്ച 99 സീറ്റുകളിൽ ഭൂരിഭാഗവും സഖ്യകക്ഷികളുടെ പ്രയത്നത്തിലാണ് ജയിച്ചതെന്നും അദ്ദേഹം പറഞ്ഞു.

സഭയിൽ താങ്ങുവിലയെക്കുറിച്ചും അഗ്നിപഥ് പദ്ധതിയെക്കുറിച്ചും നുണകൾ പറഞ്ഞു. വ്യക്തിപരമായ രാഷ്ട്രീയ നേട്ടങ്ങൾക്കുവേണ്ടി തങ്ങളുടെ ദൈവങ്ങളുടെ ചിത്രങ്ങൾ ഉപയോഗിക്കാൻ പാടില്ല. ഹിന്ദു തീവ്രവാദം പോലെയുള്ള വാക്കുകൾ അവർ ഉപയോഗിച്ചു. സമുദായത്തെ ഡെങ്കിയുമായി താരതമ്യപ്പെടുത്തി. അവർക്ക് രാജ്യം ഒരിക്കലും മാപ്പു നൽകില്ല. ഹിന്ദുക്കൾക്കെതിരെ വ്യാജ ആരോപണങ്ങൾ ഉന്നയിക്കാൻ ഗൂഢാലോചന നടത്തുന്നത് ഗൗരവമേറിയ കാര്യമാണെന്നും മോദി പറഞ്ഞു.

ലോക്സഭയിൽ നിലപാട് വ്യക്തമാക്കി അഖിലേഷ് യാദവ്

മുഴുവൻ സീറ്റിൽ ജയിച്ചാലും വോട്ടിങ് യന്ത്രത്തെ വിശ്വസിക്കില്ല

ഇന്ത്യാ സഖ്യം അധികാരത്തിൽ വന്നാൽ ഇ.വി.എം ഒഴിവാക്കും

ന്യൂഡൽഹി: ഉത്തർപ്രദേശിലെ 80 ലോക്സഭാ സീറ്റുകളിലും വിജയിച്ചാലും വോട്ടിങ് യന്ത്രങ്ങളെ വിശ്വസിക്കില്ലെന്ന് സമാജ്‌വാദി പാർട്ടി അധ്യക്ഷൻ അഖിലേഷ് യാദവ്. ഇന്ത്യാ സഖ്യം അധികാരത്തിലെത്തിയാൽ വോട്ടിങ് യന്ത്രങ്ങളുടെ കാര്യത്തിൽ തീരുമാനമെടുക്കുമെന്നും അദ്ദേഹം പറഞ്ഞു.

രാഷ്ട്രപതിയുടെ പ്രസംഗത്തിനുള്ള നന്ദി പ്രമേയത്തിന്മേൽ ലോക്സഭയിൽ നടന്ന ചർച്ചയിൽ പങ്കെടുത്ത് സംസാരിക്കുകയായിരുന്നു അഖിലേഷ്. ഇന്നലെ ഞാൻ ഇ.വി.എമ്മുകളെ വിശ്വസിച്ചിട്ടില്ല, ഇന്നും ഞാൻ വിശ്വസിക്കുന്നില്ല. 80 സീറ്റുകളിലും വിജയിച്ചാലും ഇ.വി.എമ്മുകളെ വിശ്വസിക്കില്ല. ഇ.വി.എമ്മുകളുടെ പ്രശ്നം അവസാനിച്ചിട്ടില്ല. ഞങ്ങൾ സമാജ്‌വാദികൾ അതിൽ ഉറച്ചുനിൽക്കും- അദ്ദേഹം വ്യക്തമാക്കി.

തിരഞ്ഞെടുപ്പ് കമ്മീഷന്റെ ബി.ജെ.പി അനുകൂല നിലപാടിനെയും അദ്ദേഹം വിമർശിച്ചു. മാതൃകാ പെരുമാറ്റച്ചട്ടം ഏർപ്പെടുത്തിയപ്പോൾ സർക്കാറും കമ്മീഷനും ചിലർക്ക് അനുകൂലമായി പെരുമാറുകയായിരുന്നു. വിശദാംശങ്ങളിലേക്ക് പോകാൻ ആഗ്രഹിക്കുന്നില്ല. ആ സ്ഥാപനത്തെക്കുറിച്ചും ചോദ്യം ഉയർന്നിട്ടുണ്ട്- അഖിലേഷ് പറഞ്ഞു.

തിരഞ്ഞെടുപ്പ് ഫലം പ്രഖ്യാപിക്കപ്പെട്ട ദിവസം, ഇന്ത്യ വർഗീയ രാഷ്ട്രീയത്തിൽനിന്നു സ്വാതന്ത്ര്യം നേടിയ ദിവസമാണ്. ഇന്ത്യാ മുന്നണിയെന്നത് ഇന്ത്യയ്ക്ക് അനുകൂലമാണെന്ന് രാജ്യം മുഴുവൻ മനസ്സിലാക്കി. ഈ തിരഞ്ഞെടുപ്പ് ഇന്ത്യാ മുന്നണിയുടെ ധാർമിക വിജയമാണ്. പി.ഡി.എ (പിന്നാക്ക വിഭാഗം, ദലിത്, അൽപസംഖ്യാക്- ന്യൂനപക്ഷം), സാമൂഹിക നീതി പ്രസ്ഥാനം എന്നിവയുടെ വിജയമാണ് ഇത്. ഇന്ത്യാ സഖ്യത്തിന് പൂർണ ഉത്തരവാദിത്തമുണ്ടെന്നതാണ് 2024ന്റെ സന്ദേശം. ഈ തിരഞ്ഞെടുപ്പ് പോസിറ്റീവ് രാഷ്ട്രീയത്തിന്റെ പുതിയ കാലഘട്ടമാണ്. ഭരണഘടനയെ അനുകൂലിക്കുന്ന ആളുകൾ വിജയിച്ചു. രാമന്റെ ആഗ്രഹമായിരിക്കാം അയോധ്യയിരിക്കുന്ന ഫൈസാബാദ് മണ്ഡലത്തിലെ ബിജെപിയുടെ പരാജയം. രാമൻ എന്തു പദ്ധതിയിട്ടോ അതു നടപ്പാക്കി. അയോധ്യയിൽനിന്നു ഞങ്ങൾ സ്നേഹത്തിന്റെ സന്ദേശമാണ് കൊണ്ടുവന്നത്. അയോധ്യയിലെ പരാജയം ബിജെപിയെ അടുത്ത അഞ്ചുകൊല്ലത്തേക്കു വേട്ടയാടും. അഗ്നിപഥ് പദ്ധതി നമ്മുടെ സൈന്യത്തെ നശിപ്പിക്കും. ഈ പദ്ധതി ചവറ്റുകുട്ടയിൽ ഇട്ടില്ലെങ്കിൽ ഞങ്ങളുടെ സർക്കാർ വരുമ്പോൾ ഇതു മാറ്റും. അഗ്നിവീർ പദ്ധതിയോട് ഒരിക്കലും യോജിക്കില്ല.

ഇന്ത്യ സഖ്യം അധികാരത്തിലെത്തുമ്പോൾ പദ്ധതി റദ്ദാക്കും. മുന്നോട്ടുപോകുന്ന സർക്കാരല്ലിത്. ഇതു വീഴാൻ പോകുന്ന സർക്കാരാണെന്നാണു ജനങ്ങൾ പറയുന്നത്. ജാതി സെൻസസ് നടപ്പാക്കണം- അദ്ദേഹം കൂട്ടിച്ചേർത്തു.

പ്രധാനമന്ത്രീ, ഇനിയെങ്കിലും വാ തുറക്കൂ...

പാർലമെന്റിൽ മോദിക്കെതിരെ തുറന്നടിച്ച് മണിപ്പൂർ എം.പി

ഇംഫാൽ: മണിപ്പൂരിലെ പ്രതിസന്ധിയിൽ കേന്ദ്ര സർക്കാർ മൗനം പാലിക്കുന്നതിനെ രൂക്ഷമായി വിമർശിച്ച് കോൺഗ്രസ് എം.പി അംഗോംച ബിമൽ അകോയ് ജാം പാർലമെന്റിൽ നടത്തിയ പ്രസംഗം സാമൂഹിക മാധ്യമങ്ങളിൽ തരംഗമായി. തിങ്കളാഴ്ച അർധ രാത്രിയിലായിരുന്നു ലോകസ്ഭയിൽ ജെഎൻയു മുൻ പ്രൊഫസർ കൂടിയായ ബിമൽ അകോയ് ജാമിന്റെ പ്രസംഗം.

മണിപ്പൂരിൽ അക്രമങ്ങളും ദുരിതങ്ങളും വർധിച്ചിട്ടും സ്ഥിതിഗതികൾ അഭിസംബോധന ചെയ്യാത്ത പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ മൗനത്തെ വിമർശിച്ച അദ്ദേഹം, സർക്കാർ കാര്യക്ഷമമായ ഇടപെടൽ നടത്താത്തതിനെ ചോദ്യം ചെയ്യുകയും ചെയ്തു. കൊളോണിയൽ കാലത്തിന്റെ തുടർച്ചയാണ് പ്രധാനമന്ത്രി അടക്കമുള്ളവരുടെ ഈ മൗനത്തിൽ പ്രതിഫലിക്കുന്നതെന്നും ബിമൽ പറഞ്ഞു. മണിപ്പൂരിൽ 60,000ൽ അധികം ആളുകൾ ഭവന രഹിതരായെന്നും 200 പേർക്ക് ജീവൻ നഷ്ടപ്പെട്ടിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു.

ആളുകൾ ആയുധമെടുക്കാനും പരസ്പരം പോരടിക്കാനും ഗ്രാമങ്ങളെ സംരക്ഷിക്കാനും നിർബന്ധിതരാകുന്ന ആഭ്യന്തര യുദ്ധം പോലുള്ള സാഹചര്യമാണ്. ഒരു വർഷമായി സംഭവിച്ചുകൊണ്ടിരിക്കുന്ന ഈ ദുരന്തത്തിൽ ഇന്ത്യൻ ഭരണകൂടം ഇപ്പോഴും നിശബ്ദ കാഴ്ചക്കാരായി തുടരുന്നു. മണിപ്പൂരിലെ ഓരോ തുണ്ട് ഭൂമിയും കേന്ദ്ര സായുധ സേനയുടെ കീഴിലായിരിക്കുമ്പോൾ സംസ്ഥാനത്തെ ജനങ്ങളുടെ ജീവനും സ്വത്തും സംരക്ഷിക്കാൻ കഴിയാത്ത കേന്ദ്ര സർക്കാർ നടപടിയേയും അദ്ദേഹം ചോദ്യം ചെയ്തു.

രാജ്യത്തെ ഏറ്റവും സൈനികവത്കരിക്കപ്പെട്ട പ്രദേശങ്ങളിലൊന്നാണ് മണിപ്പൂർ. എന്നിട്ടും 60,000ൽ അധികം ആളുകൾ ഭവനരഹിതരാകുകയും ആയിരക്കണക്കിന് വീടുകൾ നശിപ്പിക്കപ്പെടുകയും ചെയ്തു. ഇതുവരെ പ്രധാനമന്ത്രി നരേന്ദ്ര മോദി അതിനെകുറിച്ച് ഒരക്ഷരം പറഞ്ഞിട്ടില്ല. രാഷ്ട്രപതിയുടെ പ്രസംഗത്തിലും മണിപ്പൂർ സംഭവങ്ങളെകുറിച്ച് ഒന്നും പറഞ്ഞില്ല. പ്രധാനമന്ത്രി വാ തുറക്കുകയും മണിപ്പൂർ ഇന്ത്യയുടെ ഭാഗമാണെന്നും ആ സംസ്ഥാനത്തെ ജനങ്ങളെ ഞങ്ങൾ സംരക്ഷിക്കുമെന്നും പറയുകയും ചെയ്താൽ ഞാൻ നിശബ്ദനാകാം. എങ്കിൽ മാത്രമേ ഞാൻ ദേശീയതയെ അംഗീകരിക്കുകയുള്ളൂ- ബിമൽ പറഞ്ഞു.

നിങ്ങളുടെ ഹൃദയത്തിൽ കൈവെച്ച് അറുപതിനായിരം ഭവന രഹിതരെക്കുറിച്ച് ചിന്തിക്കുക, ഈ പ്രതിസന്ധി കാരണം വിധവകളാകുന്ന സ്ത്രീകളുടെ ജീവിതം ആലോചിക്കുക, എന്നിട്ട് നിങ്ങൾ ദേശീയതയെക്കുറിച്ച് സംസാരിക്കൂ എന്നും കോൺഗ്രസ് എംപി കൂട്ടിച്ചേർത്തു.

നീറ്റ് പരീക്ഷ നിർത്തലാക്കണം; ഡി.എം.കെ

ന്യൂഡൽഹി: മെഡിക്കൽ പ്രവേശന പരീക്ഷയായ നാഷണൽ എലിജിബിലിറ്റി കം എൻട്രൻസ് ടെസ്റ്റ് (നീറ്റ്) നിർത്തലാക്കുകയോ തമിഴ്നാടിന്റെ നീറ്റ് ഒഴിവാക്കൽ ബില്ലിന് അംഗീകാരം നൽകുകയോ ചെയ്യണമെന്ന് ഡി.എം.കെ രാജ്യസഭാംഗം പി വിൽസൺ. 2021ലാണ് ബിൽ നിയമസഭ പാസാക്കിയത്. വർഷം മൂന്ന് കഴിഞ്ഞിട്ടും ഇതിന് കേന്ദ്രത്തിന്റെ അനുമതി ലഭിച്ചിട്ടില്ല. ഇത് വിദ്യാർത്ഥികളിലും രക്ഷിതാക്കളിലും ആശങ്ക ഉളവാക്കുന്നതാണെന്നും രാഷ്ട്രപതിയുടെ പ്രസംഗത്തിനുള്ള നന്ദിപ്രമേയ ചർച്ചയ്ക്കിടെ അദ്ദേഹം പറഞ്ഞു. നീറ്റ് പരീക്ഷാ ക്രമക്കേട് പുറത്തു വന്നിട്ടും സിബിഐ അന്വേഷണത്തിന് ഉത്തരവിടാൻ വൈകിയതിനെയും അദ്ദേഹം വിമർശിച്ചു, ഇത് തട്ടിപ്പുകാരെ രേഖകളിൽ കൃത്രിമം കാണിക്കാനും തെളിവുകൾ ഇല്ലാതാക്കാനും സഹായിച്ചു. നീറ്റ് ഉൾപ്പെടെയുള്ള മത്സര പരീക്ഷകൾ നാഷണൽ ടെസ്റ്റിംഗ് ഏജൻസി (എൻടിഎ) കൈകാര്യം ചെയ്യുന്നതിൽ അപാകതയുണ്ട്. ദേശീയ തലത്തിലുള്ള ടെസ്റ്റുകൾ കൈകാര്യം ചെയ്യുന്ന ഏജൻസി 'മറ്റേതൊരു ഫ്ളാറ്റ് ഉടമയെയോ ഹൗസിംഗ് സൊസൈറ്റിയെപ്പോലെയോ' സൊസൈറ്റീസ് രജിസ്ട്രേഷൻ നിയമത്തിന് കീഴിലാണ് രജിസ്റ്റർ ചെയ്തിരിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു. നീറ്റ് പരീക്ഷയിൽ നിന്ന് സംസ്ഥാനത്തെ ഒഴിവാക്കണമെന്നും പ്ലസ് ടു മാർക്കിന്റെ അടിസ്ഥാനത്തിൽ മെഡിക്കൽ കോഴ്സുകളിലേക്ക് വിദ്യാർത്ഥികളെ പ്രവേശിപ്പിക്കാൻ അനുവദിക്കണമെന്നും തമിഴ്നാട് നിയമസഭ കപ്രമേയം പാസാക്കിയിരുന്നു.

രാജ്യസഭയിൽ ധൻഖർ- ഖാർഗെ വാക്പോര്

ഖാർഗെ, ജഗ്ദീപ് ധൻഖർ

ന്യൂഡൽഹി: തുടർച്ചയായി രണ്ടാം ദിനവും രാജ്യസഭയിൽ 'ഏറ്റുമുട്ടി' സഭാധ്യക്ഷൻ ജഗ്ദീപ് ധൻഖറും കോൺഗ്രസ് അധ്യക്ഷനും പ്രതിപക്ഷ നേതാവുമായ മല്ലികാർജുൻ ഖാർഗെയും. പ്രതിപക്ഷ നേതാവ് സ്ഥാനം ഖാർഗെയിൽ നിന്ന് കോൺഗ്രസ് നേതാവ് ജയറാം രമേശ് ഏറ്റെടുക്കണമെന്ന ധൻഖറിന്റെ പരാമർശമാണ് വാക്പോരിനിടയാക്കിയത്. രാഷ്ട്രപതിയുടെ പ്രസംഗത്തോടുള്ള നന്ദി പ്രമേയ ചർച്ചയിൽ ഉപപ്രതിപക്ഷ നേതാവ് പ്രമോദ് തിവാരി സംസാരിക്കുന്നതിനിടെയാണ് സംഭവങ്ങളുടെ തുടക്കം. താൻ ഉന്നയിച്ച കാര്യങ്ങളെക്കുറിച്ച് തിവാരി ആധികാരികമായി വ്യക്താക്കുമെന്ന് രമേശ് പറഞ്ഞിരുന്നു. ഇതിന് പിന്നാലെ ധൻഖർ പറഞ്ഞത് ഇങ്ങനെ: നിങ്ങൾ വളരെ ബുദ്ധിമാനും കഴിവുള്ളയാളുമാണ്. നിങ്ങൾ ഉടൻ വന്ന് ഖാർഗെയുടെ സ്ഥാനത്ത് ഇരിക്കണം. നിങ്ങൾ അദ്ദേഹത്തിന്റെ ജോലി ചെയ്യുകയാണ്. സഭാധ്യക്ഷന്റെ മനസിലെ ജാതിചിന്തയാണ് പുറത്തുവന്നതെന്ന് ഖാർഗെ തിരിച്ചടിച്ചു.

ജാതി ചിന്ത ഇപ്പോഴും നിങ്ങളുടെ മനസ്സിൽ ഉണ്ട്. അതുകൊണ്ടാണ് നിങ്ങൾ രമേശ് വളരെ ബുദ്ധിമാനാണെന്ന് പറയുന്നത്. ഞാൻ ദലിത് വിഭാഗത്തിൽപ്പെട്ടയാണ്. എന്നെ മാറ്റാൻ പറയുന്നത് അതുകൊണ്ടു തന്നെ. താൻ പറഞ്ഞത് ഖാർഗെക്ക് മനസ്സിലായില്ലെന്നായിരുന്നു ധൻഖറിന്റെ മറുപടി.

കെജ്‌രിവാളിന്റെ ഹർജിയിൽ സി.ബി.ഐക്ക് നോട്ടീസ്

ന്യൂഡൽഹി: ഡൽഹി മദ്യനയ അഴിമതിക്കേസിൽ സി.ബി.ഐ അറസ്റ്റിനെതിരെ മുഖ്യമന്ത്രി അരവിന്ദ് കെജ്‌രിവാൾ നൽകിയ ഹർജിയിൽ ഡൽഹി ഹൈക്കോടതി സി.ബി.ഐക്ക് നോട്ടീസ് അയച്ചു. ഹർജിയിൽ ഏഴു ദിവസത്തിനകം മറുപടി നൽകണമെന്ന് സി.ബി.ഐക്ക് ജസ്റ്റിസ് നീന ബൻസാൽ നിർദേശം നൽകി. അതേസമയം ഹർജി പരിഗണിക്കുന്നത് ഈ മാസം 17ലേക്ക് മാറ്റി. അറസ്റ്റിനു പുറമെ വിചാരണ കോടതിയുടെ കഴിഞ്ഞ മാസം 26ലേയും 29ലേയും ഉത്തരവും ഹർജിയിൽ കെജ്‌രിവാൾ ചോദ്യം ചെയ്തിട്ടുണ്ട്. ഇ.ഡി കേസിൽ ജയിലിൽ കഴിയവെ കഴിഞ്ഞ കഴിഞ്ഞ മാസം 26ന് തിഹാർ ജയിലിൽ വെച്ചാണ് അരവിന്ദ് കെജ് രിവാളിനെ സി.ബി.ഐ അറസ്റ്റു ചെയ്തത്.

എം.എൽ.സി തിരഞ്ഞെടുപ്പ്; ബി.ജെ.പിക്ക് തിരിച്ചടി

മുംബൈ: മഹാരാഷ്ട്ര ലെജിസ്ലേറ്റീവ് കൗൺസിൽ ഉപതിരഞ്ഞെടുപ്പിൽ ബി.ജെ.പിക്ക് തിരിച്ചടി. ഇന്ത്യ സഖ്യത്തിൽ നിന്നും ശിവസേന (ഉദ്ധവ് വിഭാഗം) രണ്ടു സീറ്റു നേടിയപ്പോൾ ബി.ജെ.പി ഒരു സീറ്റിൽ ഒതുങ്ങി. മുംബൈ ഗ്രാജേറ്റ്സ്, മുംബൈ ടീച്ചേഴ്സ് മണ്ഡലങ്ങളിലാണ് ശിവസേന വിജയിച്ചത്. കൊങ്കൺ ഗ്രാജേറ്റ്സ് മണ്ഡലം മാത്രമാണ് ബി.ജെ.പിക്ക് നേടാനായത്. മുംബൈ ഗ്രാജേറ്റിൽ ബി.ജെ.പിയുടെ കിരൺ ഷെലാറിനെ പരാജയപ്പെടുത്തി ശിവസേന സ്ഥാനാർത്ഥി അനിൽ പരബാണ് വിജയിച്ചത്. പരബ് 44,784 വോട്ടുകൾ നേടിയപ്പോൾ ഷെലാറിന് 18,772 വോട്ടുകളാണ് ലഭിച്ചത്. മുംബൈ ടീച്ചേഴ്സ് മണ്ഡലത്തിൽ ശിവസേനയുടെ ജെ.എം. അഭ്യങ്കർ ആണ് വിജയിച്ചത്. സാധുവായ 11,598 വോട്ടുകളിൽ 4,083 വോട്ടിന്റെ ഭൂരിപക്ഷത്തിലാണ് അഭ്യങ്കർ മണ്ഡലം പിടിച്ചെടുത്ത്. കോൺഗ്രസിലെ രമേഷ് കിറിനെ പരാജയപ്പെടുത്തിയാണ് കൊങ്കൺ ഗ്രാജേറ്റ്സ് സീറ്റിൽ ബി.ജെ.പിയുടെ നിരഞ്ജൻ ദാവ്ഖരെ വിജയിച്ചത്. നാസിക് ടീച്ചേഴ്സ് മണ്ഡലത്തിൽ നിന്നും ശിവസേന ഷിൻഡെ വിഭാഗം സ്ഥാനാർത്ഥി കിഷോർ ദരാഡെ വിജയിച്ചു.

അദാനിക്കെതിരായ ആരോപണത്തിൽ ഹിൻഡൻബർഗിന് സെബിയുടെ നോട്ടീസ്

ന്യൂഡൽഹി: ഓഹരി വിപണിയിൽ അദാനി ഗ്രൂപ്പ് വലിയ ക്രമക്കേട് നടത്തിയെന്

ഗൾഫ് ചന്ദ്രിക
gulfchandrikanews@gmail.com
2024 ജൂലൈ 03 ബുധൻ
ഗൾഫ് ചന്ദ്രിക

ഐ.ടി.ഐ പ്രവേശനം: ജൂലൈ അഞ്ചു വരെ അപേക്ഷിക്കാം

തിരുവനന്തപുരം: സംസ്ഥാനത്തെ സർക്കാർ ഐ.ടി.ഐകളിൽ 2024 ലെ പ്രവേശനത്തിന് ജൂലൈ 5 വരെ ഓൺലൈൻ അപേക്ഷ നൽകാം. അപേക്ഷകർ ജൂലൈ 10നകം തൊട്ടടുത്തുള്ള സർക്കാർ ഐടിഐകളിൽ അപേക്ഷ വെരിഫിക്കേഷൻ പൂർത്തിയാക്കിയിരിക്കണം. https://itiadmission.kerala.gov.in വഴിയും https://det.kerala.gov.in ലെ ലിങ്ക് മുഖേനയും ഓൺലൈനായി അപേക്ഷ നൽകാം.

കീം 2024: മാർക്ക് സമർപ്പിക്കേണ്ട തീയതി നീട്ടി

തിരുവനന്തപുരം: 2024 ലെ എൻജിനിയറിഗ് പ്രവേശന പരീക്ഷ എഴുതിയ വിദ്യാർഥികൾ അവർക്ക് യോഗ്യതാ പരീക്ഷയുടെ (പ്ലസ്ടു തത്തുല്യം) രണ്ടാം വർഷത്തിൽ മാത്തമാറ്റിക്സ്, ഫിസിക്സ്, കെമിസ്ട്രി എന്നീ വിഷയങ്ങളിൽ ലഭിച്ച മാർക്ക്, പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in ലൂടെ സമർപ്പിക്കേണ്ട അവസാന തീയതി ജൂലൈ മൂന്നിനു രാത്രി 11.59 വരെയാക്കി ദീർഘിപ്പിച്ചു. വിശദ വിവരങ്ങൾക്ക് www.cee.kerala.gov.in. ഹെൽപ് ലൈൻ നമ്പർ : 0471 2525300.

മലയോര പട്ടയ വിവരശേഖരണം: 25 വരെ അപേക്ഷ നൽകാം

തിരുവനന്തപുരം: 1977 ജനുവരി ഒന്നിന് മുൻപ് വനഭൂമിയിൽ കുടിയേറി താമസിച്ചു വരുന്നവർക്ക് അതത് പ്രദേശത്ത് ബാധകമായ ഭൂപതിവ് ചട്ടങ്ങൾ അനുസരിച്ച് പട്ടയം നൽകുന്നതിനുള്ള നടപടികളുടെ ഭാഗമായി മാർച്ച് ഒന്നു മുതൽ നടത്തിയ വിവര ശേഖരണത്തിൽ അപേക്ഷ നൽകാൻ കഴിയാത്തവർക്ക് ജൂലൈ 25 വരെ അപേക്ഷ നൽകാൻ അവസരം. വനം,റവന്യൂ വകുപ്പുകളുടെ ജോയിന്റ് വെരിഫിക്കേഷൻ നടന്ന ഇടങ്ങളിൽ ലിസ്റ്റിൽ ഉൾപ്പെടാതെ പോയവർ, ജോയിന്റ് വെരിഫിക്കേഷൻ നടക്കാത്ത സ്ഥലങ്ങളിലെ താമസക്കാർ, തുടങ്ങി അർഹരായ ഗുണഭോക്താക്കൾക്ക് ബന്ധപ്പെട്ട വില്ലേജ് ഓഫീസുകളിൽ അപേക്ഷ നൽകാം.

കേരള വാർത്തകൾ

ചന്ദ്രിക പാഠമുദ്ര

ഇന്ത്യയുടെ പരമോന്നത നിയമം



ഇന്ത്യയിലെ പരമോന്നത നിയമമാണ് ഭരണഘടന. ലോകത്തിലെ ഏറ്റവും ദൈർഘ്യമേറിയ ലിഖിത ഭരണഘടന 1949 നവംബർ 26-നാണ് അംഗീകരിച്ചത്. 1950 ജനുവരി 26ന് അത് പ്രാബല്യത്തിൽ വന്നു. ഒമ്പതാം ക്ലാസ് സാമൂഹ്യശാസ്ത്രം-1 ൽ ഇന്ത്യൻ ഭരണഘടനയും അവകാശങ്ങളും കർത്തവ്യങ്ങളും എന്ന പാഠഭാഗം പഠിക്കാനുണ്ട്. ഒട്ടേറെ മത്സര പരീക്ഷകളിലും ചോദിക്കാറുള്ള ഇന്ത്യൻ ഭരണഘടനയെക്കുറിച്ച് കൂടുതലറിയാം...

ചുമതല

ഭരണഘടന രൂപീകരിക്കുന്നതിന് 1946-ലെ കാബിനറ്റ് മിഷൻ പദ്ധതിയുടെ കീഴിൽ രൂപീകരിച്ച ഭരണഘടനാ നിർമാണസഭക്കായിരുന്നു ഇന്ത്യൻ ഭരണഘടന തയാറാക്കുന്നതിന് ചുമതല നൽകിയത്. 13 കമ്മിറ്റികൾ ചേർന്നതായിരുന്നു ഈ സഭ. 1946 ഡിസംബർ ഒമ്പതിന് സഭ ആദ്യമായി യോഗം ചേർന്നു. ഡോ.സച്ചിദാനന്ദ സിൻഹയായിരുന്നു സഭയുടെ താൽക്കാലിക ചെയർമാൻ. സഭയുടെ പ്രസിഡന്റായി 1946 ഡിസംബർ 11ന് ഡോ.രാജേന്ദ്രപ്രസാദിനെ തിരഞ്ഞെടുത്തു. ബി.എൻ റാവുവായിരുന്നു സഭയുടെ നിയമോപദേഷ്ടാവ്. അന്ന് നിയമമന്ത്രിയായിരുന്ന ഡോ.ബി.ആർ അംബേദ്കറുടെ നേതൃത്വത്തിൽ കരട് കമ്മിറ്റി രൂപീകരിച്ചു.

യഥാർത്ഥ്യത്തിലേക്ക്

ഭരണഘടനാ നിർമാണസഭയിൽ 165 ദിവസത്തോളം ചർച്ചകൾ നടന്നു. കരട് ഭരണഘടനക്കായി 114 ദിവസം ചർച്ച നടന്നു. കരടു ഭരണഘടനയിൽ 7365 ഭേദഗതികൾ നിർദേശിക്കപ്പെടുകയും 2437 ഭേദഗതികൾ തീരുമാനിക്കപ്പെടുകയും ചെയ്തു. 1949 നവംബർ 26ന് ഡ്രാഫ്റ്റിങ് കമ്മിറ്റി രൂപീകരിച്ച ഭരണഘടന സഭ അംഗീകരിച്ചു. ഇതിന്റെ ആദരസൂചകമായാണ് എല്ലാവർഷവും നവംബർ 26ന് രാജ്യത്ത് ദേശീയ നിയമ ദിനമായി ആചരിക്കുന്നത്. തുടർന്ന് 1950 ജനുവരി 24ന് സഭയുടെ അംഗങ്ങൾ ഒപ്പുവെച്ചു. 1950 ജനുവരി 26ന് പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്തു.

ഭരണഘടനക്ക് രൂപം നൽകിയ ഡ്രാഫ്റ്റിങ് കമ്മിറ്റിയുടെ അധ്യക്ഷൻ ഡോ.ബി.ആർ അംബേദ്കറാണ് ഇന്ത്യൻ ഭരണഘടനയുടെ മുഖ്യ ശിൽപ്പി. പൗരന്റെ മൗലികാവകാശങ്ങൾ, കടമകൾ, രാജ്യത്തെ അടിസ്ഥാന രാഷ്ട്രീയ തത്വങ്ങളുടെ നിർവചനം, സർക്കാർ സംവിധാനത്തിന്റെ ഘടന, അധികാരങ്ങൾ, നടപടിക്രമങ്ങൾ തുടങ്ങിയവ മുന്നോട്ടുവെക്കുന്നു. ആരം ഭത്തിൽ 22 ഭാഗങ്ങളിലും എട്ട് ഷെഡ്യൂളുകളിലുമായി 395 ലേഖനങ്ങളുണ്ടായിരുന്നു. ഏകദേശം 145,000 വാക്കുകൾ അടങ്ങിയിരിക്കുന്നു. നിലവിൽ ഭരണഘടനക്ക് ഒരു ആമുഖവും 25 ഭാഗങ്ങളും 12 ഷെഡ്യൂളുകളും അഞ്ച് അനുബന്ധങ്ങളും 448 ലേഖനങ്ങളും 101 ഭേദഗതികളുമുണ്ട്. 1928-ൽ ഇന്ത്യൻ ഭരണഘടന തയാറാക്കുന്നതിനായി സർവകക്ഷി സമ്മേളനം ലക്നോവിൽ ചേർന്നു. ചിതറിക്കിടന്നിരുന്ന ഫ്രഞ്ച് പോർച്ചുഗീസ് എക്സ്ക്ലേവുകൾ ഒഴികെ 1858 മുതൽ 1947 വരെ ഇന്ത്യ ബ്രിട്ടീഷ് ഭരണത്തിനു കീഴിലായിരുന്നു. 1947 മുതൽ 1950 വരെ, ഓരോ നാട്ടുരാജ്യങ്ങളെന്ന നിലയിലും ഇന്ത്യ ഈ മൂന്ന് വർഷവും യുണൈറ്റഡ് കിംഗ്ഡത്തിന്റെ ആധിപത്യമായിരുന്നതിനാൽ ഇതേ നിയമ നിർമ്മാണം തുടർന്നു.

ആമുഖം

ഇന്ത്യൻ ഭരണഘടനയിൽ ഏറ്റവും പ്രധാനപ്പെട്ട ഭാഗമാണിത്. ഭരണഘടനയുടെ അന്തസത്ത സംഗ്രഹിക്കുന്ന ആമുഖത്തെ ഭരണഘടനാ വിദഗ്ധനായ എൻ.എ പാൽഖിവാല 'ഭരണഘടനയുടെ തിരിച്ചറിയൽ കാർഡ്' എന്നു വിശേഷിപ്പിച്ചു. ആമുഖം ആരംഭിക്കുന്നതു തന്നെ നമ്മൾ ഇന്ത്യയിലെ ജനങ്ങൾ എന്ന വാക്കുകളോടെയാണ്. ഭരണഘടനയുടെ അധികാര സ്രോതസ്സിനെയും ഇന്ത്യൻ ഭരണകൂടത്തിന്റെ സ്വഭാവവും ഭരണഘടനയുടെ ലക്ഷ്യങ്ങളും ഭരണഘടന അംഗീകരിച്ച തിയതിയുമെല്ലാം ആമുഖത്തിൽ പ്രതിപാദിക്കുന്നു. ഭരണഘടന ശിൽപികളുടെ മനസ്സിന്റെ താക്കോലായും ആമുഖത്തെ വിശേഷിപ്പിക്കുന്നു. ആമുഖത്തിൽ വിഭാവനം ചെയ്ത ഈ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് വ്യവസ്ഥകൾ ഭരണഘടനയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. മൗലികാവകാശങ്ങൾ, നിർദേശകതത്വങ്ങൾ, മൗലിക കർത്തവ്യങ്ങൾ എന്നിവയാണവ.

മൗലികാവകാശങ്ങൾ

ജനാധിപത്യ രാഷ്ട്രമായ ഇന്ത്യ പൗരന്റെ അവകാശങ്ങൾ ഉറപ്പുനൽകുന്നു. ഇതിൽ പ്രധാനപ്പെട്ട മൗലികാവകാശങ്ങൾ ഭരണഘടനയുടെ മൂന്നാം ഭാഗത്തിൽ വ്യക്തമായി ഉൾപ്പെടുത്തിയിട്ടുണ്ട്. 12 മുതൽ 35 വരെയുള്ള അനുഛേദങ്ങളിലാണ് മൗലികാവകാശങ്ങൾ സംബന്ധിച്ച് പ്രതിപാദിക്കുന്നത്. പൗരന് അന്തസ്സും വ്യക്തിത്വവും സ്വാതന്ത്ര്യവും നിലനിർത്തുന്നതിന് ആവശ്യമായ കാര്യങ്ങളാണ് മൗലികാവകാശത്തിൽ ഉൾപെടുന്നത്. സ്വതന്ത്ര്യമായി ജീവിക്കാനും സഞ്ചരിക്കാനും അഭിപ്രായം പ്രകടിപ്പിക്കാനുമെല്ലാം ഇൽപ്പെടുന്നു.

സമത്വാവകാശം

നിയമത്തിനു മുന്നിലും മതം, വർഗം, ജാതി, ലിംഗം. ജന്മസ്ഥലം തുടങ്ങിയവയുടെ അടിസ്ഥാനത്തിലും സമത്വം ഉറപ്പുവരുത്തുന്നതാണ് സമത്വാവകാശം. തൊട്ടുകൂടായ്മ ഇല്ലാതാക്കൽ തുടങ്ങിയവയും ഇതിലുൾപ്പെടുന്നു.

സ്വാതന്ത്ര്യാവകാശം

സ്വതന്ത്ര്യമായി ആശയം പ്രകടിപ്പിക്കാനും നമ്മുടെ ഭരണഘടന ഉറപ്പുനൽകുന്നുണ്ട്. സമാധാനപരമായി ഒത്തുചേരാനും സംഘടനകളും പ്രസ്ഥാനങ്ങളും രൂപീകരിക്കാനും രാജ്യത്തിന്റെ ഏതു ഭാഗത്ത് താമസിക്കാനുമുള്ള സ്വാതന്ത്ര്യവും ഇന്ത്യൻ ഭരണഘടന ഉറപ്പു നൽകുന്നു.

മിനി ഭരണഘടന

42-ാം ഭേദഗതിയെയാണ് മിനി ഭരണഘടനയെന്നു വിശേഷിപ്പിക്കുന്നത്. അടിയന്തരാവസ്ഥ കാലത്ത് (1975 ജൂൺ 25 - 1977 മാർച്ച് 21) ഇന്ദിരാഗാന്ധിയുടെ നേതൃത്വത്തിലുള്ള സർക്കാറാണ് ഇത് നടപ്പാക്കിയത്. 42-ാം ഭേദഗതിയിൽ ആമുഖം ഭേദഗതി ചെയ്യുകയും ഇന്ത്യയുടെ വിവരം പരമാധികാര, ജനാധിപത്യ റിപ്പബ്ലിക് എന്നതിൽ നിന്ന് പരമാധികാര സോഷ്യലിസ്റ്റ് മതേതര ജനാധിപത്യ റിപ്പബ്ലിക് എന്നാക്കുകയും രാഷ്ട്രത്തിന്റെ ഐക്യം എന്ന പദങ്ങൾ ഐക്യവും അഖണ്ഡതയും എന്നാക്കുകയും ചെയ്തു.

ചൂഷണത്തിന് എതിരെ

പലവിധ ചൂഷണങ്ങൾക്കെതിരായ അവകാശങ്ങൾ ഭരണഘടനയുടെ 23, 24 അനുഛേദങ്ങളിൽ പ്രതിപാദിക്കുന്നു. 23 നിർബന്ധിത വേലയും 24 ബാലവേലയും നിരോധിക്കുന്നു.

മലബാറിലെ ട്രെയിൻ യാത്രാക്ലേശം: റെയിൽവേ അധികൃതരുടെ യോഗം ഇന്ന്

തിരുവനന്തപുരം: കേരളത്തിലെ ട്രെയിൻഗതാഗത മേഖല നേരിടുന്ന പ്രശ്നങ്ങൾ ചർച്ചചെയ്യാനായി റെയിൽവേ അധികൃതരുടെ യോഗം വിളിച്ച് കേരളം. ഇന്ന് നടക്കുന്ന യോഗത്തിൽ കേരളം അനുഭവിക്കുന്ന യാത്രാദുരിതം പുതിയ ലൈനുകളുമായി ബന്ധപ്പെട്ട കാര്യങ്ങൾ എന്നിവയെല്ലാം ചർച്ചചെയ്യുമെന്ന് മന്ത്രി വി. അബ്ദുറഹിമാൻ നിയമസഭയിൽ അറിയിച്ചു.

കേരളത്തിലെ ട്രെയിൻ യാത്ര വളരെ ഗുരുതരമായ സ്ഥിതിയിലാണെന്ന് മന്ത്രി വിശദീകരിച്ചു. കേരളത്തിൽ ജനറൽ കംപാർട്ടുമെന്റുകളുടെ വലിയ കുറവുണ്ട്. കേരളത്തിലെ ഗതാഗതമേഖലയിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് തീവണ്ടി. ഇവിടെ ഏറ്റവും കൂടുതൽ ആളുകൾ ഗതാഗതത്തിന് ആശ്രയിക്കുന്നതും ട്രെയിനാണ്. എന്നാൽ കാലങ്ങളായി കേരളത്തിലെ ട്രെയിൻ സംവിധാനവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ കേന്ദ്ര സർക്കാർ വേണ്ട പരിഗണന നൽകുന്നില്ല. പാതഇരട്ടിപ്പിക്കലിനും പുതിയ പാത നിർമ്മിക്കുന്നതിലും പ്ലാറ്റ്ഫോം നിർമ്മാണത്തിലുമൊക്കെ നടപടികൾ വളരെ മന്ദഗതിയിലാണ്.

ദേശീയപാതയുടെ നിർമ്മാണം നടക്കുന്നതുകൊണ്ടുതന്നെ ധാരാളം ആളുകൾ ട്രെയിനിനെ ആശ്രയിക്കുന്നു. എന്നാൽ അതിനനുസരിച്ച് വേണ്ട സംവിധാനങ്ങൾ ചെയ്യാൻ റെയിൽവേ തയാറാകുന്നില്ല. യാത്രാനിരക്കിന്റെ കാര്യത്തിലും വലിയതോതിലും വർദ്ധനയുണ്ടായിട്ടുണ്ട്. കൂടുതൽ സ്റ്റോപ്പുകൾ, കൂടുതൽ കോച്ചുകൾ എന്നിവ നിരന്തരമായി ആവശ്യപ്പെടുന്നുണ്ട്. ഇതുവരെ മൂന്നു വന്ദേഭാരത് ട്രെയിൻ അനുവദിച്ചിട്ടുണ്ട്. ഇതുകൊണ്ടൊന്നും മലബാർ ഭാഗത്തെ ട്രെയിൻ യാത്രയുടെ ദുരന്തത്തിന് കുറവുവന്നിട്ടില്ല. കേരളത്തിൽ ഓടുന്ന ട്രെയിനുകളുടെ ബോഗികൾ കാലപ്പഴക്കമുള്ളവയും വൃത്തിഹീനമായവുമാണ്. പുതിയ ട്രെയിനുകളും കംപാർട്ടുമെന്റുകളും ആവശ്യപ്പെടാൻ തുടങ്ങിയിട്ട് കാലങ്ങളായിട്ടുണ്ടെങ്കിലും അനുവദിച്ചിട്ടില്ല. ഈ ആഴ്ച തന്നെ റെയിവേ മന്ത്രിയെ കണ്ട് ഇക്കാര്യങ്ങൾ ശ്രദ്ധയിൽപ്പെടുത്തുമെന്നും മന്ത്രി പറഞ്ഞു.

ബൃഹദ്പദ്ധതി തയാറാക്കി സംസ്ഥാനത്തെ കനാലുകൾ പുനരുദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമെന്ന് മന്ത്രി റോഷി അഗസ്റ്റിൻ സഭയിൽ അറിയിച്ചു. കുറ്റ്യാടി ഉൾപ്പെടെ എല്ലാ കനാൽ ശൃംഖലകളും 50 വർഷത്തിലേറെ കാലപ്പഴക്കമുള്ളവയാണ്. അവയൊക്കെ അറ്റകുറ്റപണി നടത്തി കാര്യക്ഷമമാക്കുന്നതിനുള്ള ഒരു പദ്ധതി തയാറാക്കുന്നുണ്ടെന്നും മന്ത്രി പറഞ്ഞു. അനൂപ് ജേക്കബിന്റെ ശ്രദ്ധക്ഷണിക്കലിന് മറുപടി നൽകുകയായിരുന്നു മന്ത്രി. മൊത്തം കനാലുകളുടെ അറ്റകുറ്റപണികൾക്ക് വകയിരുത്തിയിട്ടുള്ള തുക കണക്കിയാണ് ഇപ്പോൾ കർമ്മപദ്ധതി തയാറാക്കുന്നതെന്ന് മന്ത്രിപറഞ്ഞു.

പണ്ടാരം ഭൂമി: ഉദ്യോഗസ്ഥർക്ക് രേഖകൾ നൽകരുതെന്ന് കോർഡിനേഷൻ കമ്മിറ്റി

കൊച്ചി: ലക്ഷദ്വീപ് ജില്ലാ കളക്ടറുടെ നിർദേശം അനുസരിച്ച് പണ്ടാരം ഭൂമിയിലെ വസ്തു വകകളുടെ മൂല്യനിർണയത്തിനായി ഉദ്യോഗസ്ഥർക്ക് ഭൂമിയുമായി ബന്ധപ്പെട്ട ഒരു രേഖകളും നൽകരുതെന്ന് പണ്ടാരം ലാന്റ് ഓണേഴ്സ് വെൽഫെയർ അസോസിയേഷൻ. ആരും ആശങ്കപ്പെടേണ്ടതില്ല. അഞ്ചു ദ്വീപുകളിലും പണ്ടാരം ലാന്റ് കോ ഓർഡിനേഷൻ കമ്മിറ്റി പ്രവർത്തിക്കുന്നുണ്ട്. നോട്ടീസ് ലഭിച്ച ഉടനെ തന്നെ കമ്മിറ്റിയുമായി ബന്ധപ്പെട്ടാൽ തുടർ നടപടികൾ അവർ നിർദേശിക്കും. വീടുകളുടെയും, സ്ഥാപനങ്ങളുടെയും, തെങ്ങുകൾ ഉൾപ്പെടെയുള്ള മരങ്ങളുടെയും മൂല്യനിർണയത്തിനായി ഉദ്യോഗസ്ഥർ വരുമ്പോൾ കൃത്യമായ ചെറുത്തുനിൽപ്പ് ഉണ്ടാവണം. ഈ ഭൂമികൾ സർക്കാർ ഭൂമികളാണെന്ന് തെളിയിക്കുന്ന രേഖകൾ നിങ്ങളുടെ പക്കൽ ഉണ്ടോയെന്ന് ഉദ്യോഗസ്ഥരോട് ചോദിക്കണം. അങ്ങനെ സർക്കാർ ഭൂമിയാണെന്ന് തെളിയിക്കുന്ന രേഖകൾ ഇല്ലാതെ വീടുകളിലോ സ്ഥാപനങ്ങളിലോ പ്രവേശിച്ചാൽ നിങ്ങൾക്കെതിരെ ഞങ്ങൾ നിയമനടപടി സ്വീകരിക്കുമെന്ന് അവരെ അറിയിക്കണം. ആരും ആശങ്കപ്പെടേണ്ടതില്ലെന്നും ലക്ഷദ്വീപ് പണ്ടാരം ലാന്റ് ഓണേഴ്സ് വെൽഫെയർ അസോസിയേഷൻ ജനറൽ സെക്രട്ടറി മുഹമ്മദ് നാസർ നോട്ടീസിലൂടെ അറിയിച്ചു.

വിജ്ഞാപനം നാളെ

49 തദ്ദേശ വാർഡുകളിൽ 30ന് ഉപതിരഞ്ഞെടുപ്പ്

തിരുവനന്തപുരം: തിരുവനന്തപുരം ജില്ലാ പഞ്ചായത്തിലെ വെള്ളനാട് ഉൾപ്പെടെ സംസ്ഥാനത്തെ 49 തദ്ദേശ സ്വയംഭരണ വാർഡുകളിൽ ജൂലൈ 30ന് ഉപതിരഞ്ഞെടുപ്പ് നടക്കും. വിജ്ഞാപനം നാളെ പുറപ്പെടുവിക്കും. നാമനിർദ്ദേശപത്രിക നാളെ മുതൽ 11 വരെ സമർപ്പിക്കാം. സൂക്ഷ്മ പരിശോധന ജൂലൈ 12ന് നടത്തും. സ്ഥാനാർത്ഥിത്വം പിൻവലിക്കാനുള്ള അവസാന തീയതി 15 ആണ്. വോട്ടെണ്ണൽ 31ന് രാവിലെ 10ന് നടക്കും. മാതൃകാ പെരുമാറ്റച്ചട്ടം ഇന്നലെ മുതൽ നിലവിൽ വന്നു. ഉപതിരഞ്ഞെടുപ്പുള്ള ജില്ലാ, ബ്ലോക്ക് പഞ്ചായത്ത് നിയോജകമണ്ഡലങ്ങളിൽ ഉൾപ്പെട്ടുവരുന്ന ഗ്രാമപഞ്ചായത്തുകളിലെ മുഴുവൻ വാർഡുകളിലും പെരുമാറ്റചട്ടം ബാധകമാണ്. എന്നാൽ ഗ്രാമപഞ്ചായത്തുകളിൽ ആ പഞ്ചായത്ത് പ്രദേശം മുഴുവനും മുനിസിപ്പാലിറ്റികളിൽ അതത് വാർഡുകളിലുമാണ് പെരുമാറ്റച്ചട്ടം ബാധകമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ എ.ഷാജഹാൻ അറിയിച്ചു.

ജൂലൈ ഒന്നിന് പ്രസിദ്ധീകരിച്ച പുതിയ വോട്ടർപട്ടിക അടിസ്ഥാനമാക്കിയാണ് ഉപതിരഞ്ഞെടുപ്പ് നടക്കുക. വോട്ടർപട്ടിക അതത് തദ്ദേശസ്ഥാപനങ്ങളിലും വില്ലേജ്, താലൂക്ക് ഓഫീസുകളിലും തിരഞ്ഞെടുപ്പ് കമ്മീഷന്റെ വെബ്സൈറ്റിലും (sec.kerala.gov.in) ലഭ്യമാണ്. ജില്ലാപഞ്ചായത്ത് നിയോജകമണ്ഡലത്തിൽ മത്സരിക്കുന്നതിന് 5000 രൂപയും ബ്ലോക്ക് പഞ്ചായത്തുകളിലെയും മുനിസിപ്പാലിറ്റികളിലെയും വാർഡുകളിൽ മത്സരിക്കുന്നതിന് 4000 രൂപയും ഗ്രാമപഞ്ചായത്തുകളിൽ 2000 രൂപയുമാണ് നാമനിർദ്ദേശ പത്രികയ്ക്കൊപ്പം നിക്ഷേപതുകയായി കെട്ടിവയ്ക്കേണ്ടത്. പട്ടികജാതി, പട്ടികവർഗ വിഭാഗങ്ങൾക്ക് അവയുടെ പകുതി തുക മതിയാകും. ജില്ലാപഞ്ചായത്ത് വാർഡിൽ 1,50,000 രൂപയും, ബ്ലോക്ക് പഞ്ചായത്തിലും മുനിസിപ്പാലിറ്റി വാർഡിലും 75,000 രൂപയും ഗ്രാമപഞ്ചായത്തിൽ 25,000 രൂപയുമാണ് സ്ഥാനാർത്ഥിയുടെ തിരഞ്ഞെടുപ്പ് ചെലവിന്റെ പരിധി.

ജില്ല, തദ്ദേശസ്ഥാപനം, വാർഡ് എന്നിവ ക്രമത്തിൽ.

തിരുവനന്തപുരം വെള്ളനാട് ജില്ലാ പഞ്ചായത്ത്, ആറ്റിങ്ങൽ മുനിസിപ്പാലിറ്റിയിലെ ചെറുവള്ളിമുക്ക്, തോട്ടവാരം വാർഡുകൾ, പെരിങ്ങമല പഞ്ചായത്തിലെ കരിമൻകോട്, മടത്തറ, കൊല്ലായിൽ, കരവാരം പഞ്ചായത്തിലെ പട്ടള, ചാത്തമ്പാറ. കൊല്ലം തൊടിയൂർ പഞ്ചായത്തിലെ പുലിയൂർവഞ്ചി വെസ്റ്റ്, ശൂരനാട് തെക്ക് പഞ്ചായത്തിലെ കുമരംചിറ, കരവാളൂരെ കരവാളൂർ ടൗൺ, പൂയപ്പള്ളി പഞ്ചായത്തിലെ കാഞ്ഞിരംപാറ. പത്തനംതിട്ട ചിറ്റാർപഞ്ചായത്തിലെ പന്നിയാർ, ഏഴംകുളം പഞ്ചായത്തിലെ എഴംകുളം വാർഡുകൾ. ആലപ്പുഴ രാമങ്കരി പഞ്ചായത്തിലെ വേഴപ്രപടിഞ്ഞാറ്, ചെറിയനാട് പഞ്ചായത്തിലെ അരിയന്നൂർശ്ശേരി, മാന്നാർ പഞ്ചായത്തിലെ കുട്ടംപേരൂർ-എ വാർഡുകൾ.

കോട്ടയം ചെമ്പ് പഞ്ചായത്തിലെ കാട്ടിക്കുന്ന്, പനച്ചിക്കാട് പഞ്ചായത്തിലെ പൂവൻതുരുത്ത്, വാകത്താനം പഞ്ചായത്തിലെ പൊങ്ങന്താനം വാർഡുകൾ. ഇടുക്കി തൊടുപുഴ മുനിസിപ്പാലിറ്റിയിലെ പെട്ടേനാട്, ഇടുക്കി ബ്ലോക്ക് പഞ്ചായത്തിലെ തോപ്രാംകുടി, ഉടുമ്പൻചേല പഞ്ചായത്തിലെ പാറത്തോട്, അറക്കുളം പഞ്ചായത്തിലെ ജലന്ധർ വാർഡുകൾ. എറണാകുളം ചിറ്റാറ്റുകര പഞ്ചായത്തിലെ തോപ്പ്, വാഴക്കുളം പഞ്ചായത്തിലെ മുടിക്കൽ, ചൂർണ്ണിക്കരപഞ്ചായത്തിലെ കൊടികുത്തുമല വാർഡുകൾ. തൃശൂർ വെള്ളാങ്ങല്ലൂർ ബ്ലോക്ക് പഞ്ചായത്തിലെ കൊമ്പത്തുകടവ്, മൂള്ളൂർക്കര പഞ്ചായത്തിലെ വണ്ടിപ്പറമ്പ്, പാവറട്ടി പഞ്ചായത്തിലെ കാളാനി വാർഡുകൾ.

പാലക്കാട് കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്തിലെ പാലത്തുള്ളി, തച്ചമ്പാറ പഞ്ചായത്തിലെ മുണ്ടമ്പലം, ഷോളയൂർ പഞ്ചായത്തിലെ കോട്ടത്തറ, മങ്കര പഞ്ചായത്തിലെ കുരാത്ത്, പുതുനഗരം പഞ്ചായത്തിലെ തെക്കത്തിവട്ടാരം വാർഡുകൾ. മലപ്പുറം മുനിസിപ്പാലിറ്റിയിലെ പൊടിയാട്, കൂട്ടിലങ്ങാടി പഞ്ചായത്തിലെ കൂട്ടിലങ്ങാടി, മുന്നിയൂർപഞ്ചായത്തിലെ വെള്ളായിപ്പാടം, വട്ടകുളം പഞ്ചായത്തിലെ എടപ്പാൾ ചുങ്കം. കോഴിക്കോട് തൂണേരി ബ്ലോക്ക് പഞ്ചായത്തിലെ പാറക്കടവ്, ഉള്ള്യേരി പഞ്ചായത്തിലെ തെരുവത്ത് കടവ്, ഓമശ്ശേരി പഞ്ചായത്തിലെ മങ്ങാട് ഈസ്റ്റ്, കൊടിയത്തൂർ പഞ്ചായത്തിലെ മാട്ടുമുറി. കണ്ണൂർ തലശ്ശേരി മുനിസിപ്പാലിറ്റിയിലെ പെരിങ്കളം, കാങ്കോൽ ആലപ്പടമ്പ പഞ്ചായത്തിലെ ആലക്കാട്, പടിയൂർ കല്യാട് പഞ്ചായത്തിലെ മണ്ണേരി. കാസർകോട് മുനിസിപ്പാലിറ്റിയിലെ ഖാസിലേൻ, മൊഗ്രാൽപുത്തൂർ പഞ്ചായത്തിലെ കോട്ടക്കുന്ന്, കല്ലങ്കൈ വാർഡുകൾ.

മെഡിസെപ്പ്: ചികിത്സാ ചെലവ് നൽകാതെ സർക്കാർ ജീവനക്കാരെ വഞ്ചിച്ചു

സി. ജമാൽ
മഞ്ചേരി

എയിഡഡ് സ്ഥാപനങ്ങളിലെ ഉൾപ്പെടെയുള്ള അധ്യാപകർക്കും സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും കൊട്ടിഘോഷിച്ചു നടപ്പിലാക്കിയ മെഡിസെപ്പ് ആരോഗ്യ ഇൻഷൂറൻസ് പദ്ധതി അവതാളത്തിൽ. നിലവിൽ ചികിത്സയിലുള്ളവർക്ക് ലഭിക്കുന്നത് നാമമാത്രമായ ഇൻഷൂറൻസ് തുക. ഇൻഷൂറൻസ് കമ്പനിയുമായി ധാരണപത്രത്തിൽ ഒപ്പുവെക്കാത്തതാണ് ഇൻഷൂറൻസ് കമ്പനിക്ക് തോന്നിയപോലെ ചികിത്സാ ചെലവ് നൽകുവാനുള്ള കാരണം. മൂന്ന് വർഷമായി ഓറിയന്റൽ ഇൻഷൂറൻസ് കമ്പനിയുമൊയി ഇതുവരെ ധാരണപത്രത്തിൽ ഒപ്പുവെച്ചിട്ടില്ലെന്ന് സർക്കാർ നിയമസഭയിൽ തന്നെ തുറന്നുപറഞ്ഞു. ഡോ.എം.കെ.മുനീറിന്റെ ചോദ്യത്തിനാണ് ധനകാര്യ മന്ത്രിയുടെ മറുപടി.

മൂന്ന് വർഷം മുമ്പാണ് സർക്കാർ ജീവനക്കാരിൽ നിന്നും അധ്യാപകരിൽ നിന്നും പെൻഷൻകാരിൽ നിന്നും മാസംതോറും 500 രൂപ ശമ്പളത്തിൽ മെഡിസെപ്പ് പദ്ധതിക്കായി പിടിക്കാൻ തുടങ്ങിയത്. മെഡിസെപ്പ് ഇൻഷൂറൻസ് ചികിത്സാ പദ്ധതിയിൽ ആദ്യ വർഷം ഒന്നര ലക്ഷം രൂപയുടെയും രണ്ടാം വർഷം മൂന്ന് ലക്ഷത്തിന്റെയും മൂന്നാം വർഷം 5 ലക്ഷംവരെയുമാണ് ചികിത്സാ ചെലവിലേക്കായി നൽകുമെന്ന് ഉറപ്പുനൽകിയിരുന്നത്. തുടക്കത്തിൽ പറഞ്ഞ തുക ലഭിച്ചിരുന്നുവെങ്കിലും പിന്നീട് വാഗ്ദാനം ചെയ്ത തുക കുറഞ്ഞു വന്നു. നിലവിൽ ചികിത്സാ തുകയുടെ 40 ശതമാനം പോലും കിട്ടാത്ത അവസ്ഥയാണുള്ളത്.

സർക്കാർ നിർബന്ധപൂർവ്വം ആരംഭിച്ചതാണ് മെഡിസെപ് ഇൻഷുറൻസ് സ്കീം. ക്യാഷ്ലെസ് സ്കീം എന്ന് പറഞ്ഞാണ് എല്ലാവരെയും നിർബന്ധിച്ച് ചേർത്തത്.സാധാരണ മെഡിക്കൽ ഇൻഷുറൻസിൽ ചേരുന്നവർ നേരിട്ട് ഇൻഷൂറൻസ് കമ്പനിയിൽ പണം അടക്കുകയാണ് ചെയ്യുന്നത്. എന്നാൽ മെഡിസെപ്പിൽ സർക്കാർ ശമ്പളത്തിൽ നിന്നും മാസം 500 രൂപ കുറച്ചാണ് ശമ്പളം നൽകുന്നത്. ആദ്യ വർഷങ്ങളിൽ തിരഞ്ഞെടുക്കപ്പെട്ട ആശുപത്രികളിൽ അഡ്മിറ്റ് ആയവർക്ക് മുഴുവൻ പണവും ലഭിച്ചിരുന്നുവെങ്കിൽ പിന്നീട് പണം നൽകുന്നത് കുറച്ചു. നിലവിൽ ഹൃദ്രോഗവുമായി ബന്ധപ്പെട്ട് ആൻജിയോപ്ലാസ്റ്റിക് നടത്തുന്ന രോഗിക്ക് 40 ശതമാനമാണ് നൽകുന്നത്. അതേ സമയം

ഇസ്രാഈലും ഹിസ്ബുല്ലയും തമ്മിൽ യുദ്ധമുണ്ടായാൽ വൻ ദുരന്തമായിരിക്കും ഫലം. രാഷ്ട്രീയത്തിൽ തുടരാനും കോടതി നടപടികളിൽനിന്ന് രക്ഷപ്പെടാനും ഇസ്രാഈൽ പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹു യുദ്ധം നീട്ടിക്കൊണ്ടുപോകുകയാണ്. ഹിസ്ബുല്ലയുമായുള്ള യുദ്ധം എത്രമാത്രം വിജയകരമാകുമെന്നതിനെക്കുറിച്ച് ഇസ്രാഈലിന് ഒരു ധാരണയുമില്ല. ലബനാനിലെ പർവ്വതനിരകളിലാണ് ഹിസ്ബുല്ല മിസൈലുകളും റോക്കറ്റുകളും മറ്റ് ആയുധങ്ങളും ഒളിപ്പിച്ചുവെച്ചിരിക്കുന്നത്. ചരിത്രത്തിൽ ഇന്നേവരെ നേരിട്ടിട്ടില്ലാത്ത തകർച്ചയായിരിക്കും ഹിസ്ബുല്ലയുമായുള്ള യുദ്ധത്തിൽ ഇസ്രാഈലിന് ഉണ്ടാവുക.

ഹാരിസൺ മാൻ
മുൻ യു.എസ് സൈനിക ഇന്റലിജൻസ് കമാൻഡർ
ഇസ്രാഈലിനുള്ള യു.എസ് പിന്തുണയിൽ പ്രതിഷേധിച്ച് രാജിവെച്ചു

ഹമാസിനെ തകർക്കുന്നതുൾപ്പെടെ മുഴുവൻ ലക്ഷ്യങ്ങളും നേടാതെ ഗസ്സയിൽ യുദ്ധം അവസാനിപ്പിക്കുന്ന പ്രശ്നമില്ല. പേരു വെളിപ്പെടുത്താത്ത വ്യത്തങ്ങളെന്ന് ന്യൂയോർക്ക് ടൈംസ് പറയുന്ന ആ പാർട്ടീസ് ആരാണെന്ന് എനിക്ക് മനസ്സിലാകുന്നില്ല. ഒരുകാര്യം അസന്ദിഗ്ധമായി പറയാൻ ഞാൻ ആഗ്രഹിക്കുന്നു. വെടിനിർത്തൽ ഒരിക്കലും നടക്കില്ല. ബന്ദികളുടെ മോചനവും ഹമാസിന്റെ ഉന്മൂലനവും ഉൾപ്പെടെ എല്ലാ ലക്ഷ്യങ്ങളും കൈവരിച്ചതിനു ശേഷം മാത്രമേ ഞങ്ങൾ ഈ യുദ്ധം അവസാനിപ്പിക്കൂ.

ബെഞ്ചമിൻ നെതന്യാഹു
ഇസ്രാഈൽ പ്രധാനമന്ത്രി

വിദേശ വാർത്തകൾ

എങ്ങോട്ടെന്നില്ലാതെ കൂട്ടപലായനം

ഗസ്സ: കൂട്ടക്കുരുതി തുടരുന്നതോടൊപ്പം ഖാൻ യൂനിസിൽനിന്ന് ഒഴിഞ്ഞുപോകാനുള്ള ഇസ്രാഈൽ സേനയുടെ പുതിയ ഉത്തരവ് വന്നതോടെ രണ്ടര ലക്ഷം ഫലസ്തീനികൾ എങ്ങോട്ടെന്നില്ലാതെ കൂട്ടപലായനം തുടങ്ങി. ഗസ്സയുടെ നാനാഭാഗങ്ങളിലും ഇസ്രാഈൽ ബോംബുവർഷം തുടരുന്ന സാഹചര്യത്തിൽ സുരക്ഷിത കേന്ദ്രങ്ങൾ തേടി ആളുകൾ അലയുകയാണ്. അഭയം തേടാൻ ഇനി എവിടെയും ഇടമില്ലെന്ന് അന്താരാഷ്ട്ര സന്നദ്ധ സംഘടനകളും പറയുന്നു.

ഒക്ടോബർ ഏഴിന് ആരംഭിച്ച വംശഹത്യയിൽ മരണനിരക്ക് 37,925 ആയിരിക്കെ ഗസ്സയിൽ ഇസ്രാഈൽ സേനക്കുനേരെ ഹമാസ് പോരാളികൾ രണ്ടും കൽപ്പിച്ച് പ്രത്യാക്രമണം ശക്തമാക്കിയിട്ടുണ്ട്. റഫയിലെ ഷുജായ അയിൽ അൽ സലാം മസ്ദിജിനു സമീപം ഒരു ഇസ്രാഈലി സൈനിക വാഹനം ബോംബുവെച്ചു തകർത്തതായി ഫലസ്തീനിയൻ ഇസ്‌ലാമിക് ജിഹാദ് അവകാശപ്പെട്ടു. ഇസ്രാഈൽ സേനക്കുനേരെ ഷെല്ലാക്രമണം നടത്തിയതായും സംഘടന അറിയിച്ചു. ഇസ്രാഈൽ സേനയെ ലക്ഷ്യമിട്ട് പതിയാക്രമണ തന്ത്രമാണ് ഹമാസ് പുറത്തെടുത്തിരിക്കുന്നത്. ഷുജായഅയിൽ ഇസ്രാഈൽ സൈനികർ താവളമാക്കിയ ഒരു കെട്ടിടം ഫലസ്തീൻ പോരാളികൾ റോക്കറ്റ് ഉപയോഗിച്ച് തകർത്തു. ഫലസ്തീൻ പോരാളികളെ ലക്ഷ്യമിട്ട് മുഴുവൻ നഗരങ്ങളും ഇസ്രാഈലി പോർവിമാനങ്ങൾ ബോംബിട്ടു തകർക്കുകയാണ്. ഖാൻ യൂനിസിൽനിന്ന് ഒഴിഞ്ഞുപോകാനുള്ള ഇസ്രാഈലിന്റെ ഉത്തരവ് രണ്ടര ലക്ഷത്തോളം പേരെ വലച്ചതായി ഐക്യരാഷ്ട്രസഭ പറയുന്നു.

കൊടും ചൂട് വകവെക്കാതെ ഉച്ച സമയത്ത് രോഗികളും കുട്ടികളുമടക്കം പതിനായിരങ്ങൾ പലായനം തുടരുകയാണ്. ഏത് സമയവും ഇസ്രാഈൽ ആക്രമണം നടത്തുമെന്നതുകൊണ്ട് തങ്ങൾക്ക് വിശ്രമിക്കാൻ സമയമോ ഇടമോ ഇല്ലെന്ന് അഹ്മദ് അൽ നജ്ജാർ എന്ന 26കാരൻ പറയുന്നു. 'എവിടേക്ക് പോകണമെന്ന് ഞങ്ങൾക്ക് അറിയില്ല. പുതി ടെന്റ് വാങ്ങാൻ ഞങ്ങളുടെ കൈയിൽ പണവുമില്ല. രാത്രി തെരുവിൽ കഴിയേണ്ടിവരുന്നു. ഓരോ മണിക്കൂറിലും ദുരിതം വർദ്ധിക്കുകയാണ്. ഇനി എന്തുവേണമെങ്കിലും സംഭവിക്കട്ടെ. ഞങ്ങൾക്കിപ്പോൾ നഷ്ടപ്പെടാൻ ഒന്നുമില്ല'-നജ്ജാർ കൂട്ടിച്ചേർത്തു.

ഒഴിഞ്ഞുപോകാനുള്ള ഇസ്രാഈൽ ഉത്തരവിനെത്തുടർന്ന് ഖാൻ യൂനിസിൽനിന്ന് പലായനം ചെയ്യുന്ന ഫലസ്തീനികൾ കുടിവെള്ളത്തിനായി ക്യൂ നിൽക്കുന്നു

വധശ്രമം: കസഖ് വിമതൻ സാദികോവ് മരണപ്പെട്ടു

കീവ്: യുക്രെയ്നിലെ കീവിൽ വധശ്രമത്തെ തുടർന്ന് ആശുപത്രിയിൽ ചികിത്സയിലായിരുന്ന കസഖ് മാധ്യമപ്രവർത്തകൻ അയ്ഡോസ് സാദികോവ് അന്തരിച്ചു. ജൂൺ പതിനെട്ടിന് കീവിലെ വീടിന് പുറത്ത് കാറിൽ ഭാര്യയോടൊപ്പം ഇരിക്കുമ്പോഴാണ് അദ്ദേഹത്തിന് വെടിയേറ്റത്. കസഖ്സ്താനിൽനിന്നാണ് കൊലയാളികൾ എത്തിയതെന്ന് യുക്രെയ്ൻ പ്രോസിക്യൂട്ടർമാർ പറയുന്നു.

കസഖ് പ്രസിഡന്റ് ഖാസിം ജോമാർട്ട് തൊഖയേവിന്റെ കടുത്ത വിമർശകനായിരുന്ന സാദികോവിനെ വെടിവെച്ച ശേഷം അക്രമികൾ രണ്ടു പേരും അന്നു തന്നെ മാൾഡോവയിലേക്ക് രക്ഷപ്പെട്ടിരുന്നു. ഇവരിൽ ഒരാൾ കസഖ്സ്താനിൽ അറസ്റ്റിലായിട്ടുണ്ട്. പക്ഷേ, ഇയാളെ യുക്രെയ്ന് കൈമാറില്ലെന്ന് കസഖ് ഭരണകൂടം വ്യക്തമാക്കി.

ഒളിവിൽ കഴിയുന്ന രണ്ടാമനുവേണ്ടിയുള്ള അന്വേഷണത്തിൽ യുക്രെയ്നുമായി സഹകരിക്കാൻ തയാറാണെന്ന് തൊഖയേവ് അറിയിച്ചിട്ടുണ്ട്. എന്നാൽ കസഖ് പ്രസിഡന്റിന്റെ കറുത്ത കരങ്ങൾ കൊലപാതകത്തിനു പിന്നിൽ പ്രവർത്തിച്ചിട്ടുണ്ടെന്നാണ് യുക്രെയ്നും സാദികോവിന്റെ കുടുംബാംഗങ്ങളും പറയുന്നത്.

ജനകീയ ഹോട്ടൽ സബ്സിഡി പുനരാരംഭിക്കണം: എസ്.ടി.യു

കോഴിക്കോട്: കോവിഡ് കാലത്ത് കേരളത്തിലെ സാധാരണക്കാർക്ക് കുറഞ്ഞ ചെലവിൽ ഭക്ഷണം നൽകിയ കുടുംബശ്രീ ജനകീയ ഹോട്ടലുകൾക്ക് നൽകിയിരുന്ന സബ്സിഡി നിർത്തലാക്കാനുള്ള സംസ്ഥാന സർക്കാർ തീരുമാനം പുന പരിശോധിക്കണമെന്ന് ദേശീയ തൊഴിലുറപ്പ് പദ്ധതി തൊഴിലാളി, കുടുംബശ്രീ യൂണിയൻ (എസ്.ടി.യു) സംസ്ഥാന കമ്മിറ്റി സർക്കാരിനോട് ആവശ്യപ്പെട്ടു.

തൊഴിലുറപ്പ് തൊഴിലാളികൾക്ക് സംസ്ഥാന സർക്കാർ കൊട്ടിഘോഷിച്ച് പാസാക്കിയ ക്ഷേമ നിധി ബോർഡ് തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ ലഭ്യമാക്കുന്ന നിലയിൽ പ്രാവർത്തികമാക്കണമെന്നും പദ്ധതിയിൽ നിന്നും തൊഴിലാളികളുടെ കൊഴിഞ്ഞു പോക്ക് തടയുന്നതിനായി ആകർഷണീയമായ ആനുകൂല്യങ്ങൾ പ്രഖ്യാപിക്കണമെന്നും യോഗം ആവശ്യപ്പെട്ടു. പദ്ധതിയിൽ മഴക്കുഴി നിർമ്മാണം, തോട്ടം കിളക്കൽ, തടം തുറക്കൽ തുടങ്ങിയ പ്രവർത്തികൾ കൂടി ഉൾപ്പെടുത്തി വ്യാപിപ്പിക്കാനും തൊഴിലാളികൾക്ക് ആവശ്യമായ പണിയായുധങ്ങൾ നൽകാനും സുരക്ഷാ ഉപകരണങ്ങൾ നൽകാനും സർക്കാർ തയ്യാറാവണമെന്നും യോഗം ആവശ്യപ്പെട്ടു. എസ്.ടി.യു സംസ്ഥാന പ്രസിഡന്റ് അഡ്വ എം റഹ്മത്തുള്ള ഉദ്ഘാടനം ചെയ്തു. യൂണിയൻ സംസ്ഥാന പ്രസിഡന്റ് എ.അഹമ്മദ് ഹാജി അധ്യക്ഷത വഹിച്ചു. ജന സെക്രട്ടറി, മൻസൂർ എന്ന കുഞ്ഞിപ്പു, എം.ടി ബഷീർ, മാഹിൻ മുണ്ടക്കൈ, ലുഖ്മാൻ അരീക്കോട്, ഇ. കെ കരണ്ടോട്, ഷാഹിന എരയത്ത്, ചന്ദ്രൻ കല്ലൂർ, ലൈസ സണ്ണി, ടി.ഖാലിദ് വയ്നാട്, സഫിയ പി.ടി, ജുവൈരിയ കൽപ്പകഞ്ചേരി, ഷരീഫ ടി.കെ, മജീദ് സന്തോഷ് നഗർ സംസാരിച്ചു

രാജിക്ക് തയ്യാറാകാതെ തൊടുപുഴ നഗരസഭാ ചെയർമാൻ

തൊടുപുഴ: ലക്ഷം രൂപ കൈക്കൂലി വാങ്ങവേ മുൻസിപ്പൽ എഞ്ചിനീയർ വിജിലൻസ് പിടിയിലായ കേസിൽ രണ്ടാം പ്രതിയായ തൊടുപുഴ നഗരസഭ ചെയർമാൻ സനീഷ് ജോർജ് സി. പി .എം നേതൃത്വം ആവശ്യപ്പെട്ടിട്ടും രാജിവയ്ക്കാൻ തയ്യാറായില്ല. ഇതോടെ ഇടതു മുന്നണിയിൽ പ്രതിസന്ധി രൂക്ഷമായി. കഴിഞ്ഞ ദിവസം ചേർന്ന സി പി എം മുനിസിപ്പൽ പാർലമെന്ററി പാർട്ടി യോഗത്തിൽ ചെയർമാൻ രാജി സന്നദ്ധത അറിയിച്ചുവെന്നും ചൊവ്വാഴ്ച രാജിവയ്ക്കുമെന്നുമായിരുന്നു നേതൃത്വം പറഞ്ഞിരുന്നത്. ചെയർമാന്റെ രാജിക്കായി യു ഡി എഫ് സമരം ശക്തമാക്കിയിരുന്നു. അതേ സമയം സി. പി .എം നേതൃത്വവും ചെയർമാനുമായുള്ള ഒത്തുകളിയാണ് രാജിവൈകിപ്പിക്കുന്നതിന് പിന്നിലെന്ന ആക്ഷേപവും ഉയർന്നിട്ടുണ്ട്. എൽ ഡി എഫ്14, യു ഡി എഫ്12, ബി ജെ പി എട്ട് എന്നിങ്ങനെയാണ് നഗരസഭയിലെ കക്ഷിനില.

ട്രംപിന് ആശ്വാസം പകർന്ന് യു.എസ് സുപ്രീംകോടതി

വാഷിങ്ടൺ: അമേരിക്കൻ പ്രസിഡന്റ് തിരഞ്ഞെടുപ്പിൽ റിപ്പബ്ലിക്കൻ സ്ഥാനാർത്ഥിയായി മത്സരിക്കാൻ തയാറെടുക്കുന്ന മുൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന് ആശ്വാസമായി യു.എസ് സുപ്രീംകോടതി വിധി. മുൻ പ്രസിഡന്റെന്ന നിലയിൽ ട്രംപിന് ഔദ്യോഗിക കാര്യങ്ങളുമായി ബന്ധപ്പെട്ട് നിയമ പരിരക്ഷയുണ്ടെന്ന് കോടതി വ്യക്തമാക്കി. ഇതാദ്യമായാണ് അദ്ദേഹത്തിന് ഏതെങ്കിലും തരത്തിലുള്ള പരിരക്ഷയുണ്ടെന്ന് കോടതി പറയുന്നത്. പലതരം കേസുകളിൽ കുടുങ്ങി ക്രിമിനൽ നടപടികൾ നേരിടുന്ന ട്രംപിന് സുപ്രീംകോടതി വിധി ആശ്വാസം പകരും.

ക്രിമിനൽ കേസുകളിൽ കുറ്റം ചുമത്തപ്പെട്ട ട്രംപിന് തുടർന്നും യു.എസ് പ്രസിഡന്റ് പദത്തിൽ തുടരനാവുമോ എന്നതുൾപ്പെടെ നിരവധി ചോദ്യങ്ങൾ അമേരിക്കൻ സമൂഹം ചർച്ച ചെയ്തുകൊണ്ടിരിക്കുകയാണ്. പ്രസിഡന്റായിരിക്കെ ചെയ്ത കാര്യങ്ങളിൽ മാത്രമാണ് കോടതി നിയമപരിരക്ഷ നൽകിയിരിക്കുന്നത്. വ്യക്തിപരമായ പ്രവൃത്തികളിൽ ഇത് ബാധകമല്ല. അതേസമയം സുപ്രീംകോടതി വിധിയെ പ്രസിഡന്റും ട്രംപിന്റെ എതിർ സ്ഥാനാർത്ഥിയുമായ ജോ ബൈഡൻ അപലപിച്ചു. അപകടകരമായ നീക്കമാണ് ഇതെന്നും നിയമ സംവിധാനങ്ങളെ അട്ടിമറിക്കുന്നതാണെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. എന്നാൽ ജനാധിപത്യത്തിന്റെ വലിയ വിജയമെന്നാണ് കോടതി വിധിയെ ട്രംപ് വിശേഷിപ്പിച്ചത്. പ്രസിഡന്റ് തിരഞ്ഞെടുപ്പ് പ്രചാരണത്തിൽ ബഹുദൂരം മുന്നോട്ടുപോയ ട്രംപിന്റെ ആത്മവിശ്വാസം ഉയർത്താനും കോടതി വിധി കാരണമാകും. നടിയുമായുള്ള ബന്ധം മറച്ചുവെക്കാൻ പണം നൽകിയതുൾപ്പെടെയുള്ള കേസുകളിൽ കുറ്റംചുമത്തപ്പെട്ട അദ്ദേഹത്തിന് പിടിച്ചുനിൽക്കാനുള്ള പിടിവള്ളിയാണ് കോടതി നൽകിയിരിക്കുന്നത്.

അഫ്ഗാനിലെ ബ്രിട്ടീഷ് ക്രൂരത: തെളിവുകൾ പുറത്ത്

ലണ്ടൻ: എസ്.എ.എസ് എന്ന പേരിൽ അറിയപ്പെടുന്ന ബ്രിട്ടീഷ് സ്പെഷ്യൽ സേന അഫ്ഗാനിസ്താനിൽ നടത്തിയ യുദ്ധകുറ്റകൃത്യങ്ങളിലേക്ക് വെളിച്ചം വീശുന്ന തെളിവുകൾ കണ്ടെത്തിയതായി ബി.ബി.സി. 2016ൽ അഫ്ഗാനിസ്താനിലെ ക്രൂരകൃത്യങ്ങളെക്കുറിച്ച് അന്വേഷണം നടന്നുകൊണ്ടിരിക്കെ സെർവറിൽ നിന്ന് ശാശ്വതമായി മായ്ച്ചുകളയപ്പെട്ടുവെന്ന് കരുതിയിരുന്ന ഫയലുകളാണ് തിരികെ ലഭിച്ചിരിക്കുന്നത്. സെർവറിന്റെ ബാക്കപ്പുകളിൽനിന്നാണ് ഇവ ലഭിച്ചതെന്ന് പൊതു അന്വേഷണ സമിതി പറയുന്നു.

അഫ്ഗാൻ അധിനിവേശക്കാലത്ത് നിരായുധരായ സാധാരണക്കാരെയും തടവുകാരെയും എസ്.എ.എസ് അംഗങ്ങൾ ക്രൂരമായി കൊലപ്പെടുത്തിയതായി അന്വേഷണത്തിൽ കണ്ടെത്തി. അന്വേഷണത്തിന്റെ കണ്ണുവെട്ടിക്കാനാണ് ഫയലുകൾ നീക്കം ചെയ്തത്. അഫ്ഗാനിസ്താനിലെ ജനങ്ങളിൽനിന്നും മുതിർന്ന രാഷ്ട്രീയ നേതാക്കളിൽനിന്നും ബ്രിട്ടീഷ് സേനാംഗങ്ങളിൽ നിന്നും അന്വേഷണ സംഘം മൊഴിയെടുത്തിരുന്നു. കമ്പ്യൂട്ടർ രേഖകൾ പലതും മായ്ച്ചുകളയപ്പെട്ടതുകൊണ്ട് തെളിവുകൾ കണ്ടെത്താൻ പ്രയാസമുണ്ടായി. അതിനിടെയാണ് സെർവറിൽ കോപ്പി ചെയ്യപ്പെട്ട കോപ്പികൾ കണ്ടെടുക്കപ്പെട്ടത്.

വെടിനിർത്താൻ ഇസ്രാഈൽ സേനക്ക് ആഗ്രഹം; നടക്കില്ലെന്ന് നെതന്യാഹു

ടെൽഅവീവ്: ഗസ്സയിൽ ഹമാസിനെ അധികാരത്തിൽ തുടരാൻ അനുവാദിച്ചാണെങ്കിലും ഇസ്രാഈൽ സേന വെടിനിർത്തൽ ആഗ്രഹിക്കുന്നതായി ന്യൂയോർക്ക് ടൈംസ്. ഹമാസിന്റെ കസ്റ്റഡിയിലുള്ള അവശേഷിക്കുന്ന ബന്ദികളെ മോചിപ്പിക്കാനുള്ള ഏറ്റവും ഫലപ്രദമായ മാർഗം വെടിനിർത്തൽ മാത്രമാണെന്ന് മുതിർന്ന സൈനിക ഉദ്യോഗസ്ഥർ വിശ്വസിക്കുന്നതായും പേരു വെളിപ്പെടുത്താത്ത ഇസ്രാഈൽ വൃത്തങ്ങളെ ഉദ്ധരിച്ച് പത്രം പറയുന്നു.

സാധാരണക്കാരെ കൂട്ടക്കൊല ചെയ്ത് നടത്തുന്ന യുദ്ധം ഇസ്രാഈൽ സേനക്ക് മടുത്തുവെന്നാണ് ഏറ്റവും പുതിയ റിപ്പോർട്ട്. ഹമാസിനെ പൂർണമായി തകർക്കാൻ കഴിയില്ലെന്ന് ഇസ്രാഈൽ സൈനിക വക്താവ് നേരത്തെ വ്യക്തമാക്കിയിട്ടുണ്ട്.

ഹിസ്ബുല്ലയുമായി വലിയൊരു യുദ്ധം പൊട്ടിപ്പുറപ്പെട്ടാൽ ആയുധങ്ങൾ ആവശ്യമായി വരുമെന്നതുകൊണ്ട് ഗസ്സയിലെ ടാങ്കുകളിൽ സൈന്യം ഇപ്പോൾ ഷെല്ലുകൾ പൂർണതോതിൽ ലോഡ് ചെയ്യുന്നില്ലെന്ന് ന്യൂയോർക്ക് ടൈംസ് ചൂണ്ടിക്കാട്ടി. അതേസമയം ഗസ്സയിൽ സൈന്യം വെടിനിർത്തൽ ആഗ്രഹിക്കുന്നുവെന്ന വാർത്തയെ ഇസ്രാഈൽ പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹു കടുത്ത ഭാഷയിൽ വിമർശിച്ചു.

ഹമാസിനെ തകർക്കുന്നതുൾപ്പെടെ മുഴുവൻ ലക്ഷ്യങ്ങളും നേടാതെ യുദ്ധം അവസാനിപ്പിക്കുന്ന പ്രശ്നമില്ലെന്ന് അദ്ദേഹം വ്യക്തമാക്കി. 'പേരു വെളിപ്പെടുത്താത്ത വ്യത്തങ്ങളെന്ന് ന്യൂയോർക്ക് ടൈംസ് പറയുന്ന ആ പാർട്ടീസ് ആരാണെന്ന് എനിക്ക് മനസ്സിലാകുന്നില്ല. ഒരുകാര്യം അസന്ദിഗ്ധമായി പറയാൻ ഞാൻ ആഗ്രഹിക്കുന്നു. വെടിനിർത്തൽ ഒരിക്കലും നടക്കില്ല. ബന്ദികളുടെ മോചനവും ഹമാസിന്റെ ഉന്മൂലനവും ഉൾപ്പെടെ എല്ലാ ലക്ഷ്യങ്ങളും കൈവരിച്ചതിനു ശേഷം മാത്രമേ ഞങ്ങൾ ഈ യുദ്ധം അവസാനിപ്പിക്കൂ'നെതന്യാഹു പറഞ്ഞു. ഗസ്സ വിഷയത്തിൽ നെതന്യാഹുവും ഇസ്രാഈൽ സേനയും രണ്ടു തട്ടിലാണെന്ന വാർത്തകളെ ശരിവെക്കുന്നതായി പുതിയ സംഭവ വികാസങ്ങൾ. ഹമാസിനെ തകർക്കാമെന്ന് ആരെങ്കിലും പറയുന്നുണ്ടെങ്കിൽ തട്ടിപ്പാണെന്ന് സൈന്യം സൂചിപ്പിച്ചിരുന്നു.

വ്യാജ ബ്രാൻഡഡ് ഡിഗരറ്റുകളുടെ വൻ ശേഖരം പിടികൂടി

നെടുമ്പാശ്ശേരി: വ്യാജ ബ്രാൻഡഡ് ഡിഗരറ്റുകളുടെ വൻ ശേഖരവും പുകയില ഉത്പന്നങ്ങളും പിടികൂടിപിടികൂടി. ഇന്നലെ രാവിലെ കസ്റ്റംസ് പ്രിവന്റീവ് വിഭാഗം ഉദ്യോഗസ്ഥർ വിമാനത്താവളത്തിന് സമീപം കാഞ്ഞൂരിൽ നടത്തിയ പരിശോധനയിലാണ് വ്യാജ ബ്രാൻഡഡ് സിഗരറ്റുകളുടെ വൻശേഖരവും പുകയില ഉത്പന്നങ്ങളും പിടികൂടിയത്.

രഹസ്യ വിവരം ലഭിച്ചതിന്റെ അടിസ്ഥാനത്തിലാണ് കസ്റ്റംസ് ഉദ്യോഗസ്ഥർ പരിശോധനക്കെത്തിയത്. ഉദ്യോഗസ്ഥർ എത്തിയതോടെ ഇവിടെയുണ്ടായിരുന്ന പ്രദേശവാസികളായ മഞ്ചേഷ്, അൽത്താഫ് എന്നിവരും മറ്റൊരാളും ഓടി രക്ഷപ്പെട്ടു. ഒളിവിലായ ഇവരെ പിടികൂടാനുള്ള ശ്രമം തുടരുകയാണ്. ഇതിനായി പൊലീസിന്റെ സഹായവും തേടിയിട്ടുണ്ട്. പ്രതികൾ വാടകയ്ക്കെടുത്ത കെട്ടിടത്തിലാണ് ഇവ സൂക്ഷിച്ചിരുന്നത്.

പിടികൂടിയവയിൽ കൂടുതലും രാജ്യാന്തര ബ്രാൻഡുകളിലുള്ള സിഗരറ്റുകളുടെ വ്യാജ പതിപ്പാണ്. കൂടാതെ നികുതി വെട്ടിച്ച് വിദേശത്ത് നിന്നും കടത്തിക്കൊണ്ടു വന്ന സിഗരറ്റുകളും ഉണ്ട്. നിരവധി ഇ സിഗരറ്റുകളും ഇവിടെ നിന്നും കണ്ടെടുത്തിട്ടുണ്ട്. കഞ്ചാവ് പൊതിയുന്നതിനുള്ള റാപ്പുകളും ഉണ്ടായിരുന്നു. പിടികൂടിയ സിഗരറ്റ് ശേഖരത്തിന്റെ മൂല്യം കണക്കാക്കാനായിട്ടില്ല.

സിഡിഎം വഴി അക്കൗണ്ടിൽ കള്ളനോട്ട് ഇട്ടു; നാലു പേർ അറസ്റ്റിൽ

ഈരാറ്റുപേട്ട:ബാങ്കിന്റെ സിഡിഎമ്മിലൂടെ അക്കൗണ്ടിൽ ഇട്ട രണ്ടേകാൽ ലക്ഷം രൂപയുടെ കള്ളനോട്ട് ഈരാറ്റുപേട്ടയിൽ പിടിച്ചെടുത്തു. സംഭവത്തിൽ നാല് പേരെ അറസ്റ്റ് ചെയ്തു. ഈരാറ്റുപേട്ട നടയ്ക്കൽ വെട്ടിക്കാട്ട് വീട്ടിൽ അൻവർ ഷാ (24), വലിയവീട്ടിൽ മുഹമ്മദ് ഫാറൂഖ് (24), കിഴിക്കാവ് വീട്ടിൽ ഫിറോസ് (23), ചെറിപ്പുറം വീട്ടിൽ അസ്ലാം (30) എന്നിവരെയാണ് അറസ്റ്റ് ചെയ്തത്.

500 രൂപയുടെ 448 നോട്ടുകളാണ് പിടിച്ചെടുത്തത്. ഫെഡറൽബാങ്കിന്റെ അരുവിത്തുറ ശാഖയിലെ 'സിഡിഎമ്മിലാണ് പണം നിക്ഷേപിച്ചത്. കള്ളനോട്ട് സിഡിഎമ്മിൽ എത്തിയത് സംബന്ധി ച്ച് ബാങ്ക് അധികൃതരുടെ പരാതിയിൽ പോലീസ് നടത്തിയ അന്വേഷണത്തിലാണ് ഇവരെ പിടികൂടിയത്.

കള്ളനോട്ടിന്റെ ഉറവിടം സംബന്ധിച്ച് പോലീസ് ഇവരെ ചോദ്യം ചെയ്ത് വരികയാണെന്ന് പാലാ ഡിവൈഎസ്പി കെ സദൻ അറിയിച്ചു.

പാലത്തിൽ നിന്ന് തെറിച്ചുവീണ് യുവതി മരിച്ച സംഭവം; സഹോദരിക്കെതിരെ കേസ്

തിരുവനന്തപുരം: സ്കൂട്ടറിൽ നിന്നും വീണ് സിമി എന്ന യുവതി മരിച്ച സംഭവത്തിൽ സ്കൂട്ടർ ഓടിച്ച സഹോദരി സിനിക്കെതിരെ കേസെടുത്തു. പേട്ട പൊലീസാണ് സിനിക്കെതിരെ കേസെടുത്തിരിക്കുന്നത്. അപകടത്തിൽ സിനിയുടെ സഹോദരി സിമിയാണ് മരിച്ചത്. സിനിക്കും സിമിയുടെ നാലുവയസുകാരി മകൾക്കും പരിക്കേറ്റിരുന്നു. അശ്രദ്ധമായി വാഹനമോടിച്ചതിനാണ് സിനിക്കെതിരെ കേസെടുത്തിരിക്കുന്നത്. തിങ്കളാഴ്ച ഉച്ചയോടെയായിരുന്നു അപകടം. സ്കൂട്ടർ മേൽപ്പാലത്തിന്റെ കൈവരിയിൽ ഇടിച്ച് മൂന്ന് പേരും പാലത്തിന് താഴെയുള്ള റോഡിലേക്ക് വീഴുകയായിരുന്നു. സ്കൂട്ടർ അമിത വേഗതയിലായിരുന്നുവെന്നും പൊലീസ് പറഞ്ഞു. ദീർഘദൂര യാത്രയായിരുന്നു ഇതെന്ന് ഇവരുടെ മൊഴിയിൽ നിന്നും വ്യക്തമായതായി പൊലീസ് പറഞ്ഞു.

രാവിലെ വെള്ളാർ നിന്നും കൊല്ലത്തേക്കും തിരികെ വെള്ളാറിലേക്കും സഹോദരിമാരും കുട്ടിയും ഇരുചക്ര വാഹനത്തിലാണ് യാത്ര ചെയ്തത്. മഴക്ക് മുമ്പ് വേഗം വീട്ടിലെത്താൻ അമിത വേഗത്തിലാണ് വണ്ടിയോടിച്ചത്. പെട്ടെന്ന് ക്ഷീണം തോന്നുകയും കണ്ണുകളടഞ്ഞ് പോകുകയും ചെയ്തു. ആ സമയത്താണ് നിയന്ത്രണം വിട്ട് വാഹനം കൈവരിയിലിടിച്ചതെന്നാണ് ഇവരിൽ നിന്നും പൊലീസിന് ലഭിച്ച പ്രാഥമിക മൊഴി. ഉറങ്ങിപ്പോയതാകാം അപകടത്തിന് കാരണമെന്നാണ് പോലീസിന്റെ അനുമാനം.

ഐ.എ.എസ് തലപ്പത്ത് മാറ്റം

തിരുവനന്തപുരം: സംസ്ഥാനത്ത് ഐ.എ.എസ് ഉദ്യോഗസ്ഥ തലത്തിൽ മാറ്റം. വയനാട് കലക്ടർ രേണുരാജിനെ എസ്.ടി വകുപ്പ് ഡയറക്ടറായി സ്ഥലം മാറ്റി. രേണു രാജിന് പകരം ഡി.ആർ മേഘശ്രീ വയനാട് കലക്ടറായി ചുമതലയേൽക്കും. ഡോക്ടർ അദീല അബ്ദുല്ല കൃഷി വകുപ്പ് ഡയറക്ടറാകും. റവന്യൂ അഡീഷനൽ സെക്രട്ടറിയായിരുന്ന ബി അബ്ദുൽ നാസറാണ് പുതിയ ഫിഷറീസ് ഡയറക്ടർ. കർണാടക സ്വദേശിയായ ഡി ആർ മേഘശ്രീയെ വയനാട് ജില്ലയിലെ വന്യമൃഗ ശല്യത്തിന് പരിഹാരം കാണാനുള്ള ശ്രമത്തിന്റെ ഭാഗമായാണ് വയനാട്ടിൽ നിയമിച്ചിരിക്കുന്നത്.

15 വർഷം മുൻപ് കാണാതായ യുവതിയുടെ മൃതദേഹം സെപ്റ്റിക് ടാങ്കിൽ

മാന്നാർ(ആലപ്പുഴ): 15 വർഷങ്ങൾക്ക് മുമ്പ് കാണാതായ യുവതിയുടെ മൃതദേഹം ഭർതൃവീട്ടിലെ സെപ്റ്റിക് ടാങ്കിൽ. ഇരമത്തൂർ പായിക്കാട്ട് മീനത്തേതിൽ ചെല്ലപ്പൻ-ചന്ദ്രികയുടെ മകൾ കലയുടെ തിരോധാനമാണ് കൊലപാതകമെന്ന് തെളിഞ്ഞത്. ഇരമത്തൂർ കണ്ണമ്പള്ളിൽ അനിലിന്റെ ഭാര്യയായിരുന്നു കല. പൊലീസിന് ലഭിച്ച ഊമ കത്തിന്റെ അടിസ്ഥാനത്തിൽ ഭർത്താവ് അനിലിന്റെ അഞ്ച് സുഹൃത്തുക്കളെ കസ്റ്റഡിയിലെടുത്ത് ചോദ്യം ചെയ്തതിൽ നിന്നാണ് കൊലപാതകത്തിന്റെ ചുരിളഴിഞ്ഞത്. കേസിലെ മുഖ്യപ്രതിയായ ഭർത്താവ് അനിൽ നിലവിൽ ഇസ്രാഈലിലാണ്. ഇയാളെ നാട്ടിലെത്തിക്കാനുള്ള ശ്രമങ്ങൾ പൊലീസ് ആരംഭിച്ചിട്ടുണ്ട്.

മാന്നാർ ഇരമത്തൂരിലെ വീട്ടിലെ കല എന്ന യുവതിയെ കൊന്ന്കുഴിച്ചുമൂടിയെന്ന് അമ്പലപ്പുഴ പൊലീസിന് ലഭിച്ച ഊമക്കത്തിന്റെ അടിസ്ഥാനത്തിലായിരുന്നു അന്വേഷണം ആരംഭിച്ചത്. സംഭവത്തിൽ സംശയം തോന്നിയ അഞ്ച് പേരെ പൊലീസ് കഴിഞ്ഞ ദിവസം കസ്റ്റഡിയിലെടുത്തിരുന്നു. കലയുടെ ഭർത്താവ് അനിലിന്റെ സഹോദരി ഭർത്താവ് സോമരാജൻ, ബന്ധുക്കളായ ജിനു ഗോപി, പ്രമോദ്, സന്തോഷ് ശാരദാലയം, സുരേഷ് കുമാർ എന്നിവരാണ് പൊലീസിന്റെ കസ്റ്റഡിയിൽ ഉള്ളത്. ഇവരെ ചോദ്യം ചെയ്തതിൽ നിന്നുമാണ് യുവതിയെ കൊലപ്പെടുത്തിയ ശേഷം ഭർതൃവീട്ടിലെ സെപ്റ്റിക് ടാങ്കിൽ കുഴിച്ചുമൂടി എന്നറിയുന്നത്.

ബൈ ബൈ വിംബിൾഡൺ

ആന്ദ്രെ മുറെ സിംഗിൾസിനില്ല

ലണ്ടൻ:ഇംഗ്ലീഷ് ടെന്നിസിലെ ഇതിഹാസം ആന്ദ്രെ മുറെ തന്റെ അവസാന വിംബിൾഡണിൽ പുരുഷ വിഭാഗം സിംഗിൾസിൽ റാക്കറ്റെടുക്കില്ല. പക്ഷേ ഡബിൾസിൽ സഹോദരൻ ജാമിക്കൊപ്പം കളിക്കും. പുറം വേദന കാരണം ഉഴലുന്ന താരം ഇത്തവണ വിംബിൾഡണിൽ കളിച്ച് വിരമിക്കുമെന്ന് നേരത്തെ വ്യക്തമാക്കിയതാണ്. എന്നാൽ 2013 ലും 2016 ലും സ്വന്തം വേദിയിൽ വിംബിൾഡൺ കിരീടം ഉയർത്തിയ 37-കാരൻ ആരോഗ്യ പ്രശ്നങ്ങൾ കാരണം പിന്മാറുകയായിരുന്നു. ഇന്നലെ അദ്ദേഹത്തിന്റെ ആദ്യ റൗണ്ട് മൽസരം ചെക്ക് റിപ്പബ്ലിക്കിൽ നിന്നുള്ള തോമസ് മഷാക്കിനെതിരെയായിരുന്നു. എന്നാൽ ആരോഗ്യം അനുവദിക്കാത്തതിനെ തുടർന്ന് അദ്ദേഹം അവസാന നിമിഷം പിന്മാറ്റം അറിയിക്കുകയായിരുന്നു. പുറം വേദനക്ക് പരിഹരം തേടി ഒരാഴ്ച്ച മുമ്പാണ് അദ്ദേഹം സർജറിക്ക് വിധേയനായത്. അപ്പോഴും വിംബിൾഡൺ കളിക്കുകയെന്നത് സാഹസമായിരുന്നു. എന്നാൽ കളിച്ച് വിരമിക്കാൻ മോഹിച്ചാണ് എത്തിയതെങ്കിൽ സിംഗിൾസിൽ കളിച്ചാൽ ഡബിൾസിനെയും അത് ബാധിക്കുമെന്ന് മനസിലാക്കിയാണ് മെഡിക്കൽ സ്റ്റാഫിന്റെ ഉപദേശ പ്രകാരം പിന്മാറ്റം വ്യക്തമാക്കിയത്.

റെഡി

ലണ്ടൻ: ഇംഗ്ലീഷ് ക്രിക്കറ്റിലെ ഇതിഹാസ സീമർ ജെയിംസ് ആൻഡേഴ്സൺ വിരമിക്കാനുള്ള ഒരുക്കത്തിൽ ഇംഗ്ലീഷ് കൗണ്ടി ക്രിക്കറ്റിൽ മിന്നും പ്രകടനം തുടരുന്നു. ഈ മാസം പത്തിന് ലോർഡ്സിൽ വിൻഡീസിനെതിരെ നടക്കുന്ന ടെസ്റ്റോടെ രാജ്യാന്തര ടെസ്റ്റ് ക്രിക്കറ്റിൽ നിന്നും അദ്ദേഹം വിരമിക്കുകയാണ്. 188-ാമത് ടെസ്റ്റിൽ കളിച്ചാണ് പേസർ വിരമിക്കുന്നത്. 2003 ൽ ടെസ്റ്റ് കരിയർ ആരംഭിച്ച താരം ഇതിനകം 700 വിക്കറ്റുകളിലധികം സ്വന്തമാക്കിയിട്ടുണ്ട്. കൗണ്ടി ക്രിക്കറ്റിൽ ലാങ്കഷെയറിനായി കളിക്കുന്ന ജിമ്മി നോട്ടിംഗ്ഹാംഷെയറിനെതിരായ മൽസരത്തിൽ ഇന്നലെ ഏഴ് വിക്കറ്റുകളാണ് സ്വന്തമാക്കതിയത്. പുതിയ പന്തിൽ ആദ്യ സെഷനിൽ തന്നെ 19 റൺസ് മാത്രം നൽകി ആറ് വിക്കറ്റ് നേടിയ ജിമ്മി രണ്ടാം സെഷനിലും ഒരു വിക്കറ്റ് സ്വന്തമാക്കി. ഇംഗ്ലീഷ് ക്രിക്കറ്റിൽ സ്റ്റ്യുവർട്ട് ബ്രോഡിനൊപ്പം ജിമ്മിയും ചേർന്നുള്ള പേസ് സഖ്യം ദീർഘകാലമായി അതിഗംഭീര പ്രകടനമാണ് നടത്തിയത്.

ചന്ദ്രിക
സ്പോർട്സ്

ആറ് തവണ യൂറോ കളിച്ച ഒരേ ഒരു താരമേയുള്ളു. ലോക ഫുട്ബോളിൽ അനുഭവസമ്പത്തിൽ ആ 39-കാരനെ പിറകിലാക്കാൻ വെറെ ആരുമില്ല. അദ്ദേഹം എല്ലാം നേടിയ താരമാണ്. എന്നിട്ടും ഒരു പെനാൽട്ടി പാഴാവുമ്പോൾ പൊട്ടിക്കരയുന്നു. ഇതാണ് റൊണാൾഡോ. അദ്ദേഹം കളിക്കളത്തിൽ ഇന്നും കൗമാരക്കാരനാണ്. ഗോളടിക്കണം, ജയിക്കണം. ആ മുദ്രാവാക്യം മാത്രം. അത്തരത്തിലൊരു താരത്തെ നിങ്ങൾ വേറെ കാണില്ല. പോർച്ചുഗൽ സംഘത്തിന്റെ ഭാഗ്യമെന്നത് റൊണാൾഡോയാണ്. അദ്ദേഹത്തിന് വേണമെങ്കിൽ തോൽവിയെ അതിന്റെ സെൻസിൽ കാണാം. പക്ഷേ അതിന് അദ്ദേഹം തയ്യാറല്ല

–റോബർട്ടോ മാർട്ടിനസ്

www.chandrikadaily.com

BREAKING സഞ്ജു സാംസൺ ലോകകപ്പ് സംഘത്തോടൊപ്പം ഡൽഹിയിലെത്തും, ഇവിടെ നിന്നും സിംബാബ്‌വെയിലേക്ക് തിരിക്കും

ഇന്ന്

കോപ്പ അമേരിക്ക
ബ്രസീൽ–കൊളംബിയ
(രാവിലെ 6–30)
കോസ്റ്റാറിക്ക–പാരഗ്വേ
(രാവിലെ 6–30)
ലൈവ് ഇല്ല



ചാമ്പ്യന്മാർ ഇന്നെത്തും

ബാർബഡോസ്: ലോകകപ്പുമായി ഇന്ത്യൻ ക്രിക്കറ്റ് ടീം ഇന്ന് രാത്രി ഡൽഹിയിലെത്തും. പ്രതികൂല കാലാവസ്ഥ കാരണം ബാർബഡോസിൽ കുടുങ്ങിയ ടീം കാലാവസ്ഥ മെച്ചപ്പെട്ട സാഹചര്യത്തിലാണ് ഇന്ന് പുലർച്ചെ യാത്ര തിരിക്കുന്നത്. പ്രത്യേക ചാർട്ടേഡ് വിമാനത്തിൽ രാത്രിയിലെത്തുന്ന ടീം പ്രധാനമന്ത്രി നരേന്ദ്രമോദി ഉൾപ്പെടെയുള്ളവരെ സന്ദർശിക്കും. ശനിയാഴ്ച്ച രാത്രി നടന്ന ഫൈനലിൽ ദക്ഷിണാഫ്രിക്കയെ ഏഴ് റൺസിന് തോൽപ്പിച്ച് ലോകകരിടം സ്വന്തമാക്കിയ ടീം പിന്നെ ബാർബഡോസിൽ കുരുങ്ങുകയായിരുന്നു. കനത്ത മഴയും ഇടിയും മിന്നലും കാരണം ഹോട്ടലിൽ നിന്ന് പുറത്തിറങ്ങാൻ കഴിയാത്ത അവസ്ഥ. അതിനിടെ രാജ്യത്ത് അടിയന്തിരാവസ്ഥയും പ്രഖ്യാപിച്ചതോടെ വിമാനത്താവളം അടച്ചു. ഇത് കാരണം മൂന്ന് നാൾ ഹോട്ടലിൽ കുരുങ്ങിയ താരങ്ങളും കുടുംബവും ക്രിക്കറ്റ് ബോർഡ് ഉന്നതരും മാധ്യമ പ്രവർത്തകരുമെല്ലാം കാലാവസ്ഥ മെച്ചപ്പെട്ട സാഹചര്യത്തിലാണ് മടങ്ങുന്നത്. സിംബാബ്‌വെ പര്യടനത്തിനുള്ള ടീമിൽ അംഗമായ വിക്കറ്റ് കീപ്പർ സഞ്ജു സാംസൺ ഉൾപ്പെടെയുള്ളവരും ഡൽഹിയിലെത്തും. ഇവർ ഇവിടെ നിന്നാവും സിംബാബ്‌വെയിലേക്ക് പോവുക. സഞ്ജു ഉൾപ്പെടെയുള്ളവർക്ക് പഞ്ച മൽസര ടി-20 പരമ്പരയിലെ ആദ്യ രണ്ട് മൽസരങ്ങൾ നഷ്ടമാവും. വി.വി.എസ് ലക്ഷ്മൺ പരിശീലിപ്പിക്കുന്ന ടീമിലെ മറ്റുള്ളവർ സിംബാബ്‌വേയിലേക്ക് തിരിച്ചു.

കോപ്പയിൽ നിന്ന് അമേരിക്കയും പുറത്ത്

ഫ്ളോറിഡ: മെക്സിക്കോക്ക് പിറകെ അമേരിക്കയും കോപ്പയിൽ നിന്നും പുറത്ത്. അവസാന ഗ്രൂപ്പ് പോരാട്ടത്തിൽ യുറഗ്വായിക്ക് മുന്നിൽ ഒരു ഗോളിന് തോറ്റാണ് സ്വന്തം നാട്ടിൽ അമേരിക്ക ക്വാർട്ടർ കടക്കാനാവാതെ പുറത്താവുന്നത്. അതേ സമയം ബൊളീവിയയെ 1-3ന് തരിപ്പണമാക്കി പാനമക്കാർ ക്വാർട്ടർ ഉറപ്പിക്കുകയും ചെയ്തു. ഗ്രൂപ്പ് സി-യിൽ യുറഗ്വായി എല്ലാ മൽസരങ്ങളും ജയിച്ച് ഒമ്പത് പോയിന്റ് സ്വന്തമാക്കിയപ്പോൾ പാനമക്കാർ രണ്ട് ജയങ്ങളുമായി ആറ് പോയിന്റ് നേടി. ബൊളിവിയക്കെതിരെ നേടാനായ ഏക വിജയം മാത്രമാണ് ചാമ്പ്യൻഷിപ്പിലെ അമേരിക്കൻ സമ്പാദ്യം. ഇന്നലെ ജയിച്ചിരുന്നെങ്കിൽ സാധ്യതയുണ്ടായിരുന്ന അമേരിക്ക പലവട്ടം ഗോളിന് അരികിലെത്തിയെങ്കിലും ഫിനിഷിംഗിൽ പാളി. രണ്ടാം പകുതിയിൽ മതിയാസ് ഒലിവേര യുറഗ്വായിയുടെ വിജയ ഗോളും നേടി. കോപ്പയിൽ അപാര മികവ് പ്രകടിപ്പിക്കുന്ന പാനമക്കാർ ജോസ് ഫോജാർദോ (22), എഡ്വാർഡോ ഗുരേരോ (79) സെസാർ യാനിസ് (91) എന്നിവരുടെ ഗോളുകളിലാണ് കരുത്ത് കാട്ടിയത്.



നൂഹ് സദൗയി ബ്ലാസ്റ്റേഴ്സിൽ

കൊച്ചി: കഴിഞ്ഞ സീസണിൽ എഫ്സി ഗോവക്കായി തിളങ്ങിയ മൊറോക്കോ സ്ട്രൈക്കർ നൂഹ് സദൗയി ഇനി കേരള ബ്ലാസ്റ്റേഴ്സിനായി കളിക്കും. ക്ലബ്ബുമായി രണ്ടു വർഷത്തെ കരാറിൽ താരം ഒപ്പുവച്ചു. ഈ സമ്മർ ട്രാൻസ്ഫറിൽ ക്ലബ്ബിന്റെ ആദ്യ വിദേശ സൈനിങ് കൂടിയാണിത്. നൂഹിനെ ടീമിലെത്തിക്കാനുള്ള ശ്രമങ്ങൾ ബ്ലാസ്റ്റേഴ്സ് നേരത്തെ തന്നെ ആരംഭിച്ചിരുന്നു. പരിചയ സമ്പന്നനും ഗോൾ സ്കോറിങ് മികവുമുള്ള സദൗയിയുടെ വരവ് ബ്ലാസ്റ്റേഴ്സിന് കരുത്തു നൽകും. 30കാരനായ താരം ഐഎസ്എലിൽ ഇതിനകം 54 മത്സരങ്ങൾ കളിച്ചിട്ടുണ്ട്, കഴിഞ്ഞ രണ്ട് സീസണുകളിലായി 29 ഗോളുകളും 16 അസിസ്റ്റുകളും സ്വന്തമാക്കി. 2021ൽ മൊറോക്കോ ദേശീയ ടീമിൽ അരങ്ങേറ്റം കുറിച്ചതിന് ശേഷം രാജ്യത്തിനായി 4 മത്സരങ്ങൾ കളിച്ചു. 2021 ആഫ്രിക്കൻ നേഷൻസ് ചാമ്പ്യൻഷിപ്പിന്റെ സെമി ഫൈനലുകളിലും ഫൈനലുകളിലും കളിച്ച് മൊറോക്കോയെ കിരീടത്തിലേക്ക് എത്തിക്കുന്നതിലും നിർണായക പങ്കുവഹിച്ചു. വൈഡാഡ് കാസബ്ലാങ്കയിലാണ് നൂഹ് തന്റെ കരിയർ ആരംഭിച്ചത്. പിന്നീട് ന്യൂയോർക്ക് റെഡ് ബുൾസിന്റെ യുവ ടീമായ പിഡിഎ അക്കാദമിയിൽ ചേർന്നു. മക്കാബി ഹൈഫ, മെർബത്ത് എസ്.സി, എൻപി എസ്.സി, എം.സി ഔജ, രാജാ കാസബ്ലാങ്ക, എ.എസ് ഫാർ എന്നീ ക്ലബ്ബുകളിൽ കളിച്ചിട്ടുണ്ട്. 2022ലാണ് ഗോഫ എഫ്സിയിലെത്തിയത്. കേരള ബ്ലാസ്റ്റേഴ്സിൽ ചേരുന്നതിലും അത്തരമൊരു ആവേശകരമായ ക്ലബ്ബിന്റെ ഭാഗമാകുന്നതിലും ഏറെ ആവേശത്തിലാണ്. താനെന്ന് നൂഹ് സദൗയി പറഞ്ഞു. തായ്‌ലൻഡിൽ ജൂലൈ 3 മുതൽ വരാനിരിക്കുന്ന സീസണിനായുള്ള പ്രീസീസൺ തയ്യാറെടുപ്പുകൾക്കായി നൂഹ് ടീമിനൊപ്പം ചേരും.

റൊണാൾഡോ VS എംബാപ്പെ

തോൽപ്പിക്കാനാവില്ല ഇതിഹാസത്തെ

ഫ്രാങ്ക്ഫർട്ട്:ഹീറോയായും വില്ലനായും സൂപ്പർ താരം ക്യസ്റ്റിയാനോ റൊണാൾഡോ മൈതാനം നിറഞ്ഞ 120 മിനുട്ട് പോരാട്ടത്തിന് ശേഷം ഗോൾ ക്കീപ്പർ ഡിയാഗോ കോസ്റ്റയുടെ മിന്നും മികവിൽ സ്ലോവേനിയയെ ഷൂട്ടൗട്ടിൽ 3-0 ത്തിന് തോൽപ്പിച്ച് പോർച്ചുഗൽ യൂറോ 2024 ൽ ക്വാർട്ടർ ബെർത്ത് സ്വന്തമാക്കി. ബെൽജിയത്തെ ഒരു ഗോളിന് കീഴടക്കിയ ഫ്രാൻസാണ് അവസാന എട്ടിൽ പോർച്ചുഗലിന്റെ എതിരാളികൾ. സ്ലോവേനിയ എന്ന ചെറുകിടക്കാർക്ക് മുന്നിൽ പോർച്ചുഗൽ ഗോളിനായി പതറിയ കാഴ്ച്ചയായിരുന്നു അധികസമയത്തേക്ക് ദീർഘിച്ച അങ്കത്തിൽ കണ്ടതെങ്കിൽ മൈതാനം നിറഞ്ഞത് പ്രതീക്ഷിക്കപ്പെട്ടത് പോലെ മെഗാ താരം ക്യസ്റ്റിയാനോ റൊണാൾഡോയായിരുന്നു. ആദ്യ 90 മിനുട്ടിൽ പ്രതിഭയുടെ മിന്നലാട്ടങ്ങൾ കണ്ടപ്പോൾ പലപ്പോഴും സ്ലോവേനിയക്കാർ രക്ഷപ്പെടുകയായിരുന്നു. അധികസമയത്ത് ടീമിന് അനുകൂലമായി ലഭിച്ച പെനാൽട്ടി കിക്ക് റൊണാൾഡോ പാഴാക്കിയത് പോർച്ചുഗലിന് ആഘാതമായി. സ്പാനിഷ് ലാലീഗിൽ അത്‌ലറ്റികോ മാഡ്രിഡിന്റെ വല കാക്കുന്ന ജാൻ ഒബ്‌ലാകാണ് സി.ആറിന്റെ കിക്ക് പുറത്തേക്ക് തട്ടിയത്. ഇതോടെ മൽസരം ഷൂട്ടൗട്ടിലെത്തി. അവിടെ സി.ആർ തന്നെ ആദ്യ കിക്ക് ഗോളാക്കിയപ്പോൾ സ്ലോവേനിയക്കാരുടെ ആദ്യ മൂന്ന് കിക്കുകളും ഡിയാഗോ കോസ്റ്റ കുത്തിപുറത്താക്കി.

ഫ്രാങ്ക്ഫർട്ട്:അയാൾ സ്വയം മറന്ന് വിലപിച്ചപ്പോൾ ക്യാമറാ കണ്ണുകൾ തുരുതുരാ മിന്നി... ആ കണ്ണുകളിൽ നിന്നും കണ്ണുനീർ നിറഞ്ഞൊഴുകിയ കാഴ്ച്ചയിൽ സഹതാരങ്ങൾ പോലും വിഷമവൃത്തത്തിലായി... ഒരു പെനാൽട്ടി നഷ്ടമായതിനായിരുന്നു ആ വേദന. ആര് സാന്ത്വനപ്പെടുത്തിയിട്ടും അയാളുടെ സങ്കടം അവസാനിച്ചില്ല.... കോച്ച് റോബർട്ടോ മാർട്ടിനസ് തോളത്ത് തട്ടിയിട്ടും സാൻസിലോ എന്ന സഹതാരം ആശ്ലേഷിച്ചിട്ടും ക്യസ്റ്റിയാനോ റൊണാൾഡോ എന്ന മെഗാ താരത്തിന്റെ വേദന അകന്നില്ല. കാരണം അദ്ദേഹത്തിന് ഫുട്ബോൾ സർവസ്വവുമാണ്. യൂറോ പോലെ വലിയ ചാമ്പ്യൻഷിപ്പിൽ സ്ലോവേനിയ എന്ന ചെറിയ ടീമിനെതിരായ മൽസരം അധികസമയത്തേക്ക് പോയത് തന്നെ പോർച്ചുഗലിനെ പോലെ ഒരു ടീമിന് ക്ഷീണമായിരുന്നു. അധികസമയത്ത് ജയിക്കാൻ അനുകൂലമായി ലഭിച്ച പെനാൽട്ടി കിക്ക് എടുക്കാൻ നായകനല്ലാതെ മറ്റാരുമുണ്ടായിരുന്നില്ല. ആ നിർണായക കിക്ക് പിഴച്ച വേളയിലാണ് അനുഭവ സമ്പന്നനായ ആ താരം കണ്ണീരണിഞ്ഞത്. അദ്ദേഹത്തിനറിയാമായിരുന്നു ആ നഷ്ടത്തിന്റെ ആഴം. അധിക സമയത്തിന്റെ ആദ്യ പകുതിയിലായിരുന്നു ഈ നഷ്ടം. പിന്നെയും അദ്ദേഹം പതിനഞ്ച് മിനുട്ട് കളിച്ചു. ഗോൾ പിറക്കാതെ മൽസരം ഷൂട്ടൗട്ടിലേക്ക് പോയി. കനത്ത സമ്മർദ്ദത്തിൽ ഷൂട്ടൗട്ടിൽ അദ്ദേഹം പന്ത് തട്ടാൻ വരില്ല എന്നാണ് കരുതിയതെങ്കിൽ എല്ലാവർക്കും തെറ്റി. വിജയം മാത്രം മുദ്രാവാക്യമായുള്ള ആ താരം ടീമിന്റെ അമരക്കാരനായി തന്നെ ആദ്യ കിക്കിന് മുന്നോട്ട് വന്നു-ഷൂട്ടൗട്ടിൽ സുന്ദരമായ ഗോളും നേടി. ബാക്കിയെല്ലാം ഗോൾക്കീപ്പർ ഡിയാഗോ കോസ്റ്റ നിർവഹിച്ചപ്പോൾ സി.ആർ നയിച്ച ടീം ക്വാർട്ടറുപ്പാക്കി.

സി.ആർ പെനാൽട്ടി നഷ്ടമാക്കിയതിന് ശേഷം പോർച്ചുഗൽ ഷൂട്ടൗട്ടിൽ തോറ്റ് പുറത്തായിരുന്നെങ്കിലോ...? അതായിരുന്നു സി.ആറിനെ വേദനിപ്പിച്ചിട്ടുണ്ടാവുക. പത്തൊമ്പതാം വയസിൽ രാജ്യത്തിനായി കളിക്കാൻ തുടങ്ങിയ താരം. 2006 ലെ യൂറോ മുതൽ നാടിന്റെ കുപ്പായത്തിൽ ഗോളുകൾ മാത്രമടിക്കാൻ മോഹിച്ച താരം. ആ താരത്തിന്റെ പിഴവിൽ രാജ്യം പുറത്തായാൽ ഇപ്പോൾ സ്നേഹിക്കുന്നവർ പോലും തനിക്ക് എതിരായി മാറുമെന്ന് അദ്ദേഹത്തിന് അറിയാമായിരുന്നു. അതായിരുന്നു ആ കണ്ണീർ.

മൽസരത്തിന് ശേഷം സംസാരിക്കവെ അദ്ദേഹം വീണ്ടും വികാരത്തിനടിമയായി. എല്ലാവർക്കും നല്ല ദിവസവും മോശം ദിവസവുമുണ്ടാവും. പക്ഷേ എന്റെ വേദന അതല്ല. മോശം ദിവസമാണെങ്കിലും രാജ്യം പ്രതീക്ഷിക്കുന്ന വലിയ മുഹൂർത്തത്തിൽ തിളങ്ങാൻ കഴിയാതെ വന്നാലോ..? വേദനയായിരുന്നു തുടക്കത്തിൽ. അത് പിന്നെ സന്തോഷമായി. അതാണ് ഫുട്ബോൾ എന്നറിയാം. ടീമിന്റെ തിരിച്ചുവരവിലും വിജയത്തിലും സന്തോഷിക്കുമ്പോഴും എന്റെ വേദന അകലുന്നില്ല. ഇത് എന്റെ അവസാനത്തെ യൂറോയാണ്. എന്റെ തെറ്റുകൾക്ക് മാപ്പ്... അദ്ദേഹം പറഞ്ഞു.

120 മിനുട്ട് മൽസരത്തിലും തനിക്ക് സ്ക്കോർ ചെയ്യാനായില്ലല്ലോ എന്ന വേദനയും അദ്ദേഹം പങ്ക് വെക്കാതിരുന്നില്ല. ഈ യൂറോയിൽ നാല് മൽസരം പോർച്ചുഗൽ പൂർത്തിയാക്കുമ്പോഴും രാജ്യാന്തര സോക്കറിലെ ഏറ്റവും ഉയർന്ന ഗോൾ വേട്ടക്കാരന്റെ നാമധേയത്തിൽ ഒരു ഗോളുമില്ല. നാല് മൽസരങ്ങളിൽ നിന്നായി ഇരുപത് തവണ അദ്ദേഹം പ്രതിയോഗികളുടെ വല ലക്ഷ്യമാക്കി. മറ്റൊരു താരത്തിന്റെയും നാമധേയത്തിൽ ഇല്ലാത്ത റെക്കോർഡ്. കൂട്ടുകാർ നൽകിയ പിന്തുണക്ക് നന്ദി പറഞ്ഞ റൊണോ ക്വാർട്ടറിൽ ഗോളടിക്കാൻ കാത്തിരിക്കയാണ്. അവിടെ പ്രതിയോഗികൾ പരമ്പരാഗത വൈരികളായ ഫ്രാൻസാണ്. ചരിത്രത്തിൽ 14 യൂറോ ഗോളുകളുണ്ട് സി.ആറിന്റെ നാമധേയത്തിൽ. 28 മൽസരങ്ങളിൽ നിന്നായി സമ്പാദിച്ചത്. ആ മൽസരങ്ങളിലൊന്നും കാണാത്ത രീതിയിലായിരുന്നു ഇന്നലെ റൊണോ. അവസരങ്ങൾ നഷ്ടമാവുമ്പോൾ അദ്ദേഹം ആകെ നിരാശനായി. ആകാശത്തിലേക്ക് കൈകളുയർത്തി ദൈവത്തിന്റെ കരുണ തേടി. അവസരങ്ങൾ നഷ്ടമാവുമ്പോൾ സ്വയം പഴിച്ചു. സി.ആറിന് വേണ്ടി ഘോരഘോരം മുദ്രാവാക്യങ്ങൾ മുഴക്കിയ പോർച്ചുഗീസ് ആരാധകർ ഒരു വേള നിശബ്ദരായി. അതും സൂപ്പർ താരത്തെ വിഷമിപ്പിച്ചു. ഷൂട്ടൗട്ടിൽ ഗോൾ നേടിയതിന് ശേഷം അദ്ദേഹം പതിവ് ആഘോഷത്തിലേക്കൊന്നും പോയില്ല. ആരാധകരോട് കൈകകുപ്പി വേഗം ഡഗൗട്ടിലേക്ക്.

അധികസമയത്ത് ലഭിച്ച സ്പോട്ട് കിക്ക് നഷ്ടമായ നിരാശയിൽ വിതുമ്പുന്ന പോർച്ചുഗൽ നായകൻ ക്യസ്റ്റിയാനോ റൊണാൾഡോയെ ആശ്വസിപ്പിക്കുന്ന സഹതാരം

കോസ്റ്റാ ഷോ

ഷൂട്ടൗട്ട് മികവിൽ ടീമിനെ ജയിപ്പിച്ച ഗോൾക്കീപ്പർ ഡിയാഗോ കോസ്റ്റയെ അനുമോദിക്കുന്ന നായകൻ റൊണാൾഡോ

മ്യൂണിച്ച്: ഡിയാഗോ കോസ്റ്റ എന്ന കാവൽക്കാരനായിരുന്നു സ്ലോവേനിയക്കെതിരായ പ്രിക്വാർട്ടർ പോരാട്ടത്തിൽ പോർച്ചുഗലിന്റെ താരം. സൂപ്പർ താരം ക്യസ്റ്റിയാനോ റൊണാൾഡോ ഉൾപ്പെടെയുള്ളവർ നിറം മങ്ങിയ വേളയിൽ ഷൂട്ടൗട്ടിൽ മൂന്നിൽ മൂന്ന് കിക്കും കുത്തി പുറത്താക്കിയ ഗോൾക്കീപ്പർ കളിയിലെ കേമനായി. സി.ആർ കരഞ്ഞതിലും വേദനിച്ചതിലും പ്രതികരിക്കവെ അദ്ദേഹത്തെ പോലെ ഒരു നായകനെ കിട്ടിയത് ടീമിന്റെയും രാജ്യത്തിന്റെയും ഭാഗ്യമാണെന്നാണ് കോസ്റ്റ പറഞ്ഞത്. അദ്ദേഹത്തെ പോലെ ഒരു കഠിനാദ്ധ്വാനി ഇല്ല. ടീമിന് വേണ്ടി സ്വയം സമർപ്പിക്കുന്ന ഒരാൾക്ക് ഒരു പിഴവ് വരുമ്പോൾ ഉണ്ടാവുന്ന സങ്കടം മനസിലാക്കാം. ഞങ്ങളെല്ലാം അദ്ദേഹത്തിന് പിറകിലുണ്ട്. എന്റെ കരിയറിലെ ഏറ്റവും സുന്ദരമായ ദിവസമായിരുന്നു ഇത്.

നമ്പർ വൺ പുറത്ത്

ലണ്ടൻ: വിംബിൾഡണിൽ വമ്പൻ അട്ടിമറി. വനിതാ വിഭാഗത്തിൽ നിലവിലെ ജേത്രി മാർക്കറ്റ വോൻഡ്രോസുവ പുറത്തായി. ഒരു വർഷം മുമ്പ് സീഡ് ചെയ്യപ്പെടാതെ കളിച്ച് കിരീടം സ്വന്തമാക്കി ചരിത്രത്തിൽ ഇടം നേടിയ താരത്തെ ഇന്നലെ മറിച്ചിട്ടത് സ്പെയിനിൽ നിന്നുള്ള ജെസിക ബൗസസ് മനേറിയോ. സ്ക്കോർ 6-4, 6-2. 1994 ന് ശേഷം ആദ്യമായാണ് നിലവിലെ ജേത്രി ആദ്യ റൗണ്ടിൽ തന്നെ തോറ്റ് പുറത്താവുന്നത്. 94 ൽ അന്നത്തെ ചാമ്പ്യൻ ജർമനിയുടെ സ്റ്റെഫി ഗ്രാഫ് ആദ്യ റൗണ്ടിൽ പുറത്തായിരുന്നു

ഡച്ചുകാരും നോക്കൗട്ടിൽ 3-0

മ്യൂണിച്ച്: മറുപടിയില്ലാത്ത മൂന്ന് ഗോളുകൾക്ക് റുമേനിയയെ വീഴ്ത്തി നെതർലൻഡ്സും യൂറോ ക്വാർട്ടർ ഉറപ്പാക്കി. ആദ്യ പകുതിയിൽ കോഡി ഗാക്പോയും രണ്ടാം പകുതിയിൽ രണ്ട് തവണ ഡേവിഡ് മലാനും ഡച്ച് ഗോളുകൾ സ്വന്തമാക്കി ആദ്യ പകുതിയിൽ തന്നെ റുമേനിയക്കാരുടെ അട്ടിമറി മോഹം ഡച്ചുകാർ ഇല്ലാതാക്കി. ഇംഗ്ലീഷ് പ്രീമിയർ ലീഗിൽ ലിവർപൂളിനായി കളിക്കുന്ന കോഡി ഗാക്പോയായിരുന്നു ആദ്യ വെടി പൊട്ടിച്ചത്. ഇരുപതാം മിനുട്ടിൽ സിമോൺസ് നൽകിയ പാസ് സ്വീകരിച്ച് ഇടത് വിംഗിൽ നിന്നും ഗാക്പോ പായിച്ച ഷോട്ട് റുമേനിയൻ ഗോൾക്കീപ്പറെ വീഴ്ത്തി. ഗ്രൂപ്പ് ഇ-യിൽ നിന്നും തകർപ്പൻ വിജയങ്ങളുമായി ഒന്നാം സ്ഥാനത്തെത്തി പ്രിക്വാർട്ടർ കളിക്കാനെത്തിയ റുമേനിയക്കാർക്കും തിരിച്ചടിക്ക് അവസരം കിട്ടി. പക്ഷേ പല അവസരങ്ങളും ഫിനിഷിംഗിലെ പിഴവിൽ ഇല്ലാതായി.

റുമേനിയക്കെതിരായ മൽസരത്തിൽ നെതർലൻഡ്സിന്റെ ആദ്യ ഗോൾ നേടുന്ന സ്ട്രൈക്കർ കോഡി ഗാക്പോ

യൂത്ത്കോൺഗ്രസ് യംഗ് ഇന്ത്യ പരിപാടി കണ്ണൂരിൽ മുന്നേറിക്കൊണ്ടിരിക്കുകയാണ്. ഇലക്ഷൻ സമയത്ത് യു.ഡി.എഫിന് വേണ്ടി ബൂത്തിലിരിക്കാൻ ആളുകളെ അനുവദിക്കാത്ത സമഗ്രാധിപത്യക്കോട്ടകളിൽ നിന്നുപോലും നിരവധി യുവതി യുവാക്കളാണ് യൂത്ത്കോൺഗ്രസിലൂടെ മുന്നോട്ടു വരുന്നത് . പൂർണ്ണമായും മാഫിയവൽക്കരിക്കപ്പെട്ട, കോൺഗ്രസ് വിരുദ്ധതയല്ലാതെ മറ്റൊന്നും കൈമുതലായി ഇല്ലാത്ത കേരളത്തിലെ സി.പി.എമ്മിന് അവരുടെ പരമ്പരാഗത ശക്തികേന്ദ്രങ്ങളിൽ പോലും കനത്ത തിരിച്ചടിയാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്

വി.ടി ബൽറാം

നീറ്റ് പരീക്ഷയിൽ വൻതോതിൽ അഴിമതിയും പേപ്പർ ചോർച്ചയും ആൾമാറാട്ടവും നടക്കുന്നുണ്ട്. എം.ബി.ബി.എസ് ഉൾപ്പെടെ കോഴ്സിനുള്ള അഖിലേന്ത്യാ ക്വാട്ട റദ്ദാക്കണം. അനാവശ്യമായി കുട്ടികളെ ഇളം പ്രായത്തിൽ മറ്റ് സംസ്ഥാനങ്ങളിലേക്ക് പോയി പഠിപ്പിക്കാൻ നിർബന്ധിക്കരുത്. നീറ്റ് പരീക്ഷ കൊണ്ട് ഗുണം കിട്ടുന്നത് കോച്ചിംഗ് സെന്ററുകൾക്കാണ്. മാഫിയ പോലെയാണ് ഇവരുടെ വളർച്ച.

–ഡോ. ഫസർ ഗഫൂർ

കേരള വാർത്തകൾ

സാധാരണക്കാരന്റെ ആശ്വാസ പദ്ധതികളെല്ലാം

സർക്കാർ പ്രതിസന്ധിയിലാക്കി: ആബിദ് ഹുസൈൻ തങ്ങൾ

തിരുവനന്തപുരം: പാവപ്പെട്ടവർക്ക് ആശ്വാസമാകുന്ന പദ്ധതികളെല്ലാം പിണറായി സർക്കാർ പ്രതിസന്ധിയിലാക്കിയെന്ന് പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ. നിയമസഭയിൽ ധനാഭ്യർത്ഥന ചർച്ചയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ഭിന്നശേഷി സ്കോളർഷിപ്പ്, അതിദരിദ്രർക്കുള്ളപദ്ധതി, ഡയലസിസ് രോഗികൾക്കുള്ള ധനസഹായം, പട്ടികജാതി-പട്ടികവർഗ വിഭാഗങ്ങൾക്കും മത്സ്യ തൊഴിലാളികൾക്കുമുള്ള വിവിധ പദ്ധതികൾ, പാലിയേറ്റീവ് പരിചരണ പദ്ധതി, വയോജന ക്ഷേമ പദ്ധതികൾ, ദാരിദ്ര്യ ലഘൂകരണ പദ്ധതികൾ തുടങ്ങി അവശവിഭാഗങ്ങൾക്കുള്ള നിരവധി പദ്ധതികളാണ് ഇല്ലാതാക്കിക്കൊണ്ടിരിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു.

അതിദാരിദ്ര്യം തുടച്ചുനീക്കും എന്നാണ് പ്രഖ്യാപനമെങ്കിലും ആ രീതിയിലുള്ള ആസൂത്രണമോ അധിക ഫണ്ടോ വിലയിരുത്തലുകളോ ഉണ്ടായിട്ടില്ല. തദ്ദേശസ്ഥാപനങ്ങൾക്ക് ഇതിനായി തുക കണ്ടെത്താനാവാത്ത സ്ഥിതിയാണുള്ളത്. ബജറ്റ് വിഹിതം ഏത് രീതിയിൽ ചെലവഴിക്കണമെന്ന് സർക്കാർ തന്നെ നിശ്ചയിക്കുന്ന സാഹചര്യവുമുണ്ട്. ഇടതു സർക്കാർ ഏറെ ആഘോഷപൂർവം അവതരിപ്പിച്ച ലൈഫ് പദ്ധതിക്ക് ഇന്ന് ജീവനുണ്ടോയെന്ന് പരിശോധന നടത്തണം. പദ്ധതിയിപ്രതീക്ഷയർപ്പിച്ച ഭവനരഹിതരുടെ ജീവിതം എന്താണെന്നും പരിശോധിക്കണം. 2017ലെ ലൈഫ് ലിസ്റ്റിലെ അപേക്ഷകർക്ക് പോലും പൂർണമായും അനുകൂല്യം നൽകിയിട്ടില്ല. ലൈഫ് 2020ലെ അപേക്ഷകർക്ക് രണ്ട് വർഷത്തെ കാത്തിരിപ്പിന് ശേഷം കഴിഞ്ഞ വർഷമാണ് ആനുകൂല്യം അനുവദിക്കുന്നത് സംബന്ധിച്ച് ഉത്തരവിറങ്ങിയത്.ഭൂരിഹിത ഭവനരഹിതർക്ക് ഭൂമി കണ്ടെത്തി ഭവന സമുച്ചയം നിർമ്മിച്ചു നൽകും എന്നായിരുന്നു പ്രഖ്യാപനം. എന്നാൽ വളരെ പ്രതീക്ഷയോടുകൂടി കാത്തിരുന്ന ഇത്തരം അപേക്ഷകർക്ക് എത്ര ഫ്ളാറ്റ് നിർമിച്ചു നൽകി എന്നുള്ള കാര്യം സർക്കാർ വ്യക്തമാക്കേണ്ടതുണ്ട്. യു.ഡി.എഫ് സർക്കാറിന്റെ കാലത്ത് വിവിധ ഭവന പദ്ധതികളിലൂടെ ആനുകൂല്യം ലഭിച്ച ഗുണഭോക്താക്കളുടെ അടുത്തെത്താൻ പോലും ആറുവർഷം കഴിഞ്ഞിട്ടും സാധിച്ചിട്ടില്ല. യു.ഡി.എഫ് സർക്കാറിന്റെ 2011-16 കാലയളവിൽ വിവിധ പദ്ധതികളിലൂടെ 439387 പേർക്ക് ഭവന പദ്ധതിക്കുള്ള ധനസഹായം അനുവദിച്ചിരുന്നു. ഓരോ ഗ്രാമസഭകൾക്കും തദ്ദേശസ്ഥാപന ജനപ്രതിനിധികൾക്കും തങ്ങളുടെ പ്രദേശത്തെ ഏറ്റവും അർഹരായവരിലേക്ക് ഭവന പദ്ധതി സഹായം എത്തിക്കാൻ കഴിയുമായിരുന്ന സാഹചര്യവും മാറി. അർഹരായ നിരവധി പേരുടെ ഭവന സ്വപ്നങ്ങളാണ് സർക്കാർ തകർത്തു കളഞ്ഞത്.

കാരുണ്യയിൽ 1255 കോടി കുടിശിക

ചികിത്സാ പദ്ധതികളെല്ലാം തകിടംമറിഞ്ഞു: വി.ഡി സതീശൻ

തിരുവനന്തപുരം: സംസ്ഥാനത്ത് പകർച്ചപ്പനിക്കൊപ്പം ചികിത്സാ പദ്ധതികളെല്ലാം തകിടംമറിഞ്ഞെന്ന് പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ. നിയമസഭയിൽ വാക്കൗട്ട് പ്രസംഗം നടത്തുകയായിരുന്നു അദ്ദേഹം. സാധാരണക്കാർക്ക് ആശുപത്രി ബിൽ ഉണ്ടാക്കുന്ന പ്രതിസന്ധി മറികടക്കാനാണ് കാരുണ്യ പദ്ധതി കൊണ്ടുവന്നത്. ഒരു സർജറി നടത്തുന്നതിനുള്ള തുക 2015ൽ കാരുണ്യ പദ്ധതിയിൽ നിന്നും കിട്ടുമായിരുന്നു. നിലവിൽ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ 1255 കോടിയാണ് കുടിശിക, ആരോഗ്യ കിരണത്തിന് 4 കോടിയും കാരുണ്യ ബെനെവെലെന്റ് ഫണ്ടിന് 217 കോടിയും ഹൃദ്യം പദ്ധതിക്ക് 10.38 കോടിയും ജെ.എസ്.എസ്കെയ്ക്ക് 34.87 കോടിയുമാണ് നൽകാനുള്ളത്. ഇത് പഴയതൊന്നുമല്ല, ജൂൺ 28 ന് നിയമസഭയിൽ വച്ച കണക്കാണ്. ഈ പദ്ധതികളൊക്കെ കേന്ദ്ര പദ്ധതികളാണോ? പണം നൽകാത്തതിനാൽ സ്വകാര്യ ആശുപത്രികൾ കാരുണ്യ കാർഡ് സ്വീകരിക്കുന്നില്ല.

മിനിസ്ട്രി ഓഫ് സ്റ്റാറ്റിസ്ടിക്സ് ആൻഡ് പ്രോഗ്രാം ഇംപ്ലിമെന്റേഷൻ അടുത്തിടെ 'എൻവിസ്റ്റാറ്റ്സ് ഇന്ത്യ 2024' റിപ്പോർട്ട് പുറത്തിറക്കിയിരുന്നു. ഒൻപതു രോഗങ്ങളെ കുറിച്ചാണ് റിപ്പോർട്ട്. റിപ്പോർട്ട് അനുസരിച്ച് 2023ൽ കേരളത്തിലാണ് ഏറ്റവും കൂടുതൽ ഡെങ്കിപ്പനി കേസുകളായും മരണങ്ങളും റിപ്പോർട്ട് ചെയ്തിരിക്കുന്നത്. 2023ൽ കേരളത്തിൽ 565 മലേറിയ റിപ്പോർട്ട് ചെയ്തു. ഇതിൽ 299 എണ്ണം ഏറ്റവും മാരകമാണ്. ഏഴ് മരണങ്ങളാണ് കേരളത്തിൽ സംഭവിച്ചത്. രാജ്യത്ത് ഏറ്റവും കൂടുതൽ മരണസംഖ്യയിൽ നാലാം സ്ഥാനത്താണ് കേരളം. കോവിഡ് വന്ന കാലത്തും കേരളമാണ് ഇന്ത്യയിൽ ഒന്നാം സ്ഥാനത്തെന്ന് നിങ്ങൾ പറഞ്ഞു. പിന്നീട് ലോകത്ത് ഒന്നാം സ്ഥാനത്തെന്നും. അവസാനം യഥാർത്ഥ കണക്ക് പുറത്ത് വന്നപ്പോൾ ഇന്ത്യയിൽ ഏറ്റവും കൂടുതൽ കോവിഡ് ബാധിതരുണ്ടായ രണ്ടാമത്തെ സംസ്ഥാനമായി കേരളം. ഏറ്റവും കൂടുതൽ കോവിഡ് മരണങ്ങളുണ്ടായ രണ്ടാമത്തെ സംസ്ഥാനവും കേരളമായി. കേരളത്തിന്റെ ജനസംഖ്യയുടെ മൂന്നിരട്ടി ജനസംഖ്യയുള്ള മഹാരാഷ്ട്രയാണ് ഒന്നാം സ്ഥാനത്തെത്തിയത്. എന്നിട്ടും തിരഞ്ഞെടുപ്പു കാലത്തും അതിന് മുൻപും നിങ്ങൾ പി.ആർ വർക്ക് നടത്തി. എത്ര അവാർഡുകൾ വാങ്ങി? അവാർഡ് വാങ്ങിക്കൂട്ടിയതല്ലാതെ യാഥാർത്ഥ്യം എന്തായിരുന്നു. ഇന്ത്യയിൽ ഏറ്റവും കൂടുതൽ കോവിഡ് രോഗം ഉണ്ടാകുകയും അതിനെ നിയന്ത്രിക്കാൻ സാധിക്കാതിരുന്നതുമായ സംസ്ഥാനമായിരുന്നു കേരളം. ഇതാണ് യാഥാർത്ഥ കണക്ക്. ഇതേ സാഹചര്യത്തിൽ ഇനിയും പോയാൽ കേരളം അപകടകരമായ അവസ്ഥയിലേക്ക് പോകും. രോഗങ്ങൾക്കൊന്നും ചികിത്സിക്കാനാകാത്ത അവസ്ഥയിലാണ് ജനങ്ങൾ. മഞ്ഞപ്പിത്തം വന്ന് വിട്ട് പോലും വിൽക്കേണ്ട അവസ്ഥയിലാണ് ശ്രീകാന്ത് പെരുമ്പാവൂർ എന്നയാളുടെ കുടുംബം. സാംക്രമിക രോഗങ്ങൾ നിയന്ത്രിക്കാൻ 12 കോടി രൂപയാണ് ബജറ്റിൽ നീക്കി വച്ചിരിക്കുന്നത്. ഇന്നുവരെ ചെലവഴിച്ചത് .08 ശതമാനം മാത്രമാണ് ചെലവഴിച്ചിരിക്കുന്നത്. ഇതൊന്നും ഈ സർക്കാരിന്റെ മുൻഗണനകളിലില്ല. സംസ്ഥാന, ജില്ലാ, താലൂക്ക്തലങ്ങളിൽ യോഗം ചേരുന്നതല്ലാതെ പകർച്ചവ്യാധികളെ നിയന്ത്രിക്കുന്നതിലും അതിനുള്ള കാരണങ്ങൾ കണ്ടെത്തുന്നതിലും വിവിധ വകുപ്പുകൾ തമ്മിൽ ഏകോപനമുണ്ടാക്കി ശാശ്വത പരിഹാരം കാണുന്നതിലും ഈ സർക്കാർ ദയനീയമായി പരാജയപ്പെട്ടതായും അദ്ദേഹം പറഞ്ഞു.

ലോക്സഭയിൽ കണ്ടത് രാഹുൽ ഗാന്ധി നയിക്കുന്ന ടീം ഇന്ത്യയുടെ വിജയം: മുനീർ

തിരുവനന്തപുരം: ടീം ഇന്ത്യ ലോകക്കപ്പ് നേടിയപ്പോൾ നമ്മൾ അഭിമാനിച്ചതുപോലെ ടീം ഇന്ത്യയുടെ മറ്റൊരു പോരാട്ടമായിരുന്നു ലോക്സഭയിൽ കണ്ടതെന്ന് ഡോ.എം.കെ മുനീർ. നിയമസഭയിൽ ധനകാര്യ ബില്ലിന്റെ ചർച്ചയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ഭരണഘടന സംരക്ഷിക്കാനുള്ള പോരാട്ടമാണ് രാഹുൽ ഗാന്ധി നടത്തുന്നത്. ചരിത്രത്തിൽ ഇനി ഓംബിർലയെ ഓർക്കുമ്പോൾ വിധേയനിലെ തൊമ്മിയെ ആയിരിക്കും ഇനി ഓർമ്മ വരിക. തൊമ്മി എന്ന കഥാപാത്രമാകേണ്ട ആളല്ല സ്പീക്കർ എന്ന സന്ദേശമാണ രാഹുൽഗാന്ധി നൽകിയത്. ഹിന്ദുയിസം എന്നാൽ ആർ.എസ്.എസോ ബി.ജെ.പിയോ അല്ലെന്ന് വ്യക്തമാക്കിയപ്പോൾ ഹിന്ദുവിനെതിരെ സംസാരിച്ചു എന്ന നരേറ്റീവ് സൃഷ്ടിക്കാനാണ് ശ്രമിച്ചത്. ദേശാഭിമാനിയിൽ അതാണ് വെണ്ടക്ക അക്ഷരത്തിൽ വന്നത്. ബി.ജെ.പി അദ്ദേഹത്തെ ഹിന്ദുവിരുദ്ധനെന്ന് പറഞ്ഞതാണോ വലിയ പ്രശ്നമെന്നും മുനീർ ചോദിച്ചു.

സി.പി.എം ഇടതുപക്ഷമല്ലെന്ന് തെളിയിച്ചുകൊണ്ടിരിക്കുകയാണ്. സത്യസാഗർ എന്ന ആക്ടിവിസ്റ്റ് എഴുതിയ ലേഖനത്തിൽ പറയുന്നത് നിലവിലെ ഇന്ത്യൻ സാഹചര്യത്തിൽ ഏറ്റവും വലിയ ഇടത് ചിന്തകൻ രാഹുൽ ഗാന്ധിയാണ് എന്നാണ്. ഒരുപക്ഷേ ഇത് അറിയാത്ത ഏക ഘടകം കേരളത്തിലെ സി.പി.എം ആയിരിക്കുമെന്ന് സത്യസാഗറിനെ ഉദ്ധരിച്ചുകൊണ്ട് ദാമോദർ പ്രസാദ് 'തിങ്ക്'ൽ എഴുതിയിട്ടുണ്ട്. ഒരു പകർപ്പവകാശമായോ അല്ലെങ്കിൽ ബ്രാൻഡ് ആയോ ഇടതുപക്ഷമെന്നത് സി.പി.എം കുത്തകയായി വെച്ചിട്ടുണ്ടെങ്കിലും പ്രായോഗിക തലത്തിലോ ആശയതലത്തിലോ ഇടതുപക്ഷ നോർമേറ്റീവിനോടു പോലും തെല്ലും യോജിച്ചുപോകുന്നതല്ല ഇടതുപക്ഷ ഭരണമെന്നാണ് ദാമോദർ പ്രസാദ് പറയുന്നത്.

മനുഷ്യനിർമിത അനീതിക്ക് എതിരേ നിൽക്കുമ്പോഴാണ് ഇടതുപക്ഷമാകുന്നത്. എന്നാൽ ഇവിടത്തെ ഇടതുപക്ഷം സമ്പത്തിന്റെ കുന്നുകൂട്ടലും അപഹരിക്കലും സാമൂഹികമായ മർദ്ദനവും അടിച്ചമർത്തലും സാമൂഹിക വിഭജനങ്ങളും വ്യത്യസ്തതകളുടെ നിർമാർജനവും എല്ലാം മനുഷ്യനിർമിത അനീതിയാണെങ്കിൽ ആ അനീതിയാണ് ഇന്ന് ഇടതുപക്ഷം എന്ന ഓമനപ്പേരിൽ സ്വയം വിളിക്കാൻ ആഗ്രഹിക്കുന്ന മാർക്സിസ്റ്റ് പാർട്ടി ചെയ്യുന്നതെന്ന് ദാമോദർ പ്രസാദ് പറയുന്നു. ഇതുതന്നെയല്ലേ സി.പി.എമ്മിന്റെ തിരുവനന്തപുരം ജില്ലാ കമ്മിറ്റിയും പറഞ്ഞതെന്ന് മുനീർ ചോദിച്ചു.

മുതലാളിമാരുടെ ഓശാനപാടുന്നവരായി മാറരുതെന്ന് തിരുവനന്തപരം കമ്മിറ്റി പറഞ്ഞിട്ടത്തെങ്കിലും സി.പി.എമ്മിന് നിൽക്കാനാകണം. ചുവന്ന പതാകയുമായി ഇപ്പോൾ സമരം നടക്കുന്നുണ്ട്. സി.പി.ഐയുടെ സർവീസ് സംഘടനയാണ് സർക്കാരിനെതിരെ സമരം ചെയ്യുന്നത്. ജൂലൈ ഒന്ന് ശമ്പള പരിഷ്കരണത്തിന്റെ ദിവസമായിരുന്നു. ആ ദിവസമാണ് സർക്കാരിനെതിരെ സി.പി.ഐക്കാർ സമരം ചെയ്ത്. ഡി.എ അടക്കം 19 ശതമാനത്തോളം പണം കൊടുക്കാനുണ്ട്. പണം നിങ്ങൾ എന്തിനുവേണ്ടി ചെലവഴിക്കുന്നെന്ന് കേരളത്തിലെ ജനത്തിന് അറിയണമെന്നും മുനീർ പറഞ്ഞു.

ഇടത് സർക്കാർ തദ്ദേശ സ്ഥാപനങ്ങളുടെ അധികാരം കവർന്നെടുക്കുന്നു: ടി.വി ഇബ്രാഹീം

തിരുവനന്തപുരം: പ്രാദേശിക സർക്കാറുകളായ തദ്ദേശ സ്ഥാപനങ്ങൾക്ക് കൂടുതൽ അധികാരം കൈമാറ്റം നടത്തുന്നതിന് പകരം നിലവിലുള്ള അധികാരംകൂടി ഇടത് സർക്കാർ കവർന്നെടുക്കുകയാണെന്ന് ടി.വി ഇബ്രാഹീം. ഫണ്ടുകൾ വെട്ടിക്കുറച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കഴുത്ത് ഞെരുക്കുന്ന നടപടികളാണ് സർക്കാറിന്റെ ഭാഗത്ത് നിന്നുണ്ടാകുന്നതെന്നും അദ്ദേഹം ആരോപിച്ചു. നിയമസഭയിൽ തദ്ദേശ വകുപ്പിന്റെ ധനാഭ്യർത്ഥന ചർച്ചയിൽ പങ്കെടുക്കുകയായിരുന്നു അദ്ദേഹം.

2023-24 സാമ്പത്തിക വർഷത്തിൽ തദ്ദേശ സ്ഥാപനങ്ങൾക്ക് ബജറ്റ് വിഹിതം പൂർണ്ണമായി അനുവദിക്കാതെ കബളിപ്പിക്കുന്ന സമീപനമാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചത്. സർക്കാറിന്റെ ബജറ്റ് വിഹിതം കണക്കാക്കിയാണ് തദ്ദേശ സ്ഥാപനങ്ങൾ പദ്ധതി തയ്യാറാക്കിയത്. പ്രവൃത്തി പൂർത്തീകരിച്ചപ്പോൾ പണം അനുവദിക്കാതെ സർക്കാർ ഒഴിഞ്ഞു മാറിയതു മൂലം തദ്ദേശസ്ഥാപനങ്ങൾ ഗുരുതരമായ പ്രതിസന്ധിയിലാണ്. സമീപകാലത്തെ ഏറ്റവും കുറഞ്ഞ പദ്ധതി ചെലവാണ് കഴിഞ്ഞ വർഷത്തേത്.

മെയിന്റനൻസ് ഗ്രാന്റിന്റെ അവസാന ഗഡുവായ 1215 കോടി രൂപയും ജനറൽ പർപ്പസ് ഗ്രാൻറിലെ അവസാന മൂന്ന് ഗഡുക്കളായ 557 കോടി രൂപയും 2023-24 സാമ്പത്തിക വർഷം അനുവദിച്ചിട്ടില്ല. എന്നാൽ ഈ തുക 2024 മാർച്ചിൽ അനുവദിച്ചിരുന്നുവെന്ന് പറഞ്ഞ് സഭയെ തെറ്റിദ്ധരിപ്പിക്കാനാണ് മന്ത്രി ശ്രമിച്ചത്. ഇത്തരത്തിൽ ബജറ്റ് വിഹിതം അനുവദിക്കാത്ത സാഹചര്യം ഇതിന് മുമ്പുണ്ടായിട്ടില്ല. അനുവദിച്ച ബജറ്റ് വിഹിതത്തിൽ തന്നെ 487.8 കോടിയുടെ മെയിന്റനൻസ് ഗ്രാൻറ് ബില്ലുകൾ ട്രഷറിയിൽ സ്വീകരിച്ച ശേഷം സാമ്പത്തിക വർഷം അവസാനിച്ചപ്പോൾ കൂട്ടത്തോടെ തിരിച്ച് നൽകുകയായിരുന്നു. ഇതിന് പുറമെ വികസന ഫണ്ടിൽ മാത്രം ട്രഷറിയിൽ സമർപ്പിക്കപ്പെട്ട 668.32 കോടി രൂപയുടെ ബില്ലുകളാണ് തുക അനുവദിക്കാതെ തിരിച്ചു നൽകിയത്. ഇത്ര വലിയ തുകയുടെ ബില്ലുകൾ മടക്കിയ നടപടിയും അസാധാരണമാണ്.

ഡിസംബറിൽ അനുവദിക്കേണ്ട വികസന ഫണ്ട് മാർച്ച് 22നാണ് അനുവദിച്ചത്. മാർച്ച് 27 വരെ മാത്രമാണ് ട്രഷറികളിൽ ബിൽ സ്വീകരിച്ചത്. ഇതിന് ദിവസങ്ങൾക്ക് മുമ്പ് സമർപ്പിച്ച ബില്ലുകൾ പോലും മാർച്ച് 31ന്ശേഷം ട്രഷറികളിൽ നിന്നും മടക്കി നൽകിയിട്ടുണ്ട്. ചില തദ്ദേശ സ്ഥാപനങ്ങൾക്ക് കോടിയിലേറെ തുകയുടെ ബില്ലുകൾ ലഭിക്കാതെ വന്നിട്ടുണ്ട്.

തദ്ദേശസ്ഥാപനങ്ങളോട് പതിയ പദ്ധതികളും ചെലവുകളും സർക്കാർ അടിച്ചേൽപ്പിക്കുകയാണ്. അംഗൻവാടി, ബഡ്സ്, ആരോഗ്യ കേന്ദ്രങ്ങളിലെ മരുന്നുകൾ, സാക്ഷരതാ പ്രേരക് മാർ എന്നിവരുടെ വേതനം എന്നിവയെല്ലാം പഞ്ചായത്ത് ഫണ്ടിൽ നിന്നാണ് നൽകുന്നത്. എന്നാൽ ഇതിനൊന്നും അധിക ഫണ്ട് പഞ്ചായത്തുകൾക്ക് നൽകുന്നുമില്ല. കെട്ടിട നികുതിയും പെർമിറ്റ് ഫീസും വർധിപ്പിച്ച് ജനജീവിതം ദുസ്സഹമാക്കിയിരിക്കുകയാണ്. ബിൽഡിങ് റൂളിൽ ആവശ്യമായ മാറ്റം വരുത്തണമെന്നും ടി.വി ഇബ്രാഹീം ആവശ്യപ്പെട്ടു.

പൊലീസിന്റെ പേരിൽ വ്യാജ കോൾ; കൊച്ചി സ്വദേശിനിക്ക് നഷ്ടമായത് 5.16 കോടി

കൊച്ചി: യുവതിക്ക് വന്ന കൊറിയറിൽ മയക്കുമരുന്നുകളും കമ്പ്യൂട്ടറും വ്യാജ പാസ്പോർട്ടും ഉള്ളതിനാൽ നിയമനടപടി നേരിടേണ്ടിവരുമെന്നു പറഞ്ഞ് 5.16 കോടി രൂപ തട്ടിയെടുത്തായി പരാതി. എറണാകുളം കലൂർ സ്വദേശിനിയായ യുവതിക്കാണ് കോടികൾ നഷ്ടമായത്. ജൂൺ 25ന് രാവിലെ പത്തിനാണ് യുവതിയുടെ മൊബൈൽ ഫോണിലേക്ക് ഡിഎച്ച്എൽ കൊറിയറിൽ നിന്നാണെന്ന് പറഞ്ഞ് ഫോൺ കോൾ വന്നത്. പരാതിക്കാരിയുടെ പേരിൽ അയച്ച കൊറിയറിൽ മയക്കുമരുന്നുകളും കമ്പ്യൂട്ടറും വ്യാജ പാസ്പോർട്ടുമുണ്ടെന്നും, സാമ്പത്തിക കുറ്റകൃത്യമായതിനാൽ കടുത്ത നടപടി ഉണ്ടാകുമെന്നുമായിരുന്നു അറിയിപ്പ്. തുടർന്ന് മുംബൈ പൊലീസിന്റെ ഹെഡ് കാർട്ടേഴ്സിൽ നിന്നാണെന്ന് പരിചയപ്പെടുത്തിയ ശേഷം പരാതിക്കാരിക്ക് എതിരെയുള്ള സാമ്പത്തിക തട്ടിപ്പ് കേസിൽ അറസ്റ്റ് വാറണ്ട് നിലവിലുണ്ടെന്നും, അതിനാൽ ബാങ്ക് അക്കൗണ്ടിലുള്ള മുഴുവൻ തുകയും അവർ ആവശ്യപ്പെട്ട അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തുകൊടുക്കണമെന്നും അറിയിക്കുകയുമായിരുന്നു. ഇത് വിശ്വസിച്ച് ജൂൺ 26 മുതൽ 29 വരെയുള്ള കാലയളവിൽ നാല് ബാങ്ക് അക്കൗണ്ടുകളിൽ നിന്നും എസ്ബിഐ യോനോ അക്കൗണ്ടിൽ നിന്നും പല തവണകളായി 5.16 കോടി രൂപ പ്രതികളുടെ അക്കൗണ്ടിലേക്ക് കൈമാറി. പിന്നീടാണ് ചതിയിൽപ്പെട്ടുവെന്ന് മനസിലാക്കിയതെന്നും യുവതി എറണാകുളം നോർത്ത് പൊലീസിന് പരാതിയിൽ പറയുന്നു. ബിഎൻഎസ് സെക്ഷൻ 316(2), 318 (4) പ്രകാരം പൊലീസ് കേസെടുത്ത് അന്വേഷണം ആരംഭിച്ചു.

കേരളത്തിൽ ചെങ്കൊടിയുടെ തണൽ ലഭിക്കുന്നത് അധോലോക നായകർക്ക് മാത്രം: നജീബ് കാന്തപുരം

തിരുവനന്തപുരം: കേരളത്തിൽ ചെങ്കൊടിയുടെയും സർക്കാരിന്റെയും തണൽ ലഭിക്കുന്നത് അധോലോക നായകർക്കും കോർപ്പറേറ്റുകൾക്കും മാത്രമായി ചുരുങ്ങിയെന്നും പാവപ്പെട്ട ജനങ്ങളെ കൈവിട്ടതാണ് ലോക്സഭാ തെരഞ്ഞെടുപ്പിൽ സി.പി.എമ്മിന്റെ കനത്ത പരാജയത്തിന് കാരണമെന്നും നജീബ് കാന്തപുരം. നിയമസഭയിൽ ധനാഭ്യർത്ഥന ചർച്ചയിൽ പങ്കെടുത്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

സമൂഹത്തിൽ വലിയ ഒച്ചപ്പാടുകൾ ഉണ്ടാക്കാൻ പറ്റാത്ത അടിസ്ഥാന വർഗത്തിന്റെ കഴുത്തിൽ കത്തി വെക്കുകയാണ് സംസ്ഥാന സർക്കാർ ചെയ്യുന്നത്. ദുർബല വിഭാഗങ്ങളുടെ അടിസ്ഥാന പ്രശ്നങ്ങളെ സർക്കാർ മുഖവിലക്കെടുക്കുന്നില്ല. സാധാരണക്കാരുടെ പെൻഷൻ കൃത്യമായി നൽകുന്നില്ല.

ലോക്സഭാ തിരഞ്ഞെടുപ്പിലെ കനത്ത പരാജയം വിലയിരുത്തുവാൻ പോലും സി.പി. എം തയ്യാറാവുന്നില്ല. പണത്തിന്റെയും അധികാരത്തിന്റെ മത്ത് പിടിച്ച കമ്മ്യൂണിസ്റ്റ് സർക്കാർ എന്ന ബഹുമതി മാത്രമാണ് പിണറായി സർക്കാറിനുള്ളത്. തൊഴിലാളി സമൂഹത്തോട് സി.പി.എമ്മിന് ഇപ്പോൾ വലിയ അകൽച്ചയാണ്. പണക്കാരും അധോലോക നേതാക്കളും ഗുണ്ടാ സംഘങ്ങളുമാണ് സർക്കാറിന്റെ പരിലാളന നേടുന്നത്. സ്വർണ്ണം പൊട്ടിക്കൽ സംരക്ഷണ വിഭാഗം, ക്വട്ടേഷൻ സംരക്ഷണ സംഘം, സ്കെച്ച് സംഘം എന്നീ ഘടകങ്ങൾ കൂടി രൂപീകരിക്കുന്നതാണ് നിലവിലെ രാഷ്ട്രീയ സാഹചര്യത്തിൽ സി.പി.എമ്മിന് നല്ലത്. കാരണം ചെങ്കൊടി പിടിക്കാൻ ഇപ്പോൾ സാധാരക്കാരെയും തൊഴിലാളികളെയും സി.പി.എമ്മിന് കിട്ടാതായിരിക്കുന്നു. വിദ്യാർത്ഥി സംഘടനയായ എസ്.എഫ്.ഐയെ പോലും വിദ്യാർത്ഥികൾ കൈവിട്ടിരിക്കുന്നു. പരിയാരം മെഡിക്കൽ കോളജിൽ നടന്ന തിരഞ്ഞെടുപ്പിലെ തോൽവി ഇതിന് ഉദാഹരണമാണ്.

ജനങ്ങൾക്ക് സി.പി.എമ്മിൽ വിശ്വാസം നഷ്ടപ്പെട്ടിരിക്കുകയാണ്. ഈ തെരഞ്ഞെടുപ്പ് ഫലം കൃത്യമായി പരിശോധിക്കാൻ സി.പി.എം തയ്യാറാവണമെന്നും പാർട്ടി പരാജയപ്പെടുമ്പോൾ കടന്നു വരുന്നത് ആരാണെന്ന് തിരിച്ചറിയണമെന്നും നജീബ് കാന്തപുരം പറഞ്ഞു.

എ.കെ.എം അഷ്റഫിന്റെ സബ്മിഷൻ

ദേശീയപാത നിർമാണം: ഇന്ന് ഉദ്യോഗസ്ഥരുടെ യോഗം വിളിക്കും

തിരുവനന്തപുരം: ദേശീയപാത നിർമാണവുമായി ബന്ധപ്പെട്ട് ഉയർന്നുവന്നിട്ടുള്ള പ്രശ്നങ്ങൾ പരിശോധിക്കുന്നതിന് ഇന്ന് ദേശീയപാത അതോറിറ്റി അധികൃതരുടേയും ഉദ്യോഗസ്ഥരുടേയും യോഗം വിളിക്കുമെന്ന് മന്ത്രി പി.എ മുഹമ്മദ് റിയാസ്. നിയമസഭയിൽ എ.കെ.എം അഷ്റഫിന്റെ സബ്മിഷന് മറുപടിയായാണ് മന്ത്രി ഇക്കാര്യം വ്യക്തമാക്കിയത്. നിർമാണം നടക്കുന്ന പലയിടങ്ങളിലും ശക്തമായ മഴയെത്തുടർന്ന് മണ്ണിടിച്ചിൽ ഉൾപ്പെടെ ഉണ്ടാകുന്ന കാര്യം എം.എൽ.എമാർ ശ്രദ്ധയിൽപെടുത്തിയിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി.

ദേശീയപാത 66ന്റെ നിർമ്മാണ പ്രവൃത്തികളെ സംബന്ധിച്ചാണ് എ.കെ.എം അഷ്റഫ് സബ്മിഷൻ അവതരിപ്പിച്ചത്. കേരളത്തിൽ ഏറ്റവും വേഗതയിൽ പ്രവൃത്തി നടക്കുന്ന റീച്ചാണ് മഞ്ചേശ്വരം, കാസർകോട് മണ്ഡലങ്ങൾ ഉൾപ്പെടുന്ന തലപ്പാടി-ചെങ്ങള റീച്ച്. ഈ റീച്ചിൽ 74 ശതമാനം പ്രവൃത്തി നിലവിൽ പൂർത്തിയാക്കി കഴിഞ്ഞുവെന്നും ആറുവരി ഗതാഗതം പലയിടത്തും സാധ്യമായിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു. ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട ആർബിട്രേഷൻ കേസുകൾ വേഗത്തിൽ തീർപ്പാക്കാൻ അധികമായി റിട്ടയർഡ് ജീവനക്കാരെ നിയമിക്കുന്നതിന് അനുമതി നൽകാൻ ദേശീയപാത അതോറിറ്റിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഗോവിന്ദപൈ, പെർവാട് ഭാഗത്തും ഫൂട്ട് ഓവർ ബ്രിഡ്ജ് അനിവാര്യമാണ്. മഞ്ചേശ്വരം ഉപ്പള ടൗണിലെ ഫ്ളൈ ഓവർ ബ്രഡ്ജിന്റെ നിളം വർധിപ്പിക്കണം. സർവീസ് റോഡുകളിൽ ബസ് വേ, കാൽനട യാത്രക്കാർക്കുള്ള നടപ്പാത എന്നിവയും ആവശ്യമാണെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി.

തലപ്പാടി-ചെങ്കള ആദ്യറീച്ചിൽ നിർമ്മാണം പൂർത്തിയായ പല അടിപ

അധ്യാപക നിയമനം

മഞ്ചേശ്വരം ജി.പി.എം ഗവ: കോളജിൽ 2024-25 അധ്യയന വർഷം സ്റ്റാറ്റിസ്റ്റിക്സ് വിഭാഗത്തിലെ ഒഴിവുകളിലേക്ക് അതിഥി അധ്യാപകരെ താൽകാലികമായി നിയമിക്കുന്നു. യോഗ്യരായ ഉദ്യോഗാർഥികൾ നാലിന് മുൻപായി നേരിട്ടോ, തപാൽ മുഖേനയോ പ്രിൻസിപ്പലിന് അപേക്ഷ സമർപ്പിക്കണം. അഭിമുഖത്തിന് ഹാജരാകുന്നതിനുള്ള തിയതിയും സമയക്രമവും പിന്നീട് അറിയിക്കും. അപേക്ഷ ഫോറം കോളജ് വെബ്സൈറ്റിൽ ലഭ്യമാണ്. ഫോൺ-9188900214.

പുസ്തകം കത്തിച്ച സംഭവം; സാമൂഹിക വിരുദ്ധർക്കെതിരെ നടപടിയെടുക്കണം

മുളിയാർ: ബോവിക്കാനം സ്കൂളിൽ സമൂഹിക വിരുദ്ധർ കുട്ടികളുടെ പുസ്തകങ്ങൾ കത്തിച്ച സംഭവത്തിൽ കുറ്റക്കാരെ കണ്ടെത്തി എത്രയും പെട്ടെന്ന് ശിക്ഷ ഉറപ്പാക്കാനും സാമൂഹിക വിരുദ്ധർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കണമെന്ന് പേരടുക്കം മഹാത്മജി വായനശാല ആന്റ് ഗ്രന്ഥാലയം ആവശ്യപ്പെട്ടു. വായനശാല പ്രസിഡന്റ് കെ. രഘു അധ്യക്ഷത വഹിച്ചു. വൈ. കുഞ്ഞിരാമൻ, ടി.വി മധുസൂദനൻ, വിനോദ് കുമാർ സി, രവി പാണ്ടി, കെ. രതീഷ്, ടി. സാജു, ടി.വി വിനോദ് കുമാർ, കെ.എം ഹനീഫ, വായനശാല സെക്രട്ടറി കെ. സത്യൻ, ലൈബ്രേറിയൻ ശ്രീജിന സംസാരിച്ചു.

ഡോക്ടർ ഒഴിവ്

നീലേശ്വരം: നീലേശ്വരം സി.എച്ച്.സിയിൽ ഡോക്ടറെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നു. എം.ബി.ബി.എസ്, ടി.സി.എം.സി രജിസ്ട്രേഷൻ യോഗ്യതയുള്ളവർക്ക് അപേക്ഷിക്കാം. നാലിന് രാവിലെ 10.30ന് ആശുപത്രി ഓഫീസിൽ കൂടിക്കാഴ്ച നടത്തും. ഫോൺ- 04672282933.

കാസർകോട് വാർത്തകൾ

പ്ലസ് വൺ; അധിക ബാച്ചുകൾ അനുവദിക്കണം: മുസ്‌ലിം ലീഗ്

കാസർകോട്: എസ്.എസ്.എൽ.സി പരീക്ഷയിൽ ഉന്നതവിജയം നേടിയ ജില്ലയിലെ മുഴുവൻ വിദ്യാർഥികൾക്കും അവസരം നൽകാൻ പ്ലസ് വണ്ണിന് അധിക ബാച്ചുകൾ അനുവദിക്കണമെന്ന് മുസ്‌ലിം ലീഗ് ജില്ലാ പ്രവർത്തക സമിതി യോഗം ആവശ്യപ്പെട്ടു.

ആയിരക്കണക്കിന് വിദ്യാർഥികൾ യോഗ്യതയുണ്ടായിട്ടും ഇഷ്ടപ്പെട്ട വിഷയത്തിൽ പ്രവേശനം നേടാനാകാതെ നെട്ടോട്ടമോടുകയാണ്. പല വിദ്യാർഥികൾക്കും ജില്ലയുടെ മലയോര മേഖലകളിലെ സ്കൂളുകളിലാണ് പ്രവേശനം ലഭിച്ചിട്ടുള്ളത്. മലബാർ മേഖലയിൽ സീറ്റുകൾ കുറവാണെന്ന് ബോധ്യപ്പെടുകയും അതു നിയമസഭയിൽ സമ്മതിക്കുകയും ചെയ്ത സർക്കാർ പ്രശ്ന പരിഹാരത്തിന് തയാറാകാത്തത് വിദ്യാർത്ഥികളോട് കാണിക്കുന്ന ക്രൂരതയാണ്. ബ്ലോക്ക് അടിസ്ഥാനത്തിൽ സീറ്റുകൾ കണക്കാക്കി സീറ്റുകൾ കുറവുള്ള ബ്ലോക്കുകളിൽ പുതിയ ബാച്ചുകൾ അനുവദിച്ച് പ്രശ്നത്തിന് പരിഹാരം കാണണമെന്നും യോഗം ആവശ്യപ്പെട്ടു.

പ്രസിഡന്റ് കല്ലട്ര മാഹിൻ ഹാജി അധ്യക്ഷത വഹിച്ചു. എസ്.ടി.യു സംസ്ഥാന ഭാരവാഹികളായി തിരഞ്ഞെടുക്കപ്പെട്ട ജില്ലാ കമ്മിറ്റി അംഗങ്ങളായ കെ.പി മുഹമ്മദ് അഷ്റഫിനും അഷ്റഫ് എടനീറിനും യോഗത്തിൽ സ്വീകരണം നൽകി.

മുസ്‌ലിം ലീഗ് സംസ്ഥാന ട്രഷറർ സി.ടി അഹമ്മദലിയും ജില്ലാ പ്രസിഡന്റ് കല്ലട്ര മാഹിൻ ഹാജിയും ഷാളണിയിച്ചു. ജനറൽ സെക്രട്ടറി എ. അബ്ദുൽ റഹ്മാൻ സ്വാഗതം പറഞ്ഞു. സി.ടി അഹമ്മദലി, വി.കെ.പി ഹമീദലി, എം.ബി യൂസുഫ്, എ.എം കടവത്ത്, അഡ്വ. എൻ.എ ഖാലിദ്, എ.ജി.സി ബഷീർ, എം. അബ്ദാസ്, എ.ബി ശാഫി, അബ്ദുള്ള കുഞ്ഞി ചെർക്കള, ഹാരിസ് ചൂരി, അസീസ് മരിക്കെ, മാഹിൻ കേളോട്ട്, കല്ലട്ര അബ്ദുൽ ഖാദർ, പി.കെ.സി റൗഫ് ഹാജി, എ.കെ ആരിഫ്, ടി.എം ഇഖ്ബാൽ, കെ.ബി മുഹമ്മദ് കുഞ്ഞി, അഡ്വ: എം.ടി.പി കരീം, സി.എച്ച് മുഹമ്മദ് കുഞ്ഞി ചായിന്റടി, ബേർക്ക അബ്ദുള്ള കുഞ്ഞി ഹാജി, കെ. ശാഫി ഹാജി ആദൂർ, പി.എച്ച് അബ്ദുൽ ഹമീദ് ഹാജി മച്ചമ്പാടി, അബൂബക്കർ പെർദ്ദണെ, ടി.പി കുഞ്ഞബ്ദുള്ള ഹാജി, കെ.എം അബ്ദുൽ റഹ്മാൻ,

അബ്ദുൽ ജലീൽ ഇ.ഐ, കെ.എം ബഷീർ, എ.ബി ബഷീർ പള്ളങ്കോട്, അബ്ദുൽ റസാഖ് തായലക്കണ്ടി, അഷ്റഫ് കർള, അബ്ദുൽ ഖാദർ ബി.കെ, ബി.എ റഹ്മാൻ ആരിക്കാടി, എം.കെ അബ്ദുൽ റഹ്മാൻ ഹാജി, സി.എച്ച് ഹുസൈനാർ, പി.എം ഫാറൂഖ്, അബ്ദാസ് ബീഗം, അൻവർ കോളിയടുക്കം, അൻവർ ചേരങ്കൈ, ലുക്മാൻ തളങ്കര, എ.സി.എ ലത്തീഫ്, എം.ടി അബ്ദുൽ ജബ്ബാർ, പി.കെ അബ്ദുൽ ലത്തീഫ്, അഷ്റഫ് എടനീർ, അസീസ് കളത്തൂർ, സഫീർ ആസിഫ്, അനസ് എതിർത്തോട്, സയ്യിദ് താഹ ചേരൂർ, കെ.പി മുഹമ്മദ് അഷ്റഫ്, പി.പി നസീമ കൊളവയൽ, മുംതാസ് സമീറ, രാജു കൃഷ്ണൻ, കാപ്പിൽ മുഹമ്മദ് പാഷ, എ.പി ഉമ്മർ, സി.എ അബ്ദുള്ള കുഞ്ഞി ഹാജി, അഡ്വ: പി.എ ഫൈസൽ പ്രസംഗിച്ചു.

എസ്.ടി.യു സംസ്ഥാന വൈസ് പ്രസിഡന്റായി തിരഞ്ഞെടുത്ത അഷ്റഫ് എടനീറിന് മുസ്‌ലിം ലീഗ് ജില്ലാ യോഗത്തിൽ സംസ്ഥാന ട്രഷറർ സി.ടി അഹമ്മദലി ഷാളണിയിക്കുന്നു

എസ്.ടി.യു സംസ്ഥാന ജനറൽ സെക്രട്ടറിയായി തിരഞ്ഞെടുത്ത കെ.പി മുഹമ്മദ് അഷ്റഫിന് മുസ്‌ലിം ലീഗ് ജില്ലാ പ്രസിഡന്റ് കല്ലട്ര മാഹിൻ ഹാജി ഷാളണിയിക്കുന്നു

തൃക്കരിപ്പൂർ വൾവക്കാട് മുസ്‌ലിം സാംസ്കാരിക സംഘം ഓഫീസിന് സമീപം കെ.പി.പി ഹൗസിലെ കുവൈറ്റ് കെ.എം.സി.സി പ്രവർത്തകൻ ത്വാഹിർ വാഫിയും ബീരിച്ചേരി പി. മുഹമ്മദിന്റെ മകൾ ഫാത്തിമയും തമ്മിലുള്ള കല്യാണപന്തലിൽ വരനെ ചന്ദ്രികയുടെ ദീർഘകാല വരിക്കാരനായി ചേർത്ത് ത്വാഹിർ വാഫിക്ക് വാർഡ് ലീഗ് പ്രസിഡന്റ് സി.എച്ച് ഇബ്രാഹിം കോപ്പി നൽകുന്നു. വാർഡ് മുസ്‌ലിം ലീഗ് സെക്രട്ടറി ഇബ്രാഹിം മൂപ്പന്റകത്ത്, വാർഡ് മെമ്പർ എ.കെ ഹാഷിം, ജമാഅത്ത് പ്രസിഡന്റ് അഷ്റഫ് മുൻഷി, കെ.പി.പി മുഹമ്മദ് കുത്തി, വാഫി പ്രിൻസിപ്പൽ അബ്ദുൽ റസാഖ് പങ്കെടുത്തു.

ഗൃഹപ്രവേശന ദിവസം കാഞ്ഞങ്ങാട് ബാവാ നഗറിലെ സി.എച്ച് മഷൂദിനെ കാഞ്ഞങ്ങാട് മുനിസിപ്പൽ 37-ാം വാർഡ് മുസ്‌ലിം ലീഗ് പ്രസിഡന്റ് മസാഫി മുഹമ്മദ് കുഞ്ഞി ചന്ദ്രിക വരിക്കാരനായി ചേർക്കുന്നു. വാർഡ് കൗൺസിലർ സി.കെ അഷ്റഫ്, സി.എച്ച് മൊയ്തു ഹാജി, എസ്.കെ ഖലീൽ, ഫൈസൽ കുവൈത്ത് സംബന്ധിച്ചു

ഓൺലൈൻ ടാക്സി ഡ്രൈവർക്ക് മർദനം; നടപടി വേണമെന്ന് എൻ.എ നെല്ലിക്കുന്ന്

കാസർകോട്: കൊച്ചി നഗരത്തിൽ ഓൺലൈൻ ടാക്സി ഓടിച്ചുജീവിക്കുന്ന കാസർകോട് ചട്ടഞ്ചാൽ സ്വദേശി അബ്ദുൽ റാഷിദിനെ മർദിച്ചവർക്കെതിരെ ശക്തമായ നിയമനടപടി സ്വീകരിക്കണമെന്ന് മുഖ്യമന്ത്രി പിണറായി വിജയന് നൽകിയ നിവേദനത്തിൽ എൻ.എ നെല്ലിക്കുന്ന് എം.എൽ.എ ആവശ്യപ്പെട്ടു. കാസർകോട് സ്വദേശി എന്ന ഒറ്റക്കാരണം കൊണ്ട് കൊച്ചി ഇന്റർനാഷണൽ എയർപോർട്ടിലെ പ്രിപെയ്ഡ് ടാക്സി ഡ്രൈവർമാരിൽ നിന്ന് ക്രൂരമായ മർദ്ദനങ്ങളാണ് അബ്ദുൽ റാഷിദിനുണ്ടായത്. നെടുമ്പാശ്ശേരി പൊലീസ് സ്റ്റേഷനിൽ പരാതിപ്പെടാൻ ചെന്നപ്പോൾ അവിടെയും ദുരനുഭവമാണുണ്ടായത്. കാസർകോട്ടുകാർക്ക് കൊച്ചിയിൽ വണ്ടി ഓടിക്കാൻ എന്താണവകാശമെന്നും ആരാണ് അധികാരം തന്നതെന്നുമാണ് പൊലീസ് ഇൻസ്പെക്ടർ ചോദിച്ചത്. കാസർകോട്ടുകാരുടെ ടാക്സി കണ്ടാൽ ഓരോ വണ്ടിക്കും 5000 രൂപ പിഴ ചുമത്താൻ സബ് ഇൻസ്പെക്ടർക്കു നിർദ്ദേശം നൽകുകയുണ്ടായെന്ന് അബ്ദുൽ റാഷിദ് പറയുന്നു. ഗൗരവമേറിയ ഈപ്രശ്നത്തിൽ മുഖ്യമന്ത്രി ഇടപെട്ട് കുറ്റമറ്റ രീതിയിൽ അന്വേഷണം നടത്തി പ്രതികളെ നിയമത്തിനു മുന്നിൽ കൊണ്ടുവന്നു മാതൃകാപരമായി ശിക്ഷിക്കാൻ നടപടികൾ സ്വീകരിക്കണമെന്ന് എൻ.എ നെല്ലിക്കുന്ന് ആവശ്യപ്പെട്ടു.

ബളാലിൽ വീണ്ടും ആന വിളയാട്ടം

കാഞ്ഞങ്ങാട്: ബളാൽ പഞ്ചായത്തിലെ മാലോം ബന്തമലയിൽ കാട്ടാന ഇറങ്ങി. വ്യാപകമായി കാർഷിക വിളകൾ നശിപ്പിച്ചു. ഇലക്ട്രിക് പോസ്റ്റിൽ നിന്നും വീട്ടിലേക്കുള്ള സർവീസ് വയർ ആന പൊട്ടിച്ചു. ബന്ത മലയിലെ നെറ്റോയുടെ വീട്ടിലേക്കുള്ള വൈദ്യുതി ബന്ധമാണ് ആന വിച്ഛേദിച്ചത്. തിങ്കളാഴ്ച രാത്രിയിലാണ് ഈഭാഗത്ത് ആനക്കൂട്ടം വ്യാപകമായി നാശം വരുത്തിയിരിക്കുന്നത്. ബന്തമലയിലെ ചക്കാലക്കൽ ജോർജിന്റെ കൃഷിസ്ഥലത്തെ അഞ്ചു തെങ്ങ്. ഇരുപതോളം കവുങ്ങ്. സമീപത്തേ പന്തീരാവിൽ നെറ്റോയുടെ വാഴ, തെങ്ങ്, കവുങ്ങ് എന്നിവയും വീട്ടിലേക്കുള്ള സർവീസ് വയർ ആന നശിപ്പിച്ചു.

ഉറപ്പുഴിക്കൽ ജെൻസൻന്റെ കവുങ്ങ്, തെങ്ങ്, പുത്തൻപുര മാത്യുവിന്റെ മുപ്പതോളം കവുങ്ങ്. പിണക്കാട്ട് ജോസിന്റെ കവുങ്ങ് എന്നിവരുടെ കാർഷിക വിളകളാണ് നശിപ്പിച്ചത്. കഴിഞ്ഞ ദിവസം മാലോം വലിയ പുഞ്ചയിലും ആന ഇറങ്ങിയിരുന്നു. നിലവിൽ ആനക്കൂട്ടം തങ്ങളുടെ കൃഷി സ്ഥലത്തിനോടു ചേർന്ന് തന്നെ തമ്പടിച്ചിരിക്കുന്നതായും കർഷകർ പറയുന്നു. വാർഡ് മെമ്പർ ജെസ്സി ചാക്കോ വനംവകുപ്പ് ഉദ്യോഗസ്ഥർ എന്നിവർ സ്ഥലത്ത് എത്തിയിട്ടുണ്ട്.

മാലോം ബന്തമലയിൽ കാട്ടാനക്കൂട്ടം വ്യാപകമായി കാർഷിക വിളകൾ നശിപ്പിച്ച നിലയിൽ

കേരളത്തിന്റെ റെയിൽ ഭൂപടത്തിൽ കാസർകോട് പുറത്ത്

ഫസലുറഹ്മാൻ
കാഞ്ഞങ്ങാട്

കാസർകോട്: ഷൊർണൂരിനും കണ്ണൂരിനുമിടയിൽ പുതിയ ട്രെയിൻ ഓടിത്തുടങ്ങുമ്പോഴും നിരാശയും ദുരിതവുമായി അത്യുത്തര മലബാറിലെ യാത്രക്കാർ. പുതുതായി അനുവദിച്ച ഷൊർണ്ണൂർ എക്സ്പ്രസ് മംഗളൂരുവിലേക്ക് നീട്ടണമെന്നാണ് ആവശ്യമുയരുന്നത്. ജനശതാബ്ദി, ആലപ്പുഴ എക്സിക്യൂട്ടീവ്, എറണാകുളം- കണ്ണൂർ ഇന്റർസിറ്റി, കോഴിക്കോട്- കണ്ണൂർ പാസഞ്ചറടക്കം നിരവധി ട്രെയിനുകളാണ് കണ്ണൂരിൽ യാത്ര അവസാനിപ്പിക്കുന്നത്. ഈ ട്രെയിനുകളല്ലാം വെറുതെ കണ്ണൂർ സ്റ്റേഷനിൽ കിടക്കുകയാണ് എന്നതും മറ്റൊരു വസ്തുതയാണ്.

കണ്ണൂർ- ആലപ്പുഴ എക്സ്പ്രസും കണ്ണൂർ ഷോർണ്ണൂർ എക്സ്പ്രസും കണ്ണൂർ എറണാകുളം ഇന്റർസിറ്റി എന്നിവയാണ് ഇങ്ങനെ വെറുതെ കണ്ണൂരിൽ കിടക്കുന്നത്. ഇവ മംഗളൂരുവിലേക്ക് നീട്ടിയാൽ യാത്രാദുരിതത്തിൽ ഉഴലുന്ന കാസർകോട് ജില്ലയിലെ യാത്രക്കാർക്ക് വലിയ ഉപകാരമാവും എന്നതിൽ സംശയമില്ല. നേത്രാവതി കഴിഞ്ഞാൽ കാസർകോട് ഭാഗത്തേക്ക് ട്രെയിനില്ല. കോഴിക്കോട് നിന്നും അവസാനമായി കാസർകോട് റൂട്ടിലോടുന്ന ട്രെയിൻ നേത്രാവതിയാണ്. ഇതിലാവട്ടെ യാത്രക്കാരുടെ തള്ളിക്കയറ്റമാണ്. വാഗൺ ട്രാജഡി മോഡലായിട്ടാണ് ഈ ട്രെയിനോടുന്നത്. കാസർകോട്ടേക്ക് നീട്ടുന്നതിന് പറയുന്നത് നിർത്തിയാടൻ പറ്റിയ ഹാൾട്ട് സ്റ്റേഷനുകളില്ലെന്നാണ്. എന്നാൽ കണ്ണൂർ- ചെറുവത്തൂർ പാസഞ്ചർ കണ്ണൂരിൽ നിന്നും ചെറുവത്തൂരിലെത്തിയാൽ അവിടെ നിർത്തിയിടുന്നുണ്ട്. ഇത്തരത്തിൽ കാസർകോട് അല്ലാതെ കൂടുതൽ റെയിൽവേ ലൈനുകളുള്ളിടത്ത് ട്രെയിനുകൾ നിർത്തിയടാനുള്ള സംവിധാനം റെയിൽവേ ഒരുക്കണം.

പല രീതിയിലുള്ള പ്രതിഷേധങ്ങൾക്കിടയിൽ നിരവധി കണ്ണൂർ വരെയുള്ള ട്രെയിനുകൾ മംഗളൂരു വരെ നീട്ടിയിട്ടുണ്ട്. കണ്ണൂർ- മംഗളൂരു എക്സ്പ്രസ്, അന്ത്യോദയ എക്സ്പ്രസ്, വന്ദേഭാരതും അടക്കം നിരവധി ട്രെയിനുകൾ പ്രതിഷേധത്തെ തുടർന്ന് മംഗളൂരു വരെ നീട്ടിയിട്ടുണ്ട്. ഇത്തരത്തിൽ സോഷ്യൽ മീഡിയയിലടക്കം വലിയ രൂപത്തിലുള്ള പ്രതിഷേധങ്ങൾ നടക്കുന്നുണ്ട്. കാസർകോട് ജില്ലയ്ക്ക് നേരിടുന്ന ഇത്തരത്തിലുള്ള അവഗണനയിൽ ഇവിടെയുള്ള യാത്രകാരടക്കമുള്ളവർ കടുത്ത പ്രതിഷേധമുണ്ട്.

ഷൊർണൂർ- കണ്ണൂർ ട്രെയിൻ മംഗളൂരു വരെ നീട്ടണം

കാസർകോട്: പുതുതായി ആരംഭിച്ച ഷൊർണൂർ- കണ്ണൂർ പാസഞ്ചർ ട്രെയിൻ മംഗളൂരു വരെ നീട്ടി അത്യുത്തര കേരളത്തിന്റെ യാത്രാദുരിത്തിന് പരിഹാരമുണ്ടാക്കണമെന്ന് കെൽ ഇ.എം.എൽ എസ്.ടി.യു യൂണിയൻ ആവശ്യപ്പെട്ടു. നിലവിൽ കാസർകോട് സ്റ്റേഷനിൽ സ്റ്റോപ്പില്ലാത്ത ദീർഘദൂര ട്രെയിനുകൾക്ക് ജില്ലാ ആസ്ഥാനത്ത് സ്റ്റോപ്പ് അനുവദിച്ച് ജില്ലയുടെ യാത്രാക്ലേശത്തിന് ശാശ്വതമായ പരിഹാരം വേണമെന്നും യോഗം ആവശ്യപ്പെട്ടു.

ബി.എസ് അബ്ദുല്ല അധ്യക്ഷത വഹിച്ചു. സംസ്ഥാന ജനറൽ സെക്രട്ടറി കെ.പി മുഹമ്മദ് അഷ്റഫ് ഉദ്ഘാടനം ചെയ്തു. പി.പി മുഹമ്മദ് അനീസ്, ടി. അബ്ദുൽ മുനീർ, എൻ.വി അബ്ദുൽ റഫീഖ്, സയ്യിദ് ഹുസൈൻ തങ്ങൾ, മുഹമ്മ്ദ് ഇഖ്ബാൽ, പി.എസ് ഇല്യാസ്, പി അബ്ദുൽ കരീം, ഉമ്മർ ഷാഫി, അബ്ദുൽ ഗഫാർ പ്രസംഗിച്ചു.

കേന്ദ്ര മന്ത്രിയെ കണ്ടുചർച്ച നടത്തി ഉണ്ണിത്താൻ എം.പി

കാസർകോട്: പുതുതായി മലബാറിലേക്ക് അനുവദിച്ച ഷൊർണൂർ- കണ്ണൂർ എക്സ്പ്രസ് മംഗളൂരു വരെ നീട്ടണമെന്ന് ആവശ്യപ്പെട്ട് തീരെ അവഗണിക്കപ്പെട്ട് കിടക്കുന്ന കാസർകോട് മണ്ഡലത്തിലെ പ്രധാന റെയിൽവേ സ്റ്റേഷനായ കാഞ്ഞങ്ങാട് റെയിൽവേ സ്റ്റേഷന്റെ ആവശ്യങ്ങൾ സംബന്ധിച്ചും കേന്ദ്ര മന്ത്രിക്ക് പ്രൊപോസൽ നൽകി നേരിട്ട് കണ്ടു ചർച്ച നടത്തിയതായി രാജ്മോഹൻ ഉണ്ണിത്താൻ എം.പി അറിയിച്ചു.

കാസർകോട് പ്രദേശത്തെ സാധാരണ ട്രെയിൻ യാത്രക്കാരുടെ കഷ്ടപ്പാടുകൾക്കുള്ള ഒരു പ്രതിവിധിയായിരിക്കും ഇത്. ഈസമയങ്ങളിൽ ഓടുന്ന മംഗള നേത്രാവതി എക്സ്പ്രസ് ട്രെയിനുകളുടെ തിരക്ക് കുറയ്ക്കാൻ ഷൊർണൂർ മുതൽ കാസർകോട് വരെയുള്ള യാത്രക്കാർക്ക് ഇതേറെ പ്രയോജനപ്പെടുമെന്നതിനാൽ നിലവിൽ കാസർകോട് നിയോജക മണ്ഡലത്തിൽ വൈകിട്ട് അഞ്ചു മണിക്ക് ശേഷം ട്രെയിൻ യാത്രാ സൗകര്യമില്ലാത്ത വടക്കൻ കേരളത്തിലെ ഏറ്റവും അറ്റത്തുള്ള കാസർകോട് അല്ലെങ്കിൽ മംഗളൂരു വരെ തീവണ്ടി നീട്ടണമെന്ന് മന്ത്രിയെ കണ്ടു നേരിട്ട് അഭ്യർഥിച്ചിട്ടുള്ളതായി എം.പി അറിയിച്ചു.

രാജ്മോഹൻ ഉണ്ണിത്താൻ എം.പി കേന്ദ്ര റെയിൽവേ മന്ത്രിക്ക് നിവേദനം നൽകുന്നു

വന്ദേഭാരത് ട്രെയിനുകളുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് കാസർകോട് റെയിൽവേ സ്റ്റേഷനിൽ ട്രെയിനുകളിൽ വെള്ളം നിറയ്ക്കുന്നതിന് ആവശ്യമായ സംവിധാനങ്ങൾ ഇതിനകം സജ്ജീകരിച്ചിട്ടുണ്ട്.

ഈസംവിധാനവും മറ്റും പരിഗണിക്കാവുന്നതാണെന്നും കത്തിൽ സൂചിപ്പിച്ചിട്ടുണ്ട്. മണ്ഡലത്തിലെ പ്രധാന സ്റ്റേഷനായ കാഞ്ഞങ്ങാട് റെയിൽവേ സ്റ്റേഷനും മറ്റു സ്റ്റേഷനുകൾ പൊതുവായുള്ള വിഷയങ്ങൾ സംബന്ധിച്ച് ബന്ധപ്പെട്ട റെയിൽവേ ഉദ്യോഗസ്ഥർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുമെന്നും അനുകൂലമായ തീരുമാനം ഉണ്ടാവുമെന്ന് മന്ത്രി അറിയിച്ചതായി എം.പി കൂട്ടിച്ചേർത്തു.

കാസർകോടിനെ ഒഴിവാക്കിയത് കടുത്ത അനീതി

കാസർകോട്: യാത്രാതിരക്ക് കുറക്കാൻ റെയിൽവേ പ്രഖ്യാപിച്ച ഷൊർണൂർ കണ്ണൂർ ട്രെയിൻ അൺറിസർവ്ഡ് സ്പെഷ്യൽ എക്സ്പ്രസ് മംഗളൂരു വരെ നീട്ടണമെന്ന് ജില്ലാ പ്രസിഡന്റ് സുബൈർ ഖാസിമി പടന്നയും ജനറൽ സെക്രട്ടറി ഇർഷാദ് ഹുദവി ബെദിരയും ആവശ്യപ്പെട്ടു. പുതിയ പാസഞ്ചർ തീവണ്ടി സർവീസിൽ നിന്ന് ജില്ലയെ ഒഴിവാക്കിയത് കടുത്ത അനീതിയാണെന്നും കാസർകോട്ട് യാത്രക്കാരുടെ ദുരിതം പരിഹരിക്കാൻ റെയിൽവേയും എംപി ഇടപെടണമെന്നും നേതാക്കൾ പറഞ്ഞു. ഇക്കാര്യം ആവശ്യപ്പെട്ട് ജില്ലാ ജനറൽ സെക്രട്ടറി ഇർഷാദ് ഹുദവി ബെദിര കേന്ദ്ര റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവിന് കത്തയച്ചു.

കുവൈറ്റ് കെ.എം.സി.സി കാസർകോട് മണ്ഡലം കമ്മിറ്റി നിർധനരായ കിടപ്പു രോഗികൾക്ക് നൽകുന്ന മെഡിക്കൽ ഉപകരണം (അൽ മുസാഅദ് പദ്ധതി) കാസർകോട് മണ്ഡലം പി.ടി.എച്ചിന് നൽകി മുസ്‌ലിം ലീഗ് സെക്രട്ടറിയേറ്റ് അംഗം എൻ.എ നെല്ലിക്കുന്ന് എം.എൽ.എ നിർവഹിക്കുന്നു

ഹോമിയോപ്പതി വകുപ്പിൽ നിയമനം

കാസർകോട്: ഹോമിയോപ്പതി വകുപ്പിന് കീഴിലുള്ള വിവിധ സ്ഥാപനങ്ങളിൽ അറ്റന്റർ, നഴ്സിങ് അസിസ്റ്റന്റ്, ഡിസ്പെൻസർ തസ്തികയിൽ നിലവിലുള്ള ഒഴിവുകളിലേക്ക് ദിവസ വേതനാടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കുന്നു. ഉദ്യോഗാർഥികൾ നാലിന് രാവിലെ 10ന് കാഞ്ഞങ്ങാട് ജില്ലാ ഹോമിയോ മെഡിക്കൽ ഓഫീസിൽ നടക്കുന്ന വാക് ഇൻ ഇന്റർവ്യൂവിൽ പങ്കെടുക്കണം. 04672- 2206886.

>> ഹോമിയോപ്പതി വകുപ്പിന് കീഴിലുള്ള ഫാർമസിസ്റ്റ് തസ്തികയിൽ നിലവിലുള്ള ഒഴിവുകളിലേക്ക് ദിവസ വേതനാടിസ്ഥാനത്തിൽ നിയമിക്കുന്നു. ഉദ്യോഗാർഥികൾ ആറിന് രാവിലെ 10.30ന് കാഞ്ഞങ്ങാട് ജില്ലാ ഹോമിയോ മെഡിക്കൽ ഓഫീസിൽ കൂടിക്കാഴ്ചയ്ക്ക് ഹാജരാകണം. ഫോൺ- 04672-2206886.

അണങ്കൂർ ജനകീയാരോഗ്യ കേന്ദ്രത്തിലേക്ക് മുസ്‌ലിം യൂത്ത് ലീഗ് തുരുത്തി ശാഖാ കമ്മിറ്റി നൽകുന്ന മരുന്നുകൾ ഭാരവാഹികൾ മെഡിക്കൽ ഓഫീസർ നഫീസത്ത് ഫർഹാനയ്ക്ക് കൈമാറുന്നു. ജെ.ജെ ജിജ്ന, അബിലാഷ്, എ.എച്ച് ഹബീബ്, അബൂബക്കർ മെഡിക്കൽ, അഹമ്മദ് ഉനൈസ്, ജസീൽ, അബ്ദുൽ റഹിമാൻ, മെഹറൂഫ് സംബന്ധിച്ചു.

പക്ഷാഘാത പുനരധിവാസ ചികിത്സ

കണ്ണൂർ: ജില്ലാ ആയുർവേദ ആശുപത്രിയിൽ പക്ഷാഘാത രോഗികൾക്ക് സൗജന്യ പുനരധിവാസ കിടത്തിചികിത്സ ലഭിക്കും. ഒപിയിൽ നേരിട്ട് വരികയോ ഫോണിൽ ബന്ധപ്പെടുകയോ ചെയ 8075170384 നമ്പറിൽ ബന്ധപ്പെടുകയോ ചെയ്യാം.

സ്റ്റാഫ് നഴ്സ് ഗ്രേഡ് 2; ഇന്റർവ്യൂ 5ന്

കണ്ണൂർ: ജില്ലയിൽ ആരോഗ്യ വകുപ്പിൽ സ്റ്റാഫ് നഴ്സ് ഗ്രേഡ് 2 (ഫസ്റ്റ് എൻ സി എ - മുസ്‌ലിം - 160/2023) തസ്തികയുടെ തെരഞ്ഞെടുപ്പിനായി 2024 മാർച്ച് 21ന് പ്രസിദ്ധീകരിച്ച ചുരുക്കപ്പട്ടികയിൽ ഉൾപ്പെടുകയും ഒറ്റത്തവണ പ്രമാണ പരിശോധന പൂർത്തിയാക്കുകയും ചെയ്ത ഉദ്യോഗാർഥികൾക്കായി ജൂലൈ അഞ്ചിന് ജില്ലാ പി എസ് സി ഓഫീസിൽ ഇന്റർവ്യൂ നടത്തും.

ഉദ്യോഗാർഥികൾക്ക് പ്രൊഫൈൽ മെസേജ്, ഫോൺ മെസേജ് എന്നിവ നൽകിയിട്ടുണ്ട്. ഒ ടി ആർ പ്രൊഫൈലിൽ നിന്നും ഡൗൺലോഡ് ചെയ്തെടുത്ത അഡ്മിഷൻ ടിക്കറ്റ്, ബയോഡാറ്റ ഫോം, വൺ ടൈം വെരിഫിക്കേഷൻ സർട്ടിഫിക്കറ്റ്, മറ്റ് എല്ലാ അസ്സൽ പ്രമാണങ്ങളും കമ്മീഷൻ അംഗീകരിച്ച ഏതെങ്കിലും ഒരു തിരിച്ചറിയൽ രേഖയും സഹിതം ഹാജരാകണം.

കണ്ണൂർ വാർത്തകൾ

കെട്ടിട നിർമാണ തൊഴിലാളി സെസ് പിരിവ് തദ്ദേശസ്ഥാപനങ്ങൾ ഇടനിലക്കാർ

സർക്കാർ ഉത്തരവിനെതിരെ കണ്ണൂർ കോർപ്പറേഷൻ കൗൺസിൽ

വിയോജിപ്പ് അറിയിക്കുമെന്ന് മേയർ

കണ്ണൂർ: കെട്ടിട നിർമാണ തൊഴിലാളി സെസും തദ്ദേശ സ്ഥാപനങ്ങൾ പിരിക്കണം. തദ്ദേശ സ്ഥാപനങ്ങളെ ഇടനിലക്കാരാക്കും സർക്കാർ നയങ്ങൾക്കെതിരെ എതിർപ്പ് ശക്തം. വികസന പ്രവർത്തനങ്ങൾ നടത്താനാകാത്ത വിധം മുരടിപ്പിച്ച നടപടികൾക്ക് പിന്നാലെ ബാധ്യതകൾ അടിച്ചേൽപ്പിക്കുന്ന നടപടികൾക്കെതിരെ ജനപ്രതിനിധികൾക്കിടയിൽ പ്രതിഷേധമുയരുന്നു.

കെട്ടിട നിർമാണ തൊഴിലാളി സെസ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പിരിച്ചെടുക്കണമെന്ന ഉത്തരവിനെതിരെ ഇന്നലെ കണ്ണൂർ കോർപ്പറേഷൻ കൗൺസിലിലാണ് അംഗങ്ങളുടെ പ്രതിഷേധമുയർന്നത്. ചർച്ചയെ തുടർന്ന് വിഷയത്തിൽ വിയോജിപ്പ് അറിയിക്കാൻ കൗൺസിൽ തീരുമാനിച്ചതായി മേയർ മുസ്‌ലിഹ് മഠത്തിൽ അറിയിച്ചു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ കമ്മീഷൻ ഏജന്റുമാരാക്കുന്ന രീതിയിലുള്ളതാണ് ഉത്തരവെന്നും മേയർ പറഞ്ഞു. മറ്റ് വകുപ്പുകൾ നടത്തേണ്ട ചുമതലകൾ അവരുടെ ഉത്തരവാദിത്തമില്ലായ്മ പരിഹരിക്കേണ്ടതിന് പകരം ജോലിഭാരത്താൽ പ്രയാസപ്പെടുന്ന തദ്ദേശ സ്ഥാപനങ്ങൾക്ക് നൽകിയ നടപടി അംഗീകരിക്കാനാകില്ല.

സർക്കാർ അടിച്ചേൽപ്പിക്കുന്ന വിവിധ നയങ്ങളെ തുടർന്ന് തദ്ദശ സ്ഥാപനങ്ങളും കൗൺസിലർമാരും പൊതുജനങ്ങളുടെ വെറുപ്പിന് ഇടയാക്കുകയാണെന്നും മേയർ സൂചിപ്പിച്ചു. കൗൺസിലർമാരിൽ നിന്നും ഇതേ അഭിപായമാണുയർന്നത്. എന്നാൽ തദ്ദേശ സ്ഥാപനങ്ങളുടെ പ്രവർത്തനത്തെ ബാധിക്കുന്ന വിഷയത്തെ അനുകൂലിച്ച് വിയോജിപ്പ് അറിയിക്കുകയായിരുന്നു പ്രതിപക്ഷം.

കണ്ണൂർ ഒന്നാം ക്ലാസ് മജിസ്ട്രേറ്റ് കോടതിയുടെ അധികാര പരിധിയിലുണ്ടായിരുന്ന എടക്കാട്, ചക്കരക്കൽ പൊലീസ് സ്റ്റേഷനുകളിലെ കേസുകൾ തലശ്ശേരി കോടതിയുടെ പരിധിയിലേക്ക് മാറ്റിയ നടപടി പുനഃപരിശോധിക്കണമെന്ന പ്രമേയം ഡെപ്യൂട്ടി മേയർ പി ഇന്ദിര അവതരിപ്പിച്ചു.

ഈ പൊലീസ് സ്റ്റേഷൻ പരിധിയിലെയും മുൻസിഫ് കോടതിയിലെയും കേസുകളും കണ്ണൂർ കോടതിയിലേക്ക് മാറ്റാൻ ഉത്തരവുണ്ടാകാൻ സർക്കാരിനോട് അപേക്ഷിക്കണമെന്നുമായിരുന്നു പ്രമേയം. കൗൺസിൽ അംഗീകരിച്ച പ്രമേയത്തെ കെ.പി അബ്ദുൽ റസാഖ്, സിയാദ് തങ്ങൾ, സുരേഷ് ബാബു എളയാവൂർ, പി.പി വത്സലൻ, എൻ ഉഷ, ടി.ഒ മോഹനൻ എന്നിവർ പിന്താങ്ങി. പൊതുജനങ്ങൾക്ക് ഉപകാരപ്പെടുന്ന നിർദേശമാണ് പ്രമേയത്തിലൂടെ അവതരിപ്പിച്ചതെന്ന് മേയർ മുസ്‌ലിഹ് മഠത്തിൽ അഭിപ്രായപ്പെട്ടു. പയ്യാമ്പലം ശാന്തിതീരം ശ്മശാനത്തിലെ നിലവിലെ പ്രശ്നങ്ങൾ പരിഹരിക്കാനും ചേലോറ ശ്മശാനം പ്രവർത്തനം ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ ആരംഭിച്ചതായും മേയർ അറിയിച്ചു. ജീവനക്കാരുടെ അലംഭാവത്താൽ ഉണ്ടായ പ്രശ്നങ്ങൾ പരിഹരിക്കാനും കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുമെന്നും മേയർ അറിയിച്ചു.

അമീബിക് മസ്തിഷ്ക ജ്വരം ബാധിച്ച് കുട്ടി മരിക്കാനിടയായ വിഷയവും കൗൺസിലിൽ എത്തി. ബിജോയ് തയ്യിലിന്റെ പരാമർശത്തിന് മറുപടിയായി കോർപ്പറേഷനിലെ പൊതുകുളങ്ങൾ ശുചീകരിച്ച് ക്ലോറിനേറ്റ് ചെയ്യാനും ഡെങ്കിപ്പനി, മഞ്ഞപ്പിത്തം തുടങ്ങി പകർച്ചവ്യാധികൾ പടരുന്ന സാഹചര്യത്തിൽ ശുചിത്വം പാലിക്കാൻ കടയുടമകൾക്കും ഹോട്ടലുകൾക്കും നിർദേശം നൽകിയതായും മേയർ അറിയിച്ചു. പരിശോധനകൾ ശക്തമാക്കാൻ ആരോഗ്യ വിഭാഗത്തിനും നിർദേശം നൽകിയിട്ടുണ്ടെന്നും മേയർ വ്യക്തമാക്കി.

പെൻഷൻ മസ്റ്ററിംഗ്: സർക്കാർ നിലപാട് ദ്രോഹകരം

സാധാരണക്കാരെ ദ്രോഹിക്കുന്ന സമീപനമാണ് സർക്കാർ പെൻഷൻ മസ്റ്ററിംഗിലൂടെ സ്വീകരിക്കുന്നതെന്ന് ക്ഷേമകാര്യ സ്ഥിരംസമിതി അധ്യക്ഷ പി ഷമീമ കൗൺസിലിന്റെ ശ്രദ്ധയിൽപെടുത്തി. സാമൂഹ്യസുരക്ഷാ പെൻഷൻ ഗുണഭോക്താക്കളുടെ മസ്റ്ററിംഗ് അടുത്ത മാസം 24നകം പൂർത്തിയാക്കണമെന്നാണ് സർക്കാർ ഉത്തരവ്. ഈ ഉത്തരവ് യഥാർഥത്തിൽ സമൂഹത്തിലെ ദുർബലരായ സാമൂഹ്യ സുരക്ഷ പെൻഷൻകാരോട് സർക്കാർ കാണിക്കുന്ന വഞ്ചനയാണെന്നും ഷമീമ അഭിപ്രായപ്പെട്ടു.

മുൻകാലങ്ങളിൽ ലൈഫ് സർട്ടിഫിക്കറ്റ്, പുനർ വിവാഹിതയല്ല എന്ന സാക്ഷ്യപത്രം തുടങ്ങിയ രേഖകൾ നൽകിയാൽ മതിയായിരുന്നു എന്നതിന് പകരമാണ് ഇപ്പോൾ മസ്റ്ററിംഗ് നടക്കുന്നത്. മസ്റ്ററിംഗ് നടത്തുന്നത് വരെ കാലയളവിലെ പെൻഷൻ കുടിശ്ശിക സർക്കാർ നൽകാത്തതും ക്രൂരതയാണ്. ജനപ്രതിനിധികളെ വിശ്വാസത്തിലെടുത്ത് ജനപ്രതിനിധികളുടെ സാക്ഷ്യപത്രം മുഖേന പെൻഷൻ അനുവദിക്കാൻ സർക്കാർ തയാറാകണം.

പെൻഷൻ മസ്റ്ററിംഗ് സമ്പ്രദായത്തിലൂടെ ലാഭക്കച്ചവടമാണ് സർക്കാർ ലക്ഷ്യമിടുന്നത്. താഴെക്കിടയിൽ തദ്ദേശ സ്ഥാപന അംഗങ്ങൾ നൽകുന്ന സാക്ഷ്യ പത്രങ്ങളെ വിശ്വാസത്തിലെടുക്കുന്നില്ലെന്നും കൗൺസിൽ കുറ്റപ്പെടുത്തി.

കയറും മുമ്പ് ബെല്ലടിച്ചു ബസിൽ നിന്നുവീണ് വിദ്യാർഥിനിക്ക് പരിക്ക്

പാനൂർ: മാറുന്നില്ല വിദ്യാർഥികളോട് ബസ് ജീവനക്കരുടെ സമീപനം. കയറും മുമ്പ് മണിയടിച്ചതിനെ തുടർന്ന് ബസിൽ നിന്നു വീണ് വിദ്യാർഥിനിക്ക് പരിക്ക്. ഇന്നലെ രാവിലെയാണ് സംഭവം. ചമ്പാട് ചോതാവൂർ ഹയർസെക്കന്ററി സകൂളിലെ വിദ്യാർഥിനി പന്ന്യന്നൂരിലെ നിയയ്ക്കാണ് പരിക്കേറ്റത്. സ്കൂൾ യാത്രക്കിടെ പാനൂർ ബസ്സ്റ്റാന്റിൽ വെച്ചായിരുന്നു അപകടം. പ്ലസ്ടു ഹ്യൂമാനിറ്റീസ് വിദ്യാർഥിനിയാണ്.

പാനൂർ പൊലീസിൽ പരാതി നൽകി. പാനൂർ-തലശേരി റൂട്ടിലോടുന്ന പ്രിൻസ് ബസാണ് അപകടം വരുത്തിയത്. നിയ കയറവെ ബസ് മുന്നോട്ടെടുത്തപ്പോൾ ഡോർ അടക്കുന്നതിനിടെ പിന്നിലേക്ക് വീഴുകയായിരുന്നു. എന്നാൽ വിദ്യാർഥിനിയെ തിരിഞ്ഞുനോക്കാതെ ബസ് യാത്ര തുടരുകയായിരുന്നെന്ന് കൂടെയുണ്ടായിരുന്ന വിദ്യാർഥിനികൾ പറഞ്ഞു.

കൈക്ക് പരിക്കേറ്റ നിയ ചികിത്സ തേടി. വിദ്യാർഥിനികൾ പി.ടി.എ പ്രസിഡന്റ് നസീർ ഇടവലത്തിന്റെ നേതൃത്വത്തിൽ പാനൂർ സ്റ്റേഷനിലെത്തി പരാതി നൽകുകയായിരുന്നു. ബസ് ജീവനക്കാരിൽ ചിലർ പലപ്പോഴും ബസിൽ കയറാൻ അനുവദിക്കുന്നില്ലെന്നും സ്കൂളിൽ സമയത്തെത്താൻ സാധിക്കുന്നില്ലെന്നും വിദ്യാർഥിനികൾ പറഞ്ഞു.

മാലോം ബന്തമലയിൽ കാട്ടാനക്കൂട്ടം വ്യാപകമായി കാർഷിക വിളകൾ നശിപ്പിച്ച നിലയിൽ

ബളാലിൽ വീണ്ടും ആന വിളയാട്ടം

കാഞ്ഞങ്ങാട്: ബളാൽ പഞ്ചായത്തിലെ മാലോം ബന്തമലയിൽ കാട്ടാന ഇറങ്ങി. വ്യാപകമായി കാർഷിക വിളകൾ നശിപ്പിച്ചു. ഇലക്ട്രിക് പോസ്റ്റിൽ നിന്നും വീട്ടിലേക്കുള്ള സർവീസ് വയർ ആന പൊട്ടിച്ചു. ബന്ത മലയിലെ നെറ്റോയുടെ വീട്ടിലേക്കുള്ള വൈദ്യുതി ബന്ധമാണ് ആന വിച്ഛേദിച്ചത്. തിങ്കളാഴ്ച രാത്രിയിലാണ് ഈഭാഗത്ത് ആനക്കൂട്ടം വ്യാപകമായി നാശം വരുത്തിയിരിക്കുന്നത്. ബന്തമലയിലെ ചക്കാലക്കൽ ജോർജിന്റെ കൃഷിസ്ഥലത്തെ അഞ്ചു തെങ്ങ്. ഇരുപതോളം കവുങ്ങ്. സമീപത്തേ പന്തീരാവിൽ നെറ്റോയുടെ വാഴ, തെങ്ങ്, കവുങ്ങ് എന്നിവയും വീട്ടിലേക്കുള്ള സർവീസ് വയർ ആന നശിപ്പിച്ചു.

ഉറപ്പുഴിക്കൽ ജെൻസൻന്റെ കവുങ്ങ്, തെങ്ങ്, പുത്തൻപുര മാത്യുവിന്റെ മുപ്പതോളം കവുങ്ങ്. പിണക്കാട്ട് ജോസിന്റെ കവുങ്ങ് എന്നിവരുടെ കാർഷിക വിളകളാണ് നശിപ്പിച്ചത്. കഴിഞ്ഞ ദിവസം മാലോം വലിയ പുഞ്ചയിലും ആന ഇറങ്ങിയിരുന്നു. നിലവിൽ ആനക്കൂട്ടം തങ്ങളുടെ കൃഷി സ്ഥലത്തിനോടു ചേർന്ന് തന്നെ തമ്പടിച്ചിരിക്കുന്നതായും കർഷകർ പറയുന്നു. വാർഡ് മെമ്പർ ജെസ്സി ചാക്കോ വനംവകുപ്പ് ഉദ്യോഗസ്ഥർ എന്നിവർ സ്ഥലത്ത് എത്തിയിട്ടുണ്ട്.

ഹോമിയോപ്പതി വകുപ്പിൽ നിയമനം

കാസർകോട്: ഹോമിയോപ്പതി വകുപ്പിന് കീഴിലുള്ള വിവിധ സ്ഥാപനങ്ങളിൽ അറ്റന്റർ, നഴ്സിങ് അസിസ്റ്റന്റ്, ഡിസ്പെൻസർ തസ്തികയിൽ നിലവിലുള്ള ഒഴിവുകളിലേക്ക് ദിവസ വേതനാടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കുന്നു. ഉദ്യോഗാർഥികൾ നാലിന് രാവിലെ 10ന് കാഞ്ഞങ്ങാട് ജില്ലാ ഹോമിയോ മെഡിക്കൽ ഓഫീസിൽ നടക്കുന്ന വാക് ഇൻ ഇന്റർവ്യൂവിൽ പങ്കെടുക്കണം. 04672- 2206886.

>> ഹോമിയോപ്പതി വകുപ്പിന് കീഴിലുള്ള ഫാർമസിസ്റ്റ് തസ്തികയിൽ നിലവിലുള്ള ഒഴിവുകളിലേക്ക് ദിവസ വേതനാടിസ്ഥാനത്തിൽ നിയമിക്കുന്നു. ഉദ്യോഗാർഥികൾ ആറിന് രാവിലെ 10.30ന് കാഞ്ഞങ്ങാട് ജില്ലാ ഹോമിയോ മെഡിക്കൽ ഓഫീസിൽ കൂടിക്കാഴ്ചയ്ക്ക് ഹാജരാകണം. ഫോൺ- 04672-2206886.

20കാരിയെ ബലാത്സംഗം ചെയ്ത ജിംനേഷ്യം ഉടമ അറസ്റ്റിൽ

പയ്യന്നൂർ: നഗരത്തിൽ ഫിസിയോ തെറാപ്പി ചെയ്യാനെത്തിയ 20കാരിയെ ബലാത്സംഗം ചെയ്ത കേസിൽ ജിംനേഷ്യം ഉടമ അറസ്റ്റിൽ. പഴയ ബസ്സ്റ്റാന്റിന് സമീപം പ്രവർത്തിക്കുന്ന ആരോഗ്യ വെൽനസ് ക്ലിനിക് ഫിറ്റ്നസ് ആന്റ് ജിം ഉടമ പയ്യന്നൂർ പൊലീസ് ക്വാർട്ടേഴ്സിന് സമീപത്തെ ശരത് നമ്പ്യാരെ(42)യാണ് ഇൻസ്പെക്ടർ ജീവൻ ജോർജ് അറസ്റ്റ് ചെയ്തത്.

ഇന്നലെ ഉച്ചയ്ക്ക് പഴയ ബസ്സ്റ്റാന്റിന് സമീപം സ്ഥാപനത്തിൽ വെച്ചായിരുന്നു സംഭവം. ഫിസിയോ തെറാപ്പി ചെയ്യാനെത്തിയ 20കാരിയെ ഇയാൾ ലൈംഗികമായി പീഡിപ്പിച്ചുവെന്നാണ് പരാതി. ചികിത്സക്കിടെ മുറി അകത്ത് നിന്ന് പൂട്ടിയതോടെ യുവതിക്ക് രക്ഷപ്പെടാനായില്ല. പുറത്തിറങ്ങിയ ഉടനെയാണ് യുവതി പയ്യന്നൂർ പൊലീസ് സ്റ്റേഷനിലെത്തി പരാതി നൽകിയത്. യുവതിയുടെ മൊഴി രേഖപ്പെടുത്തിയ പൊലീസ് രാത്രിയോടെ ശരത് നമ്പ്യാരെ കസ്റ്റഡിയിലെടുക്കുകയായിരുന്നു. ചോദ്യം ചെയ്യലിനും മറ്റ് നടപടികൾക്കും ശേഷം പയ്യന്നൂർ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയിൽ ഹാജരാക്കിയ പ്രതിയെ റിമാന്റ്ചെയ്തു.

പ്രതിയുടെ ജിംനേഷ്യം അടിച്ചുതകർത്തു

അഞ്ച് പേർ അറസ്റ്റിൽ

പയ്യന്നൂർ: ബലാത്സംഗ കേസിൽ അറസ്റ്റിലായ പ്രതിയുടെ ജിംനേഷ്യം അടിച്ചുതകർത്തു. അഞ്ച് പേർ അറസ്റ്റിൽ. ഇന്നലെ ഉച്ചയ്ക്ക് 1.30ഓടെയാണ് സംഭവം.

അക്രമ സംഭവവുമായി ബന്ധപ്പെട്ട് കണ്ടോത്ത് സ്വദേശികളായ അഞ്ച് പേരെയാണ് പയ്യന്നൂർ പൊലീസ് ഇൻസ്പെക്ടർ ജീവൻ ജോർജിന്റെ നേതൃത്വത്തിൽ അറസ്റ്റ് ചെയ്തത്.

ബലാത്സംഗ കേസിൽ പ്രതിയെ അറസ്റ്റു ചെയ്ത് കോടതിയിൽ ഹാജരാക്കിയതിന് പിന്നാലെയായിരുന്നു അക്രമം. സ്ഥലത്തെത്തിയ പൊലീസ് പ്രതികളിൽ ചിലരെ ഓടിച്ച് പിടികൂടുകയായിരുന്നു.

ജിംനേഷ്യം തകർന്ന നിലയിൽ

പയ്യന്നൂർ പഴയ ബസ്സ്റ്റാന്റിന് സമീപം പ്രവർത്തിക്കുന്ന ആരോഗ്യ വെൽനസ് ക്ലിനിക് ഫിറ്റ്നസ് ആന്റ് ജിം സ്ഥാപനമാണ് അടിച്ചുതകർത്തത്. സംഭവത്തിൽ ഇ കപിൽ (32), എം.വി ഷനു(29), ഇ ലിഗിൻ (28), എൻ ശ്യാമൻ (24), അഖിൽ ഭാസ്കർ എന്നിവരെയാണ് അറസ്റ്റ് ചെയ്തത്.

മുസ്‌ലിംലീഗ് തദ്ദേശീയം-25 അഴീക്കോട് മണ്ഡലംതല ഉദ്ഘാടനം കെ.ടി സഹദുല്ല നിർവഹിക്കുന്നു

മുസ്‌ലിംലീഗ് തദ്ദേശീയം-25 അഴീക്കോട് മണ്ഡലം ശിൽപശാല

പുതിയതെരു: മുസ്‌ലിംലീഗ് തദ്ദേശീയം-25 അഴീക്കോട് മണ്ഡലം ഏകദിന ശിൽപശാല പുതിയതെരുവിൽ ജില്ലാ ജനറൽ സെക്രട്ടറി കെ.ടി സഹദുല്ല ഉദ്ഘാടനം ചെയ്തു. മണ്ഡലം പ്രസിഡന്റ് പി.വി അബ്ദുല്ല മാസ്റ്റർ അധ്യക്ഷനായി. 2025ലെ തദ്ദേശ തെരഞ്ഞെടുപ്പ് മുന്നൊരുക്ക പ്രവർത്തനങ്ങളുടെ മുന്നോടിയായി ജില്ലാ കമ്മിറ്റി നിർദേശപ്രകാരമായിരുന്നു ശിൽപശാല.

വിവിധ വിഷയങ്ങളിൽ അഡ്വ. കെ.എ ലത്തീഫ്, മുസ്തഫ കൊടിപ്പോയിൽ, സി.പി റഷീദ് ക്ലാസെടുത്തു. ജില്ലാ ഭാരവാഹികളായ വി.പി വമ്പൻ, ഇബ്രാഹിംകുട്ടി തിരുവട്ടൂർ, ടി.എ തങ്ങൾ, മഹമൂദ് അള്ളാംകുളം, സി.കെ മുഹമ്മദ്, ബി.കെ അഹമ്മദ്, ജില്ലാ കമ്മിറ്റി അംഗങ്ങളായ കെ.വി ഹാരിസ്, പി.എം മുഹമ്മദ്കുഞ്ഞി ഹാജി, സി കുഞ്ഞഹമ്മദ് ഹാജി, ടി.കെ ഹുസൈൻ, കെ.എൻ മുസ്തഫ ഹാജി, കെ.പി.എ സലീം, മണ്ഡലം ഭാരവാഹികളായ കെ ഇബ്രാഹിംകുട്ടി ഹാജി, സി.കെ അബ്ദുൽ ഖാദർ, ബഷീർ അഹമ്മദ്, കെ.ടി ഹാഷിം, പി.പി സുബൈർ, വാസിൽ ചാലാട്, യൂത്ത് ലീഗ് ജില്ലാ സെക്രട്ടറി കെ.കെ ഷിനാജ്, വനിതാലീഗ് ജില്ലാ വൈസ് പ്രസിഡന്റ് റംസീന റൗഫ്, വളപട്ടണം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പി.പി ഷമീമ, വൈസ് പ്രസിഡന്റ് ജംഷീറ, കെവി പ്രചിത്ര, താഹിറ സംസാരിച്ചു.

കെവി അഷ്റഫ്, കെപി ഹാരിസ്, ഒകെ മൊയ്ദീൻ, വിപി അബ്ദുൽ സത്താർ, എംടി മുഹമ്മദ്, അഷ്റഫ് ഹാജി കാട്ടാമ്പള്ളി, മഹമൂദ് ഹാജി, ടിപി ഷഹീദ്, നസീർ ചാലാട്, ബി അബ്ദുൽകരീം, അഷ്കർ കണ്ണാടിപറമ്പ്, അജ്മൽ കെപി, കെപി റാഷിദ്, ബീവി, കൗലത്ത്, യശോദാ സുജീറ, മൈമൂനത് മാങ്കടവ് ചർച്ചയിൽ പങ്കെടുത്തു. മണ്ഡലം സെക്രട്ടറി സിദ്ദീഖ് പുന്നക്കൽ സ്വാഗതവും ട്രഷറർ എൻ.എ ഗഫൂർ നന്ദിയും പറഞ്ഞു.

പയ്യന്നൂരിൽ പൊലീസ് നടപടി ശക്തമാക്കണം: മുസ്‌ലിംലീഗ്

പയ്യന്നൂർ: പയ്യന്നൂരിലും പരിസരങ്ങളിലുംനടന്ന കവർച്ചാ കേസുകളിലെ പ്രതികളെ പിടികൂടുന്നതിനും വർധിച്ചുവരുന്ന കവർച്ചകൾ തടയുന്നതിനും പൊലീസ് ശക്തമായ നടപടികൾ സ്വീകരിക്കണമെന്ന് പയ്യന്നൂർ മണ്ഡലം മുസ്‌ലിംലീഗ് ഭാരവാഹികളുടെ യോഗം ആവശ്യപ്പെട്ടു.

രാത്രികാല പട്രോളിങ്ങും വാഹനപരിശോധനയുംശക്തമാക്കണമെന്നും ആവശ്യപ്പെട്ടു.

പ്രസിഡന്റ് കെ.കെ അഷ്റഫ് അദ്ധ്യക്ഷനായി. ജനറൽ സെക്രട്ടറി ഇഖ്ബാൽ കോയിപ്ര സ്വാഗതം പറഞ്ഞു. എ.പി ഹാരിസ്, പി.എം ലത്തീഫ്, വികെപി ഇസ്മാഇൗൽ, ടി.പി മുസ്തഫ, പി.കെ അബ്ദുൽഖാദർ മൗലവി, പി മുസ്തഫ സംബന്ധിച്ചു.

തിരക്ക് കുറക്കാൻ പുതിയ വണ്ടിയെത്തി വരവേറ്റു കണ്ണൂർ

കണ്ണൂർ: ഷൊർണൂർ-കണ്ണൂർ പാതയിൽ തിരക്ക് കുറക്കാൻ ഓടിത്തുടങ്ങിയ പുതിയ വണ്ടിയെ വരവേറ്റു ആവേശത്തിൽ. 06031 ഷോർണ്ണൂർ- കണ്ണൂർ പ്രത്യേക വണ്ടിക്ക് ഇന്നലെ വൈകീട്ട് കണ്ണൂരിൽ നോർത്ത് മലബാർ റെയിൽവേ പാസഞ്ചേഴ്സ് കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ നേതൃത്വത്തിലാണ് യാത്രക്കാർ സ്വീകരണം നൽകിയത്. മുത്തു കുടയും ഗാന മേളയും സ്വീകരണത്തിന് കൊഴുപ്പേകി.

ചെന്നൈ സോണൽ റെയിൽ കൺസൾട്ടേറ്റീവ് അംഗം റഷീദ് കവ്വായി ലോക്കോ പൈലറ്റുമാരെ ഹാരമണിയിച്ചു. എൻ.എം.ആർ.പി.സി. ജനറൽ കൺവീനർ ദിനു മൊട്ടമ്മൽ ബൊക്കെ നൽകി.

കണ്ണൂർ റെയിൽവേ കൺസൾട്ടേറ്റീവ് അംഗം പി വിജിത്കുമാർ, വ്യാപാരി വ്യവസായി ഏകോപന സമിതി ജില്ലാ വൈസ് പ്രസിഡന്റ് രാജൻ തീയറേത്ത്, സി.കെ ജിജു, പി.കെ വത്സൻ, അലവിൽ ആസാദ്, രാജു ചാൾസ്, കെ എം.കെ അബ്ദുൽ ഗഫൂർ, കെ അസ്വട്ടി, അഷ്റഫ് താണ പങ്കെടുത്തു. 7.40ന് കണ്ണൂരിൽ യാത്ര അവസാനിപ്പിക്കുന്ന വണ്ടി 7.25ന് നേരത്തെ കണ്ണൂരിൽ എത്തിച്ചേർന്നു. കാസർകോടേക്ക് നീട്ടി മലബാറുകാരുടെ യാത്രാ ദുരിതത്തിന് അറുതി വരുത്തണമെന്ന് എൻ.എം. ആർ.പി.സി ആവശ്യപ്പെട്ടു.

ഷോർണ്ണൂർ- കണ്ണൂർ സ്പെഷൽ ട്രെയിനിന് നോർത്ത് മലബാർ റെയിൽവേ പാസഞ്ചേർസ് കോ-ഓർഡിനേഷൻ കമ്മിറ്റി കണ്ണൂർ റെയിൽവേ സ്റ്റേഷനിൽ നൽകിയ സ്വീകരണം

കെ.സി കുഞ്ഞബ്ദുല്ല അനുസ്മരണവും പ്രാർഥനാ സംഗമവും ജില്ലാ കമ്മിറ്റിയംഗം സി.പി.ഒ മുഹമ്മദ് ഹാജി ഉദ്ഘാടനം ചെയ്യുന്നു

കെ.സി കുഞ്ഞബ്ദുല്ല അനുസ്മരണം

കൂത്തുപറമ്പ്: മുസ്‌ലിംലീഗ് കൂത്തുപറമ്പ് മുനിസിപ്പൽ കമ്മിറ്റി സംഘടിപ്പിച്ച കെ.സി കുഞ്ഞബ്ദുല്ല അനുസ്മരണവും പ്രാർഥനാ സംഗമവും ജില്ലാ കമ്മിറ്റിയംഗം സി.പി.ഒ മുഹമ്മദ് ഹാജി ഉദ്ഘാടനം ചെയ്തു. എൻ.ടി റഷീദ് പ്രഭാഷണം നടത്തി. കൂത്തുപറമ്പ് മുനിസിപ്പൽ പ്രസിഡന്റ് മൊട്ടമ്മൽ അലി അധ്യക്ഷനായി. കെ.എം.സി.സി ദുബായ് ജില്ലാ വൈസ് പ്രസിഡന്റ് പി.കെ നിസാർ, സിദ്ദീഖ് പാറാൽ, കെ.പി ഉമ്മർകുട്ടി, ഒ.പി മുഹമ്മദ്, നൗഷാദ് മാടത്താടി, ബി.കെ റഹീം, പി.പി അൻവർ സാദത്ത്, പി.പി ഹനീഫ പങ്കെടുത്തു.

ഫിസിയോ തെറാപിസ്റ്റ് പ്രയോഗം വാസ്തവ വിരുദ്ധം

പയ്യന്നൂർ: ഹെൽത്ത് സെന്റർ ട്രെയിനർ ശരത് നമ്പ്യാർ യുവതിയെ പീഡിപ്പിച്ചുവെന്ന വാർത്തയിൽ പ്രതിഫിസിയോ തെറാപ്പിസ്റ്റ് എന്ന ത് വാസ്തവ വിരുദ്ധമാണെന്ന് ഇന്ത്യൻ അസോസിയേഷൻ ഓഫ് ഫിസിയോ തെറാപ്പിസ്റ്റ് ജില്ലാകമ്മിറ്റി വാർത്താ സമ്മേളനത്തിൽ അറിയിച്ചു. ദേശീയ അലൈഡ് ആന്റ് ഹെൽത്ത് കെയർ കൗൺസിൽ മാനദണ്ഡപ്രകാരം യാതൊരു യോഗ്യതയും പ്രതിക്കില്ല. അസോസിയേഷൻ നൽകിയ പരാതികൾ സ്വാധീനമുപയോഗിച്ച് ഒതുക്കിത്തീർക്കുകയായിരുന്നു. പൊതുജനാരോഗ്യത്തിന് ഭീഷണിയായി സംസ്ഥാനത്ത് നിരവധി സ്ഥാപനങ്ങൾ ഇത്തരത്തിൽ പ്രവർത്തിക്കുന്നുണ്ടെന്നും വാർത്താസമ്മേളനത്തിൽ റിജിൽ മുതായി, അനീസ് മുഹമ്മദ്, മുസഫർ മഹമൂദ്, ഷുബിഷ്, രഞ്ജിത്ത് പറഞ്ഞു.

താലൂക്ക് വികസന സമിതി യോഗം 6ന്

വെള്ളരിക്കുണ്ട്: വെള്ളരിക്കുണ്ട് താലൂക്ക് വികസന സമിതിയുടെ ജൂലൈ മാസത്തിലെ യോഗം ജൂലൈ ആറിന് വൈകിട്ട് മൂന്നിന് വെള്ളരിക്കുണ്ട് താലൂക്ക് മിനി സിവിൽ സ്റ്റേഷൻ കോൺഫറൻസ് ഹാളിൽ ചേരും.

ടെക്നിക്കൽ അസിസ്റ്റന്റ് ഒഴിവ്

കാസർകോട്: കാഞ്ഞങ്ങാട്, കാസർകോട് റവന്യൂ ഡിവിഷണൽ ഓഫീസുകളിൽ ടെക്നിക്കൽ അസിസ്റ്റന്റ് തസ്തികയിലേക്ക് കരാർ വ്യവസ്ഥയിൽ ഉദ്യോഗാർഥികളെ നിയമിക്കുന്നതിന് 12ന് കാസർകോട് കലക്ടറേറ്റ് വീഡിയോ കോൺഫറൻസ് ഹാളിൽ വാക്ക്-ഇൻ-ഇന്റർവ്യൂ നടത്തുന്നു. പ്രായപരിധി: 18-35 അംഗീകൃത സർവകലാശാല ബിരുദമാണ് യോഗ്യത. ഫോൺ- 04994255074.

അധ്യാപക ഒഴിവ്

തൃക്കരിപ്പൂർ: തയ്യിൽ നോർത്ത് കടപ്പുറം ഗവ എൽ.പി സ്കൂളിൽ ഒരു എൽ.പി.എസ്.ടിയുടെ ഒഴിവുണ്ട്. ദിവസ വേതനാടിസ്ഥാനത്തിൽ നിയമിക്കുന്നതിനുള്ള ഇന്റർവ്യൂ ഇന്ന് 2.30ന് സ്കൂൾ ഓഫീസിൽ.

ബേത്തൂർപാറ: ബേത്തൂർപാറ ഗവ. ഹയർസെക്കന്ററി സ്കൂളിൽ ഹയർ സെക്കന്ററി വിഭാഗത്തിൽ മലയാളം (സീനിയർ) ഒരു ഒഴിവുണ്ട്. ദിവസ വേതനാടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിന് അഞ്ചിന് രാവിലെ 10.30ന് കൂടിക്കാഴ്ച നടത്തും. ഫോൺ- 9496846427.

പ്രാദേശിക വാർത്തകൾ

മൂന്നു വാർഡുകളിൽ ഉപതിരഞ്ഞെടുപ്പ് 30ന്

മാതൃകാ പെരുമാറ്റച്ചട്ടം നിലവിൽ വന്നു

കാസർകോട്: കാസർകോട് മുനിസിപ്പാലിറ്റിയിലെ ഖാസിലേൻ, മൊഗ്രാൽ പുത്തൂർ ഗ്രാമപഞ്ചായത്തിലെ കോട്ടക്കുന്ന്, കല്ലങ്കൈ വാർഡുകളിലേക്കുള്ള ഉപതിരഞ്ഞെടുപ്പ് ഈമാസം 30ന് നടക്കും. വിജ്ഞാപനം നാലിന് പുറപ്പെടുവിക്കും. നാമനിർദ്ദേശപത്രിക നാലു മുതൽ ഒന്നു വരെ സമർപ്പിക്കാം. സൂക്ഷ്മ പരിശോധന 12ന് നടത്തും. സ്ഥാനാർഥിത്വം പിൻവലിക്കാനുള്ള അവസാന തീയതി 15 ആണ്. വോട്ടെണ്ണൽ 31ന് രാവിലെ 10ന് നടക്കും. ഇതിന്റെ ഭാഗമായുള്ള മാതൃകാ പെരുമാറ്റച്ചട്ടം കഴിഞ്ഞ ദിവസം നിലവിൽ വന്നു. ഉപതിരഞ്ഞെടുപ്പുള്ള ബ്ലോക്ക് പഞ്ചായത്ത് നിയോജക മണ്ഡലങ്ങളിൽ ഉൾപ്പെട്ടു വരുന്ന ഗ്രാമപഞ്ചായത്തുകളിലെ മുഴുവൻ വാർഡുകളിലും പെരുമാറ്റച്ചട്ടം ബാധകമാണ്. എന്നാൽ പഞ്ചായത്തുകളിൽ ആ പഞ്ചായത്ത് പ്രദേശം മുഴുവനും മുനിസിപ്പാലിറ്റികളിൽ അതാത് വാർഡുകളിലുമാണ് പെരുമാറ്റച്ചട്ടം ബാധകം.

ജൂലൈ ഒന്നിന് പ്രസിദ്ധീകരിച്ച പുതിയ വോട്ടർപട്ടിക അടിസ്ഥാനമാക്കിയാണ് ഉപതിരഞ്ഞെടുപ്പ് നടക്കുക. വോട്ടർപട്ടിക അതാത് തദ്ദേശ സ്ഥാപനങ്ങളിലും വില്ലേജ്, താലൂക്ക് ഓഫീസുകളിലും സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ വെബ്സൈറ്റിലും (ലെര.സല്യൂമഹമ.ഴീ.ശി) ലഭ്യമാണ്. പുതിയ വോട്ടർപട്ടികപ്രകാരമാണ് ഉപതിരഞ്ഞെടുപ്പ് നടക്കുക.

തൃക്കരിപ്പൂർ തങ്കയം മുക്കിൽ സ്വകാര്യവ്യക്തി പഞ്ചായത്ത് സ്ഥലം കയ്യേറി നിർമിക്കുന്ന റോഡ്

ഹൈകോടതി ഉത്തരവ് ലംഘിച്ച്

പഞ്ചായത്ത് ഭൂമി കയ്യേറി റോഡ് നിർമാണം

തൃക്കരിപ്പൂർ: തൃക്കരിപ്പൂരിൽ ഹൈകോടതി ഉത്തരവ് ലംഘിച്ച് സ്വകാര്യ വ്യക്തിപഞ്ചായത്ത് സ്ഥലം കയ്യേറി റോഡ് നിർമിച്ചു തങ്കയം മുക്കിൽ പ്രവർത്തിക്കുന്ന ജനകീയ ഹോട്ടൽ വിപുലീകരിക്കാൻ ഗ്രാമപഞ്ചായത്ത് പദ്ധതി തയാറാക്കി ഡി.പി.സിയുടെ അംഗീകാരം വാങ്ങി കരാറുകാരൻ പ്രവൃത്തി ആരംഭിച്ചപ്പോഴാണ് ജനകീയ ഹോട്ടലിന് പിറകിലുള്ള സ്ഥല ഉടമ ഹൈക്കോടതിയെ സമീപിച്ച് ജനകീയ ഹോട്ടലിന്റെ പ്രവൃത്തി നിർത്തിവക്കാനാവശ്യമായ ഉത്തരവ് വാങ്ങിയത്. കോടതി ഉത്തരവ് കാരണം പഞ്ചായത്ത് പ്രവൃത്തി നിർത്തിവെക്കുകയും ചെയ്തു. ഇതുകാരണം ജനകീയ ഹോട്ടലിന്റെ വിപുലീകരണ പ്രവൃത്തി തടസപ്പെട്ടു. സ്ഥല അപര്യാപതകാരണം ജനകീയ ഹോട്ടൽ പ്രവർത്തനം നല്ല രീയിൽ നടത്താൻ സാധിക്കാത്ത അവസ്ഥയാണ് നിലവിലുള്ളത്. തർക്ക സ്ഥലത്ത് കോടതി ഉത്തരവ് നിലനിൽക്കെയാണ് സ്വകാര്യ ഉടമ ഉത്തരവ് മറികടന്ന് കൊണ്ട് റോഡ് നിർമിച്ചിരിക്കുന്നത്. ഇതിനെതിരെ പഞ്ചായത്ത് കോടതി അലക്ഷ്യം ചൂണ്ടികാട്ടി ധിക്കാരപരമായ നടപടിക്കെതിരെ ഹൈകോടതിയെ സമീപിക്കുമെന്ന് പഞ്ചായത്ത് പ്രസിഡന്റ് വി.കെ ബാവ പറഞ്ഞു.

കെ.എ.ടി.എഫ് ജില്ലാ കമ്മിറ്റി സംഘടിപ്പിച്ച പി.എസ്.സി അഭിമുഖ പരിശീലനം സംസ്ഥാന സെക്രട്ടറി ഒ.എം യഹിയ ഖാൻ ഉദ്ഘാടനം ചെയ്യുന്നു

പി.എസ്.സി അഭിമുഖ പരിശീലനം നടത്തി

കാസർകോട്. കേരള അറബിക് ടീച്ചേഴ്സ് ഫെഡറേഷൻ ജില്ലാ കമ്മിറ്റി സംഘടിപ്പിച്ച പി.എസ്.സി അറബിക് അഭിമുഖ പരിശീലനം തളങ്കര ദഖീറത്ത് ഇംഗ്ലീഷ് മീഡിയം സ്കൂളിൽ കെ.എ.ടി.എഫ് സംസ്ഥാന സെക്രട്ടറി ഒ.എം യഹിയ ഖാൻ ഉദ്ഘാടനം ചെയ്തു. ജില്ലാ സീനിയർ വൈസ് പ്രസിഡന്റ് ബി.എച്ച് നൗഷാദ് അധ്യക്ഷത വഹിച്ചു. സത്താർ ആതവനാട് വിഷയമവതരിപ്പിച്ചു. ഡോ. ശരീഫ് നിസാമി, യൂസുഫ് വി.പി, ഷഫീഖ് വളാഞ്ചേരി, ഹഫീസ് റഹ്മാൻ, മുനീർ ചെമ്മനാട്, സുലൈമാൻ തളങ്കര, ഷാഹിദ് നിലമ്പൂർ പ്രസംഗിച്ചു.

ഭാരവാഹികൾ

നീലേശ്വരം: നീലേശ്വരം മുനിസിപ്പൽ സ്വതന്ത്ര കർഷക സംഘം കമ്മിറ്റി യോഗം ജില്ലാ ജനറൽ സെക്രട്ടറി പാലാട്ട് ഇബ്രാഹിം ഹാജി ഉദ്ഘാടനം ചെയ്തു. മുനിസിപ്പൽ ലീഗ് പ്രസിഡന്റ് ഇ.എം കുട്ടി ഹാജി അധ്യക്ഷത വഹിച്ചു. രാമരം സലാം ഹാജി സ്വാഗതം പറഞ്ഞു. ലത്തീഫ് ഹാജി, ഇസ്മായിൽ മാർക്കറ്റ്, ഹസൻ ഹാജി മന്ദംപുറം പ്രസംഗിച്ചു.

ഭാരവാഹികൾ: രാമരം സലാം ഹാജി (പ്രസി.), സൈനുദ്ധീൻ ഹാജി അഴിത്തല (ജന.സെക്ര.), ഇസ്മായിൽ മാർക്കറ്റ് (ട്രഷ.), ഹസൻ ഹാജി മദംപുറം, ഇ. കാലിദ് ഹാജി (വൈസ്. പ്രസി.), കെ. ഇബ്രാഹിം, പി. ഇസ്മായിൽ (ജോ.സെക്ര.).

ഫോട്ടോഗ്രാഫർമാർ പ്രതിഷേധ ധർണ സംഘടിപ്പിച്ചു

കാസർകോട്:അംശംദായം വർധിപ്പിക്കുകയും ആനുകൂല്യങ്ങൾ വർധിപ്പിക്കാത്തതിലും പ്രതിഷേധിച്ച് ആൾ കേരള ഫോട്ടോ ഗ്രാഫേഴ്സ് അസോസിയേഷൻ (എ.കെ.പി.എ) ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ ജില്ലാ ക്ഷേമനിധി ഓഫിസിന് മുന്നിൽ പ്രതിഷേധ ധർണാ സമരം സംഘടിപ്പിച്ചു. ക്ഷേമനിധിയിൽ അംഗത്വമുള്ള ആളുകളെ സർക്കാർ ആവശ്യങ്ങൾക്കുള്ള ഫോട്ടോഗ്രാഫി, വീഡിയോ ഗ്രാഫി തൊഴിൽ ചെയ്യുന്ന തിന് മുൻഗണന നൽകുക, പെൻഷൻ അപേക്ഷകൾ സുതാര്യമാക്കുകയും പെൻഷൻ തുക 5000രൂപയായി വർധിപ്പിക്കുകയും ചെയ്യുക തുടങ്ങി വിവിധ ആവശ്യങ്ങളുന്നയിച്ചാണ് ധർണാ സമരം സംഘടിപ്പിച്ചത്. എ.കെ.പി.എ ജില്ലാ പ്രസിഡന്റ് കെ.സി അബ്രഹാം അധ്യക്ഷത വഹിച്ചു. വ്യാപാരി വ്യവസായി ഏകോപന സമിതി സംസ്ഥാന വൈസ് പ്രസിഡന്റ് അഹമ്മദ് ഷെരീഫ് ഉദ്ഘാടനം നിർവഹിച്ചു. എ.കെ.പി.എ സംസ്ഥാന സെക്രട്ടറി ഹരീഷ് പാലക്കുന്ന് മുഖ്യപ്രഭാഷണം നടത്തി. സംസ്ഥാന കമ്മിറ്റി അംഗം പ്രശാന്ത് തൈക്കടപ്പുറം, ജില്ലാ വൈസ് പ്രസിഡന്റുമാരായ ഷരീഫ് ഫ്രെയിം ആർട്ട്, വി.വി വേണു, ജോ സെക്രട്ടറിമാരായ പ്രജിത് കളർ പ്ലസ്, വി.എൻ രാജേന്ദ്രൻ, ജില്ലാ വെൽഫെയർ ഫണ്ട് ചെയർമാൻ കെ. സുധീർ, കാസർകോട് മേഖല പ്രസിഡന്റ് എ. വാസു, സെക്രട്ടറി രേഖ മുള്ളേരിയ, ജില്ലാ സെക്രട്ടറി സുഗുണൻ ഇരിയ, ട്രഷറർ സുനിൽ കുമാർ പ്രസംഗിച്ചു.

കേരള ഫോട്ടോഗ്രാഫേഴ്സ് അസോസിയേഷൻ ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ ജില്ലാ ക്ഷേമനിധി ഓഫീസിന് മുന്നിൽ നടത്തിയ ധർണ വ്യാപാരി വ്യവസായി ഏകോപന സമിതി സംസ്ഥാന വൈസ് പ്രസിഡന്റ് അഹമ്മദ് ഷെരീഫ് ഉദ്ഘാടനം ചെയ്യുന്നു

മഞ്ചേശ്വരം ഗോവിന്ദപൈ മെമ്മോറിയൽ ഗവ. കോളജിൽ നാലുവർഷ ബിരുദ പ്രോഗ്രാമിന്റെ കോളജ്തല ഉദ്ഘാടനം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ഷമീന നിർവഹിക്കുന്നു

ബിരുദ പ്രോഗ്രാം ഉദ്ഘാടനം ചെയ്തു

മഞ്ചേശ്വരം: മഞ്ചേശ്വരം ഗോവിന്ദപൈ മെമ്മോറിയൽ ഗവ. കോളജിൽ നാലുവർഷ ബിരുദ പ്രോഗ്രാമിന്റെ കോളജ്തല ഉദ്ഘാടനം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ഷമീന നിർവഹിച്ചു. കോളജ് വൈസ് പ്രിൻസിപ്പൽ പ്രൊഫ. ഡോ. വി. ശചീന്ദ്രൻ സ്വാഗതം പറഞ്ഞു. കോളജ് പ്രിൻസിപ്പൽ മുഹമ്മദ് അലി അധ്യക്ഷത വഹിച്ചു. മഞ്ചേശ്വരം ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് മുഹമ്മദ് സിദ്ധിക്ക്, കേരള തുളു അക്കാദമി ചെയർമാൻ ജയാനന്ദ കെ.ആർ, പഞ്ചായത്ത് മെമ്പർ യാദവ ബഡാജെ, കോളജ് സീനിയർ സൂപ്രണ്ട് ദിനേശ കെ.എസ്, കോളജ് കോഓർഡിനേറ്റർ ആഗ്നേയ സായി സി. സംസാരിച്ചു. ചടങ്ങിന്റെ ഭാഗമായി ഒന്നാം വർഷ ബിരുദ കോഴ്സിൽ പ്രവേശനം നേടിയ വിദ്യാർഥികൾക്ക് പ്രൊഫ. ഡോ. വി. ശചീന്ദ്രൻ ഓറിയന്റേഷന് നൽകി. പരിപാടിയുടെ സംസ്ഥാനതല ഉദ്ഘാടനത്തിന്റെ ഓൺലൈൻ സംപ്രേക്ഷണവും തുടർന്ന് മുതിർന്ന വിദ്യാർഥികൾ അവതരിപ്പിച്ച കലാപരിപാടികൾ നടത്തി.

ഇടി മിന്നൽ; ഗൃഹോപകരണങ്ങൾ നശിച്ചു

കാഞ്ഞങ്ങാട്: ജില്ലയിൽ ഇന്നലെയുണ്ടായ കനത്ത മഴയോടൊപ്പമുണ്ടായ ഇടിയും മിന്നലിലും തീരദേശ പ്രദേശങ്ങളിൽ വ്യാപകമായി ഗൃഹോപകരണങ്ങൾ നശിച്ചു. ഫ്രിഡ്ജുകളും ടെലിവിഷനുകളുമാണ് തകരാറിലായത്. കൊളവയൽ കാറ്റാടിയിലെ ഒരു വീട്ടിൽ മിന്നലിൽ ഉണ്ടായ അമിത വൈദ്യുത പ്രവാഹം കാരണം പുത്തൻ ഫ്രിഡ്ജാണ് നാശമായത്. ഈഭാഗങ്ങളിൽ വ്യാപകമായ കൃഷിനാശവും സംഭവിച്ചിട്ടുണ്ട്. മഴയോടൊപ്പം ഇടവിട്ടുള്ള ഇടിയും മിന്നലും തുടരുമെന്നും ജനങ്ങൾ ജാഗ്രത പാലിക്കണമെന്നും ജില്ലാ ഭരണകൂടം നിർദ്ദേശം നൽകിയിട്ടുണ്ട്.

തലമുറസംഗമം ആസ്ഥാന മന്ദിരം പണിയും

കാഞ്ഞങ്ങാട്: കാഞ്ഞങ്ങാട് മുഹമ്മദ് ഹാജി തലമുറ സംഗമത്തിന് ആസ്ഥാനമന്ദിരം പണിയാൻ സംഗമം വാർഷിക പൊതുയോഗം തീരുമാനിച്ചു. സ്ത്രീ വിദ്യാഭ്യാസത്തിന് ഊന്നൽ നൽകി കുടുംബാംഗങ്ങളുടെ വിദ്യാഭ്യാസ പുരോഗതിക്കും ജീവകാരുണ്യമേഖലയിലും ശ്രദ്ധകേന്ദ്രീകരിക്കാൻ യോഗം തീരുമാനിച്ചു. പ്രസിഡന്റ് സി.എച്ച് ബഷീറിന്റെ അധ്യക്ഷയിൽ ജനറൽ സെക്രട്ടറി അഷ്റഫ് നെടുങ്കണ്ടം വാർഷിക റിപ്പോർട്ടും ട്രഷറർ സമീർ ഡിസൈൻ കണക്കുകളും അവതരിപ്പിച്ചു. സെക്രട്ടറി എം. സുലൈമാൻ കുടുംബമേള അവലോകന റിപ്പോർട്ട് നൽകി. മൊയ്തു ടിപ്ടോപ്, റസാക്ക് തുരത്തി പ്രസംഗിച്ചു. കുടുംബമേളയിൽ മികച്ച പ്രവർത്തനം നടത്തിയ വനിതാ വളണ്ടിയർമാരെ യോഗം അനുമോദിച്ചു. തലമുറസംഗമം വനിതാ ഫോറം രൂപീകരിക്കും കുടുംബട്രസ്റ്റ് സ്ഥാപിക്കാനും തീരുമാനിച്ചു.

മാധ്യമ പ്രവർത്തകൻ ടി. മുഹമ്മദ് അസ്‌ലം തിരഞ്ഞെടുപ്പ് നിയന്ത്രിച്ചു. ഭാരവാഹികൾ: സി.എച്ച് ബഷീർ (പ്രസി), അഷ്റഫ് നെടുങ്കണ്ടം (ജന. സെക്ര), സമീർ ഡിസൈൻ (ട്രഷ), എം. സുലൈമാൻ, അഷ്റഫ് കണിച്ചിറ, (സെക്ര), സമദ് നെടുങ്കണ്ട (വൈസ് പ്രസി), മുഹമ്മദ് കുഞ്ഞി ഫാൻസി, റഹിം സി.എച്ച്, മുത്തലിബ് സി.എച്ച് (ഭരണ സമിതിയംഗങ്ങൾ).

ടൂറിസത്തെ വ്യവസായമായി പ്രഖ്യാപിച്ച് ചെറുകിട സംരംഭ മേഖലയ്ക്ക് തുല്യമായ ആനുകൂല്യങ്ങൾ നൽകണമെന്നാവശ്യപ്പെട്ട് എം. രാജഗോപാലൻ എം.എൽ.എയുടെ സാന്നിധ്യത്തിൽ എംപവർ സംഘാടക സമിതി ഭാരവാഹികളായ രവീന്ദ്രൻ കണ്ണങ്കൈ, അഡ്വ. മുഹമ്മദ് റഫീഖ്, അബ്ദുൽ ഖാദർ പള്ളിപ്പുഴ സംസ്ഥാന പൊതുമരാമത്ത് ടൂറിസം വകുപ്പ് മന്ത്രി അഡ്വ. പി.എ മുഹമ്മദ് റിയാസിന് നിവേദനം നൽകുന്നു

ഐ.എം.എ കാസർകോട് ബ്രാഞ്ചിന്റെ ആഭിമുഖ്യത്തിൽ ഡോക്ടർസ് ഡേ ആഘോഷം ജില്ലാ പൊലീസ് ചീഫ് പി. ബിജോയ് ഉദ്ഘാടനം ചെയ്യുന്നു

ഡോക്ടേർസ് ഡേ ആഘോഷിച്ചു

കാസർകോട്: ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ കാസർകോട് ബ്രാഞ്ചിന്റെ ആഭിമുഖ്യത്തിൽ വിവിധ പരിപാടികളോടെ ജൂലൈ ഒന്ന് ഡോക്ടേർസ് ഡേ സമുചിതമായി ആഘോഷിച്ചു. ഐ.എം.എ ഹാളിൽ ചേർന്ന കുടുംബമേളയിൽ ഐ.എം.എ ബ്രാഞ്ച് പ്രസിഡന്റ് ഡോ. ജിതേന്ദ്ര റായ് അധ്യക്ഷത വഹിച്ചു. ജില്ലാ പൊലീസ് മേധാവി പി. ബിജോയ് മുഖ്യാതിഥിയായി പങ്കെടുത്തു.

ദീർഘകാലമായി ചികിത്സാരംഗത്ത് പ്രവർത്തിക്കുന്ന ഡോ. സുബ്രറായ കമ്മത്ത്, ഡോ. സുബ്രറായ ഭട്ട് എന്നിവരെ ആദരിച്ചു. ഫാമിലി ഫിസിഷ്യനായി ഉൾനാട്ടിൽ 50വർഷം സേവനമനുഷ്ഠിച്ച ഡോ. പി. കൃഷ്ണ ഭട്ടിനെ പ്രത്യേകം ആദരിച്ചു. മികച്ച പാരാമെഡിക്കൽ വർക്കർക്കുള്ള ക്യാപ്റ്റൻ ഡോ. കെ.എ ഷെട്ടി എൻഡോവ്മെന്റ് അവാർഡിന് അർഹനായ കാസർകോട് ഗവ. ജനറൽ ആശുപത്രിയിലെ എ.ആർ.ടി സെന്റർ കൗൺസിലർ അനിൽ കുമാറിന് അവാർഡ് സമ്മാനിച്ചു. ഡോ. എ.വി ഭരതൻ ഡോ. ബി.സി റോയ് സ്മാരക പ്രഭാഷണം നടത്തി. ഡോ. ബി.എസ് റാവു, ഡോ. കെ. അനന്ത കമ്മത്ത്, ജില്ലാ കൺവീനർ ഡോ. ബി. നാരായണ നായ്ക്, ഡോ. ജനാർദ്ദനനായ്ക്, ഡോ. മായാ മല്യ, ഡോ. ശ്യാമപ്രസാദ്, ഡോ. സുരേഷ് മല്യ, ഡോ. ടി. ഖാസിം, സെക്രട്ടറി ഡോ. പ്രജ്യോത് ഷെട്ടി, വിമ മുൻ പ്രസിഡന്റ് ഡോ. രേഖാ റായ് സംസാരിച്ചു.

കാസർകോട്: ഡോക്ടേഴ്സ് ദിനത്തിൽ ബിആർസി (ബ്ലോക്ക് റിസോർസ് സെന്റർ) കാസർകോട് ജനറൽ ആശുപത്രിയിലെ ഡോക്ടർമാരെ ആദരിച്ചു. ഡോക്ടർമാരെ പ്രതിനിധീകരിച്ച് സൂപണ്ടന്റ് ഡോ. ശ്രീകുമാർ, ഡെപ്യൂട്ടി സൂപ്രണ്ടന്റ് ഡോ. ജമാൽ അഹമ്മദ് എ, ഡോ. അരുൺ റാം, ഡോ. ഷറീന പി.എ ആദരവ് ഏറ്റുവാങ്ങി. ബി.ആർ.സി കാസർകോട് ബ്ലോക്ക് പ്രോഗ്രാം കോർഡിനേറ്റർ കാസിം ടി. അധ്യക്ഷത വഹിച്ചു. എസ്.എസ്.കെ ജില്ലാ പ്രോഗ്രാം ഓഫീസർ രൻജിത്ത് ഡോക്ടർമാരെ ആദരിച്ചു. സിന്ധു ആർ. സ്വാഗതവും സാമ്യ കെ.എസ് നന്ദിയും പറഞ്ഞു.

ഡോക്ടേഴ്സ് ദിനത്തിൽ കാസർകോട് ജനറൽ ആശുപത്രിയിലെ ഡെപ്യൂട്ടി സൂപ്രണ്ടന്റ് ഡോ. എ. ജമാൽ അഹമ്മദിനെ ആദരിച്ചപ്പോൾ

കരുവളത്ത് വെള്ളക്കെട്ടിൽ കുരുങ്ങി ജനം; പരിഹാരം വേണമെന്ന് ലീഗ്

കാഞ്ഞങ്ങാട് മുനിസിപ്പാലിറ്റിയിൽപെടുന്ന 31-ാം വാർഡ് കരുവളം, കാരക്കുണ്ട് പ്രദേശങ്ങളിലെ പത്തോളം കുടുംബം വെള്ളക്കെട്ട് കാരണം വീട് മാറി താമസിക്കേണ്ട അവസ്ഥയിലാണ്. കാലാകാലങ്ങളിലായി മഴ വെള്ളം ഒഴുകി പോകാനുള്ള സംവിധാനം ഉണ്ടായിരുന്നു. എന്നാൽ ഇപ്പോൾ ആ പ്രദേശങ്ങളിൽ പുതിയ വീടുവച്ചവർ ആ വെള്ളം ഒഴുകി പോകാനുള്ള സംവിധാനം ഉണ്ടാക്കാതെ മണ്ണിട്ട് ഹൈറ്റ് കൂട്ടുകയും അശാസ്ത്രീയ രീതിയിൽ മാനദണ്ഡം ഒന്നും പാലിക്കാതെ മതിൽ കെട്ടിപ്പൊക്കിയത് കാരണമാണ് ഇങ്ങനെ സംഭവിക്കുന്നത് എന്നു ദുരിതം അനുഭവിക്കുന്ന പ്രദേശവാസികൾ പറയുന്നത്. എന്നാൽ ഇതിനു ആദ്യം പരിഹാരം കാണേണ്ടത് വാർഡ് കൗൺസിലറാണ്. നഗരസഭ വൈസ് ചെയർമാൻ കൂടിയായ ബിൽടെക് അബ്ദുള്ളയോട് ഇക്കാര്യം വേനൽ കാലത്ത് തന്നെ സൂചിപ്പിച്ചിരുന്നെന്നും തിരഞ്ഞെടുപ്പ് വേളയിൽ ഈ പ്രശ്നത്തിന് ശാശ്വത പരിഹാരം കാണും എന്ന് ഉറപ്പുതരികയും അതിനു ശേഷം ഇതുവരെയും ആ ഭാഗത്തേക്ക് തിരിഞ്ഞുനോക്കിഇല്ലെന്ന പ്രതികരണമാണ് നാട്ടുകാരുടേത്. മഴ തുടക്കത്തിൽ ഇങ്ങനെയാണെങ്കിൽ മഴ കനത്താൽ കരുവളം പ്രദേശം മൊത്തം വെള്ളത്തിനടിയിലാകുമെന്ന ആശങ്കയിലാണ് ജനങ്ങൾ. ഉറക്കം നടിക്കുന്ന വൈസ് ചെയർമാൻ അടക്കം അധികാരികൾ എത്രയും പെട്ടന്ന് ഉണർന്നു പ്രവർത്തിച്ച് ഇതിനൊരു പരിഹാരം കാണണമെന്ന് മുസ്‌ലിം ലീഗ് കരുവളം വാർഡ് കമ്മിറ്റി ജില്ലാ കലക്ടർ ഉൾപ്പെടെയുള്ള അധികാരികൾക്ക് പരാതി അയച്ചു.

ചെമ്മനാട് ഈസ്റ്റ് ജി.എൽ.പി സ്കൂൾ വിദ്യാരംഗം കലാസാഹിത്യ വേദിയുടെയും വായനാ മാസാചരണത്തിന്റെയും ഉദ്ഘാടനം നിരൂപകനും പ്രഭാഷകനുമായ വത്സൻ പിലിക്കോട് നിർവഹിക്കുന്നു. പി.ടി.എ അംഗം വിജയൻ ബെങ്ങാട്, മുൻ പ്രഥമാധ്യാപകൻ സി.കെ വേണു, വികസന സമിതി ചെയർമാൻ ബാബു മണിയങ്ങാനം, പൂർവ വിദ്യാർഥി സംഘടനാ പ്രസിഡന്റ് മോഹനൻ നമ്പ്യാർ, പി.ടി.എ അംഗം അസീസ് തായത്തൊടി, സീനിയർ അസി. സമീറ, ഹെഡ്മാസ്റ്റർ കെ. സുഗതൻ, സ്റ്റാഫ് സെക്രട്ടറി രേഖ പ്രസംഗിച്ചു.

മഴക്കെടുതി അനുഭവിക്കുന്നവർക്ക് അടിയന്തിര സഹായം നൽകണം

പടന്ന: മഴക്കെടുതിയിൽ ദുരിതമനുഭവിക്കുന്ന കർഷകർക്ക് അടിയന്തിര സഹായം അനുവദിക്കുക, കാർഷിക വിഭവങ്ങൾക്ക് മികച്ച വില ലഭ്യമാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുക തുടങ്ങി നിരവധി ആവശ്യങ്ങളുന്നയിച്ച് നടന്ന പടന്ന പഞ്ചായത്ത് സ്വതന്ത്ര കർഷക സംഘം പഞ്ചായത്ത് കൗൺസിൽ യോഗം മുസ്‌ലിം ലീഗ് പഞ്ചായത്ത് പ്രസിഡന്റ് ടി.കെ.സി മുഹമ്മദലി ഹാജി ഉദ്ഘാടനം ചെയ്തു. വി.കെ മുഹമ്മദലി ഹാജി അധ്യക്ഷത വഹിച്ചു. പി.കെ.സി നാസർ ഹാജി, യു.സി മുഹമ്മദ് കുഞ്ഞി, എ.എം ഷരീഫ് ഹാജി, വി.കെ ഷാജഹാൻ, സമീർ പാണ്ടിയാലാ, പി. സലീൽ സംസാരിച്ചു. ഭാരവാഹികൾ: വി.കെ മുഹമ്മദ് അലി ഹാജി (പ്രസി), ഗോൾഡൻ മുഹമ്മദ് കുഞ്ഞി ഹാജി, കെ. അബ്ദുൽ ഖാദർ ഹാജി (വൈസ് പ്രസി), സമീർ പാണ്ട്യാല (ജന. സെക്ര), പി.പി അമീറലി ഹാജി, പികെസി നൗഫൽ (സെക്ര), സമീർ മുള്ളോട്ടുകടവ് (ട്രഷ).

ക്വിസ് മത്സര വിജയികൾക്കുള്ള സമ്മാനങ്ങൾ വിതരണം കീഴൂർ മംഗളൂരു സംയുക്ത ഖാസി താഖാ അഹമ്മദ് മൗലവി നിർവഹിക്കുന്നു

ക്വിസ് മത്സര വിജയികൾക്ക് സമ്മാനങ്ങൾ വിതരണം നടത്തി

കാസർകോട്: ഖാസിലേൻ റൗളത്തുൽ ഉലൂം മദ്രസയുടെ പൂർവ വിദ്യാർത്ഥി സംഘടനയായ ഓൾഡ് സ്റ്റുഡന്റ്സ് അസോസിയേഷന്റെ ആഭിമുഖ്യത്തിൽ ഓൺലൈനായി പൂർവ വിദ്യാർഥികൾക്ക് നടത്തിയ റമസാൻ ക്വിസ് മത്സരത്തിൽ വിജയിച്ചവർക്കുള്ള സമ്മാന വിതരണം റൗളത്തുൽ ഉലൂം മദ്രസ ഹാളിൽ നടന്നു. ഒ.എസ്.എ ഉപാധ്യക്ഷൻ എൻ.എം അബ്ദുല്ല അധ്യക്ഷത വഹിച്ചു. കീഴൂർ മംഗളൂരു സംയുക്ത ഖാസി താഖാ അഹമ്മദ് മൗലവി പ്രാർഥന നടത്തി.

ഖാസിയാറാകത്ത് അബ്ദുല്ല സഅദി ഉദ്ഘാടനം ചെയ്തു. വിജയികൾക്ക് ഖാസി താഖാ അഹമ്മദ് മൗലവി, അങ്കോല അഹമ്മദ് ഹാജി, എൻ.എ അബ്ദുല്ല കുഞ്ഞി, എൻ.എ സയീദ്, ഹാജി ബഷീർ ദാരിമി സമ്മാനങ്ങൾ വിതരണം ചെയ്തു. സദർ മുഅല്ലിം അർഷാദ് ഹുദവി, സിറാജ് ഖാസിലേൻ, ടി.എസ് മുഹമ്മദ് ബഷീർ, ഇ.എം അബ്ദുൽ റഹ്മാൻ, എ.പി ഇസ്മായിൽ, എ. സത്താർ, മഹ്മൂദ് എ.എസ്, റിയാസ്, മുജീബ് ഇ.എം, ഒ.എസ്.എ ജനറൽ സെക്രട്ടറി ശിഹാബ് ഊദ്, എൻ.എ അബ്ദുൽ റസാഖ് സംബന്ധിച്ചു.

പഠനയാത്രാ ടീം നീർത്തടാധിഷ്ഠിത പദ്ധതികൾ സന്ദർശിച്ചു

പടന്ന: പി.എം.കെ.എസ്.വൈ (പ്രധാനമന്ത്രി കൃഷി സിൻജൈ യോജന) പെരിന്തൽമണ്ണ ബ്ലോക്കിൽ നടപ്പിലാക്കുന്നതിന്റെ ഭാഗമായി പ്രസിഡന്റ് അഡ്വ. എ.കെ മുസ്തഫയുടെ നേതൃത്വത്തിലുള്ള ഭരണ സമിതിയംഗങ്ങളും ഉദ്യോഗസ്ഥരുമടങ്ങുന്ന പഠനസംഘം പടന്ന പഞ്ചായത്തിലെ നീർത്തടാധിഷ്ഠിത പദ്ധതികൾ സന്ദർശിച്ചു. മഹാത്മാ ഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി പ്രകാരം കൊക്കാൽ ദ്വീപിൽ മത്സ്യസംഘ കൃഷിക്കാർക്ക് ഉപ്പ് വെള്ളം തടയാൻ 500 മീറ്

ഡോക്ടർക്ക് ആദരവുമായി കുട്ടി പോലീസ്

പനമരം: ഡോക്ടേർസ് ദിനത്തിൽ പനമരം പഞ്ചായത്തിലെ പ്രമുഖ ഡോക്ടറായ ചന്ദ്രശേഖരനെ പനമരം സ്റ്റുഡൻസ് പോലീസ് കേഡറ്റിന്റെ ആഭിമുഖ്യത്തിൽ ആദരിച്ചു. പിടിഎ വൈസ് പ്രസിഡണ്ട് മെഹബൂബ് പൊന്നാടയണിയിച്ചു. ഡോക്ടർ കേഡറ്റുകളുമായി സംവദിക്കുകയും ചെയ്തു. പ്രിൻസിപ്പാൾ രമേഷ് കുമാർ, ഹെഡ്മിസ്ട്രസ് ഷിജ ജയിംസ്,നൗഫൽ കെ ടി, രേഖ കെ, നവാസ് ടി പങ്കെടുത്തു.

ഇന്റേൺഷിപ്പ് പ്രോഗ്രാമിന് അപേക്ഷിക്കാം

കൽപ്പറ്റ: കൽപ്പറ്റ നഗരസഭ ദേശീയ നഗര ഉപജീവന മിഷൻ പദ്ധതിയിലൂടെ ദി അർബൻ ലേർണിങ് ഇന്റേൺഷിപ്പ് പ്രോഗ്രാം (ഠഡഘകജ) നടപ്പാക്കുന്നതിന് ഉദ്യോഗാർഥികളെ ക്ഷണിക്കുന്നു. ദേശീയ പാർപ്പിട നഗര കാര്യമന്ത്രാലയവും ഓൾ ഇന്ത്യ കൗൺസിൽ ഫോർ ടെക്നിക്കൽ എജുക്കേഷനും സംയുക്തമായാണ് ഇന്റേൺഷിപ്പ് നടത്തുന്നത്. സോഷ്യൽ സയൻസിൽ ഇൻറർ ഡിസിപ്ലിനറി, ഡെവലപ്മെൻറ് സ്റ്റഡീസ് ബിരുദാനന്തര ബിരുദം, മാസ്റ്റർ ഓഫ് സോഷ്യൽ വർക്ക്, എം.എ സോഷ്യോളജി, എം.എ എക്കണോമിക്സ് കോഴ്സുകൾ ചെയ്യുന്നവർക്കും പൂർത്തീകരിച്ചവർക്കും അപേക്ഷിക്കാം.

പി.പി.എ കരീം എഡ്യുഫെസ്റ്റ് ഏകദിന കരിയർ ക്യാമ്പ്

മേപ്പാടി: പി.പി.എ കരീം എഡ്യുഫെസ്റ്റ് എന്ന പേരിൽ മേപ്പാടി പഞ്ചായത്ത് ഗ്ലോബൽ കെ.എം.സി.സി പഞ്ചായത്തിൽ നിന്നും തെരഞ്ഞെടുത്ത വിദ്യാർത്ഥികൾക്കായി ഏകദിന ക്യാമ്പ് സംഘടിപ്പിച്ചു. പുത്തൂർവയൽ സ്വാമിനാഥൻ ഫൗണ്ടേഷനിൽ വെച്ച് നടന്ന ക്യാമ്പ് ജില്ലാ യൂത്ത് ലീഗ് പ്രസിഡന്റ് എം.പി നവാസ് ഉദ്ഘാടനം ചെയ്തു. മൂന്ന് സെഷനുകളിലായി നടന്ന ക്യാമ്പിൽ നിയോജകമണ്ഡലം മുസ്‌ലിം ലീഗ് പ്രസിഡന്റ് ടി.ഹംസ അധ്യക്ഷത വഹിച്ചു. മോട്ടിവേഷൻ ക്ലാസ് സിജി കോഴിക്കോട് ജില്ലാ ചാപ്റ്റർ പ്രസിഡന്റ് സലാം ഓമശ്ശേരി, കരിയൻ ഗൈഡൻസ് ക്ലാസ് മജീദ് തെനേരി, ഇസ്‌ലാമിക് ഗൈഡൻസ് ക്ലാസ്, മേപ്പാടി മഹല്ല് ഖതീബ് മുസ്തഫൽ ഫൈസി എന്നിവർ നയിച്ചു. കാരാടൻ നജീബ്, എൻ.പി റഷീദ്, ബി.നാസർ, സി. ശിഹാബ്, പി.പിശരീഫ്, സി. ഹാരിസ്, സാദിഖലി, സി.അഷറഫ്, ഇർഫാൻ സംസാരിച്ചു. പി.കെ അഷറഫ് സ്വാഗതവും ഗ്ലോബൽ കെ.എം.സി.സി ഭാരവാഹി സൈദ് നന്ദിയും പറഞ്ഞു.

പി.പി.എ കരീം എഡ്യുഫെസ്റ്റ് ഏകദിന കരിയർ ക്യാമ്പ് ജില്ലാ യൂത്ത് ലീഗ് പ്രസിഡന്റ് എം.പി നവാസ് ഉദ്ഘാടനം ചെയ്യുന്നു

വയനാട് വാർത്തകൾ

ബത്തേരി നഗരം നിറഞ്ഞ് കന്നുകാലികൾ

കാലികളെ ടൗണിൽ നിന്ന് നീക്കം ചെയ്യാൻ നഗരസഭ ആരോഗ്യവിഭാഗം തയ്യാറാകണമെന്ന ആവശ്യം ശക്തമാവുകയാണ്

സുൽത്താൻ ബത്തേരി കന്നുകാലികൾ അലഞ്ഞുതിരിഞ്ഞ് നടക്കുന്നത് ബത്തേരി ടൗണിൽ വാഹനങ്ങൾക്കും വിദ്യാർഥികളടക്കമുള്ള കാൽനടയാത്രക്കാർക്കും ഭീഷണിയാകുന്നു. ചുങ്കം ബസ്റ്റാന്റിലും പരിസരങ്ങളിലുമാണ് കന്നുകാലികൾ അലഞ്ഞുതിരിഞ്ഞുനടക്കുന്നത്. കന്നുകാലികൾ റോഡ് മദ്ധ്യത്തിൽകൂടിയാണ് സഞ്ചാരം. ഇതുകാരണം വാഹനങ്ങൾക്ക് സുഖമമായി കടന്നുപോകാൻ സാധിക്കാതെ വരുകയാണ്. ഇത് പലപ്പോഴും ഗതാഗത കുരുക്കിനും അപകടങ്ങൾക്കും കാരണമാകുന്നു. രാവിലെ മുതൽ വൈകിട്ടുവരെ കന്നുകാലികൾ ടൗണിലൂടെ അലഞ്ഞുതിരിഞ്ഞുനടക്കുകയാണ്.

പലപ്പോഴും വിദ്യാർഥികളടക്കം ഇതിനുമുന്നിൽപെടുന്ന സംഭവവുമുണ്ട്. ഇരുചക്രവാഹന യാത്രക്കാരടക്കം കന്നുകാലികളുടെ മുന്നിൽപെട്ട് അപകടത്തിൽപെട്ടസംഭവും കഴിഞ്ഞ ദിവസമുണ്ടായി. കന്നുകാലികൾ അലക്ഷ്യമായി ബസ് സ്റ്റാന്റിൽ പ്രവേശിക്കുന്നതും പുറത്തേക്കുള്ള വഴയിൽ സ്റ്റാന്റിൽ കിടക്കുന്നതും ബസ്സുകൾക്ക് പുറത്തുകടക്കാനും ബുദ്ധിമുട്ടാണ്ടാക്കുന്നു. പലപ്പോഴും ബസ് ജീവനക്കാർ പുറത്തിറങ്ങി കാലികളെ മാറ്റിയാണ് മുന്നോട്ട് പോകാൻ കഴിയുന്നത്. ഈ സാഹചര്യത്തിൽ കാലികളെ ടൗണിൽ നിന്ന് നീക്കം ചെയ്യാൻ നഗരസഭ ആരോഗ്യവിഭാഗം തയ്യാറാകണമെന്നാണ് ആവശ്യം.

സുൽത്താൻ ബത്തേരി ടൗണിൽ റോഡിലൂടെ നടന്നുപോകുന്ന കാലികൾ

ഡബ്ല്യു.എം.ഒ സ്കൂളിൽ വിജയോത്സവം ഇന്ന്

മുട്ടിൽ: വയ നാട് ഓർഫനേജ് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂൾ എച്ച്എസ്, എച്ച്എസ്എസ്, എച്ച്എസ്എസ് വൊക്കേഷണൽ പൊതുപരീക്ഷകളിൽ ഉന്നത വിജയം നേടിയ പ്രതിഭകളെ ആദരിക്കുന്ന വിജയോത്സവം 2കെ24 ജൂലൈ 3 ബുധനാഴ്ച രാവിലെ 10 മണിക്ക് സ്കൂൾ ഓഡിറ്റോറിയത്തിൽ നടക്കും. ഡബ്ലിയുഎംഒ കോർപ്പറേറ്റ് മാനേജർ കെ കെ അഹമ്മദ് ഹാജി ഉദ്ഘാടനം ചെയ്യും. ഭാരതിയാർ യൂണിവേഴ്സിറ്റി സിൻഡിക്കേറ്റ് അംഗം ഡോ. റാഷിദ് ഗസ്സാലി മുഖ്യപ്രഭാഷണം നടത്തും. സ്കൂൾ സ്പോർട്സ് ക്ലബ്ബുകളുടെ ഉദ്ഘാടനം ഇന്ത്യൻ ക്രിക്കറ്റ് താരം മിന്നു മണി ഉദ്ഘാടനം ചെയ്യും. ഡബ്ലിയു എം ഒ പ്രസിഡണ്ട് പിപി അബ്ദുൽ ഖാദർ, ട്രഷറർ അഡ്വ. കെ മൊയ്തു, സ്കൂൾസ് കമ്മിറ്റി കൺവീനർ കെ മുഹമ്മദ് ഷാ, പി കെ അബൂബക്കർ, മായൻ മണിമ, ജില്ലാ വിദ്യാഭ്യാസ ഓഫീസർ ശരചന്ദ്രൻ കെ എ എസ്, പി ടിഎ പ്രസിഡണ്ട് എൻ ബി ഫൈസൽ, സ്ഥാപന മേധാവികളായ എൻ അബ്ദുൽ റഷീദ്, ബിനു മോൾ ജോസ്, എൻ യു അൻവർ ഗൗസ്, ഡോ. പി അബ്ദുൽ ജലീൽ സംബന്ധിക്കും.

ദുരന്തനിവാരണം: എം.ബി.എ കോഴ്സിന് അപേക്ഷിക്കാം

കൽപ്പറ്റ: സംസ്ഥാന സർക്കാരിന്റെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാൻഡ് ആൻഡ് ഡിസാസ്റ്റർ മാനേജ്മെന്റ് ദുരന്തനിവാരണത്തിൽ എം.ബി.എ കോഴ്സിന് അപേക്ഷ ക്ഷണിച്ചു. അന്താരാഷ്ട്ര തൊഴിൽ സാധ്യതകൾ പുതുതലമുറ പരിശീലിപ്പിക്കുകയാണ് ലക്ഷ്യം. വയർലെസ് ലൈസൻസ്, പ്രഥമ ശുശ്രൂഷയിൽ അന്താരാഷ്ട്ര സർട്ടിഫിക്കറ്റ്, ജിയോഗ്രഫിക്കൽ ഇൻഫർമേഷൻ സിസ്റ്റം, അഡ്വഞ്ചർ അക്കാദമിയുമായി സഹകരിച്ച് കോഴ്സുകൾ, ഇംഗ്ലീഷ് പരിജ്ഞാന പദ്ധതികളാണ് നൽകുക. കോഴ്സിന്റെ ഭാഗമായി ദുരന്തനിവാരണ മേഖലയിൽ പ്രവർത്തിക്കുന്ന ദേശീയ-അന്തർദേശീയതലത്തിലെ വിദഗ്ധർ വിദ്യാർഥികളുമായി സംവദിക്കും. താത്പര്യമുള്ളവർ ജൂലൈ എട്ടിനകം അപേക്ഷ നൽകണം. കൂടുതൽ വിവരങ്ങൾ https://ildm.kerala.gov.in ൽ ലഭിക്കും. ഫോൺ – 8547610005, 8547610006

മെയ് വഴക്കത്തിന്റെ ചാരുതയിൽ ഗോട്ടിപ്പുവ

പൂക്കോട്: തോരാമഴയിലും സദസ്സിനെ ആവേശചൂടിൽ നിർത്താതെ കൈയ്യടിപ്പിച്ച് ഗോട്ടിപ്പുവ നൃത്താവരണം കുട്ടികൾക്ക് പുത്തനുണർവ്വായി. സ്പിക്മാക്കെ (സൊസൈറ്റി ഫോർ ദ പ്രമോഷൻ ഓഫ് ഇന്ത്യൻ ക്ലാസിക്കൽ മ്യൂസിക് ആന്റ് കൾച്ചർ എമംഗസ്റ്റ് യൂത്ത്) വയനാട് ചാപ്റ്ററിന്റെ നേതൃത്വത്തിൽ പൂക്കോട് ജവഹർ നവോദയ വിദ്യാലയത്തിലാണ് നൃത്തം അരങ്ങേറിയത്. ഗോട്ടിപ്പുവ ഒഡി സയിലെ പാരമ്പര്യ നൃത്തമാണ്.

പതിനഞ്ച് വയസ്സിനു താഴെയുള്ള ആൺ കുട്ടികൾ പെൺവേഷം കെട്ടി ജഗന്നാഥനെയും കൃഷ്ണനെയും സ്തുതിച്ചുള്ള നൃത്തമാണ്. ഇതിൽ ഏറ്റവും ആവേശമുണർത്തുന്നത് ബാന്ധ നൃത്തമാണ്. അക്രോബാറ്റിക് നൃത്തരൂപമായ ബാന്ധയിൽ മയൂര, ഗരുഡ, പത്മാസന, ഹൻസ അവതരണങ്ങൾ ശ്രദ്ധേയമാണ്. ഭുവനേശ്വറിലെ നക്ഷത്ര ഗുരുകുലത്തിലെ കുട്ടികളാണ് നൃത്തം അവതരിപ്പിച്ചത് നൃത്താവതരണവും സ്പിക്മാക്കെയുടെ ഈ വർഷത്തെ പ്രവർത്തനോൽഘാടനവുംജവഹർനവോദയ വിദ്യാലയം പ്രിൻസിപ്പാൾ വി.വി. സൗദാമിനി നിർവ്വഹിച്ചു. സ്പിക്മാക്കെ സംസ്ഥാ കോ-ഓർഡിനേറ്റർ പ്രഗിൽ പ്രകാശ് അദ്ധ്യക്ഷത വഹിച്ചു. വൈസ് പ്രിൻസിപ്പാൾ കെ.എം ജോസ്, വീണ.വി, നക്ഷത്ര ഗുരുകുലം ഡയറക്റ്റർ ബിജയ് സാഹു, സ്പിക്മാക്കെ ജില്ലാ ചെയർമാൻ സി.കെ പവിത്രൻ, കോ-ഓർഡിനേറ്റർമാരായ സി.ജയരാജൻ, എം സുനിൽകുമാർ എന്നിവർ സംസാരിച്ചു. ഈ വർഷം ജൂലൈ മാസത്തിൽ സൗജന്യമായി ആറ് ക്ലാസിക്കൽ നൃത്ത രൂപങ്ങളുടെ പരിശീലനവും അവതരണവും ജില്ലയിൽ നടക്കും.

പൂക്കോട് ജവഹർ നവോദയ വിദ്യാലയത്തിൽ അരങ്ങേറിയ ഗോട്ടിപ്പുവ നൃത്തം

കെ.പി.എസ്.ടി.എ, ഡി ഡി ഇ ഓഫീസ് മാർച്ച് നടത്തി

ഇടതുസർക്കാർ അർഹതപ്പെട്ട അവധി ദിനങ്ങൾ കവർന്നെടുക്കുന്നു

കൽപ്പറ്റ: അശാസ്ത്രീയമായ അക്കാദമിക് കലണ്ടർ അടിച്ചേൽപ്പിച്ച് അർഹതപ്പെട്ട അവധി ദിനങ്ങൾ കവർന്നെടുക്കുന്ന സർക്കാർ നടപടി പ്രതിഷേധാർഹമാണെന്ന് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് സംഷാദ് മരക്കാർ അറിയിച്ചു. പൊതുവിദ്യാഭ്യാസ മേഖലയിൽ അസ്വസ്ഥതകൾ സൃഷ്ടിക്കുന്ന സർക്കാർ നിലപാടിനെതിരെ കെ പി എസ് ടി എ ജില്ലാ കമ്മിറ്റി നടത്തിയ ഡി ഡി ഇ ഓഫീസ് മാർച്ച് ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. തുടർച്ചയായ ശനിയാഴ്ചകൾ പ്രവൃത്തിദിനമാക്കി മാറ്റുന്നത് കുട്ടികളിൽ ഏറെ മാനസിക പിരിമുറുക്കം സൃഷ്ടിക്കും. കൂടാതെ കലാ-കായിക - പരിശീലനങ്ങൾക്ക് സമയം കിട്ടാതെ കുട്ടികൾ വെറും പാവകളെപ്പോലെയായി മാറുവാനേ ഇത്തരം നടപടികളിലൂടെ കഴിയുകയുള്ളു വെന്നും അദ്ദേഹം പ്രസ്താവിച്ചു. അധ്യാപകർ ക്ലസ്റ്റർ മീറ്റിംഗ് ബഹിഷ്കരിച്ച് ഡി ഡി ഇ ഓഫീസ് മാർച്ചും ധർണ്ണയും നടത്തി. ജില്ലാ പ്രസിഡന്റ് ഷാജു ജോൺ അധ്യക്ഷത വഹിച്ചു. സംസ്ഥാന വൈസ് പ്രസിഡന്റ് പി എസ് ഗിരീഷ്കുമാർ മുഖ്യപ്രഭാഷണം നടത്തി. ജില്ലാ സെക്രട്ടറി ടി എം അനൂപ്, നിസാർ കമ്പ, എം പ്രദീപ്കുമാർ, പി കെ രാജൻ, ജോസ് മാത്യു, ഷിജു കുടിലിൽ,ജോൺസൻ ഡിസിൽവ, ശ്രീജേഷ് ബി നായർ, ബിന്ദു തോമസ് പ്രസംഗിച്ചു.

കെ പി എസ് ടി എ ജില്ലാ കമ്മിറ്റി നടത്തിയ ഡി ഡി ഇ ഓഫീസ് മാർച്ച് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് സംഷാദ് മരക്കാർ ഉദ്ഘാടനം ചെയ്യുന്നു

ബാങ്ക് തിരഞ്ഞെടുപ്പ്: പത്രികകൾ തള്ളിയതിൽ നിയമനടപടിയെന്ന് യു ഡി എഫ്

സുൽത്താൻ ബത്തേരി: പ്രാഥമിക കാർഷിക വികസനബാങ്ക് ഭരണ സമിതിയിലേക്കുള്ള തിരഞ്ഞെടുപ്പിൽ നാല് പത്രികകൾ തള്ളിയ സംഭവത്തിൽ നിയമ നടപടി സ്വീകരിക്കുമെന്ന് യു ഡി എഫ്. തോൽവി ഭയന്ന സി പി എം ഭരണസ്വാധീനം ഉപയോഗിച്ച് നടത്തിയ ഇടപെടലാണ് പത്രിക തള്ളലിന് പിന്നിലെന്നും ഇവർ ആരോപിച്ചു. വനിതാവിഭാഗത്തിലും, ജനറൽ വിഭാഗത്തിലും പത്രിക നൽകിയെന്ന പേരിലാണ് ജാൻസി ജോസഫിന്റെ പത്രിക അംഗീകരിക്കാതിരുന്നത്. എന്നാൽ വനിതാവിഭാഗത്തിൽ നിന്നും പിൻവാങ്ങുന്നതിനായി ജാൻസി അപേക്ഷ നൽകിയിരുന്നു. ഇത് സ്വീകരിക്കാൻ പോലും സി പി എമ്മുകാർ അനുവദിച്ചില്ല. ഐസക് എന്നയാളുടെ പത്രിക നൽകിയത് പതിറ്റാണ്ടുകൾക്ക് മുമ്പ് മറ്റൊരാളുടെ വായ്പക്കായി നിന്ന ആൾ ജാമ്യത്തിന്റെ പേരിലാണ്. വായ്പയെടുത്തിട്ടില്ലെന്ന പേരിലാണ് യൂനസ് അലിയുടെ പത്രിക തള്ളിയിരിക്കുന്നത്. ശശിമല സ്വദേശിയായ ബീന ജോബിയുടെ പത്രിക തള്ളിയത് വായ്പയുടെ ഒരു മാസത്തെ അടവ് മുടങ്ങിയെന്ന പേരിലാണ്. എന്നാൽ അടവ് മുടങ്ങിയതുമായി ബന്ധപ്പെട്ട് ഒരു നോട്ടീസോ, മറ്റ് അറിയിപ്പുകളോ ലഭിച്ചിരുന്നില്ല. ഇത്തരത്തിൽ മതിയായ കാരണങ്ങളില്ലാതെയാണ് നാല് പത്രികകളും തള്ളിയിരിക്കുന്നതെന്നും ഇത് അംഗീകരിക്കാനാവില്ലെന്നും യു ഡി എഫ് നേതാക്കൾ പറയുന്നു. യു ഡി എഫിനെ അധികാരത്തിലെത്തുന്നത് ഏത് വിധേനയും തടയാനുള്ള നീക്കത്തിന്റെ ഭാഗമാണ് ഇത്തരം നടപടി. കഴിഞ്ഞ നാളുകളിൽ നടന്ന അഴിമതിയും കെടുകാര്യസ്ഥതയും കണ്ടെത്തുമെന്ന ഭയമാണ് സി പി എമ്മിനുള്ളതെന്നും ഇവർ കുറ്റപ്പെടുത്തി.

റോഡ് തകർന്നു; പ്രതിഷേധവുമായി നാട്ടുകാർ

സുൽത്താൻ ബത്തേരി: അമ്പുകുത്തി-കോട്ടൂർ റോഡ് പണി പൂർത്തിയാക്കി ഗതാഗതയോഗ്യമാക്കണമെന്നാവശ്യപ്പെട്ട് നാട്ടുകാരുടെ നേതൃത്വത്തിൽ പ്രതിഷേധ യോഗം ചേർന്നു.

2009ൽ കരടിപ്പാറ കല്ലേരി റോഡ് ടാർ ചെയ്ത് ഗതാഗതയോഗ്യമാക്കിയിരുന്നു. അന്ന് ഇതു വഴി ജീപ്പ്, കെ എസ് ആർ ടി സി ബസ് സർവീസും നടത്തിയിരുന്നു. പിന്നീട് കല്ലേരി മുതൽ കോട്ടൂർ വരെയുള്ള റോഡ് തകരുകയും തുടർന്ന് ബസ് തോമാട്ടുചാൽ വഴി സർവീസ് നടത്തുകയുമായിരുന്നു. തോമാട്ടുചാൽ വഴി യാത്രക്കാർ കുറവായതിനാൽ ഇതും പിന്നീട് നിർത്തുകയായിരുന്നു. റോഡ് പണി പൂർത്തിയാക്കി ബസ് സർവീസ് ആരംഭിക്കണമെന്ന് പ്രതിഷേധ യോഗം ആവശ്യപ്പെട്ടു. അനീഷ് കെ ല്ലേരി ഉദ്ഘാടനം ചെയ്തു, എം എം ജോസഫ് ആലിലക്കുഴി അധ്യക്ഷത വഹിച്ചു. സാജു വർഗീസ്, പി സൈനുദ്ദീൻ, എ പി തോമസ്, പ്രിയേഷ് ജോസഫ് തുടങ്ങിയവർ സംസാരിച്ചു.

അമ്പുകുത്തി-കോട്ടൂർ റോഡ് പൂർത്തിയാക്കി ഗതാഗതയോഗ്യമാക്കണമെന്നാവശ്യപ്പെട്ട് നടത്തിയ പ്രതിഷേധ യോഗം

പട്ടയം വിവരശേഖരണം: അപേക്ഷ ജൂലൈ 25 വരെ നൽകാം

കൽപ്പറ്റ: 1977 ജനുവരി ഒന്നിന് മുൻപ് വനഭൂമിയിൽ കുടിയേറി താമസിച്ചു വരുന്നവർക്ക് അതത് പ്രദേശത്ത് ബാധകമായ ഭൂപതിവ് ചട്ടങ്ങൾ അനുസരിച്ച് പട്ടയം നൽകുന്നതിനുള്ള നടപടികളുടെ ഭാഗമായി മാർച്ച് ഒന്നു മുതൽ 30 വരെ നടത്തിയ വിവര ശേഖരണ പ്രക്രിയയിൽ അപേക്ഷ നൽകാൻ കഴിയാത്തവർക്ക്, ജൂലൈ 10 മുതൽ 25 വരെ അപേക്ഷ നൽകാൻ അവസരം. റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഊർജിതപ്പെടുത്താനുള്ള നടപടികളുടെ ഭാഗമായാണ് തീരുമാനം. വനം, റവന്യൂ വകുപ്പുകളുടെ ജോയിന്റ് വെരിഫിക്കേഷൻ നടന്ന ഇടങ്ങളിൽ ജോയിന്റ് വെരിഫിക്കേഷൻ ലിസ്റ്റിൽ ഉൾപ്പെടാതെ പോയവർ, ജോയിന്റ് വെരിഫിക്കേഷൻ നടക്കാത്ത സ്ഥലങ്ങളിലെ താമസക്കാർ, നാളിതുവരെ പല കാരണങ്ങളാൽ പട്ടയത്തിന് അപേക്ഷിക്കാത്തവർ തുടങ്ങി അർഹരായ ഗുണഭോക്താക്കൾക്ക് ബന്ധപ്പെട്ട വില്ലേജ് ഓഫീസുകളിൽ അപേക്ഷ നൽകാമെന്ന് ലാൻഡ് റവന്യൂ കമ്മീഷണർ അറിയിച്ചു.

ആർ.ടി.ഒ ഓഫീസ് സേവനങ്ങളുടെ സമയക്രമം

കൽപ്പറ്റ: ജില്ലാ റീജണൽ ട്രാൻസ്പോർട്ട് ഓഫീസ് സേവനങ്ങളുടെ സമയം പുന:ക്രമീകരിച്ചതായി റീജണൽ ട്രാൻസ്പോർട്ട് ഓഫീസർ അറിയിച്ചു. ഡ്രൈവിങ് ടെസ്റ്റുകൾ ചൊവ്വ, ബുധൻ, വെള്ളി ദിവസങ്ങളിൽ രാവിലെ 8.30 ന് പുളിയാർമല ടെസ്റ്റ് ഗ്രൗണ്ടിലും ട്രാൻസ്പോർട്ട് വാഹനങ്ങളുടെ സി.എഫ് ടെസ്റ്റ് തിങ്കൾ, വ്യാഴം ദിവസങ്ങളിൽ രാവിലെ 10 മുതൽ 11.30 വരെ പുളിയാർമല റോഡിലും നടക്കും. 20 വർഷം പഴക്കമുള്ള ട്രാൻസ്പോർട്ട് വാഹനങ്ങളുടെ സി.എഫ് ടെസ്റ്റ് എല്ലാ വ്യാഴാഴ്ചയും രാവിലെ 10 മുതൽ 11 30 വരെ പുളിയാർമല റോഡിൽ നടത്തും. ലേണേഴ്സ് ടെസ്റ്റുകൾ ചൊവ്വ, വ്യാഴം ദിവസങ്ങളിൽ രാവിലെ 7.30 നും ട്രാൻസ്പോർട്ട് ബാഡ്ജ് ടെസ്റ്റ് എല്ലാ വ്യാഴാഴ്ചകളിലും ഉച്ചക്ക് രണ്ടിന് ആർ.ടി.ഒ ഓഫീസിൽ നടക്കും. ഹെവി വാഹനങ്ങളുടെ (ട്രാൻസ്) ഡ്രൈവിങ് ടെസ്റ്റ് അപേക്ഷകരുടെ എണ്ണം അനുസരിച്ച് ശനിയാഴ്ചകളിൽ നടത്തുമെന്നും റീജണൽ ട്രാൻസ്പോർട്ട് ഓഫീസർ അറിയിച്ചു.

അങ്കണവാടികളിൽ വർക്കർ, ഹെൽപ്പർ ഒഴിവ്

പടിഞ്ഞാറത്തറ: പഞ്ചായത്തിലെ അങ്കണവാടികളിലേക്ക് വർക്കർ, ഹെൽപ്പർ തസ്തികളിലേക്ക് അപേക്ഷ ക്ഷണിച്ചു. ജൂലൈ 16 ന് വൈകുന്നേരം മൂന്നിനകം അപേക്ഷ സമർപ്പിക്കണം. കൂടുതൽ വിവരങ്ങൾക്ക് കൽപ്പറ്റ ഐ സി ഡി എസ് ഓഫീസുമായി ബന്ധപ്പെടാം. ഫോൺ –04936 207014

കാട്ടാനകൾ വീണ്ടും ജനവാസ കേന്ദ്രങ്ങളിലെത്തി

ഗൂഡല്ലൂർ: ഗൂഡല്ലൂർ നഗരസഭയുടെ പരിധിയിൽപ്പെട്ട പുത്തൂർവയലിൽ നിന്നും കുങ്കിയാനകളുടെ സഹായത്താൽ വനം വകുപ്പ് ജീവനക്കാർ കാട്ടിലേക്ക് തുരത്തിയ കാട്ടാനകൾ വീണ്ടും ജനവാസ കേന്ദ്രങ്ങളിലെത്തി. കഴിഞ്ഞ കാട്ടാനകളെ കൊണ്ട് പൊറുതിമുട്ടിയ പുത്തൂർവയൽ നിവാസികൾ സമരം നടത്തിയതിനെ തുടർന്നാണ് പൊലീസ് ഉദ്യോഗസ്ഥർ ഇടപെട്ട് വനം വകുപ്പുമായി ചർച്ച നടത്തി ആനകളെ കാട്ടിലേക്ക് തുരത്തിയത്. എന്നാൽ തൊട്ടുത്ത ദിവസം രാവിലെ തന്നെ കാട്ടാനകൾ വീണ്ടും ഗ്രാമത്തിലേക്ക് തിരിച്ചെത്തുകയായിരുന്നു. കാട്ടാനകൾ വീണ്ടും എത്തിയത് ഗ്രാമപ്രദേശവാസികളെ പരിഭ്രാന്തരാക്കി. ചക്ക സീസൺ അവസാനിക്കുന്നത് വരെ കാട്ടാനകൾ ഗ്രാമത്തിലെത്താൻ സാധ്യതയുള്ളതിനാൽ നാട്ടുകാർക്ക് വനം വകുപ്പ് ജാഗ്രതാ നിർദ്ദേശം നൽകിയിരിക്കയാണ്.

പുത്തൂർവയൽ ഗ്രാമത്തിലിറങ്ങിയ കാട്ടാനകൾ

നെല്ലിയമ്പത്ത് കാട് കയറാതെ കാട്ടാനകൾ

പനമരം: പനമരത്തിനും പരിസരത്തെ താഴെനെല്ലിയമ്പത്തും കാട്ടാനശല്യം രൂക്ഷം. കഴിഞ്ഞ ദിവസം പുലർച്ചെയോടെ സ്വാകാര്യ വ്യക്തിയുടെ കാപ്പിതോട്ടത്തിൽ നാല് കാട്ടാനകളാണ് എത്തിയത്. വനം വകുപ്പ് അധികൃതരും, ആർ ആർ ടി അംഗങ്ങളും മറ്റ് ഉദ്യോഗസ്ഥരും ചേർന്ന് മണിക്കൂറുകൾ എടുത്ത ശ്രമഫലമായാണ് ആനകളെ കാട്ടിലേക്ക് കയറ്റിവിട്ടത്. കഴിഞ്ഞ ഓരാഴ്ചക്കിടെ ഇത് മൂന്നാം തവണയാണ് നെല്ലിയമ്പം പ്രദേശത്ത് ഒറ്റക്കും കുട്ടമായും കാട്ടാനകൾ എത്തുന്നത്. കഴിഞ്ഞ ദിവസം ചോയിക്കൊല്ലി അദ്വൈതം വീട്ടിൽ വി ജി വിജേഷിന്റെ തോട്ടത്തിലെ നിരവധി തേങ്ങുകളും, കവുങ്ങുകളും നശിപ്പിച്ചിരുന്നു. സന്ധ്യ മയങ്ങിയാൽ നെല്ലിയമ്പം പ്രദേശത്തെ ജനങ്ങൾ ഭീതിയോടെയാണ് കഴിയുന്നത്. പുറത്തിറങ്ങാൻ പോലും ആളുകൾ ഭയപ്പെടുന്നു. ജോലിക്കും മറ്റ് ആവശ്യങ്ങൾക്കും പോയവർ രാത്രി വൈകിയാൽ പ്രദേശത്തേക്ക് എത്താൻ പറ്റാത്ത അവസ്ഥയാണ്.പല തവണകളായി വനം വകുപ്പ് അധികാരികളോട് കാട്ടാനകൾ നാട്ടിലിറങ്ങുന്നത് തടയാനുള്ള മാർഗം സ്വീകരിക്കണമെന്ന് നാട്ടുകാർ ആവിശ്യപ്പെട്ടിരുന്നു.

ഗോവ ഗവർണറുടെ വാഹനവ്യൂഹത്തിലേക്ക് കാർ ഓടിച്ച് കയറ്റിയ സംഭവം; മൊഴിയെടുത്തു

കോഴിക്കോട്: ഗോവ ഗവർണറുടെ വാഹനവ്യൂഹത്തിലേക്ക് വാഹനം ഓടിച്ച് കയറ്റിയ സിപിഎം ജില്ലാ സെക്രട്ടറിയുടെ മകനെതിരെ കേസെടുക്കണമെന്ന പരാതിയിൽ പൊലീസ് മൊഴി രേഖപ്പെടുത്തി. ആർഎംപി നേതാവ് കെഎസ് ഹരിഹരനാണ് അന്വേഷണമാവശ്യപ്പെട്ട് ഡിജിപിക്ക് പരാതി നൽകിയത്. കോഴിക്കോട് ഡിസിപി ഓഫീസിൽ വെച്ചാണ് ഹരിഹരൻറെ മൊഴി പൊലീസ് രേഖപ്പെടുത്തിയത്. സംഭവം ഗുരുതരമായ സുരക്ഷ വീഴ്ചയാണെന്ന് ചൂണ്ടിക്കാട്ടിയാണ് കെ.എസ്.ഹരിഹരൻ ഡിജിപിക്ക് പരാതി നൽകിയത്. തുടർന്ന് ഡിജിപി അന്വേഷണത്തിന് കോഴിക്കോട് ഡിസിപിക്ക് നിർദ്ദേശം നൽകുകയായിരുന്നു.

കോഴിക്കോട് വാർത്തകൾ

അമീബിക് മസ്തിഷ്ക ജ്വരമെന്ന് സംശയം; വിദ്യാർഥികൾ സുഖം പ്രാപിക്കുന്നു

പയ്യോളി:അമീബിക് മസ്തിഷ്ക ജ്വരത്തിന്റെ ലക്ഷണവുമായി ആശുപത്രികളിൽ പ്രവേശിപ്പിക്കപ്പെട്ട രണ്ടു വിദ്യാർഥികളും സുഖം പ്രാപിച്ചുവരുന്നു.14 വയസുകാരനായ പള്ളിക്കര സ്വദേശി കോഴിക്കോട് സ്വകാര്യ ആശുപത്രിയിൽ ചികിൽസയിലാണ്. 10 വയസ്സുകാരനായ തിക്കോടി പഞ്ചായത്തിന്റെ വടക്കെ അതിർത്തിയിലുള്ള മറ്റൊരു വിദ്യാർഥി മെഡി. കോളജ് ആശുപത്രിയിലും ചികിൽസയിണ്. പള്ളിക്കര റോഡിലെ കാട്ടും കുളം കുളത്തിൽ കുളിച്ച വിദ്യാർഥികളെയാണ് രോഗ ലക്ഷണങ്ങളോടെ ആശുപത്രികളിൽ പ്രവേശിപ്പിച്ചത് എന്നറിയുന്നു. മേലടി സി.എച്ച്.സിയുടെയും കോട്ടക്കൽ കുടുംബാരോഗ്യ കേന്ദ്രത്തിന്റെയും പയ്യോളി നഗരസഭ ആരോഗ്യ വിഭാഗത്തിന്റെയും നേതൃത്വത്തിൽ സ്ഥലം സന്ദർശിച്ചു.കുളത്തിലെ വെള്ളം പരിശോധനക്ക് അയച്ചിട്ടുണ്ട്.രണ്ടു ദിവസം കഴിഞ്ഞേ പരിശോധനാ ഫലം ലഭിക്കുകയുള്ളുവെന്ന് അധികൃതർ അറിയിച്ചു. സുരക്ഷയുടെ ഭാഗമായി കുളം അടച്ചിട്ടുണ്ട്. കുളത്തിന് മുൻ വശത്ത് മുന്നറിയിപ്പ് ബോഡ് സ്ഥാപിക്കുകയും കുളം ക്ലോറിനേറ്റ് നടത്തുകയും ചെയ്തു.

45 ലക്ഷം നഷ്ടപരിഹാരം നൽകാൻ വിധി

വടകര: കാൽനടയാത്ര കാരിയായ യുവതിക്ക് കാറിടിച്ച് ഗുരുതരമായി പരിക്കേറ്റ കേസിൽ 4558 3000 രൂപ നഷ്ടപരിഹാരം നൽകാൻ വടകര എംഎസിടി ജഡ്ജി പി പ്രദീപ് ഉത്തരവിട്ടു. കോഴിക്കോട് തലക്കുളത്തൂർ പറമ്പത്ത് കിഴക്കേ കരിയാട്ടിൽ കെ.കെ രാജന്റെ മകൾ സിൻ ട്രലയ്ക്കാണ് പരിക്കേറ്റത്. ന്യൂ ഇന്ത്യ ഇൻഷുറൻസ് കമ്പനിയാണ് നഷ്ടപരിഹാരം നൽകേണ്ടത്. 2020 ഡിസംബർ 28നാണ്സ്പദമായ സംഭവം.

CLICK സൂക്ഷ്മതയുടെ നോട്ടം ഓരോ വലക്കണ്ണിയിലും... ട്രോളിങ് നിരോധനത്തിന്റെ ഇടവേളയിൽ വലയുടെ അറ്റകുറ്റപണിയിൽ ഏർപ്പെട്ടിരിക്കുന്ന മത്സ്യബന്ധനത്തൊഴിലാളി. കോന്നാട് ബീച്ചിൽ നിന്നുള്ള കാഴ്ച സി.കെ തൻസീർ

കൊടുവള്ളി സ്കൂളിലെ റാഗിങ് രണ്ട് വിദ്യാർഥികൾക്ക് സസ്പെൻഷൻ

കോഴിക്കോട്: കൊടുവള്ളി ഗവ.ഹയർ സെക്കൻഡറി സ്കൂളിൽ റാഗിങ്ങുമായി ബന്ധപ്പെട്ടു വിദ്യാർഥികൾക്കെതിരെ പൊലീസ് കേസെടുത്തു. പരുക്കേറ്റ പ്ലസ് വൺ കൊമേഴ്സ് വിദ്യാർഥികളായ മുഹമ്മദ് ആദിൽ, സിയാൻ ബക്കർ, മുഹമ്മദ് ഇലാൻ, ബിഷിർ എന്നിവരുടെ പരാതിയിൽ പ്ലസ് ടു വിദ്യാർഥികൾക്കെതിരെയാണു പൊലീസ് കേസ്. രണ്ടു വിദ്യാർഥികളെ സ്കൂളിൽനിന്ന് സസ്പെൻഡ് ചെയ്തു. കഴിഞ്ഞ ദിവസം 5 പേരെ സസ്പെൻഡ് ചെയ്തിരുന്നു. ഇതോടെ സസ്പെൻഷനിലായവരുടെ എണ്ണം 7 ആയി. വിദ്യാർഥികൾ സ്കൂൾ പ്രിൻസിപ്പലിനു നൽകിയ പരാതി പൊലീസിനു കൈമാറി.

ഇന്നലെ രാവിലെ പതിനൊന്നു മണിയോടെയുണ്ടായ സംഘർഷത്തിൽ 4 വിദ്യാർഥികൾക്കാണു പരുക്കേറ്റത്. വിദ്യാർഥിയുടെ കഴുത്തിലും മുതുകിലും കോംപസ് കൊണ്ടു കുത്തേറ്റു. വിദ്യാർഥികളുടെ കൈ വടികൊണ്ടു തല്ലിയൊടിക്കുകയും ചെയ്തു. പ്ലസ് ടു പ്ലസ് വൺ വിദ്യാർഥികളാണ് ഏറ്റുമുട്ടിയത്. കഴിഞ്ഞയാഴ്ച റാഗിങ്ങുമായി ബന്ധപ്പെട്ട് 5 പ്ലസ്ടു വിദ്യാർഥികളെ സസ്പെൻഡ് ചെയ്തിരുന്നു. ഇതിൽ പരാതി നൽകിയ പ്ലസ് വൺ വിദ്യാർഥികൾ അടക്കമുള്ളവർക്കാണു മർദനമേറ്റത്. സസ്പെൻഷനിലായ വിദ്യാർഥികളുടെ സുഹൃത്തുക്കളായ പ്ലസ് ടു വിദ്യാർഥികളാണ് ആക്രമത്തിനു പിന്നിലെന്നാണു വിവരം.

ബാങ്ക് മറയാക്കി കോടികളുടെ തട്ടിപ്പ്

ഇരയായ ഒരാളുടെ മൊഴിയെടുത്തു; കേസ് അട്ടിമറിക്കാൻ ഒത്തുകളി

ബാലുശ്ശേരി: സി.പി.എം ഭരണം കൈയ്യാളുന്ന ബാലുശ്ശേരി അർബൻ ബാങ്കിൽ ബാങ്കുമായി ബന്ധമില്ലാതെ ബാങ്ക് മറയാക്കി താൽക്കാലിക കലക്ഷൻ ഏജന്റ് നടത്തിയ കോടികളുടെ തട്ടിപ്പ് സംഭവത്തിലെ ഇരകളുടെ പരാതിയിന്മേൽ പോലീസ് നടപടി ഇഴയുന്നു. പരാതി ചർച്ചയായതോടെ ഇന്നലെ പോലീസ് അഞ്ചു പരാതിയിമേൽ ഒരാളുടെ മൊഴിയെടുത്തു.60 പവൻ സ്വർണാഭരണങ്ങളും 15 ലക്ഷം രൂപയും കബളിപ്പിക്കലിനിരയായ തുരുത്തിയാട് പ്രിയ നിഷി കുമാറിന്റെ മൊഴിയാണ് ഇന്നലെ ഉച്ചയോടെ സ്റ്റേഷനിലേക്ക് വിളിച്ചു വരുത്തി ശേഖരിച്ചത്.

ഇരുപത്തിരണ്ടിലേറെ പേരെ വഞ്ചിച്ചതായാരോപണത്തിൽ പോലീസിൽ അഞ്ച് പേരാണ് പരാതി നല്കിയത്. ലാഭം വാഗ്ദാനം ചെയ്ത് പണം സ്വർണം തട്ടിയെടുത്തു വഞ്ചിച്ചതായാണ് പരാതി.സംഭവത്തിൽ ബാങ്ക് കലക്ഷൻ ഏജന്റിനെ പുറത്താക്കുകയും ബാങ്കുമായി യാതൊരു ബന്ധവും ഇവരുടെ ഇടപാടിനില്ലെന്നും വ്യക്തമാക്കുകയും ചെയ്തിട്ടുണ്ട്. പാർട്ടി അംഗമായ യിവരെ പാർട്ടി തള്ളിപ്പറഞ്ഞിട്ടുണ്ടെങ്കിലും ഇതുമായി ബന്ധപ്പെട്ട കേസ് ബാങ്കിന് പങ്കില്ലെങ്കിലും പേര് ചാർത്തി വരുന്നത് പാർട്ടിക്ക് കനത്ത ക്ഷീണമാണ്.

മധ്യസ്ഥ ശ്രമങ്ങൾ സ്റ്റേഷൻ കേന്ദ്രീകരിച്ചു പോലീസ് തന്നെ മുൻകൈയ്യെടുത്തതെന്നാക്ഷേപവും ഉണ്ടായിട്ടുണ്ട്.പോലീസ് മധ്യസ്ഥശ്രമം പരാജയപ്പെട്ടതോടെയും അഞ്ചു പരാതിയിൽ ആഴ്ചകളായിട്ടും കേസെടുക്കാതെത്തുടരവേ ഇരകൾ ജില്ലാ പോലീസ് മേധാവികൾക്ക് പരാതി നല്കാനിരിക്കേയാണ് ഇന്നലെ സി.ഐയുടെ നിർദ്ദേശപ്രകാരം പോലീസ് ഒരാളുടെ മൊഴിയെടുത്തത്. തെളിവില്ലാത്ത സാഹചര്യമാണ് കേസ് റജിസ്റ്റർ ചെയ്യുന്നതിലെ മെല്ലേപ്പോക്കെന്നാണ് പോലീസ് ഭാഷ്യം. എന്തായാലും സംഭവത്തിൽ ക്രിയാത്മ നടപടികളാണ് ഇരകൾ ആവശ്യപ്പെടുന്നത്.

ഒരാളുടെ പരാതിയിൽ കേസെടുത്തു

ബാലുശ്ശേരി: അർബൻബാങ്കിനെ മറയാക്കി കലക്ഷൻ ഏജന്റ് നടത്തിയ കോടികളുടെ തട്ടിപ്പ് സംഭവത്തിൽ പരാതിയിലും കേസെടുക്കാതെ ഒത്തുതീർപ്പിലേക്ക് നീങ്ങിയ പോലീസ് പ്രതിഷേധം ശക്തമായതോടെ നടപടിയിലേക്ക് നീങ്ങി. അഞ്ചു പരാതിയിൽ ഒന്നിനാണ് കേസെടുത്തത്.ഇവരെ ഇന്നലെ സ്റ്റേഷനിലേക്ക് വിളിപ്പിച്ചു മൊഴിയെടുത്തിരുന്നു.

ദുരിതം വിതച്ച് ദേശീയപാത നിർമ്മാണം; ജീവിക്കാൻ സമരത്തിനിറങ്ങി ജനങ്ങൾ

കോഴിക്കോട്: ദേശീയപാതയിലെ നിർമ്മാണ പ്രവർത്തനങ്ങൾ ഭീഷണിയായതോടെ ജനങ്ങൾ പ്രതിഷേധത്തിനൊരുങ്ങുന്നു. നിർമ്മാണ പ്രവർത്തനത്തിന്റെ ഭാഗമായി ഉയരത്തിൽ മണ്ണെടുത്തത് പലയിടങ്ങളിലും ഇടിഞ്ഞു താഴ്ന്നിട്ടുണ്ട്. കൺവേൾട്ടുകളിൽ ചെളി നിറഞ്ഞത് നീക്കം ചെയ്യാത്തതിനാൽ വെള്ളം ഒഴുകി പോകുന്നില്ല. പ്രശ്നം രൂക്ഷമായതോടെ ചോറോട്, പയ്യോളി, തിക്കോടി തുടങ്ങിയ പ്രദേശങ്ങളിൽ നാട്ടുകാർ സമരത്തിനിറങ്ങിയിട്ടുണ്ട്. കഴിഞ്ഞ ദിവസം വടകര മീത്തലെ മുക്കാളിയിൽ കൂറ്റൻ സംരക്ഷണ ഭിത്തി ഇടിഞ്ഞ് വീണ് അപകടമുണ്ടായിരുന്നു.

ഭാഗ്യത്തിനാണ് ജീവാപായം ഒഴിവായത്. മൂരാട് ഭാഗത്തും ഏതാനും ദിവസം മുമ്പ് മണ്ണിടിഞ്ഞു താഴുകയുണ്ടായി. ഇവിടെ ഇപ്പോഴും അപകട ഭീഷണി നിലനിൽക്കുന്നുണ്ട്. വാഗഡ് കമ്പനിയിലാണ് ദേശീയ പാത നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നത്. റോഡിന് വേണ്ടിയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുകയല്ലാതെ അത് കൊണ്ട് ജനങ്ങൾക്കുണ്ടാകുന്ന പ്രയാസങ്ങൾ നീക്കാൻ കമ്പനി ഒന്നും തന്നെ ചെയ്യുന്നില്ലെന്നാണ് പരാതി.

മഴ കനക്കുമ്പോൾ മുട്ടിന് മുകളിൽ വെള്ളമാണ് ദേശീയ പാതയിൽ പലയിടങ്ങളിലുമുള്ളത്. ഡ്രെയിനേജുകൾ അടഞ്ഞു പോയതിനാൽ റോഡിൽ വെള്ളം കെട്ടിക്കിടക്കുന്നതാണ് പയ്യോളി ഉൾപ്പെടെ പലയിടങ്ങളിലുമുള്ള പ്രശ്നം. കൺവേൾട്ടുകൾ അടഞ്ഞു കിടക്കുന്നതിനാൽ വടകര ചോറോട് ഭാഗത്ത് ദേശീയ പാതയോട് ചേർന്ന സ്ഥലത്ത് വെള്ളക്കെട്ടുണ്ടായി. ഇവിടെയുള്ള 16 വീടുകളുടെ ചുറ്റും ചെളിവെള്ളം കെട്ടിക്കിടക്കുകയാണ്. ജനങ്ങളുടെ പ്രതിഷേധത്തിനെ തുടർന്ന് ജില്ലാ കലക്ടർ ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥർ ഇന്നലെ ഇവിടെയെത്തി. തിക്കോടി ടൗൺ, തിക്കോടി പഞ്ചായത്ത് ബസാർ എന്നീ സ്ഥലങ്ങളിലെ ജനങ്ങൾ അശാസ്ത്രീയമായ നിർമ്മാണ പ്രവർത്തനങ്ങൾ രൂക്ഷമായ പ്രയാസങ്ങളാണ് അനുഭവിക്കുന്നത്. ഇവിടങ്ങളിൽ റോഡിൽ തോണിയിറക്കിയും മറ്റും ജനങ്ങൾ പ്രതിഷേധം നടത്തുകയുണ്ടായി. മുസ്ലിംലീഗിന്റെ നേതൃത്വത്തിലായിരുന്നു തോണിയിറക്കി സമരം. എഫ്.സി.ഐ ഗോഡൗൺ ഉൾപ്പെടെ പ്രവർത്തിക്കുന്ന പടിഞ്ഞാറ് ഭാഗത്തേക്ക് അടിപ്പാത നിർമ്മിക്കണമെന്ന ആവശ്യമായും പ്രതിഷേധം നിലനിൽക്കുന്നുണ്ട്. പുതുതായി നിർമ്മിക്കുന്ന റോഡിൽ നിന്നും വളരെ താഴ്ന്നാണ് സർവീസ് റോഡുകളുടെ കിടപ്പ്. ഇതിനാൽ മഴ പെയ്യുമ്പോൾ സർവീസ് റോഡുകൾ ചെളിക്കുളമാകുന്നുണ്ട്. ഡ്രെയിനേജുകൾ ഇല്ലാത്തതും ഉള്ള ഡ്രെയിനേജുകളിൽ ചെളി നിറഞ്ഞുമുള്ള പ്രയാസം തിക്കോടി ഭാഗത്തും രൂക്ഷമാണ്.

CLICK ദേശീയ പാതയ്ക്കു കുറുകെയുള്ള ഓഡ അടഞ്ഞതിനാൽ വടകര ചോറോട് പ്രദേശത്ത് രൂപപ്പെട്ട വെള്ള കെട്ടിൽ വീടിന്റെ നാലു ഭാഗവും വെള്ളത്തിൽ മുങ്ങിയ നിലയിൽ, 2. വടകര മൂരാട് റോഡിന്റെ സംരക്ഷണ ഭിത്തി ഇടിഞ്ഞു താഴ്ന്ന നിലയിൽ >>>

മുന്നറിയിപ്പിന് പുല്ലുവില

കോഴിക്കോട്: അശാസ്ത്രീയ നിർമ്മാണ പ്രവർത്തനങ്ങൾ മഴക്കാലത്ത് വലിയ ദുരിതങ്ങൾ സൃഷ്ടിക്കുമെന്ന മുന്നറിയിപ്പ് ദേശീയ പാത അധികൃതരും വാഗഡ് അധികൃതരും അവഗണിച്ചു. മഴ തുടങ്ങുന്നതിനും രണ്ട് മാസം മുമ്പ് കൺവേൾട്ടുകൾ അടഞ്ഞതും സംരക്ഷണ ഭിത്തി നിർമ്മാണത്തിലെ അപാകതയുമൊക്കെ അധികൃതരെ ശ്രദ്ധയിൽ പെടുത്തിയെങ്കിലുംം ഒരു നടപടിയുമുണ്ടായില്ലെന്ന് യൂത്ത് കോൺഗ്രസ് വടകര നിയോജക മണ്ഡലം പ്രസിഡണ്ട് സി നിജിൻ മാസ്റ്റർ പറഞ്ഞു.

പത്തും പതിനഞ്ചും മീറ്റർ ഉയരത്തിലുള്ള സംരക്ഷണ ഭിത്തി കോൺക്രീറ്റ് ചെയ്തത് ഒരു ഗുണനിലവാരവുമില്ലാത്ത തരത്തിലാണ്. കനത്ത മഴ പെയ്താൽ ഇളകി പോകുന്ന തരത്തിലാണ് സംരക്ഷണ ഭിത്തി കോൺക്രീറ്റ് ചെയ്തിരിക്കുന്നത്. മീത്തലെ മുക്കാളിയിൽ ഉണ്ടായ അപകടത്തിന് സമാനമായ തരത്തിൽ മറ്റിടങ്ങളിലും അപകടങ്ങൾ ഉണ്ടാവാൻ സാധ്യതയേറെയാണ്.

മീത്തലെ മുക്കാളിയിൽ സംരക്ഷണ ഭിത്തി തകർന്നപ്പോൾ

ഓവുചാലിന് സ്ലാബിടുന്നത് വേസ്റ്റ് ഇട്ട് നിറച്ചതിന് ശേഷം

കോഴിക്കോട്: ദേശീയ പാതയോട് ചേർന്ന് നിർമ്മിച്ച ഡ്രെയിനേജുകൾ സ്ലാബിട്ട് മൂടിയത് പലയിടങ്ങളിലും വേസ്റ്റുകൾ കുത്തിനിറച്ചതിന് ശേഷം. ഇതിനാൽ വെള്ളം ഒഴുകി പോകാത്ത പ്രശ്നം നിലനിൽക്കുന്നുണ്ട്. റോഡിൽ വെള്ളക്കെട്ടുണ്ടാകുന്നതിന് ഇതും കാരണമാകുന്നു. അവിദഗ്ധരായ തൊഴിലാളികളാണ് നിർമ്മാണ പ്രവൃത്തി നടത്തുന്ന ഭൂരിഭാഗം പേരുമെന്ന ആക്ഷേപവും ഉയർന്നിട്ടുണ്ട്. തൊഴിലാളികളെ ശ്രദ്ധിക്കാനും ആളില്ലാത്ത സ്ഥിതിയാണ്.

ബസ് സർവീസ് നിർത്തിവെച്ച് സമരത്തിലേക്ക്

കോഴിക്കോട്: റോഡിന്റെ ദുരവസ്ഥ മൂലം ഏറെ ബുദ്ധിമുട്ടിയാണ് സർവീസ് നടത്തുന്നതെന്ന് ബസ് ജീവനക്കാരും ഉടമകളും പറയുന്നു. കനത്ത മഴ പെയ്യുമ്പോൾ പലയിടങ്ങളിലും വാഹനങ്ങൾ താഴ്ന്നു പോകുന്നുണ്ട്. വെള്ളക്കെട്ടുകൾക്ക് പുറമെ വലിയ കുഴികളും രൂപപ്പെട്ടിട്ടുണ്ട്. സമയത്തിന് ഓടിയെത്താൻ ഏറെ പ്രയാസപ്പെടുകയാണെന്നും ബസ് ജീവനക്കാർ പറയുന്നു. അടിയന്തര നടപടി സ്വീകരിച്ചില്ലെങ്കിൽ സർവീസ് നിർത്തി വെച്ചുള്ള സമര പരിപാടികൾ നടത്തുമെന്ന് ജില്ലാ പ്രൈവറ്റ് ബസ് ഓപറേറ്റേഴ്സ് അസോസിയേഷൻ ഭാരവാഹികൾ അറിയിച്ചു.

പ്രസിഡന്റ്, സെക്രട്ടറി, ട്രഷറർ

സിയസ്കോക്ക് പുതിയ ഭാരവാഹികൾ

കോഴിക്കോട്: വ്യത്യസ്ത ജാതി വിഭാഗങ്ങളുടെ സാമൂഹിക, സാമ്പത്തിക അവസ്ഥ മനസ്സിലാക്കാൻ സംസ്ഥാനത്ത് ജാതി സെൻസസ് നടത്തണമെന്ന് സിയസ്കൊ വാർഷിക യോഗം ആവശ്യപ്പെട്ടു. എഞ്ചി.പി.മമ്മദ് കോയ അധ്യക്ഷത വഹിച്ചു. പി.ടി.മുഹമ്മദലി, സി.ബി.വി സിദ്ദീഖ്, പി.വി അബ്ദുല്ല കോയ, എ.എം യഹിയ, ബി.വി.മാമു, എം.അബ്ദുൾ ഗഫൂർ, സി.എ ഉമ്മർകോയ, വി.പി.റഷീദ്, എം.മമ്മദ് കോയ, പി.എൻ.എം സുബൈർ, കെ. നൗഷാദ് സംസാരിച്ചു. പി.എം മെഹബൂബ് റിപ്പോർട്ടും ഇ.വി മാലിക് കണക്കും അവതരിപ്പിച്ചു.ജനറൽ സിക്രട്ടറി എസ്. സർഷാർ അലി സ്വാഗതവും എം.വി. ഫസൽറഹ് മാൻ നന്ദിയും പറഞ്ഞു. പി. എം.മുഹമ്മദലി റിട്ടേണിംഗ് ഓഫീസറായി. ഭാരവാഹികൾ: സി.ബി.വി.സിദ്ദീഖ് (പ്രസിഡണ്ട്), കെ.നൗഷാദ് അലി, എസ്.എം.മുഹമ്മദ് സാലിഹ് (വൈസ് പ്രസി.), എം.വി ഫസൽ റഹ്മാൻ (ജ.സിക്രട്ടറി), സി.പി.എം സഈദ് അഹമ്മദ്, പി.വി മുഹമ്മദ് യൂനുസ് (സെക്ര.), പി.പി.അബ്ദുല്ല കോയ (ട്രഷറർ).

ഈ പെരുമഴക്കാലത്തും ഒരു തുള്ളി വെള്ളമില്ല

മഴയത്ത് വരണ്ടും വേനലിൽ നിറഞ്ഞും വിസ്മയം തീർക്കുന്നു ഒരു കിണർ

CLICK തറോപ്പൊയിലിലെ തച്ചം കുന്നുമ്മൽ കല്യാണി അമ്മയുടെ വീട്ടിലെ കിണർ

ജാഫർ പുതിയോട്ടിൽ

ആയഞ്ചേരി: തറോപ്പൊയിലിലെ തച്ചം കുന്നുമ്മൽ കല്യാണി അമ്മയുടെ വീട്ടിലെ കിണർ കാഴ്ചക്കാരിൽ വിസ്മയം തീർക്കുന്നു. തുള്ളിക്കൊരു കുടമായി മഴ കോരിച്ചെരിയുന്ന ഈ പെരുമഴക്കാലത്തും കിണറ്റിൽ ഒരു തുള്ളി വെള്ളമില്ലെന്നതാണ് കാഴ്ചക്കാരിൽ അത്ഭുതമുണ്ടാക്കുന്നത്. പക്ഷേ വേനൽ കനത്താലും ആവശ്യത്തിന് വെള്ളം കിട്ടുമെന്നതാണ് ഏറെ ആശ്ചര്യം. കോരിച്ചെരിയുന്ന കർക്കിടം കഴിഞ്ഞ് മഴയുടെ ശകതി ക്ഷയിച്ചു തുടങ്ങിയാൽ പിന്നെ കിണർ പതുക്കെ പാതിയോളം നിറയും. നൂറ് വർഷം പഴക്കമുള്ള കിണർ വീട്ട് മുറ്റത്ത് പ്രതാപത്തോടെ നിൽക്കുമ്പോഴും മഴക്കാലത്ത് കുടിവെള്ളത്തിനും വീട്ടിലെ ആവശ്യങ്ങൾക്കും മറ്റും അയൽ വീട്ടിലെ കിണറുകളിൽ നിന്ന് വെള്ളം എടുത്താണ് കഴിഞ്ഞിരുന്നത്.

അടുത്ത കാലത്ത് വീട്ടിനടുത്തുള്ള സ്വകാര്യ വ്യക്തി പഞ്ചായത്തിന്റെ ജലനിധി ടാങ്ക് സ്ഥാപിക്കാൻ സ്ഥലം നൽകി ടാങ്ക് നിർമ്മിച്ചതിനാൽ പൈപ്പ് വഴി വെള്ളം ലഭിക്കുന്നത് 65 വയസ്സ് കഴിഞ്ഞ കല്യാണിയുടെയും മകൻ ദിനേശനും ഭാര്യ വിജിഷക്കും എട്ടാം ക്ലാസ്സിൽ പഠിക്കുന്ന ആഷ്നിയ്ക്കും ഇത്തിരി ആശ്വാസം.വെള്ളത്തിന്റെ പ്രയാസം അനുഭവിക്കുന്നതിനിടയിലും കുന്നിൻമുകളിൽ താമസിക്കുന്ന ഈ കുടുംബത്തിന് ഇടവഴിയിലൂടെനടന്ന് പോകാമ്പോൾ റോഡ് എന്ന സ്വപ്നം ബാക്കിയാവുകയാണ്. തിരഞ്ഞെടുപ്പ് സമയത്ത് രാഷ്ട്രീയ പാർട്ടിക്കാർ വരുമെങ്കിലും അത് കഴിഞ്ഞാൽ ആരും തിരിഞ്ഞു നോക്കാറില്ലന്ന് സങ്കടം മനസ്സിലൊതുക്കി കല്യാണി അമ്മ പറയുന്നു.

നിലവിൽ ജലനിധിയുടെ ടാങ്കിൽ നിന്നും എത്തുന്ന വെള്ളത്തിനെയാണ് ഈ കുടുംബം ആശ്രയിക്കുന്നത്. കിണർ കുഴിച്ച സമയത്ത് ആദ്യ രണ്ട് വർഷം വെള്ളം കിട്ടിയെന്നും പിന്നീട് ഇന്ന് വരെ ഈ നില തുടർന്നു വന്നെന്നും അയൽ വീട്ടുകാരനും ബന്ധുകൂടിയായ തച്ചം കുന്നുമ്മൽ കുഞ്ഞോയ്ക്കൻ സാക്ഷ്യപ്പെടുത്തുന്നു.

CLICK പുതുതായി സർവീസ് ആരംഭിച്ച ഷൊർണൂർ കണ്ണൂർ പാസ്സഞ്ചർ ട്രെയിൻ കോഴിക്കോട് റെയിൽവേ സ്റ്റേഷനിൽ എത്തിയപ്പോൾ

സ്പെഷ്യൽ ട്രെയിനിന് അഭിവാദ്യങ്ങളുമായി യാത്രക്കാർ

കോഴിക്കോട്: പുതുതായി അനുവദിച്ച സ്പെഷ്യൽ ട്രെയിനിന് സ്വീകരണവുമായി യാത്രക്കാർ. തിരൂർ, പരപ്പനങ്ങാടി, താനൂർ, കോഴിക്കോട് സ്റ്റേഷനുകളിലെല്ലാം യാത്രക്കാർ ട്രെയിനിനെ സ്വീകരിച്ചു. പുഷ്പവൃഷ്ടി നടത്തിയും അഭിവാദ്യങ്ങൾ വിളിച്ചും യാത്രക്കാർ ട്രെയിനിനെ സ്വീകരിച്ചു. കോഴിക്കോട് മലബാർ ട്രെയിൻ പാസഞ്ചേഴ്സ് ഫോറത്തിന്റെ ആഭിമുഖ്യത്തിലായിരുന്നു സ്വീകരണം. അതേസമയം പരശുറാം എക്സ്പ്രസ്, നേത്രാവതി ട്രെയിനുകളിലെ തിരക്ക് കുറക്കുക എന്ന ഉദ്ദേശത്തോടെയാണ് ട്രെയിൻ അനുവദിച്ചത്. എങ്കിലും മോശമല്ലാത്ത തിരക്കാണ് ഇന്നലെയും അനുഭവപ്പെട്ടത്. സ്പെഷ്യൽ ട്രെയിൻ ഓടി തുടങ്ങുന്ന വേളയിൽ തിരക്ക് കുറയാനാണ് സാധ്യത.

ചർച്ച പ്രഹസനം; പ്രതിപക്ഷം ഇറങ്ങിപ്പോയി

കോഴിക്കോട്: അജണ്ടകൾ ചർച്ചയില്ലാതെ പാസാക്കുന്നതിൽ പ്രതിഷേധിച്ച് യുഡിഎഫ് അംഗങ്ങൾ കൗൺസിൽ യോഗത്തിൽ നിന്ന് ഇറങ്ങിപ്പോയി. യോഗം അവസാനിക്കാനിരിക്കെ പ്രതിപക്ഷ ഉപനേതാവ് കെ. മൊയ്തീൻ കോയയുടെ നേതൃത്വത്തിൽ പ്രതിപക്ഷം ഇറങ്ങിപ്പോവുകയായിരുന്നു. ആറ് മണിക്കുള്ളിൽ യോഗം അവസാനിപ്പിക്കുന്നതിനായി അജണ്ടകൾ അതിവേഗം പാസാക്കി പോയതിൽ പ്രതിഷേധിച്ചാണ് ഇറങ്ങിപ്പോയത്. നവകേരള സദസുമായി ബന്ധപ്പെട്ടും സംസ്ഥാന സർക്കാറിന്റെ വാർഷികാഘോഷവുമായി ബന്ധപ്പെട്ടും തുക അനുവദിച്ച അജണ്ടയെ പ്രതിപക്ഷം എതിർത്തു. കല്ലായിപ്പുഴ വിഷയത്തിൽ പ്രതിപക്ഷ അംഗങ്ങൾ നടത്തിയ ശക്തമായ പ്രതിഷേധ പരിപാടികൾ ഭരണപക്ഷത്തെ ബാധിച്ചു. പുഴ നവീകരണത്തിന് 5,07,70446 രൂപ കൂടി പ്രവൃത്തിയുടെ ചുമലയുള്ള ഇറിഗേഷൻ വകുപ്പിന് കൈമാറാൻ കോർപറേഷൻ കൗൺസിൽ തീരുമാനിച്ചു.സാഹിത്യനഗരം പ്രഖ്യാപന ചടങ്ങിന്റെ പ്രാധാന്യം മനസിലാക്കാൻ തയ്യാറാകാത്ത മുഖ്യമന്ത്രി പരിപാടിക്കെത്താൻകൂട്ടാക്കിയില്ലെന്ന് കെ. മൊയ്തീൻ കോയ പറഞ്ഞു. സാഹിത്യ നഗരപദവിയുമായി ബന്ധപ്പെട്ട് കോർപ്പറേഷൻ കൗൺസിലിനു ഡെപ്യൂട്ടി മേയർ സി.പി. മുസാഫർ അഹമ്മദ് അവതരിപ്പിച്ച പ്രമേയത്തിൽ സാഹിത്യ നഗരപദവി നേടാൻ സഹായിച്ച മുഴുവൻ പേർക്കും നന്ദി അറിയിച്ചു. കാലിക്കറ്റ് എൻ.ഐ.ടി, കില എന്നിവക്ക് പ്രത്യേകം നന്ദി അറിയിച്ച പ്രമേയത്തെ മുഴുവൻ കൗൺസിലർമാരും പിന്തുണച്ചു. ടീം ഗോകുലം കേരളയുടെ ഹോംഗ്രൗണ്ടായ ഇ.എം.എസ് സ്റ്റേഡിയം കേരള ഫുട്ബോൾ അസോസിയേഷൻ (കെ.എഫ്.എ) ഏറ്റെടുക്കാൻ സന്നദ്ധത അറിയിച്ചതായി ഡെപ്യൂട്ടി മേയർ പറഞ്ഞു. എസ്.കെ അബൂബക്കറിന്റെ ശ്രദ്ധക്ഷണിക്കലിനുള്ള മറുപടിയായാണ് ഇക്കാര്യം സൂചിപ്പിച്ചത്. ഇത് സംബന്ധിച്ച് തീരുമാനമെടുക്കുമെന്നും അദ്ദേഹം അറിയിച്ചു.2023-2024 സാമ്പത്തിക വർഷത്തിൽ കോർപറേഷൻ ഉൾപെടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ബജറ്റ് വിഹിതം പൂർണ്ണമായും അനുവദിക്കാത്ത സംസ്ഥാന സർക്കാർ നിലപാടിൽ പ്രതിഷേധം രേഖപ്പെടുത്തുന്ന അടിയന്തിര പ്രമേയം കെ മൊയ്തീൻ കോയ അവതരിപ്പിച്ചു. സർക്കാരിന്റെ ബജറ്റ് വിഹിതം കണക്കാക്കിയാണ് തദ്ദേശ സ്ഥാപനങ്ങൾ പദ്ധതി തയ്യാറാക്കുന്നത്. പ്രവർത്തി പൂർത്തീകരിച്ച ശേഷം ഫണ്ട് നൽകാതെ സർക്കാർ ഒഴിഞ്ഞുമാറുന്നത് തദ്ദേശ സ്ഥാപനങ്ങളെ ഗുരുതരമായ പ്രതിസന്ധിയിലാക്കുന്നു. സമീപ കാലത്തെ ഏറ്റവും കുറഞ്ഞ പദ്ധതി ചെലവാണ് കഴിഞ്ഞ വർഷം ഉണ്ടായത്. ധനവകുപ്പിന്റെ കുരുക്കിനെ മറികടന്ന് തദ്ദേശ

ഷിഗല്ല; ബാക്റ്റീരിയ കണ്ടെത്തിയ കിണർ വെള്ളം ഉപയോഗിക്കരുത്

പള്ളിക്കൽ: പള്ളിക്കൽ ഗ്രാമപഞ്ചായത്തിലെ കോഴിപ്പുറം വെണ്ണായൂർ എ.എം.യു.പി സ്കൂളിലെ മൂന്ന് വിദ്യാർഥികളിൽ ഷിഗല്ല ബാക്റ്റീരിയ കണ്ടെത്തിയതിനെ തുടർന്ന് നടത്തിയ പരിശോധനയിൽ സ്കൂളിലെ കിണർ വെള്ളത്തിൽ ഫീക്കൽ കോളിഫോം ബാക്റ്റീരിയയുടെ സാന്നിധ്യം കണ്ടെത്തിയ പശ്ചാത്തലത്തിൽ നിലവിലെ കിണർ വെള്ളം ഉപയോഗിക്കുന്നത് വിലക്കി സ്കൂൾ അധികൃതർക്ക് ആരോഗ്യവിഭാഗം കത്ത് നൽകി. ഷിഗല്ലയും മഞ്ഞപ്പിത്തവും റിപ്പോർട്ട് ചെയ്ത് സാഹചര്യത്തിൽ ഇന്ന് രാവിലെ 10.30നു പള്ളിക്കൽ ഗ്രാമ പഞ്ചായത്തിൽ അടിയന്തര യോഗം ചേരും. സാമ്പിൾ പരിശോധനക്കയച്ച ബയോകെമിക്കൽ വസ്തുക്കളുടെ പരിശോധനാഫലം നിലവിൽ ലഭ്യമായിട്ടില്ല.

ഇന്റഗ്രേറ്റഡ് ഫാമിങ് ക്ലസ്റ്ററുകളിൽ ആങ്കർ നിയമനം

മലപ്പുറം: കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ മലപ്പുറം ജില്ലയിലെ കണ്ണമംഗലം, വഴിക്കടവ്,ആലിപ്പറമ്പ്,വാഴയൂർ,പുഴക്കാട്ടിരി, തൃക്കലങ്ങോട് ഗ്രാമപഞ്ചായത്തുകളിൽ ഇന്റഗ്രേറ്റഡ് ഫാമിങ് ക്ലസ്റ്ററുകൾ (ഐ.എഫ്.സി) ആരംഭിക്കുന്നതിന്റെ ഭാഗമായി ക്ലസ്റ്റർ ലെവൽ ഐ.എഫ്.സി ആങ്കർ തസ്തികയിലേക്ക് നിയമനം നടത്തുന്നു. മൂന്നു വർഷത്തേക്കാണ് നിയമനം. കുടുംബശ്രീ അയൽക്കൂട്ട അംഗങ്ങൾ/കുടുംബശ്രീ ഓക്സിലറി അംഗങ്ങൾ മാത്രം അപേക്ഷിച്ചാൽ മതി. അഗ്രികൾച്ചർ/അലൈഡ് സയൻസസ് കൃഷിയിലോ ഫാം ബേസ്ഡ് ലൈവ്‌ലിഹുഡിലോ ഉള്ള ബിരുദം/ഡിപ്ലോമയും ഒരു വർഷത്തെ പ്രവൃത്തിപരിചയവുമാണ് യോഗ്യത. മേൽപറഞ്ഞ യോഗ്യതയുള്ളവരെ ലഭിക്കാത്തപക്ഷം മറ്റു വിഷയങ്ങളിൽ ബിരുദം നേടിയവരെ പരിഗണിക്കും. ഇവർ രണ്ടു വർഷം കാർഷിക മേഖലയിൽ പ്രവർത്തന പരിചയം ഉള്ളവരായിരിക്കണം. അപേക്ഷകൾ അതത് ഗ്രാമ പഞ്ചായത്തുകളിൽ ജൂലൈ 10നകം എത്തിക്കണം. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 7034716321.

മലപ്പുറം വാർത്തകൾ

കരിപ്പൂർ വിമാനത്താവളത്തിലെ പുതുതായി നിർമ്മിച്ച നടപ്പാതയിൽ കൂട്ടംകൂടി കിടക്കുന്ന പട്ടികൾ. ദിനംപ്രതി നിരവധി യത്രക്കാർ കടന്നുപോകുന്ന പാതിയിൽ ഇവ വലിയ ബുദ്ധിമുട്ടാണ് സൃഷ്ടിക്കുന്നത്.

സർക്കാർ മാർഗനിർദേശം

ഗവ.ആശുപത്രികളിലെ സായാഹ്ന ഒ.പികൾ പ്രതിസന്ധിയിൽ

തദ്ദേശ സ്ഥാപനങ്ങളുടെ ഫണ്ടിൽ പ്രവർത്തിക്കുന്ന ഒ.പികളിൽ ഡോക്ടർമാരെ നിയമിക്കാനാവുന്നില്ല

ഷഹബാസ് വെള്ളില
മലപ്പുറം

മലപ്പുറം: സർക്കാർ ആശുപത്രികളിൽ തദ്ദേശ സ്ഥാപനങ്ങളുടെ സാമ്പത്തിക സഹായത്തോടെ പ്രവർത്തിച്ചുവരുന്ന സായാഹ്ന ഒ.പികൾ സർക്കാറിന്റെ പുതിയ മാർഗനിർദേശം കാരണം പ്രതിസന്ധിയിൽ. അത്യാവശ്യ ഘട്ടങ്ങളിലുള്ള ഡോക്ടർമാരുടെ നിയമനം, രാത്രികാല സേവനത്തിന് ഡോക്ടർമാരുടെ നിയമനം എന്നിവയാണ് ഇടതുസർക്കാറിന്റെ പുതിയ ഉത്തരവുകൾ കാരണം അവതാളത്തിലായിരിക്കുന്നത്. ജില്ലയിലെ ആയിരക്കണക്കിന് രോഗികളെയാണ് ഇത് ദോഷമായി ബാധിക്കുക. ഇത്തരം സായാഹ്ന ഒ.പികളിലേക്ക് ഡോക്ടർമാരെ നിയമിക്കുന്നതിനുള്ള മാനദണ്ഡം പരിഷ്കരിച്ചതാണ് പദ്ധതിയെ താളംതെറ്റിക്കുന്നത്. ജില്ലാ മെഡിക്കൽ ഓഫീസർ, എൻ.എച്ച്.എം പ്രോഗ്രാം ഓഫീസർ, ജില്ലാ കലക്ടർ എന്നിവർ അടങ്ങിയ സമിതി അഭിമുഖം നടത്തി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് നൽകുന്ന ലിസ്റ്റിൽ നിന്ന് മുൻഗണന ക്രമത്തിൽ മാത്രമേ ഡോക്ടർമാരെ നിയമിക്കാവൂ എന്നാണ് സർക്കാർ മാർഗ നിർദേശം. നേരത്തെ ഡി.എം.ഒ, തദ്ദേശ സ്ഥാപനങ്ങളുടെ അധ്യക്ഷൻ, എച്ച്.എം.സി ഭരണ സമിതിയിലെ മറ്റ് രണ്ടംഗങ്ങൾ എന്നിവരടങ്ങിയ ഉപസമിതി അഭിമുഖം നടത്തിയാണ് ഡോക്ടർമാരെ നിയമിച്ചിരുന്നത്. പുതിയ നിർദേശം കൂടുതൽ സങ്കീർണതയിലേക്ക് കാര്യങ്ങളെത്തിക്കുമെന്നതാണ് വാസ്തവം. നിലവിൽ ഇതേ ഒ.പിയിലേക്കുള്ള മറ്റ് നിയമനങ്ങളെല്ലാം ഉപസമിതി തന്നെയാണ് തീരുമാനിക്കുന്നത്. ഡോക്ടർമാരെ നിയമിക്കുന്നതിന് പുതിയ മാർഗനിർദേശം വന്നത് കാരണം വലിയ പ്രയാസം സൃഷ്ടിക്കുന്നുണ്ടെന്നാണ് പരാതി ഉയർന്നിരിക്കുന്നത്. സായാഹ്ന ഒ.പികളിൽ ജോലി ചെയ്യുന്ന ഡോക്ടർമാരുടെ കാലാവധി മാർച്ച് 31ന് അവസാനിക്കേണ്ടതായിരുന്നു. എന്നാൽ പെരുമാറ്റച്ചട്ടം നിലനിൽക്കുന്നതിനാൽ ജൂൺ 30 വരെ നിലനിർത്താൻ സർക്കാർ ഉത്തരവ് നൽകി. ഇപ്രകാരം ജൂലൈ ഒന്നു മുതൽ ജില്ലാ മെഡിക്കൽ ഓഫീസിൽ നിന്നും നൽകുന്ന പട്ടികയിൽ നിന്ന് മാത്രമേ നിയമനം നൽകാവൂ എന്ന് എല്ലാ സ്ഥാപനങ്ങളിലേക്കും ജില്ലാ മെഡിക്കൽ ഓഫീസറുടെ നിർദേശം ഉണ്ടായിരുന്നു. ലിസ്റ്റ് ലഭിക്കുന്നത് ജൂൺ 29 നാണ്. ജൂൺ 30ന് അവധി ദിവസവും. ഇതുകാരണം തന്നെ ഉദ്യോഗാർത്ഥികളെ വിവരം അറിയിക്കുവാനോ അവർക്ക് നിയമാനുസരണം സമയമെടുത്ത് ജോലിയിൽ പ്രവേശിക്കുവാനോ കഴിഞ്ഞില്ലെന്ന പരാതിയും നിലനിൽക്കുന്നുണ്ട്. അതോടൊപ്പം തന്നെ ലിസ്റ്റിൽ ഉൾപ്പെട്ട ഡോക്ടർമാരാകട്ടെ മറ്റു പല സ്ഥാപനങ്ങളിലും ജോലിയുള്ളവരും സ്വകാര്യ പ്രാക്ടീസ് നടത്തുന്നവരുമാണ്. ഇതുകൊണ്ടു തന്നെ പെട്ടെന്ന് ജോലിയിൽ പ്രവേശിക്കാൻ തടസ്സം നേരിടുന്നു. ജില്ലയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ അവരുടെ പദ്ധതി വിഹിതത്തിൽ നിന്നോ തനത് വരുമാനത്തിൽ നിന്നോ ശമ്പളം നൽകി വളരെ നല്ല നിലയിൽ പാവപ്പെട്ട രോഗികൾക്ക് വളരെ ആശ്വാസമായി പ്രവർത്തിച്ചുവരുന്ന ഈ സംവിധാനം തകർക്കുന്നതാണ് സർക്കാറിന്റെ പുതിയ പരിഷ്കാരങ്ങൾ. ജില്ലയിൽ മഞ്ഞപ്പിത്തവും മറ്റു പലവിധ പനികളും സാംക്രമിക രോഗങ്ങളും പടർന്നു പിടിച്ചു കൊണ്ടിരിക്കുന്ന ഈ സമയത്ത് സർക്കാർ അപ്രായോഗിക മാർഗനിർദേശങ്ങൾ കാരണം ജില്ലയിലെ പല ആശുപത്രികളിലും സായാഹ്ന ഒ.പി പ്രവർത്തനം നിലച്ചിരിക്കുകയാണ്. ജൂൺ ഒന്നുമുതൽ ജോലി ചെയ്തു വരുന്ന ഡോക്ടർമാർക്ക് എങ്ങനെ വേതനം നൽകുമെന്ന കാര്യത്തിലും ആശങ്കയിലാണ് തദ്ദേശ സ്ഥാപനങ്ങൾ.

സായാഹ്ന ഒ.പികളിൽ ഡോക്ടർമാരെ നിയമിക്കുന്നതുമായി ബന്ധപ്പെട്ട പ്രതിസന്ധി നീക്കണമെന്ന് ആവശ്യപ്പെട്ട് കേരള ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ ഭാരവാഹികൾ ജില്ലാ മെഡിക്കൽ ഓഫീസർക്ക് നിവേദനം നൽകുന്നു

സർക്കാർ നടപടി തിരുത്തണം: ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ

മലപ്പുറം: ജനസംഖ്യയുടെയും ഒ.പിയിലെ രോഗികളുടെയും കിടപ്പ് രോഗികളുടെയും വർധനവിന് അനുസരിച്ച് ആവശ്യമായ ജീവനക്കാരെ നിയമിക്കാനോ, സർക്കാർ നൽകുന്ന മറ്റു സേവനങ്ങളിൽ ന്യായമായ വർധനവ് വരുത്തുവാനോ താത്പര്യം കാണിക്കാത്ത സർക്കാർ ജില്ലയിലെ മുഴുവൻ ജനങ്ങളെയും ബുദ്ധിമുട്ടിക്കുന്ന ഇത്തരം ഉത്തരവുകൾ പിൻവലിക്കണമെന്ന് കേരള ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ ആവശ്യപ്പെട്ടു.
തദ്ദേശ സ്ഥാപനങ്ങളുടെ സാമ്പത്തിക സഹായത്തോടെ നല്ല രീതിയിൽ പ്രവർത്തിച്ചിരുന്ന ഒ.പികൾ തുടരുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കണമെന്നും അസോസിയേഷൻ ആവശ്യപ്പെട്ടു. മുൻകാലങ്ങളിലെ പോലെ തദ്ദേശ സ്വയംഭരണ സ്ഥാപന മേധാവികൾ, എച്ച്.എം.സി,മെഡിക്കൽ ഓഫീസർ, എന്നിവരടങ്ങുന്ന സമിതി അഭിമുഖം നടത്തി നിയമനം നടത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും കേരള ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ സംസ്ഥാന, ജില്ലാ ഭാരവാഹികളായ അഡ്വ. എ.കെ മുസ്തഫ, ടി.എ അബ്ദുൽ കരീം, കെ. സാജിത എന്നിവർ തദ്ദേശ സ്വയംഭരണ എക്സൈസ് വകുപ്പ് മന്ത്രി, പ്രതിപക്ഷ ഉപനേതാവ്, മലപ്പുറം ജില്ലാ കലക്ടർ, ജില്ലാ മെഡിക്കൽ ഓഫീസർ എന്നിവർക്ക് നൽകിയ നിവേദനത്തിൽ ആവശ്യപ്പെട്ടു.

വ്യാജ ആർ.സി നിർമാണം; യൂത്ത്‌ലീഗ് ഓഫീസ് ഉപരോധിച്ചു

തിരൂരങ്ങാടി: സബ് ആർ.ടി. ഓഫീസ് കേന്ദ്രീകരിച്ച് വ്യാജ ആർ.സി നിർമിച്ച ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് തിരൂരങ്ങാടി മോട്ടോർ വാഹന വകുപ്പ് ഓഫീസ് മുസ്‌ലിം യൂത്ത് ലീഗ് പ്രവർത്തകർ ഉപരോധിച്ചു.
വ്യാജ ആർ.സി നിർമിച്ച പരാതിയിൽ കൃത്യമായ അന്വേഷണം നടത്തി ഇന്ന് തന്നെ കേസ് രജിസ്റ്റർ ചെയ്യുമെന്നും ഇല്ലാത്തപക്ഷം സമരം സ്റ്റേഷനിലേക്ക് മാറ്റാമെന്നും തിരൂരങ്ങാടി എസ്.ഐ വിനോദ് മുസ്‌ലിം യൂത്ത്‌ലീഗ് നേതാക്കളുമായി നടത്തിയ ചർച്ചയിൽ നൽകിയ ഉറപ്പിന്റെ അടിസ്ഥാനത്തിൽ സമരം അവസാനിപ്പിക്കുകയായിരുന്നു.
തിരൂരങ്ങാടി സബ് മോട്ടോർ വാഹന വകുപ്പ് ഓഫീസിലെ ഉദ്യോഗസ്ഥരുടെ സഹായത്തോടെ വ്യാജ ആർ.സി ബുക്കുകളുണ്ടാക്കി ഉടമ അറിയാതെ വാഹനം വിൽപ്പന നടത്തിയ സംഭവത്തിൽ സമഗ്ര അന്വേഷണവും വകുപ്പ് തല നടപടിയും ആവശ്യപ്പെട്ടായിരുന്നു സമരം. സാമ്പത്തിക പ്രയാസം മൂലം അടവിന് എടുക്കുന്ന വാഹനത്തിന്റെ അടവ് തെറ്റുന്ന സമയത്ത് സേട്ടുമാർ പിടിച്ചെടുക്കുന്ന വാഹനങ്ങൾ ഉടമ അറിയാതെ പുതിയ ആർ.സി ഉണ്ടാക്കി മറ്റൊരാൾക്ക് വിൽക്കുന്നതിനാണ് തിരൂരങ്ങാടി മോട്ടോർ വാഹന വകുപ്പ് ഓഫീസിൽ നിന്നും ഒത്താശ ചെയ്തിരിക്കുന്നത്.
ഒരേ വാഹനത്തിന് ഒറിജിനലായി രണ്ട് ആർ.സിയോ മറ്റോ ശ്രദ്ധയിൽപ്പെട്ടതോടെയാണ് വിവരം പുറത്തായത്. പരാതിയിലെ വിവരങ്ങൾ പുറത്ത് നൽകാനോ കേസ് രജിസ്റ്റർ ചെയ്യാനോ പൊലീസ് തയ്യാറാകാത്ത സാഹചര്യത്തിലായിരുന്നു യൂത്ത്‌ലീഗ് സമരവുമായി രംഗത്തെത്തിയത്.
മണ്ഡലം മുസ്‌ലിം യൂത്ത്‌ലീഗ് പ്രസിഡന്റ് യു.എ റസാഖ്, സി.കെ മുനീർ, ഉസ്മാൻ കാച്ചടി, റിയാസ് തോട്ടുങ്ങൽ. അയ്യൂബ് തലാപ്പിൽ, സി.എച്ച് അബൂബക്കർ സിദ്ദീഖ്, കെ മുഈനുൽ ഇസ്‌ലാം, പി.കെ സൽമാൻ, കെ അലി, ബാപ്പുട്ടി ചെമ്മാട് നേതൃത്വം നൽകി.

തിരൂരങ്ങാടി മോട്ടോർ വാഹന വകുപ്പ് ഓഫീസ് മുസ്‌ലിം യൂത്ത്‌ലീഗ് പ്രവർത്തകർ ഉപരോധിക്കുന്നു

ഏഴ് ആർ.സികൾ വ്യാജമെന്ന് സമ്മതിച്ച് ജോ.ആർ.ടി.ഒ

തിരൂരങ്ങാടി: ഏഴ് ആർ.സികൾ വ്യാജമായി നിർമിക്കപ്പെട്ടെന്ന് സമ്മതിച്ച് തിരൂരങ്ങാടി ജോ.ആർ.ടി.ഒ സി.പി സക്കരിയ്യ മാധ്യമങ്ങളോട് പറഞ്ഞു. വ്യജ ആർ.സി എന്ന് സംശയിക്കുന്ന ഏഴോളം ആർ.സി തിരിച്ചറിഞ്ഞതിനെ തുടർന്ന് തിരൂരങ്ങാടി പൊലീസിൽ പരാതി നൽകിയിരുന്നു. തുടർന്ന് നടപടി സ്വീകരിക്കുന്നതിനും മറ്റുമായി ട്രാൻസ്പോർട്ട് കമ്മീഷണറെ അറിയിക്കുകയും ചെയ്തു. വ്യജൻമാർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുമെന്നും അപേക്ഷകരെ നേരിൽ കേൾക്കുന്നതിന്ന് വേണ്ടി നോട്ടീസ് നൽകുകയും പുതിയ ആർ.സി അപേക്ഷകന് നൽകാതെ ഓഫീസിൽ തന്നെ തടഞ്ഞ് വെച്ചതായും മറ്റൊരു സർവീസും നൽകാതിരിക്കുന്നതിന് വേണ്ടി ബ്ലാക്ക് ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും ഓഫീസർ പറഞ്ഞു.

വ്യാജ ആർ.സി രേഖയിലെ ഉടമകൾക്കെതിരെ കേസെടുത്തു

തിരൂരങ്ങാടി: സബ് ആർ.ടി.ഓഫീസിൽ നിന്നും തയ്യാറാക്കിയ വ്യാജ ആർ.സി ബുക്കിലെ ഉടമകൾക്കെതിരെ പൊലീസ് കേസെടുത്തു.
ആഴ്ച്ചകൾക്ക് മുമ്പ് പരാതി നൽകിയിട്ടും കേസെടുക്കാതെയും കുറ്റക്കാരായ മോട്ടോർ വാഹന ഉദ്യോഗസ്ഥരെ സംരക്ഷിക്കുന്നതിലും പ്രതിഷേധിച്ച് ഇന്നലെ രാവിലെ മുതൽ തിരൂരങ്ങാടി സബ് ആർ.ടി.ഓഫീസ് തിരൂരങ്ങാടി മണ്ഡലം മുസ്‌ലിം യൂത്ത്‌ലീഗ് കമ്മിറ്റിയുടെ നേതൃത്വത്തിൽ ഉപരോധിച്ചിരുന്നു.
ഓഫീസറുടെ പരാതിയിൽ അന്വേഷണം നടത്തി കുറ്റക്കാരായ ഉദ്യോഗസ്ഥരെ പ്രതികളാക്കി കേസെടുക്കുമെന്ന തിരൂരങ്ങാടി എസ്.ഐയുടെ ഉറപ്പിന്മേലാണ് യൂത്ത്‌ലീഗ് സമരം അവസാനിപ്പിച്ചത്.
കഴിഞ്ഞ മാസം 24-നാണ് തിരൂരങ്ങാടി ജോയിന്റ് ആർ.ടി.ഒ സി.പി സക്കരിയ്യ തിരൂരങ്ങാടി പൊലീസിൽ പരാതി നൽകിയത്.
ഏഴ് വാഹനങ്ങളുടെ നമ്പർ സഹിതം നൽകിയ പരാതിയിൽ പൊലീസ് കേസെടുക്കാതെ ഒതുക്കി തീർക്കാനുള്ള ശ്രമമായിരുന്നു നടന്നിരുന്നത്.
കെ.എൽ 27-എച്ച് 7396, കെ.എൽ 34-എഫ് 9365, കെ.എൽ-26 എൽ 726, കെ.എൽ-51 എൻ 5178, കെ.എൽ 46-ടി 7443, കെ.എൽ -75 എ 3346, കെ.എൽ 11-ബി.എഫ് 946 എന്നീ വാഹനങ്ങളുടെ ഇപ്പോഴത്തെ വ്യജ ആർ.സി ഉടമകൾക്കെതിരെയാണ് പൊലീസ് കേസെടുത്തത്.
ഐപിസിയിലെ 468-വ്യാജ രേഖ ചമക്കൽ, 406-വിശ്വാസ വഞ്ചന, 471-ആൾമാറാട്ടം, 419-ചീറ്റിങ്, 34- സംഘം ചേർന്ന് കുറ്റകൃത്യം ചെയ്യൽ എന്നീ വകുപ്പുകളാണ് ഇവർക്കെതിരെ ചുമത്തിയിരിക്കുന്നത്.

ജില്ലാ പബ്ലിക്ക് ഹെൽത്ത് ലാബ് ; പ്രധാന ടെസ്റ്റുകൾ മുടങ്ങിയിട്ട് ദിവസങ്ങൾ

ശോചനീയാവസ്ഥയിലായ കെട്ടിടം അപകട ഭീഷണിയിൽ

മലപ്പുറം: മഴക്കാല രോഗങ്ങൾ വ്യാപിക്കുന്നതിനിടെ ജില്ലാ പബ്ലിക് ഹെൽത്ത് ലാബിന്റെ പ്രവർത്തനം മുടങ്ങിയത് പ്രതിസന്ധിയാവുന്നു. സിവിൽ സ്റ്റേഷനിൽ പ്രവർത്തിക്കുന്ന ജില്ലാ പബ്ലിക്ക് ഹെൽത്ത് ലാബ് കെട്ടിടം ഇടിഞ്ഞു വീഴാറായതും പരിശോധനാ കിറ്റുകൾ ഇല്ലാത്തതുമാണ് ലാബിന്റെ പ്രവർത്തനം ഭാഗികമായി നിർത്താൻ കാരണം. പരിശോധനക്കെത്തുന്നവരും ജീവനക്കാരും ഒരുപോലെ ഭയക്കുന്ന വിധം ഇടിഞ്ഞു വീഴാറായ അവസ്ഥയാണ് കെട്ടിടത്തിന്റേത്.
മൈക്രോബയോളജി റൂമിൽ കഴിഞ്ഞ ദിവസം ഒരു ജീവനക്കാരി ജോലിചെയ്യുന്ന സമയത്ത് മേൽകൂരയിൽ നിന്ന് ഓടും ദ്രവിച്ച പട്ടികയും അടർന്നു വീണിരുന്നു. തലനാരിഴക്കാണ് ജീവനക്കാരി രക്ഷപ്പെട്ടത്. ഇതോടെ ഏറെ ഭയപ്പെട്ടാണ് ജീവനക്കാർ ജോലി ചെയ്യുന്നത്. ദിനംപ്രതി നൂറുകണക്കിന് രോഗികൾ ആശ്രയിക്കുന്ന ഈ ലാബിന്റെ കെട്ടിടം അപകടവസ്ഥയിലായതോടെ പ്രധാന ടെസ്റ്റുകളടക്കം ഒരാഴ്ചയിലേറെയായി മുടങ്ങിയിരിക്കുകയാണ്.
മേൽക്കൂര തകർന്നു വീണതിനാൽ ലാബിലെ ഷുഗർ, കൊളസ്ട്രോൾ, കൾച്ചറൽ ടെസ്റ്റുകൾ, എൽ.എഫ്.ടി, ആർ.എഫ്.ടി തുടങ്ങിയ പരിശോധനകൾ ഒരറിയിപ്പ് ഉണ്ടാവുന്നതു വരെ ഉണ്ടായിരിക്കില്ലെന്ന് ലാബിന് മുമ്പിൽ അറിയിപ്പായി നോട്ടീസും പതിച്ചിട്ടുണ്ട്. ഇത് കാണുന്നതോടെ കുറഞ്ഞ ചെലവിൽ പരിശോധനകൾക്കെത്തുന്ന സാധാരണക്കാർ നിരാശയോടെ മടങ്ങുകയാണ്.
അഞ്ചുവർഷം മുമ്പേ പുതിയ ഷിറ്റിട്ട് മേൽക്കൂര നവീകരിച്ചപ്പോൾ അതിനുതാഴെ ദ്രവിച്ച ഓടും പട്ടികയും മാറ്റാഞ്ഞതാണ് അപകടത്തിന് വഴിയൊരുക്കിയത്. കെട്ടിടത്തിന്റെ പല ഭാഗത്തും മഴയിൽ വെള്ളം ചോർന്നൊലിക്കുന്ന പ്രശ്നവുമുണ്ട്.
ഇതേ കെട്ടിടത്തിനോട് ചേർന്ന് പ്രവർത്തിക്കുന്ന ജി.എസ്.ടി വകുപ്പിന്റെ ഓഫീസിലും സമാന പ്രശ്നങ്ങളുണ്ട്. ശോചനീയാവസ്ഥ മുന്നിൽ കണ്ട് പബ്ലിക്ക് ലാബ് മറ്റു സ്ഥലങ്ങളിലേക്ക് മാറ്റാനുള്ള ശ്രമങ്ങൾ നടന്നിരുന്നുവെങ്കിലും അവസാനം സിവിൽ സ്റ്റേഷനിൽതന്നെ നിലനിർത്താനാണ് ആരോഗ്യ വകുപ്പിന്റെ തീരുമാനം. പബ്ലിക്ക് ഹെൽത്ത് ലാബ്, ഇന്റഗ്രേറ്റഡ് പബ്ലിക് ഹെൽത്ത് ലാബാക്കി ഉയർത്തുന്നതിന് സർക്കാർ 1.25 കോടി രൂപ അനുവദിച്ചിട്ടുണ്ടെങ്കിലും തുടർ നടപടികൾ വൈകുകയാണ്. നവീകരണം വൈകുന്നതിനാൽ ലാബ് പ്രവർത്തനങ്ങളും ജീവനക്കാരുടെ സുരക്ഷയും പ്രയാസത്തിലാവുകയാണ്.

ശോചനീയാവസ്ഥയിലായ ജില്ലാ പബ്ലിക്ക് ഹെൽത്ത് ലാബ് കെട്ടിടം

മലപ്പുറത്തിന് പ്രത്യേക പാക്കേജ് ആവശ്യപ്പെട്ട് പി അബ്ദുൽ ഹമീദ് എം.എൽ.എ

തേഞ്ഞിപ്പലം: മലപ്പുറം ജില്ലയിൽ ജനങ്ങൾ അനുഭവിക്കുന്ന വികസന വിദ്യാഭ്യാസ, വൈദ്യുതി ഉൾപ്പെടെയുള്ള സുപ്രധാന വിഷയങ്ങളിൽ പ്രത്യേക പാക്കേജ് വേണമെന്ന് ആവശ്യപ്പെട്ട് മുഖ്യമന്ത്രി വിളിച്ച് കൂട്ടിയ യോഗത്തിൽ പി അബ്ദുൽ ഹമീദ് എം. എൽ.എ. ദേശീയ പാത-66 ന്റെ വികസന പ്രവൃത്തികൾ മൂലം പരിസരവാസികൾക്കുണ്ടാവുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണണമെന്ന് യോഗത്തിൽ എം.എൽ.എ ഉന്നയിച്ചു.
തലപ്പാറ മുതൽ ഇടിമുഴിക്കൽ വരെയുള്ള പ്രദേശങ്ങളിലെ ജനവാസ കേന്ദ്രങ്ങളിലേക്ക് ഡ്രൈനേജിന്റേയും കൾവർട്ടിന്റേയും ഔട്ട് ലെറ്റ് തുറന്ന് വിട്ടത് കാരണം മഴക്കാലത്ത് വെള്ളപ്പൊക്കം ഉണ്ടാവുന്നുണ്ട്.
വീടുകളിലും, കടകളിലും, ആരാധനാലയങ്ങളിലും അടക്കം വെള്ളം കയറുന്ന അവസ്ഥയാണ്. ഇത് മൂലം രണ്ട് മരണങ്ങൾ സംഭവിച്ചു. നിരവധി വീടുകൾ തകർച്ച ഭീഷണിയിലാണ്.സുരക്ഷാ മതിലുകൾ തകർന്നു.
ഡ്രൈനേജ് കൾവർട്ടിൽ നിന്നും വെള്ളം ഒഴുക്കി വിടുന്നത് ജനവാസ കേന്ദ്രങ്ങളിലേക്കാണ്. ഇത്തരത്തിലുള്ള വെള്ളം ഡ്രൈൻ സിസ്റ്റം ഉണ്ടാക്കി ജലസ്രോതസ്സുകളിലേക്ക് എത്തിക്കുന്നതിന് പദ്ധതി വേണം. പരാതി ഉന്നയിക്കുമ്പോൾ നിർമാണ കമ്പനി ഉന്നയിക്കുന്ന തടസവാദങ്ങളും മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തി.
തിരൂർ കടലുണ്ടി റോഡിലെ ചെട്ടിപ്പടി മുതൽ കടലുണ്ടിക്കടവ് വരെയുള്ള റോഡ് ഡ്രൈനേജിന്റെയും ഉയർച്ച കുറവിന്റേയും അപര്യാതതയും കാരണം വെള്ളം കെട്ടി നിൽക്കുന്നതിനാൽ റോഡ് പെട്ടെന്ന് കേടുവരുന്ന സ്ഥിതിയാണ്.
നിലവിൽ മഴക്കാലത്ത് ഈ റോഡിലെ സഞ്ചാരം ദുസ്സഹമാണ്. തിരൂർ, താനൂർ, തവനൂർ, തിരൂരങ്ങാടി, വള്ളിക്കുന്ന്, ബേപ്പൂർ എന്നീ നിയോജകമണ്ഡലങ്ങളിലൂടെ കടന്ന് പോകുന്നതും കോഴിക്കോട്-കൊച്ചി ദേശീയ പാതയുമായ ഈ റോഡിന് ഡ്രൈനേജോടു കൂടി റോഡ് നവീകരിക്കുന്നതിന് ഫണ്ട് അനുവദിക്കണം.
തേഞ്ഞിപ്പലം ഫയർസ്റ്റേഷന് 50 സെന്റ് സ്ഥലം കാലിക്കറ്റ് സർവ്വകലാശാല ഫയർഫോഴ്സ് വകുപ്പിന് കൈമാറിയെങ്കിലും നടപടിയായിട്ടില്ല.ജില്ലയിലെ വോൾട്ടേജ് ക്ഷാമത്തിനും പരിഹാരം വേണം.
മറ്റു ജില്ലകളെ അപേക്ഷിച്ചു മലപ്പുറം ജില്ലയുടെ വൈദ്യുതി ലോഡ് കൂടുതൽ ആണ്. അടുത്ത വേനലാകുന്നതോടെ വൈദ്യുതി മേഖലയിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് മലപ്പുറത്തിന് പ്രത്യേക പാക്കേജ് ആസൂത്രണം ചെയ്ത് നടപ്പിലാക്കണം.
കിഫ്ബിയിൽ നിന്ന് 36 കോടി രൂപ 2017 ൽ ധനാനുമതി ലഭിച്ച പദ്ധതിയായ കടലുണ്ടിപ്പുഴക്ക് കുറുകെ ഇരുമ്പോത്തിങ്ങൽ റഗുലേറ്റർ കം ബ്രിഡ്ജിന് തിരഞ്ഞെടുത്ത സ്ഥലം അനുയോജ്യമല്ലെന്ന് കണ്ടെത്തിയതിനാൽ ആ തുക കടക്കാട്ടുപാറ റഗുലേറ്റർ പദ്ധതിക്ക് അനുവദിക്കുവാൻ ജലസേചന വകുപ്പിനോടും കിഫ്ബിയോടും ആവശ്യപ്പെട്ടിട്ട് കഴിഞ്ഞ രണ്ട് വർഷമായിട്ടും പുരോഗതിയില്ല.
അരിയല്ലൂർ ബീച്ചിൽ തീരദേശ റോഡും വീടുകളും കടലെടുത്തിട്ട് വർഷങ്ങൾ കഴിഞ്ഞു.
പരപ്പാൽ ബീച്ചിൽ ടിപ്പു സുൽത്താൻ റോഡ് പൂർണ്ണമായും കടലെടുത്തിട്ടുണ്ട്. നിർദിഷ്ട ഭാഗത്ത് പഠനം നടത്തി കടൽ ഭിത്തി നിർമിക്കാൻ ചീഫ് സെക്രട്ടറി തല മീറ്റിങ്ങ് നടത്തി തീരുമാനിച്ചതാണ്. തീരുമാനം എടുത്ത് മൂന്ന് വർഷം കഴിഞ്ഞിട്ടും നടപടി വൈകുകയാണ്.ഗവ.ആർട്സ് കോളജ് വള്ളിക്കുന്ന്
മണ്ഡലത്തിൽ സർക്കാർ മേഖലയിൽ ഇല്ല. 5 ഏക്കർ സ്ഥലം ലഭിച്ചാൽ പരിഗണിക്കുമെന്ന് ഉന്നത വിദ്യാഭ്യാസ വകുപ്പ് പറഞ്ഞതാണ്. സർവകലാശാലക്ക് മുൻകാലത്ത് സ്ഥലം നൽകിയ പരിസരവാസികളുടെ മക്കൾക്ക് പഠിക്കാൻ അടക്കം സർവകലാശാലയിൽ നിന്ന് 5 ഏക്കർ സ്ഥലം ലീസിന് അനുവദിക്കണം.
മണ്ഡലത്തിൽ കിടത്തി ചികിത്സ ആശുപത്രി അനുവദിക്കണം. കഴിഞ്ഞ ദിവസങ്ങളിലുണ്ടായ മഞ്ഞപ്പിത്ത വ്യാപനത്തിലും സ്കൂൾ കുട്ടികളുടെ ഭക്ഷ്യ വിഷബാധയേറ്റവരേയും തുടർ ചികിത്സക്ക് തിരൂരങ്ങാടി, കൊണ്ടോട്ടി താലൂക്കാശുപത്രിക്കളെ സമീപിക്കേണ്ടി വന്ന സ്ഥിതിയാണ്.
പ്ലസ്-വൺ അധിക ബാച്ചുകൾ മലപ്

ഐഡിയൽ കോളജിൽ വിജ്ഞാനോത്സവം

ചെർപ്പുളശേരി: നാലുവർഷ ബിരുദ പ്രോഗ്രാമുകൾക്ക് തുടക്കംകുറിച്ചുകൊണ്ട് ഐഡിയൽ കോളജിൽ വിജ്ഞാനോത്സവം സംഘടിപ്പിച്ചു. പ്രിൻസിപ്പൾ ഡോ.കെ.സൈനുൽ ആബിദീൻ അധ്യക്ഷനായി. ഐഡിയൽ ക്യാമ്പസ് ഓഫ് എഡ്യൂക്കേഷൻ മാനേജർ അബ്ദുൽ മജീദ് മനിശ്ശേരി ഉദ്ഘാടനം ചെയ്തു. കെ.കെ.എ അസീസ്, പി.സ്വാമിനാഥൻ എന്നിവർ മുഖ്യാതിഥികളായി. വാദ്യഘോഷങ്ങളോടു കൂടിയാണ് മുൻവർഷ വിദ്യാർത്ഥികൾ നവാഗതരെ സ്വാഗതം ചെയ്തത്. കൂടാതെ നാലുവർഷ ബിരുദ പ്രോഗ്രാമുകളുമായി ബന്ധപ്പെട്ട സംശയങ്ങൾക്ക് ദൂരീകരിച്ചു കൊണ്ടുള്ള ഒരു ഓറിയന്റേഷൻ ക്ലാസും നവാഗതർക്കായി കോളജ് അധികൃതർ സംഘടിപ്പിച്ചു. ഐഡിയൽ ക്യാമ്പസ് ഓഫ് എഡ്യൂക്കേഷൻ അക്കാദമിക് കോർഡിനേറ്റർ പി.മുഹമ്മദ് ഉനൈസ് സ്വാഗതവും ഐ.ക്യു.എ.സി കോഓർഡിനേറ്റർ എസ്.സ്നേഹ നന്ദി പറഞ്ഞു.

നാലുവർഷ ബിരുദ പ്രോഗ്രാമുകൾക്ക് തുടക്കംകുറിച്ചു നടന്ന വിജ്ഞാനോത്സവം ഐഡിയൽ ക്യാമ്പസ് ഓഫ് എഡ്യൂക്കേഷൻ മാനേജർ അബ്ദുൽ മജീദ് മനിശ്ശേരി ഉദ്ഘാടനം ചെയ്യുന്നു

അട്ടപ്പാടി ചുരം റോഡിൽ നാലാം വളവിൽ കാറിന് മുകളിൽ മരം വീണപ്പോൾ

ഓടിക്കൊണ്ടിരുന്ന കാറിനു മുകളിലേക്ക് വൻമരം കടപുഴകി വീണു

ഒഴിവായത് വൻ ദുരന്തം

പാലക്കാട്: അട്ടപ്പാടി ചുരം റോഡിൽ നാലാം വളവിൽ ഓടിക്കൊണ്ടിരുന്ന കാറിനു മുകളിലേക്ക് വൻമരം കടപുഴകി വീണു. ഇന്നലെ രാവിലെ 11 മണിയോടെയാണ് സംഭവം. റോഡിൽ നിന്നും ഏകദേശം അഞ്ചുമീറ്റർ ഉയരത്തിൽ തിട്ടയിൽ നിന്നും മരം കടപുഴകി വീഴുകയായിരുന്നു. കാറിന്റെ മുൻവശം തകർന്നു. വാഹനത്തിൽ സഞ്ചരിച്ചിരുന്നവർ ഭാഗ്യംകൊണ്ട് രക്ഷപ്പെടുകയായിരുന്നു. അപകടത്തെ തുടർന്ന് ഒന്നരമണിക്കൂറിലേറെ ഗതാഗതം തടസ്സപ്പെട്ടു. മണ്ണാർക്കാട് നിന്നും അഗ്നിശമനസേന സ്ഥലത്തെത്തി മരം മുറിച്ച് മാറ്റിയതോടെ ഒരുമണിയോടെയാണ് ഗതാഗതം പുനസ്ഥാപിച്ചത്.മരം വീണതോടൊപ്പം കല്ലുകളും നിലം പതിച്ചു. സീനിയർ ഫയർ ആന്റ്റെസ്ക്യൂ ഓഫീസർ ടി.ജയരാജൻ, സേന അംഗങ്ങളായ എൻ.അനിൽകുമാർ, എം.എസ് ഷബീർ, കെ.പ്രശാന്ത്, സന്ദീപ്, ഒ.എസ് സുഭാഷ്, ആപ്ത മിത്ര വളണ്ടിയർ സന്ദീപ്, അട്ടപ്പാടി തഹസിൽദാർ ഷാനവാസ് ഖാൻ, മണ്ണാർക്കാട് ഫോറസ്റ്റ് റേഞ്ച് ഓഫീസർ എൻ.സുബൈർ,അഗളി പൊലീസ് സംഘം എന്നിവർ രക്ഷാപ്രവർത്തനം നേതൃത്വം നൽകി. അട്ടപ്പാടിയിൽ ഓടിക്കൊണ്ടിരിക്കുന്ന വാഹനത്തിന് മുകളിലേക്ക് മരം വീഴുന്നത് ഒരു മാസത്തിനിടെ ഇത് അഞ്ചാംതവണയാണ്. ഒരാൾ മരണപ്പെടുകയും രണ്ടു പേർക്ക് പരിക്കേൽക്കുകയും ചെയ്തിരുന്നു. ഭാഗ്യംകൊണ്ടു മാത്രമാണ് മറ്റ് അനിഷ്ട സംഭവങ്ങൾ ഉണ്ടാകാതിരുന്നത്. ഒട്ടനവധി സ്ഥലങ്ങളിൽ മരംവീണ് ഗതാഗതം മുടങ്ങുകയും ഇലക്ട്രിക് ലൈനുകളും പോസ്റ്റുകളും പൊട്ടി വീഴുകയും മണിക്കൂറുകളോളം വൈദ്യുതി നിലക്കുകയുമുണ്ടായി. ദിനംപ്രതി അപകടങ്ങൾ ഉണ്ടായിട്ടും അപകട നിലയിലുള്ള മരങ്ങൾ മുറിച്ചു നീക്കാനോ റോഡ് സുരക്ഷ ഉറപ്പാക്കാനോ നടപടികൾ ഉണ്ടായില്ല. ഇത്തരം മരങ്ങൾ മുറിച്ചു നീക്കുന്നതിന് ഫോറസ്റ്റ് റവന്യൂ അധികൃതർ ഉണർന്നു പ്രവർത്തിക്കണമെന്ന് നാട്ടുകാർ ആവശ്യപ്പെട്ടു.

പാലക്കാട് വാർത്തകൾ

ഭൂരിഭാഗം കൈവശ ഭൂമിക്കും തണ്ടപ്പേർ നമ്പറില്ല

അട്ടപ്പാടിയിലെ ഡിജിറ്റൽ ഭൂമി സർവ്വെ പ്രഹസനം

മണ്ണാർക്കാട്: കൈവശ ഭൂമിക്ക് തണ്ടപ്പേർ നമ്പർ നൽകാതെ അട്ടപ്പാടിയിൽ ഡിജിറ്റൽ സർവ്വെ നടക്കുന്നു. അട്ടപ്പാടിയിലെ കോട്ടത്തറ വില്ലേജിലാണ് ഡിജിറ്റൽ സർവെ ആരംഭിച്ചിരിക്കുന്നത്. തണ്ടപ്പേരിന് വേണ്ടി ആയിരക്കണക്കിന് അപേക്ഷകളാണ് മലയോര കുടിയേറ്റ പ്രദേശത്തെ റവന്യൂ വില്ലേജ് ഓഫീസുകളിൽ കെട്ടികിടക്കുന്നത്. അട്ടപ്പാടി ട്രൈബൽ താലൂക്കിലെ കൈവശ ഭൂമിയുള്ള ഭൂരിഭാഗം സ്ഥലയുടമകൾക്കും തണ്ടപ്പേർ ഇല്ലാത്ത സ്ഥിതിയാണ്. തണ്ടപ്പേരിനായി വില്ലേജ് ഓഫീസുകളിൽ മാസങ്ങളായി ജനം കയറിയിറങ്ങുന്ന സ്ഥിതിയാണെങ്കിലും ഇതിനായി ലഭിച്ച അപേക്ഷകൾ തീർപ്പാക്കുന്ന എണ്ണം വളരെ കുറവാണെന്നാണ് ലഭിക്കുന്ന വിവരം. സർക്കാർ നിർദ്ദേശിക്കുന്ന തരത്തിൽ ഡിജിറ്റൽ സർവ്വെ പൂർത്തീകരിക്കുന്നതിന് സ്ഥലയുടമയുടെ പേരിൽ തണ്ടപ്പേർ നമ്പറിൽ നികുതി അടക്കണമെന്നാണ്. ഇങ്ങനെ തണ്ടപ്പേരിൽ നികുതി അടച്ചവർക്ക് മാത്രമെ യഥാർത്ഥ ഉടമസ്ഥന്റെ പേര് പുതിയ ഡിജിറ്റൽ രേഖകളിൽ വരുകയൊള്ളൂ. തണ്ടപ്പേർ ഇല്ലാത്തതിനാൽ ഭൂനികുതി അടച്ചുവരുന്ന സ്വന്തം സ്ഥലം ജൻമിയുടെ പേരിൽ ആയി മാറുകയും നാമമാത്ര കൈവശക്കാരനായി യഥാർത്ഥ ഭൂവുടമ മാറുന്ന സ്ഥിതിയുമാണ് അട്ടപ്പാടിയിൽ വരാൻ പോകുന്നത്. ഈ വിവരം മറച്ചുവെച്ചാണ് അട്ടപ്പാടിയിൽ ഡിജിറ്റൽ സർവ്വേ പുരോഗമിക്കുന്നത്. ഇത് സർക്കാറിൽ നിന്ന് സ്ഥലം പതിച്ച് കിട്ടിയ ആദിവാസികൾ അടക്കമുള്ള നിരവധി പേരെ ഭാവിയിൽ ദുരിതത്തിലാക്കാനിടയാവും. ഹെക്ടർ കണക്കിന് ഭൂമിയുള്ളവർക്ക് മാത്രമാണ് നിലവിൽ ഇവിടെ തണ്ടപ്പേർ ലഭിച്ചിരിക്കുന്നതെന്നും ഇത് ഭൂമാഫിയകളെ സഹായിക്കുന്നതിനാണെന്ന ആരോപണവും ഇതോടെ ഉയർന്നിട്ടുണ്ട്. തണ്ടപ്പേർ നമ്പർ ലഭിച്ചശേഷം ഡിജിറ്റൽ സർവേ തുടങ്ങിയാൽ ഒരു റവന്യു വില്ലേജ് പരിധിയിൽ ആറുമാസത്തിനകം പദ്ധതി പൂർത്തീകരിക്കാൻ കഴിയുമെന്നാണ് ലഭിക്കുന്ന വിവരം. എന്നാൽ ഇത് ഇല്ലെങ്കിൽ സർവ്വേ പൂർത്തീകരിക്കാൻ നീണ്ട കാലതാമസം നേരിടുക മാത്രമല്ല സർക്കാറിന് വൻ സാമ്പത്തിക നഷ്ടവും വരുമെന്നും റവന്യൂ അധികൃതർ തന്നെ പറയുന്ന സഹചര്യമാണുള്ളത്. റവന്യൂവകുപ്പിൽ തണ്ടപ്പേർ നമ്പർ നൽകുന്നതിനായി കൂടുതൽ ജീവനക്കാരെ അനുവദിക്കണമെന്ന് ആവശ്യമുയർന്നിരുന്നുവെങ്കിലും നാളിതുവരെയായി ലഭ്യമായിട്ടില്ലെത്രെ. മുഴുവൻ ഭൂവുടമകൾക്കും തണ്ടപ്പേർ ലഭിക്കാതെ ഡിജിറ്റൽ സർവ്വെ നടത്തുന്നത് ആർക്ക് വേണ്ടിയാണ് എന്നുള്ള ചോദ്യത്തിന് റവന്യൂ വകുപ്പും സർവ്വെക്ക് നേതൃത്വം നൽകുന്ന സർവ്വെ ആന്റ് ലാന്റ് റെക്കോർഡ്സ് ഡയറക്ടറേറ്റും മറുപടി പറയണമെന്നും ഇവിടുത്തുകാർ ആവശ്യം ഉന്നയിക്കുന്നുണ്ട്.

പരാതികൾക്ക് പരിഹാരമില്ല; സർവ്വെക്കെതിരെ ആക്ഷേപം ശക്തം

മണ്ണാർക്കാട്: ഡിജിറ്റൽ സർവ്വെ പൂർത്തിയാക്കി എന്നവകാശപ്പെടുന്ന പലയിടങ്ങളിലും ലഭിച്ച പരാതികൾ പരിഹരിച്ചില്ലെന്ന ആക്ഷേപമുയരുന്നു. അലനല്ലൂർ രണ്ട് കർക്കിടാംകുന്ന് വില്ലേജിൽ ഡിജിറ്റൽ സർവ്വെ പൂർത്തിയാക്കിയതായാണ് പറയപ്പെടുന്നത്. എന്നാൽ അധികൃതർക്ക് നൽകിയ ചുരുക്കം ചില പരാതികൾ പോലും പരിഹരിക്കാതെയാണ് നടപടി ക്രമങ്ങൾ പൂർത്തിയാക്കിയിരിക്കുന്നത്. സ്വകാര്യ വ്യക്തികൾ കാലങ്ങളായി നികുതിയടച്ച് കൈവശം വെച്ച് വരുന്ന സ്ഥലം പോലും പൊതുവഴിയായാണ് സർവ്വെ എടുത്തവർ രേഖയാക്കിയിരിക്കുന്നത്. സർവ്വെ നടപടികളുടെ പൂർത്തീകരണ നടപടികളുടെ ഭാഗമായി വില്ലേജ് ഓഫീസ്, ക്യാമ്പ് ഓഫീസ് എന്നിവിടങ്ങളിൽ എത്തി ആക്ഷേപം ഉന്നയിച്ചവരുമുണ്ട്. എന്നാൽ നൽകിയ പരാതിക്കാരെ ഫോണിലൂടെ ഒന്ന് വിളിച്ചത് ഒഴിച്ചാൽ മറ്റൊരു നടപടി സ്വീകരിക്കുകയൊ സ്ഥലം സന്ദർശിക്കാൻ തയ്യാറാവുകപോലും ചെയ്തിട്ടില്ലെന്നും ആരോപണമുണ്ട്.

തച്ചനാട്ടുകര പഞ്ചായത്ത് മുസ്‌ലിംലീഗ് അനുമോദന സംഗമം ജില്ലാ ജനറൽസെക്രട്ടറി അഡ്വ.ടി.എ സിദ്ദീഖ് ഉദ്ഘാടനം ചെയ്യുന്നു

മുസ്‌ലിംലീഗ് അനുമോദന സംഗമം

തച്ചനാട്ടുകര: തച്ചനാട്ടുകര പഞ്ചായത്ത് മുസ്‌ലിംലീഗ് കമ്മിറ്റി അനുമോദന സംഗമം നടത്തി. പ്ലസ് വൺ പ്രതിസന്ധിക്കെതിരെ തിരുവനന്തപുരത്ത് നടന്ന സമര പോരാട്ടത്തിൽ ജാമ്യം ലഭിച്ച അമീൻ റാഷിദ്, കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ നിന്നും മാത്തമാറ്റിക്സിൽ ഡോക്ടറേറ്റ് നേടിയ ഡോ.അബൂബക്കറിനും സ്വീകരണം നൽകി. നാട്ടുകൽ ലീഗ് ഓഫിസിൽ നടന്ന സ്വീകരണ പരിപാടി ജില്ലാ മുസ്‌ലിംലീഗ് ജനറൽ സെക്രട്ടറി അഡ്വ.ടി.എ സിദ്ദീഖ് ഉദ്ഘാടനം ചെയ്തു. പഞ്ചായത്ത് മുസ്‌ലിംലീഗ് പ്രസിഡന്റ് കെ.ഹംസ മാസ്റ്റർ അധ്യക്ഷത വഹിച്ചു.
മുസ്‌ലിംലീഗ് നേതാകളായ എം.എസ് അലവി, സി.പി അലവി മാസ്റ്റർ, കെ.പി.എം സലീം മാസ്റ്റർ, സെയ്ദ് മുഹമ്മദ്, കരീം ഹാജി, കെ.പി കുഞ്ഞിമുഹമ്മദ്, കെ.ടി ജലീൽ മാസ്റ്റർ, സി പി സുബൈർ, കരിമ്പനക്കൽ ഹംസ, പി.മൻസൂറലി മാസ്റ്റർ, ബഷീർ പിലാത്തറ, കുഞ്ഞലവി മാസ്റ്റർ, എം.തെയ്യൻ, കെ.പി നാസർ, ഷെമീർ, ജാഫർ, മിതിലാജ്, അൽത്താഫ്, സഫ്വാൻ, ജാസിർ, ഫവാസ്, അനസ്, റിയാസ് തുടങ്ങിയവർ പങ്കെടുത്തു.

കോങ്ങാട് മണ്ഡലം റേസ് ആന്റ് ത്രെവ് വനിതാലീഗ് കാമ്പയിൻ ജില്ലാ ജനറൽസെക്രട്ടറി റഫീഖ് പാറക്കോട്ടിൽ ഉദ്ഘാടനം ചെയ്യുന്നു

വനിതാലീഗ് റേസ് ആന്റ് ത്രെവ് കാമ്പയിൻ

തച്ചമ്പാറ: കോങ്ങാട് മണ്ഡലം റേസ് ആന്റ് ത്രെവ് വനിതാലീഗ് കാമ്പയിൻ ചിറക്കൽ പടി ലീഗ് ഓഫീസിൽ നടന്നു. വനിതാലീഗ് ജില്ലാ ജനറൽ സെക്രട്ടറി റഫീഖ് പാറക്കോട്ടിൽ ഉദ്ഘാടനം ചെയ്തു. മണ്ഡലം വൈസ്പ്രസിഡന്റ് ബുഷറ അരങ്ങത്ത് അധ്യക്ഷത വഹിച്ചു. കോങ്ങാട് മണ്ഡലം പ്രസിഡന്റ് സലാം തറയിൽ, ജനറൽസെക്രട്ടറി നിസാമുദ്ദീൻ പൊന്നംകോട്. ട്രഷറർ വി.എം അൻവർ സാദിഖ് മണ്ണൂർ, ജില്ലാ ഭാരവാഹികളായ ഫാത്തിമ കല്ലടി, സാജിത ചെള്ളിയിൽ, മണ്ഡലം നിരീക്ഷക മാസിത സത്താർ എന്നിവർ പ്രസംഗിച്ചു. മണ്ഡലം ജനറൽ സെക്രട്ടറി പി.യു റെജില സ്വാഗതവും മണ്ഡലം ട്രഷറർ റമിജ കരിമ്പ നന്ദിയും പറഞ്ഞു. മണ്ഡലത്തിലെ വിവിധ പഞ്ചായത്തിലെ വനിതാലീഗ് ഭാരവാഹികളും ജനപ്രതിനിധികളും പങ്കെടുത്തു.

പുരസ്കാരം വിതരണം ചെയ്തു

ചെർപ്പുളശ്ശേരി : കേരളാ അനൗപചാരിക വിദ്യാഭ്യാസ വികസന സമിതിയായ കാൻഫെഡ് ഏർപ്പെടുത്തിയ പി.ടി ഭാസ്കര പണിക്കർ പുരസ്കാരത്തിന് അടക്കാപുത്തൂർ ശബരി ഹയർസെക്കന്ററി സ്കൂളിലെ മുൻ അധ്യാപകൻ ഡോ.കെ.അജിത് അർഹനായി. പന്ന്യൻ രവീന്ദ്രൻ പുരസ്കാരം സമർപ്പിച്ചു.

വൈദ്യുത സുരക്ഷാ വാരാചരണം

പാലക്കാട്: ദേശീയ വൈദ്യുതസുരക്ഷാ വാരാചരണത്തോടനുബന്ധിച്ചുള്ള ജില്ലാതല ഉദ്ഘാടനം ജൂലൈ നാലിന് രാവിലെ 10ന് കോട്ടമൈതാനം എസ്.ബി.ഐ ജങ്ഷനിലുള്ള കെ.ജി.ഒ.എ ഹാളിൽ നടക്കും. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ.ബിനുമോൾ ഉദ്ഘാടനം ചെയ്യും. ജില്ലാ പൊലീസ് മേധാവി ആർ.ആനന്ദ് മുഖ്യാതിഥിയാകും. ദിനാചരണത്തോടനുബന്ധിച്ച് നടത്തിയ വിവിധ മത്സര വിജയികൾക്കും മാധ്യമപ്രവർത്തകർക്കും ഉള്ള പുരസ്കാരങ്ങൾ, ധീരതാ പുരസ്കാരം തുടങ്ങിയവ വിതരണം ചെയ്യും

ജില്ലാതല ഏകോപന സമിതി യോഗം

പാലക്കാട്: മലയാള ഭാഷ ജില്ലാതല ഏകോപന സമിതി യോഗം നാളെ(ജൂലൈ നാലിന്) കലക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ചേരും. ഭരണഭാഷ ലിപിയും പരിഷ്കരണവും എന്ന വിഷയത്തിൽ ഓദ്യോഗികഭാഷാ വകുപ്പിലെ ഭാഷാവിദഗ്ധൻ ശിവകുമാർ ക്ലാസ്സ് എടുക്കും.

പച്ചയെ സ്നേഹിച്ച പോക്കർക്ക ഇനി ഓർമ

മണ്ണാർക്കാട്: മുസ്‌ലിംലീഗ് പ്രസ്ഥാനത്തെയും ചന്ദ്രിക പത്രത്തേയും ജീവനുതുല്യം സ്നേഹിക്കുകയും പാർട്ടിക്കു വേണ്ടി ഒരു പുരുഷായുസ് മുഴുവൻ പ്രവർത്തിക്കുകയും ചെയ്ത പോക്കർക്ക ഇനി ഓർമ. വാർദ്ധക്യസഹജമായ അസുഖങ്ങൾക്കിടെയാണ് തിരുവിഴാംകുന്നിലെ പൗരപ്രമുഖൻ കൂടിയായ ചേരിയാടൻ വീട്ടിൽ പോക്കർ ഹാജി എന്ന നാട്ടുകാരുടെ പോക്കർക്ക വിടവാങ്ങിയത്. 81 വയസായിരുന്നു. ചന്ദ്രികയുടെ ആജീവനാന്ത വരിക്കാരനും തൂവെള്ള വസ്ത്രം ധരിച്ച് എത്തുന്ന പോക്കർക്ക മുസ്‌ലിംലീഗിന്റെ പരിപാടികളിൽ സജീവ സാനിധ്യവുമായിരുന്നു. പാണക്കാട് കുടുംബവുമായി ആത്മ ബന്ധം പുലർത്തി പോന്നിരുന്ന ഇദ്ദേഹം സയ്യിദ് മുഹമ്മദലി ശിഹാബ് തങ്ങളുടെ ഒരു നിത്യ സന്ദർശകൻ കൂടിയായിരുന്നു. പാവപ്പെട്ടവരെ സഹായിക്കുന്നതിലും ജീവകാരുണ്യ പ്രവർത്തനങ്ങളിലും ഏറെ സജീവമായി ഇടപെട്ടിരുന്ന അദ്ദേഹം പള്ളി കമ്മിറ്റിയടക്കമുള്ള കാര്യങ്ങൾ വളരെ സൂക്ഷമതയോടെയാണ് കൈകാര്യം ചെയ്തിരുന്നത്. കോട്ടോപ്പാടം പഞ്ചായത്തിൽ പ്രത്യേകിച്ച് തിരുവിഴാംകുന്ന് പ്രദേശത്ത് മുസ്‌ലിംലീഗിന് അടിത്തറയുണ്ടാക്കുന്നതിന് വേണ്ടി മുന്നിട്ടിറങ്ങി പ്രവർത്തിച്ചു. കൂടാതെ ഇദ്ദേഹത്തിന്റെ ശ്രമഫലമായാണ് ആദ്യമായി ഇവിടെ മുസ്‌ലിംലീഗ് ഓഫീസ് നിർമ്മിച്ചത്. അർഹതകൾ ഏറെയുണ്ടായിട്ടും പാർട്ടി സ്ഥാനങ്ങളിലേക്ക് വരാതെ സാധാരണക്കാരോടൊപ്പം പ്രവർത്തിച്ച പോക്കർക്കയുടെ ജീവിതം പുതുതലമുറക്ക് ഒരു മാതൃകയാണ്. മുതിർന്നവരോടും കുട്ടികളോടും കളങ്കമില്ലാതെ ഇടപെടുകയും സ്നേഹിക്കുകയും ചെയ്ത പച്ചയായ ആ മനുഷ്യൻ ഇനി ഓർമയാവുകയാണ്. ഇന്നലെ വൈകുന്നേരം നാലുമണിയോടെ മലേരിയം ജുമാമസ്ജിദിൽ നടന്ന ജനാസ നമസ്കാരത്തിലും തുടർന്ന് നടന്ന ഖബറടക്കൽ ചടങ്ങിലും വൻജനാവലിയാണ് സാക്ഷിയായത്. ദീർഘകാലമായി തിരുവിഴാംകുന്ന് മഹല്ല് ട്രഷറർ, എസ്.ടി.യു മേഖലാ പ്രസിഡന്റ്, കർഷകസംഘം ജില്ലാ ഭാരവാഹി തുടങ്ങിയ സ്ഥാനങ്ങൾ വഹിച്ചിട്ടുണ്ട്. ഭാര്യ: സുബൈദ. മക്കൾ: റഷീദ, റഹ്മത്ത്, അസ്മാബി, ഫാത്തിമ, അഹമ്മദാലി. മരുമക്കൾ: ഹംസ പാലോട്, ഹംസ പെരുമണ്ണിൽ, യൂസഫ് ആലായൻ, ഫർസാന.

ചിറ്റൂർ നല്ലേപ്പള്ളിക്ക് സമീപം മൂന്ന് വാഹനങ്ങൾ കൂട്ടിയിടിച്ചപ്പോൾ

ചരക്ക് വാഹനങ്ങൾ കൂട്ടിയിടിച്ചു; ഒരാൾക്ക് പരിക്ക്

ചിറ്റൂർ: നല്ലേപ്പുള്ളിക്കു സമീപം മൂന്ന് ചരക്ക് കടത്ത് വാഹനങ്ങൾ കൂട്ടിയിടിച്ച് അപകടം. വാളറ പാലത്തിന് സമീപമാണ് അപകടങ്ങൾ നടന്നത്. ചരക്ക് കടത്ത് വാഹനത്തിന്റെ ക്യാബിനിൽ കുടുങ്ങിയ ഡ്രൈവറെ ചിറ്റൂർ അഗ്നിരക്ഷാ സേനയെത്തി കട്ടർ ഉപയോഗിച്ച് പൊളിച്ച് സുരക്ഷിതമായി പുറത്തെടുത്ത് രക്ഷപ്പെടുത്തി. ഡ്രൈവർ കൊടുവായൂർ മുണ്ടയംപാടം അനിതാ നിവാസിൽ വിജയന്റെ മകൻ വിനീഷിനെ(26) നിസാര പരിക്കേറ്റു. ഇന്നലെ പുലർച്ചെ 1.30നാണ് ആദ്യ അപകടം നടന്നത്. നാട്ടുകൽ ഭാഗത്തു നിന്നും ഉരുളക്കിഴങ്ങുമായി വന്ന ചരക്ക് വാഹനം വാളറയിൽ വെച്ച് നിയന്ത്രണംവിട്ട് റോഡരികിലെ വൈദ്യുതി തൂണിലിടിച്ച് റോഡിൽ മറിഞ്ഞു വീണു. ഈ സമയത്ത് കൊഴിഞ്ഞാമ്പാറ ഭാഗത്തു നിന്നും കൊടുവായൂരിലേക്ക് കറിവേപ്പില, മല്ലി ത്തഴ കൊണ്ടുവരികയായിരുന്ന ചരക്കു വാഹനത്തിൽ വരികയായിരുന്നു വിനേഷ് വാഹനം നിർത്തി അപകടവിവരം ചോദിച്ചറിയുകയുകയായിരുന്നു. ഈ സമയത്ത് ചിറ്റൂർ ഭാഗത്തു നിന്നും കൊഴിഞ്ഞാമ്പാറ ഭാഗത്തേക്കു പോവുകയായിരുന്ന പിക്കപ്പ് വാൻ അമിത വേഗതിയിലെത്തി വിഘ്നേഷിന്റെ വാഹനത്തിലിടിക്കുകയും നേരത്തെ അപകടത്തിൽപ്പെട്ട ചരക്ക് വാഹനത്തിലെ ക്യാമ്പിനിൽ കുടുങ്ങുകയുമായിരുന്നു. അഗ്നിരക്ഷാസേനക്കൊപ്പം അപകട വിവരമറിഞ്ഞ് കൊഴിഞ്ഞാമ്പാറ പൊലീസും സംഭവസ്ഥലത്തെത്തി രക്ഷാപ്രവർത്തനം നടത്തി. മൂന്നുവാഹനങ്ങളും റോഡിൽ ഗതാഗത തടസ്സവുമുണ്ടായി. തൃശ്ശൂർ-കോയമ്പത്തൂർ അന്തർ സംസ്ഥാന പാതയായതിനാൽ നിരവധി വാഹനങ്ങളാണ് ഗതാഗതക്കുരുക്കിൽപ്പെട്ടത്. കൊഴിഞ്ഞാമ്പാറ പൊലീസ് ക്രെയിൻ കൊണ്ടുവന്ന് മൂന്നു വാഹനങ്ങളും നീക്കം ചെയ്ത് മൂന്നരയോടെയാണ് ഗതാഗതം പുനസ്ഥാപിച്ചത്.

പട്ടാമ്പി ബ്ലോക്ക് കർഷക സഭ ഉദ്ഘാടനം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ഗീത മണികണ്ഠൻ നിർവഹിക്കുന്നു

ജില്ലാ ആശുപത്രിയിൽ ന്യൂറോളജിസ്റ്റിനെ നിയമിക്കണം: മനുഷ്യാവകാശ കമ്മീഷൻ

പാലക്കാട്: ജില്ലാ ആശുപത്രിയിൽ അടിയന്തരമായി ന്യൂറോളജിസ്റ്റിനെ നിയമിക്കണമെന്ന് മനുഷ്യാവകാശ കമ്മീഷൻ. ആരോഗ്യവകുപ്പ് ഡയറക്ടർക്കാണ് കമ്മീഷൻ ആക്റ്റിങ് ചെയർപേഴ്സണും ജുഡീഷ്യൽ അംഗവുമായ കെ.ബൈജുനാഥ് നിർദേശം നൽകിയത്. സ്വകാര്യാശുപത്രിയിൽ ചികിത്സ തേടാൻ കഴിയാത്ത സാധാരണ രോഗികളാണ് ന്യൂറോളജിസ്റ്റില്ലാതെ ദുരിതം അനുഭവിക്കുന്നതെന്നും കമ്മീഷൻ ഉത്തരവിൽ പറഞ്ഞു.
ആശുപത്രിയിൽ ഉണ്ടായിരുന്ന ഏക ന്യൂറോളജിസ്റ്റ് ദീർഘകാല അവധിയിൽ പ്രവേശിച്ചതോടെയാണ് ന്യൂറോളജി വിഭാഗം പ്രവർത്തന രഹിതമായത്. ന്യൂറോളജിസ്റ്റിനെ സഹായിക്കാനുണ്ടായിരുന്ന ഡോക്ടറെയും നഴ്സിനെയും ആശുപത്രി സൂപ്രണ്ട് മറ്റ് വിഭാഗങ്ങളിലേക്ക് മാറ്റി. ന്യൂറോളജിസ്റ്റ് മാത്രമല്ല അസിസ്റ്റന്റ് സർജനും അവധിയിൽ പ്രവേശിച്ചതായി ജില്ലാ മെഡിക്കൽ ഓഫീസർ കമ്മീഷനെ അറിയിച്ചു. ന്യൂറോളജി വിഭാഗം പ്രവർത്തിക്കാൻ കഴിയാതെ വന്നപ്പോഴാണ് സഹായികളായ ഡോക്ടറെയും നഴ്സുമാരെയും മറ്റ് വിഭാഗങ്ങളിലേക്ക് മാറ്റി നിയമിച്ചതെന്നും റിപ്പോർട്ടിൽ പറയുന്നു. 2013 ഒക്ടോബർ 17മുതൽ ന്യൂറോളജിസ്റ്റിന്റെ തസ്തിക ഒഴിഞ്ഞുകിടക്കുകയാണെന്ന് കമ്മീഷൻ ഉത്തരവിൽ പറഞ്ഞു. മാങ്കാവ് സ്വദേശി റെയ്മന്റ് ആന്റണി സമർപ്പിച്ച പരാതിയിലാണ് നടപടി.

കർഷകസഭ സംഘടിപ്പിച്ചു

പട്ടാമ്പി: കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ബ്ലോക്ക് തലത്തിൽ കർഷകസഭ സംഘടിപ്പിച്ചു. ബ്ലോക്ക്തല ക്രോഡീകരണവും നടന്നു. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ഗീതാ മണികണ്ഠൻ ഉദ്ഘാടനം ചെയ്തു. വൈസ്പ്രസിഡന്റ് കെ.എ റഷീദ് അധ്യക്ഷത വഹിച്ചു. മുതുതല കൃഷി ഓഫീസർ എം.ഹനീസ് വിഷയാവതരണം നടത്തി. പട്ടാമ്പി നഗരസഭാചെയർപേഴ്സൺ ഒ.ലക്ഷ്മിക്കുട്ടി, ബ്ലോക്ക് പഞ്ചായത്തംഗങ്ങളായ എം.കെ മുഹമ്മദ്, ഷഫീന ഷുക്കൂർ, പി.പ്രസന്ന, കെ.ബിന്ദു, കൊപ്പം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ടിയഉണ്ണികൃഷ്ണൻ, മുതുതല പഞ്ചായത്ത് പ്രസിഡന്റ് കെ.ആനന്ദമല്ലി, കുലുക്കല്ലൂർ പഞ്ചായത്ത് പ്രസിഡന്റ് വി.രമണി, കൃഷി അസിസ്റ്റന്റ് ഡയറക്ടർ കെ.വൃന്ദ, പട്ടാമ്പി കൃഷി ഓഫീസർ എം.എസ് സൂര്യ സംസാരിച്ചു. കൃഷിഭവനകൾ മുഖേന തിരഞ്ഞെടുക്കപ്പെട്ട കർഷകരും പാടശേഖരസമിതി അംഗങ്ങളുമാണ് കർഷകസഭയിൽ പങ്കെടുത്തത്.

ജോബ് ഡ്രൈവ് ഒന്ന്

പാലക്കാട്: എംപ്ലോയബിലിറ്റി സെന്റർ, ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് പാലക്കാട് എന്നിവയുടെ ആഭിമുഖ്യത്തിൽ രണ്ടു സ്വകാര്യ സ്ഥാപനങ്ങളിലേക്കുള്ള എഞ്ചിനീയർ, ഡ്രാഫ്റ്റ്സ്മാൻ, ഫാബ്രിക്കേറ്റർ, ഫിറ്റർ, വെൽഡർ, പെയിന്റർ എന്നീ ഒഴിവുകൾ നികത്തുന്നതിനായി ജൂലൈ ആറിന് രാവിലെ 10:30ന് ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ അഭിമുഖം നടത്തും. പത്താം ക്ലാസ് മുതൽ ഡിഗ്രി, ഐ.ടി.ഐ/ഡിപ്ലോമ/ബി.ടെക് (ഫിറ്റർ, വെൽഡർ, സിവിൽ, മെക്കാനിക്കൽ, ഇലക്ട്രിക്കൽ) യോഗ്യതയുള്ള എംപ്ലോയബിലിറ്റി സെന്ററിൽ പേര് രജിസ്റ്റർ ചെയ്ത ഉദ്യോഗാർഥികൾക്ക് മാത്രമാണ് മേളയിൽ പ്രവേശനം. താല്പര്യപെടുന്നവർ ഏതെങ്കിലും തിരി

പാവറട്ടി ഒന്നാം വാർഡിൽ ഉപതിരഞ്ഞെടുപ്പ് 30ന്

പാവറട്ടി: പാവറട്ടി പഞ്ചായത്തിലെ ഒന്നാം വാർഡിൽ ജൂലൈ മുപ്പതിന് ഉപതിരഞ്ഞെടുപ്പ് നടക്കും. യു.ഡി.എഫ് സ്വതന്ത്രയായി മത്സരിച്ച സിന്ധു അനിൽകുമാർ ഇടത് പക്ഷത്തേക്ക് കൂറുമാറിയതിനെ തുടർന്ന് മുൻ പഞ്ചായത്ത് പ്രസിഡന്റും, കോൺഗ്രസ്സ് അംഗവുമായ വിമലാ സേതുമാധവൻ കൂറുമാറ്റ നിരോധന നിയമപ്രകാരം നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ സിന്ധു അനിൽകുമാറിനെ അയോഗ്യയാക്കി പ്രഖ്യാപിക്കുകയായിരുന്നു. വാർഡിൽ പെരുമാറ്റ ചട്ടം നിലവിൽ വന്നിട്ടുണ്ട്. വ്യാഴാഴ്ച്ച മുതൽ നാമ നിർദേശ പത്രിക സമർപ്പിക്കൽ ആരംഭിക്കും. ജൂലൈ 31നാണ് വോട്ടെണ്ണൽ. സ്വതന്ത്ര അംഗം അടക്കം ആറ് അംഗങ്ങളാണ് ഭരണ കക്ഷിയായ എൽ.ഡി.എഫിനുള്ളത്, യു.ഡി.എഫിന് അഞ്ചും, എസ്.ഡി.പി.ഐക്ക് രണ്ടും, ബി.ജെ.പിക്ക് ഒരു സീറ്റുമാണുള്ളത്.

മാലിന്യമുക്തം നവകേരളം ശിൽപശാലയ്ക്ക് ഇന്ന് തുടക്കം

തൃശൂർ: സംസ്ഥാന സർക്കാരിന്റെ മാലിന്യമുക്തം നവകേരളം ക്യാമ്പയിനിന്റെ ഭാഗമായി ജില്ലാതലത്തിൽ നടത്തുന്ന ശിൽപശാലക്ക് ഇന്ന് രാവിലെ 10ന് പീച്ചി കെ.എഫ്.ആർ.ഐയിൽ തുടക്കമാവും. രണ്ടുദിവസങ്ങളിലായി നടക്കുന്ന ശിൽപശാലയിൽ ബ്ലോക്ക് തലത്തിലുള്ള ഓഫീസർമാർ ജോയിന്റ് ഡയറക്ടർ ഓഫീസ്, ശുചിത്വ മിഷൻ, കുടുംബശ്രീ, കില, ക്ലീൻ കേരള കമ്പനി, കെ.എസ്. ഡബ്ലിയു.എം.പി, നവകേരളം കർമ്മപദ്ധതി എന്നിവിടങ്ങളിലെ റിസോഴ്സ്പേഴ്സൺമാർ, ബ്ലോക്ക് കോർഡിനേറ്റർമാർ, തീമാറ്റിക് എക്സ്പേർട്ട് എന്നിവർ പങ്കെടുക്കും. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് വി.എസ് പ്രിൻസ് അധ്യക്ഷനാകും. ജില്ലാ കലക്ടർ വി ആർ കൃഷ്ണതേജ, ജോയിന്റ് ഡയറക്ടർ പി എം ഷഫീക്ക്, ശുചിത്വ മിഷൻ ജില്ലാ കോർഡിനേറ്റർ കെ കെ മനോജ്, കോ - കോർഡിനേറ്റർ കെ ബി ബാബു കുമാർ, ജില്ലാ ഫെസിലിറ്റേറ്റർ അനൂപ് കിഷോർ, കില സീനിയർ ഫെലോ ഡോ. കെ രാജേഷ്, അസിസ്റ്റന്റ് ഡയറക്ടർ ആൻസൺ ജോസഫ് കെ വി എന്നിവർ വിവിധ വിഷയങ്ങളിൽ അവതരണം നടത്തും.

തൃശൂർ വാർത്തകൾ

ഒരുമനയൂർ ജനകീയ ആക്ഷൻ കൗൺസിൽ പഞ്ചായത്ത് ഹാളിൽ സംഘടിപ്പിച്ച ഉന്നത വിജയം നേടിയ വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസ പുരസ്കാര വൃക്ഷ തൈകൾ വിതരണം സാമൂഹിക പ്രവർത്തകൻ കരീം പന്നിത്തടം നിർവ്വഹിക്കുന്നു.

വിദ്യാഭ്യാസ പുരസ്ക്കാരത്തിനോടൊപ്പം വൃക്ഷ തൈകൾ വിതരണവും

ചാവക്കാട് : ഒരുമനയൂർ ജനകീയ ആക്ഷൻ കൗൺസിൽ പഞ്ചായത്ത് ഹാളിൽ സംഘടിപ്പിച്ച ഉന്നത വിജയം നേടിയ വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസ പുരസ്കാരവും,വൃക്ഷ തൈകൾ വിതരണവും സാമൂഹിക പ്രവർത്തകൻ കരീം പന്നിത്തടം നിർവ്വഹിച്ചു.

ജനകീയ ആക്ഷൻ കൗൺസിൽ പ്രസിഡന്റ് പി.കെ.ഫസലുദ്ദീൻ അധ്യക്ഷതവഹിച്ചു. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് വിജിത സന്തോഷ് മുഖ്യാതിഥിയായി. ബ്ലോക്ക് പഞ്ചായത്ത് മെമ്പർ ഷൈനി ഷാജി, പഞ്ചായത്ത് മെമ്പർ വി.സി. ഷാഹിബാൻ, അബ്ദുട്ടി കൈതമുക്ക്, ഹൈദ്രോസ്കോയ തങ്ങൾ കീക്കോട്ട്, ജനറൽ സെക്രട്ടറി പി.പി.അബൂബക്കർ, പ്രോഗ്രാം കൺവീനർ ഫൈസൽ ഉസ്മാൻ , ട്രഷറർ പി.എം.യഹിയ എന്നിവർ പ്രസംഗിച്ചു.

പുല്ലൂറ്റ് കെ.കെ.ടി.എം ഗവ. കോളേജിൽ നാലുവർഷ ബിരുദ പ്രോഗ്രാമിന്റെ വിജ്ഞാനോത്സവം മുൻ തൃശൂർ ഡി.ഡി. ഡോ.ജോജോമോൻ എൻ.എ. ഉദ്ഘാടനം ചെയ്യുന്നു

പുല്ലൂറ്റ് കെ.കെ.ടി.എം ഗവ. കോളജിൽ നാലുവർഷ ബിരുദ പ്രവേശനോത്സവം

കൊടുങ്ങല്ലൂർ: പുല്ലൂറ്റ് കെ.കെ.ടി.എം ഗവ. കോളേജിലെ നാലു വർഷ ബിരുദ പ്രോഗ്രാമിന്റെ സ്വാഗതോത്സവമായ വിജ്ഞാനോത്സവം മുൻ തൃശൂർ ഡി.ഡി. ഡോ.ജോജോമോൻ എൻ.എ. ഉദ്ഘാടനം ചെയ്തു. കോളേജ് പ്രിൻസിപ്പാൾ ഡോ.ബിന്ദു ഷർമിള ടി.കെ. അധ്യക്ഷത വഹിച്ചു. മുനിസിപ്പൽ വൈസ് ചെയർമാൻ അഡ്വ.ദിനൽ, വാർഡ് കൗൺസിലർ പി. എൻ. വിനയചന്ദ്രൻ, വൈസ് പ്രിൻസിപ്പാൾ ഡോ.ജി.ഉഷാകുമാരി, ഐ.ക്യു.എ.സി. കോർഡിനേറ്റർ ഡോ.ലൗലി ജോർജ്ജ്, പി.ടി.എ.വൈസ് പ്രസിഡണ്ട് സുനിൽ ദത്ത്, ഓഫീസ് സൂപ്രണ്ട് ഷാജി പി. സി, കോളേജ് യൂണിയൻ പ്രതിനിധി ഋഷികേശ് ബാബു എന്നിവർ ആശംസകൾ നേർന്നു സംസാരിച്ചു. പരിപാടിയിൽ ആൻറി റാഗിംഗ് സെൽ കോർഡിനേറ്റർ ഡോ.ഷാജി ഇ.എം. റാഗിംഗ് വിരുദ്ധ ബോധവത്കരണവും കാലിക്കറ്റ് യൂണിവേഴ്സിറ്റി ബോർഡ് ഓഫ് സ്റ്റഡീസ് അംഗം സബ്ന കെ. എസ്. നാലുവർഷ ബിരുദം സംബന്ധിച്ച ബോധവത്കരണവും നിർവഹിച്ചു. എഫ് വൈ യു ജി പി കോർഡിനേറ്റർ ഡോ.രമണി കെ. കെ. സ്വാഗതവും പി.ടി.എ. സെക്രട്ടറി ഡോ.വിനയശ്രീ എസ്. നന്ദിയും പറഞ്ഞു. നവാഗതർക്ക് സ്വാഗതമാശംസിച്ചുകൊണ്ട് സീനിയർ വിദ്യാർത്ഥികളുടെ സംഗീത -നൃത്ത പരിപാടികൾ അരങ്ങേറി. 12 മണി മുതൽ തിരുവനന്തപുരം സർക്കാർ വിമൻസ് കോളേജിൽ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയനും മന്ത്രി ഡോ.ആർ. ബിന്ദുവും ചേർന്ന് നിർവ്വഹിക്കുന്ന സംസ്ഥാനതല വിജ്ഞാനോത്സവ ഉദ്ഘാടന പരിപാടിയുടെ തൽസമയ സംപ്രേഷണവും ഒരുക്കിയിരുന്നു.

പൂലാനിയിൽ ചെണ്ടുമല്ലി തോട്ടങ്ങളൊരുങ്ങുന്നു

ചാലക്കുടി: ഓണം വർണാഭമാക്കാൻ മേലൂർ പൂലാനിയിൽ ചെണ്ടുമല്ലി തോട്ടങ്ങളൊരുങ്ങുന്നു. ഓണത്തെ വരവേൽക്കാനുള്ള തയ്യാറെടുപ്പിന്റെ ഭാഗമായി പഞ്ചായത്തിലെ വിവിധ കേന്ദ്രങ്ങളിൽ ചെണ്ടുമല്ലി തോട്ടങ്ങളൊരുക്കുകയാണ് മേലൂർ ഗ്രാമ പഞ്ചായത്ത്.

25000 ഹൈ ബ്രീഡ് ചെട്ടുമല്ലി തൈകളാണ് ഇതിനു വേണ്ടി തയ്യാറാക്കിയിട്ടുള്ളത്. ചെണ്ടുമല്ലി തൈകൾക്ക് പുറമെ പച്ചക്കറി കൃഷിയും ഇതോടൊപ്പം ചെയ്യുന്നുണ്ട്. തൊഴിലുറപ്പ് തൊഴിലാളികൾ, കുടുംബശ്രീ യൂണിറ്റുകൾ, കർഷക കൂട്ടായ്മകൾ എന്നിവരുടെ മേൽനോട്ടത്തിലാണ് കൃഷി ചെയ്യുന്നത്. പഞ്ചായത്തല ഉദ്ഘാടനം കുന്നപ്പിള്ളിയിലെ മൂന്ന് ഏക്കർ തരിശു ഭൂമിയിൽ നടത്തി. ചെണ്ടുമല്ലി കൃഷിക്ക് പുറമെ പയർ, വേണ്ട, തക്കാളി, പച്ചമുളക്, മത്തൻ, കുമ്പളം തുടങ്ങി പച്ചക്കറി കൃഷി കുന്നപ്പിള്ളി വാർഡിലെ കൃഷിയിടത്തിൽ ഒരുക്കുന്നുണ്ട്. ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് വി.എസ്. പ്രിൻസ് ഉദ്ഘാടനം നിർവഹിച്ചു. ഗ്രാമ പഞ്ചായത്ത് പ്രസിഡൻറ് എം.എസ്. സുനിത അധ്യക്ഷനായി. ജില്ലാ പഞ്ചായത്ത് മെമ്പർ ലീല സുബ്രഹ്മണ്യൻ, ബ്ലോക്ക് പഞ്ചായത്ത് മെമ്പർ ഇന്ദിര പ്രകാശൻ, ചാലക്കുടി ബ്ലോക്ക് കൃഷി അസി. ഡയറക്ടർ പി.കെ. ലാൽസുന, മേലൂർ സർവീസ് സഹകരണ ബാങ്ക് പ്രസിഡൻറ് ഇ.കെ. കൃഷ്ണൻ, മുൻ പഞ്ചായത്ത് പ്രസിഡൻറ് പി.പി. ബാബു, തൊഴിലുറപ്പ് അസി.എഞ്ചിനിയർ ധന്യ, കുടുംബശ്രീ ചെയർപേഴ്സൺ ഷിജി വികാസ്, പഞ്ചായത് അംഗം പി.ആർ. ബിബിൻ രാജ്, മേലൂർ കൃഷി ഓഫീസർ രാഹുൽകൃഷ്ണ പ്രസംഗിച്ചു. വിവിധ ഡിപ്പാർട്മെൻറുകളെ സഹകരിപ്പിച്ചാണ് കൃഷി ചെയ്യുന്നത്. തരിശ്ഭൂമിയിൽ കൃഷി ഒരുക്കുന്നത് തൊഴിലുറപ്പ് പദ്ധതിയിലാണ്. കൃഷിഭവൻ വഴിയാണ് തൈകൾ നൽകുന്നത്. പലിശ രഹിത വായ്പ ഒരുക്കി മേലൂർ സർവീസ് സഹകരണ ബാങ്കും കൃഷിക്കൊപ്പം ചേരുന്നുണ്ട്.

ഇരുമ്പ് സാമഗ്രികൾ മോഷ്ടിച്ച യുവാവ് അറസ്റ്റിൽ

അബ്ദുൾ റഹ്മാൻ

കുന്നംകുളം: വരവൂർ തളിയിൽ നിർമ്മാണ ആവശ്യത്തിനായി ഇറക്കിയിരുന്ന ഇരുമ്പ് സാമഗ്രികൾ മോഷ്ടിച്ച കേസിൽ യുവാവിനെ എരുമപ്പെട്ടി പൊലീസ് അറസ്റ്റ് ചെയ്തു. തളി,പാറപ്പുറം, മണിമുക്കിൽ, കുന്നത്തുള്ളിപീടികയിൽ അബ്ദുൾ റഹ്മാനെ(30)യാണ് എസ്.ഐ യു.മഹേഷിന്റെ നേതൃത്വത്തിലുള്ള പൊലീസ് സംഘം അറസ്റ്റ് ചെയ്തത്.

കഴിഞ്ഞ ജൂൺ 20 തിയ്യതിയാണ് മോഷണം നടന്നത്.തളിയിൽ സ്വകാര്യ കമ്പനിയുടെ നിർമ്മാണത്തിയിഗോഡൗണിൽ സൂക്ഷിച്ചിരുന്ന ഇരുമ്പ് സാധനങ്ങളും നിർമ്മാണ സാമഗ്രികളുമാണ് മോഷ്ടിച്ചത്.ഗോഡൗണിന്റെ വാതിലിന്റെ പൂട്ട് തകർത്താണ് അകത്ത് കയറി മോഷ്ടിച്ചത്. ഏകദേശം ഒന്നര ലക്ഷം രൂപയുടെ നഷ്ടമുണ്ടായതായി ഉടമ പറയുന്നു. പരാതി നൽകിയതിന്റെ അടിസ്ഥാനത്തിൽ എസ്.ഐ യു.മഹേഷിന്റെ നേതൃത്വത്തിൽ നടത്തിയ അന്വേഷണത്തിലാണ് അബ്ദുൾ റഹ്മാൻ പിടിയിലായത്. പ്രതി സാധനങ്ങൾ വിറ്റ ചാലിശേരിയിലെ വ്യാപാര സ്ഥാപനത്തിൽ നിന്നും തൊണ്ടി മുതൽ കണ്ടെത്തിയിട്ടുണ്ട്. തെളിവെടുപ്പിന് ശേഷം കോടതിയിൽ ഹാജരാക്കിയ പ്രതിയെ റിമാന്റ് ചെയ്തു. പൊലീസ് ഓഫീസർമാരായ ജസ്റ്റിൻ, അജി പനയ്ക്കൽ, കെ.സഗുൺ, എന്നിവരും അന്വേഷണ സംഘത്തിലുണ്ടായിരുന്നു.

കർഷക തൊഴിലാളി ക്ഷേമനിധി അംശാദായ സിറ്റിങ്

തൃശൂർ: കേരള കർഷക തൊഴിലാളി ക്ഷേമനിധിയിൽ അംശാദായം സ്വീകരിക്കുന്നതിന് വിവിധ പഞ്ചായത്തുകളിൽ സിറ്റിങ് നടത്തും.

ജൂലൈ നാലിന് മേത്തല, ആറിന് കടവല്ലൂർ, ഒമ്പതിന് എടവിലങ്ങ്, 11ന് പാണഞ്ചേരി, 18നും 20നും വരവൂർ, 23ന് കൈപറമ്പ്, 25, 27 തീയതികളിൽ ചേലക്കര, 30ന് ദേശമംഗലം എന്നീ ഗ്രാമപഞ്ചായത്തുകളിലാണ് ജില്ലാ എക്സിക്യൂട്ടീവ് ഓഫീസറുടെ നേതൃത്വത്തിൽ സിറ്റിങ് നടത്തുക. അംശാദായം ഓൺലൈൻ മുഖേന അടയ്ക്കുന്നതിനാൽ അംഗങ്ങളുടെ ആധാർ കാർഡ്, ബാങ്ക് പാസ് ബുക്ക് എന്നിവ ഹാജരാക്കണം.



മുഹമ്മദ് ഫിദാൻ, ആരോൺ, അരുൺ ജോസഫ്

തുറമുഖ വകുപ്പ് ക്വിസ് മത്സരം; അഴീക്കോട് സീതി സാഹിബ് ഹൈസ്കൂളിന് ജയം

എറിയാട്: അഴീക്കോട് സീതി സാഹിബ് ഹൈസ്കൂളിനു കേന്ദ്രസർക്കാർ തുറമുഖ വകുപ്പിന്റെ ക്വിസ് മത്സരത്തിൽ വിജയം

കേന്ദ്ര സർക്കാരിന്റെ തുറമുഖ കപ്പൽ ഗതാഗത വകുപ്പിന്റെ കീഴിലുള്ള ഡയറക്ടറേറ്റ് ജനറൽ ഓഫ് ലൈറ്റ് ഹൗസസ് ഏൻഡ് ലൈറ്റ് ഷിപ്പ് നടത്തിയ ക്വിസ് മത്സരത്തിൽ സീതി സാഹിബ് മെമോറിയൽ ഹയർ സെക്കൻഡറി സ്ക്കൂളിലെ വിദ്യാർത്ഥികളായ മുഹമമദ് ഫിദാൻ ഒന്നാം സ്ഥാനവും ആരോൺ എൻ എം രണ്ടാം സ്ഥാനവും അരുൺ ജോസഫ് മൂന്നാം സ്ഥാനവും കരസ്ഥമാക്കി. ജൂലൈ ഒന്നിനു കേന്ദ്രസർക്കാർ ദേശവ്യാപകമായി നടത്തുന്ന സമുദ്രദിനാചാരണത്തോടനുബന്ധിച്ചാണു തുറമുഖ വകുപ്പിന്റെഡയറക്ട്രേറ്റ് ജനറൽ സ്ക്കൂൾവിദ്യാർത്ഥികൾ ക്കായി ക്വിസ് മത്സരം സംഘടിപ്പിച്ചത്.

മൂർക്കനാട് ഇരട്ടകൊലപാതകം; പ്രധാന പ്രതികളുടെ ജാമ്യം ഹൈക്കോടതി റദ്ദാക്കി

പ്രധാന പ്രതികളായ അഭിന്ദ്, അഭിഷേക്, മെജോ

ഇരിങ്ങാലക്കുട: മൂർക്കനാട് ഇരട്ട കൊലപാതക കേസിലെ പ്രധാന പ്രതികളായ മൂർക്കനാട് സ്വദേശി മാൻഡ്രൂ എന്ന് വിളിക്കുന്ന കറുത്തുപറമ്പിൽ വീട്ടിൽ അഭിനന്ദ് (26),തുറവൻക്കാട് സ്വദേശി തൈവളപ്പിൽ ടുട്ടു എന്ന അഭിഷേക് (28),വെള്ളാങ്കല്ലൂർ സ്വദേശി കുന്നത്താൻ വീട്ടിൽ മെജോ (32) എന്നിവരുടെ ജാമ്യമാണ് ഹൈകോടതി റദ്ദാക്കിയത്.ഇവർ മൂന്ന് പേരും ഇരിങ്ങാലക്കുടയിൽ 2018 ൽ നടന്ന ചുണ്ണാമ്പ് തെറിച്ചതുമായി തുടർന്നുള്ള തർക്കത്തെ തുടർന്ന് മോന്തചാലിൽ വിജയൻ എന്നയാളെ വീട്ടിൽ കയറി വെട്ടികൊലപെടുത്തിയ കേസിലെ പ്രതികളാണ്.ഇവർക്ക് ഈ കേസിൽ ജീവപര്യന്ത്യം ശിക്ഷ ലഭിക്കുകയും ചെയ്തിരുന്നു.അന്നത്തെ അന്വേഷണ സംഘത്തിൽ ഉണ്ടായിരുന്ന പോലീസ് ഉദ്യോഗസ്ഥനായ മുരുകേഷ് കടവത്തിനെതിരെ വധഭീഷണി മുഴക്കിയതിനും ഇവർക്കെതിരെ കേസ് നിലവിലുണ്ട്.പിന്നീട് ജാമ്യത്തിൽ ഇറങ്ങിയാണ് മൂർക്കനാട് ക്ഷേത്രോത്സവത്തോട് അനുബന്ധിച്ചുള്ള വെടിക്കെട്ട് നടക്കുന്നതിനിടെ ആലുംപറമ്പിൽ വച്ച് നടന്ന സംഘർഷത്തിൽ രണ്ട് പേരെ കുത്തി കൊലപെടുത്തിയത്.മുൻപ് ഒരു കൊലപാതക കേസിൽ ജീവപര്യന്ത്യം ശിക്ഷ ലഭിച്ച് ജാമ്യത്തിൽ ഇറങ്ങി വീണ്ടും കൊലപാതകങ്ങൾ നടത്തിയതിനാൽ ഐ പി സി 303 വകുപ്പ് കൂടി ചുമത്തി വധശിക്ഷ കിട്ടാവുന്ന തരത്തിലാണ് പോലീസ് കുറ്റപത്രം സമർപ്പിച്ചിരിക്കുന്നത്.മൂർക്കനാട് നടന്ന ഫുട്ബാൾ ടൂർണമെന്റുമായി ബന്ധപ്പെട്ടുണ്ടായ തർക്കങ്ങളാണ് ഇരുവിഭാഗം യുവാക്കൾ തമ്മിലുള്ള കത്തിക്കുത്തിൽ കലാശിച്ചത്.തൃശൂർ അരിമ്പൂർ വെളുത്തൂർ സ്വദേശി അക്ഷയ് (21) ആനന്ദപുരം പൊന്നയത്ത് സ്വദേശി സന്തോഷ് (40) എന്നിവരാണ് കൊല്ലപ്പെട്ടത്.സംഭവത്തിൽ ആകെ 15 പ്രതികളെ പോലീസ് ഇത് വരെ അറസ്റ്റ് ചെയ്തിട്ടുണ്ട്.90 ദിവസത്തിനുള്ളിൽ പോലീസ് കുറ്റപത്രം സമർപ്പിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് കേസിലെ പ്രധാനപ്രതികളുടെ ജാമ്യം ഹൈകോടതി റദ്ദാക്കി ഉത്തരവിട്ടത്.കേസിൽ ഇനിയും നാലോളം പേരെ പിടികൂടാനുണ്ട്.

വോട്ടർപട്ടിക പുതുക്കൽ; തീരുമാനങ്ങൾ അട്ടിമറിച്ചതായി ആക്ഷേപം

അണ്ടത്തോട്: പുന്നയൂർക്കുളം ഗ്രാമപഞ്ചായത്തിൽ വോട്ടർപട്ടിക പുതുക്കുന്നതിനുള്ള നടപടിക്രമങ്ങളുടെ ഭാഗമായി ചേർന്ന രാഷ്ട്രീയ പാർട്ടി പ്രതിനിധികളുടെ യോഗത്തിലെടുത്ത തീരുമാനങ്ങൾ അട്ടിമറിച്ചതായി ആക്ഷേപം.

യോഗത്തിൽ പങ്കെടുത്ത കോൺഗ്രസ് പ്രവർത്തകരാണ് പ്രതിഷേധവുമായി രംഗത്തെത്തിയത്. പഞ്ചായത്ത് പരിധിയിലെ മുഴുവൻ വാർഡുകളിലെയും മരിച്ചവരുടെയും, സ്ഥിരതാമസക്കാരല്ലാത്തവരുടെയും ലിസ്റ്റ് നൽകാൻ പഞ്ചായത്തംഗങ്ങളോട് ആവശ്യപ്പെട്ടിരുന്നു. എന്നാൽ ഈ തീരുമാനം അട്ടിമറിക്കപ്പെട്ടു.വരാനിരിക്കുന്ന വാർഡ് വിഭജനത്തിൽ നേട്ടമുണ്ടാക്കുന്നതിനും, കൂടുതൽ അംഗങ്ങളുള്ള വാർഡ് വിഭജിക്കുമ്പോഴുള്ള ആനുകൂല്യം ലഭിക്കുന്നതിനും വേണ്ടിയാണ് ഭരണകക്ഷി അംഗങ്ങൾ സർവകക്ഷി യോഗത്തിൽ എടുത്ത തീരുമാനം അട്ടിമറിച്ചത്. അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയ്യതിയായ ജൂൺ 21നുമുമ്പ് നൽകിയ ആക്ഷേപങ്ങളിൽ യഥാസമയം നോട്ടീസ് നൽകി ഹിയറിങ് നടത്തുന്നതിൽ പഞ്ചായത്ത് അധികൃതർ വീഴ്ച വരുത്തി.എട്ടാം വാർഡിൽ ചമ്മന്നൂരിൽ ലൈഫ് ഭവനപദ്ധതി ഗുണഭോക്താവായ കുടുംബത്തെ സ്ഥിരതാമസക്കാരല്ലായെന്നാരോപിച്ച് ഭരണകക്ഷിപാർട്ടി പ്രവർത്തകർ പേര് നീക്കം ചെയ്യാൻ അപേക്ഷ നൽകിയെന്നും കോൺഗ്രസ് പ്രവർത്തകർ ആരോപിച്ചു.. ഭരണ സ്വാധീനം ഉപയോഗിച്ച് ഉദ്യോഗസ്ഥരെ ഭീഷണിപ്പെടുത്തി വോട്ടർമാരെ നീക്കം ചെയ്യുന്നത് അംഗീകരിക്കാനാവില്ല. പഞ്ചായത്തിൽ ബിജെപിയും സിപിഎമ്മും അഡ്ജസ്റ്റ്മെന്റ് രാഷ്ട്രീയം കളിക്കുകയാണെന്നും ഹിയറിങ് സമയത്ത് നടത്തിയ കോപ്രായങ്ങളും ഇറങ്ങിപ്പോകും നാടകം ആയിട്ടാണ് കോൺഗ്രസ് കാണുന്നതെന്നും യോഗത്തിൽ പങ്കെടുത്ത കോൺഗ്രസ് നേതാക്കളായ പി രാജൻ, റാഫി മാലിക്കുളം, അഷ്ക്കർ അറക്കൽ, ടിപ്പു ആറ്റുപുറം എന്നിവർ ആരോപിച്ചു.

മാള സർക്കാർ ആശുപത്രിയുടെ വികസനത്തിന് മാസ്റ്റർ പ്ലാൻ തയ്യാറാക്കും

മാള: നൂറ്റി പന്ത്രണ്ട് വർഷത്തിന്റെ പാരമ്പര്യത്തിനനുസരിച്ചുള്ള വികസന പ്രവർത്തനങ്ങൾ മാള സർക്കാർ ആശുപത്രിയിൽ ഇതുവരെ സാധ്യമായിട്ടില്ലെന്നും അതുകൊണ്ടുതന്നെ ആശുപത്രിയുടെ വികസനത്തിനായി ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കി സർക്കാരിലേയ്ക്ക് സമർപ്പിക്കുമെന്ന് മാള ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് രേഖ ഷാന്റി ജോസഫ് പറഞ്ഞു.

ആശുപത്രിയിൽ ചേർന്ന ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മറ്റിയിൽ സംസാരിക്കുകയായിരുന്നു അവർ.

ദിനം പ്രതി 500 ൽ പരം രോഗികൾ വരുന്ന മാള ആശുപത്രിയിൽ ഒരു സാമൂഹിക ആരോഗ്യ കേന്ദ്രത്തിനാവശ്യമായ ഡോക്ടർമാർ നിലവിൽ സർക്കാർ നിയമിച്ചിട്ടില്ലാത്തതിനാൽ അതിന്റെതായ ബുദ്ധിമുട്ടുകൾ ആശുപത്രി നേരിടുന്നുണ്ട്. ബ്ലോക്ക് പഞ്ചായത്തിന് തനത് ഫണ്ട് വളരെ കുറവായതിനാലും പ്ലാനിങ് ഫണ്ടിൽ നിന്നും ഡോക്ടറെ നിയമിക്കാൻ നിയമം അനുവദിക്കാത്തതിനാലും നിലവിലെ സാഹചര്യത്തിൽ ഡോക്ടറെ നിയമിക്കാൻ സാധിക്കാത്തത്. ബ്ലോക്ക് പഞ്ചായത്തിന്റെ ആശുപത്രിയാണെങ്കിലും എഴുപത്തിഞ്ച്, ശതമാനത്തിൽപ്പരം മാള ഗ്രാമ പഞ്ചായത്തിലെ രോഗികളാണ് ഇവിടത്തെ ഗുണഭോക്താക്കൾ. കൂടാതെ ഗ്രാമ പഞ്ചായത്തിന് തനത് പ്രൈമറി ഹെൽത്ത് സെന്ററുകൾ ഇല്ലാത്തതിനാലും സർക്കാർ തലത്തിൽ ഡോക്ടറെ നിയമിക്കുന്നതുവരെ ഒരു ഡോക്ടറെയെങ്കിലും ഗ്രാമ പഞ്ചായത്ത് നിയമിക്കണമെന്നും പ്രസിഡന്റ് ആവശ്യപ്പെട്ടു. ഈ കാര്യം ചൂണ്ടി കാണിച്ച് മാള ഗ്രാമ പഞ്ചായത്തിന് കത്ത് നൽകും. ആശുപത്രിയിൽ 50 ലക്ഷം രൂപയുടെ ടെഡർ പൂർത്തികരിച്ചിട്ടുണ്ടെന്നും മെയിന്റൻസ് പ്രവർത്തനങ്ങൾ ഉടനെ ആരംഭിക്കുമെന്നും രേഖാ ഷാന്റി ജോസഫ് പറഞ്ഞു.

ബ്ലോക്ക് പ്രസിഡന്റ് രേഖ ഷാന്റി ജോസഫ് അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ,മുൻ പ്രസിഡന്റ് സന്ധ്യ നൈസൻ ,ബ്ലോക്ക് പഞ്ചായത്ത് മെമ്പർ എ എ അഷറഫ്, മെഡിക്കൽ സൂപ്രണ്ട് ഡോ: ആശ എന്നിവർ സംസാരിച്ചു.

കനിവ് 2024 രണ്ടാംഘട്ടം പാലിയേറ്റിവ് രോഗികൾക്കായുള്ള മെഡിക്കൽ ഉപകരണങ്ങൾ നൽകുന്ന പരിപാടിക്ക് മെഡ്സെവൻ ഗ്രൂപ്പ് നൽകുന്ന വസ്തുക്കൾ ചെയർമാൻ ഡോ. മുഹമ്മദ് കാസിം പക്കൽ നിന്നും ജില്ലാ പ്രസിഡന്റ് ജമാൽ മനയത്തും കെഎംസിസി അംഗങ്ങളും ചേർന്ന് ഏറ്റുവാങ്ങുന്നു

കയ്പമംഗലത്ത് സി.എച്ച് സെന്ററിന്റെ മെമ്പർഷിപ്പ് ക്യാമ്പയിന്റെ പഞ്ചായത്തല ഉദ്ഘാടനം മുസ്ലിംലീഗ് നിയോജക മണ്ഡലം ജനറൽ സെക്രട്ടറി കെ.എം ഷാനിർ മുതിർന്ന നേതാവ് പി.എ ഇബ്രാഹിംഹാജിക്ക് അംഗത്വം നൽകികൊണ്ട് ഉദ്ഘാടനം ചെയ്യുന്നു

കയ്പമംഗലത്ത് സി.എച്ച് സെന്റർ മെമ്പർഷിപ്പ് ക്യാമ്പയിൻ ഉദ്ഘാടനം

കയ്പമംഗലം: തൃശൂർ മെഡിക്കൽ കോളജിന് സമീപം മുസ്ലിം ലീഗ് ജില്ലാ കമ്മറ്റിയുടെ നേതൃത്വത്തിൽ നിർമ്മാണം നടന്നു വരുന്ന സി.എച്ച് സെന്ററിന്റെ മെമ്പർഷിപ്പ് ക്യാമ്പയിന്റെ പഞ്ചായത്തല ഉദ്ഘാടനം മുതിർന്ന നേതാവ് പി.എ ഇബ്രാഹിംഹാജി അംഗത്വം സ്വീകരിച്ചു കൊണ്ട് കയ്പമംഗലം പഞ്ചായത്തിൽ തുടക്കം കുറിച്ചു.

പ്രസിഡന്റ് ടി.കെ സൈതു മുഹമ്മദ് അധ്യക്ഷത വഹിച്ച യോഗം മുസ്ലിം ലീഗ് നിയോജക മണ്ഡലം ജനറൽ സെക്രട്ടറി കെ.എം ഷാനിർ ഉദ്ഘാടനം ചെയ്തു. കയ്പമംഗലം ഗ്രാമപഞ്ചായത്ത് അംഗങ്ങളായ യു.വൈ ഷമീർ, പി.എ ഇസ്ഹാഖ്, മുസ്ലിം ലീഗ് നിയോജക മണ്ഡലം ട്രഷറർ ടി.കെ ഉബൈദ്, വൈസ് പ്രസിഡന്റ് സൈതു മുഹമ്മദ് ഹാജി പുത്തൻകുളം, പഞ്ചായത്ത് കമ്മറ്റി ഭാരവാഹികളായ യൂനസ് പള്ളിത്താനം, മുഹമ്മദ് ഷക്കീർ, വനിത ലീഗ് കയ്പമംഗലം പഞ്ചായത്ത് പ്രസിഡന്റ് സൽമ മാഹിൻ, ഭാരവാഹികളായ ഹസീന, ഷഫ്ന യൂനസ്, റഫീന സഗീർ, ആരിഫ മൊയ്തീൻ തുടങ്ങിയവർ സംസാരിച്ചു.

ജനറൽ സെക്രട്ടറി പി.ടി മുജീബ് റഹ്മാൻ സ്വാഗതവും ട്രഷറർ കെ.യു അഷ്റഫ് നന്ദിയും പറഞ്ഞു.

കനിവ് 2024 പാലിയേറ്റിവ് സെന്ററുകൾക്ക് കൈത്താങ്ങ് തുടക്കമായി

ദുബായ് : കെ.എം.സി.സി തൃശൂർ ജില്ല കനിവ് 2024 രണ്ടാം ഘട്ടം പാലിയേറ്റിവ് രോഗികൾക്കായുള്ള മെഡിക്കൽ ഉപകരണങ്ങൾ നൽകുന്ന പരിപാടിക്ക് മെഡ്സെവൻ ഗ്രൂപ്പ് നൽകുന്ന വസ്തുക്കൾ മേഡ് സെവൻ ചെയർമാൻ ഡോ. മുഹമ്മദ് കാസിം പക്കൽ നിന്നും ജില്ലാ പ്രസിഡന്റ് ജമാൽ മനയത്തും കെഎംസിസി അംഗങ്ങളും ചേർന്ന് ഏറ്റുവാങ്ങി.

മെഡ്സെവൻ ഹെഡ് ഓഫീസിൽ ചേർന്ന യോഗത്തി

പ്രതിഷേധിച്ചു

നെടുമ്പാശ്ശേരി : അത്താണിയിലെ ട്രാഫിക് പരിഷ്ക്കാരത്തിൽ പ്രതിഷേധിച്ചു നെടുമ്പാശ്ശേരി മണ്ഡലം കോൺഗ്രസ് കമ്മിറ്റിയുടെ നേതൃത്വത്തിൽ നടത്തിയ ധർണ്ണ ഡി. സി. സി. സെക്രട്ടറി എം. ജെ. ജോമി ഉദ്ഘടനം ചെയ്തു. മണ്ഡലം പ്രസിഡന്റ് പി. ജെ. ജോയി അദ്ധ്യക്ഷത വഹിച്ചു.,സി വൈ. ശാബോർ ,ടി എ. ചന്ദ്രൻ , ഏ. കെ. ധനേഷ് ,, ഷിബു മൂലൻ , ജിസ് തോമസ് , പി. എഛ്. അസ്‌ലം , ബിജി സുരേഷ് , ജീമോൻ കയ്യാല , ഏ. സി. എൽദോ, പി. പി. ഐസക്, സിബിൻ എലിയാസ്,ജെസ്സി ജോർജ് ,ബീന ഷിബു , കെ. എ. വറീത് , സി ഒ മാർട്ടിൻ , ജോബി നേൽക്കര , സുരേഷ് അത്താണി , പ്രൈവറ്റ് ബസ് ഉടമ സംഘടന പ്രസിഡണ്ട് ബി.ഒ ഡേവിസ് എന്നിവർ പ്രസംഗിച്ചു .

വർക്കേഴ്സ് യൂണിയൻ

അങ്കമാലി: ഐഎൻടിയുസി ഡിസ്ട്രിക്ക് കൺസ്ട്രഷൻ വർക്കേഴ്സ് യൂണിയൻ അങ്കമാലി നിയോജക മണ്ഡലം സമ്മേളനവും ഇന്ദിരാഗാന്ധി കൾച്ചറൽ സൊസൈറ്റി വിദ്യാഭ്യാസ സെമിനാറും കരിയർ ഗൈഡൻസും നടത്തി. കെപിസിസി ജനറൽ സെക്രട്ടറി അഡ്വ: അബദുൾ മുത്തലിബ് ഉദ്ഘാടനം നടത്തി. ഡികെടിഎഫ് ജില്ലാ ട്രഷറർ പി.വി.ലാലു അധ്യക്ഷതവഹിച്ചു.കെ.പി.ബേബി, അഡ്വ:കെ.എസ്.ഷാജി, കെ.വി. മുരളി,പി.ബി.രവി, കെ.കെ.ജോഷി, ബാബു മഞ്ഞളി,സിജു പുളിക്കൽ, അജിത് കുമാർ കുറുമശ്ശേരി, കെ. വി.ജയപ്രകാശ്, ബിനു മഞ്ഞളി, പി.എ. വിജയൻ, പ്രവീൺ മൂക്കന്നൂർ പ്രസംഗിച്ചു.

അവാർഡ് വിതരണം

പെരുമ്പാവൂർ: ജില്ലാ പ്രവാസി എക്സ് പ്രവാസി അസോസിയേഷൻ വിദ്യാഭാസ അവാർഡ് വിതരണം നടത്തി. തടിയിട്ടപറമ്പ് ഇൻസ്പെക്ടർ ഓഫ് പോലീസ് മനോജ് കുമാർ ഉദ്ഘാടനം ചെയ്തു. പ്രസിഡന്റ് ടി.എ. മുഹമ്മദ് ബഷീർ അധ്യക്ഷത വഹിച്ചു. ദേശീയ അധ്യാപക അവാർഡ് ജേതാവ് ഡോ. ഇ.കെ. മുഹമ്മദ് ഷാഫി, നഗരസഭ കൗൺസിലർ ലത സുകുമാരൻ, മഞ്ജു മണികുട്ടൻ, മണിക്കുട്ടൻ പത്മനാഭൻ, നൗഫൽ പുലവത്ത്, സക്കീർ പറവൂർ, സുബൈർ അമ്പാടൻ, ഷൗക്കത്തലി ഓടക്കാലി, മനാഫ് വല്ലം, ലീന സാബു എന്നിവർ സംസാരിച്ചു.

എറണാകുളം വാർത്തകൾ

ഓൺലൈൻ തട്ടിപ്പുസംഘം വിലസുന്നു, കൈമലർത്തി പൊലീസ്

- 6 മാസത്തിനിടെ 400 കേസുകൾ
- അറസ്റ്റ് 40 ശതമാനത്തിൽ താഴെ മാത്രം

കൊച്ചി: സിറ്റി പൊലീസ് പരിധിയിൽ ആറുമാസത്തിനിടെ മാത്രം 400 ഓൺലൈൻ പണംതട്ടിപ്പ് കേസുകൾ രജിസ്റ്റർ ചെയ്തതായി പൊലീസ്. തട്ടിപ്പുകളിലൂടെ 25 കോടി രൂപയാണ് നഷ്ടമായത്. ഇതിൽ 20 കോടിയും തട്ടിയത് കഴിഞ്ഞ ഒന്നര മാസത്തിനിടെയാണ്. വെറും നാലുപേരിൽ നിന്നാണ് ഇത്രയും

തുക തട്ടിപ്പുസംഘം കവർന്നതെന്നും പൊലീസ് പറയുന്നു. സി.ബി.ഐ മുതലുള്ള അന്വേഷണ ഏജൻസികളുടെ പേരിൽ അറസ്റ്റ് ചെയ്യുമെന്ന് ഭീഷണിപ്പെടുത്തി പണം കൈക്കലാക്കിയ കേസുകളാണ് ഏറെയും. വ്യാജ ഓൺലൈൻ ട്രേഡിങ്, ലഹരി കൊറിയർ തട്ടിപ്പ് എന്നിവയാണ് പണം തട്ടാൻ ഉപയോഗിക്കുന്ന മറ്റ് മാർഗങ്ങൾ. ബാങ്ക് അക്കൗണ്ടുകൾ പണം നൽകി സ്വന്തമാക്കി, തട്ടിയെടുക്കുന്ന പണം ഇതിലേക്ക് മാറ്റി ഉടനടി പിൻവലിക്കുന്നതാണ് ഇവരുടെ രീതി. പ്രതികളിലേക്ക് എത്തുക ശ്രമകരമാണെന്ന് പൊലീസ് തുറന്നു സമ്മതിക്കുന്നു. പൊതുജനങ്ങൾ സൈബർ തട്ടിപ്പുകളെക്കുറിച്ച് അറിഞ്ഞിരിക്കണമെന്നും ജാഗ്രത പുലർത്തണമെന്നും പൊലീസ് ആവശ്യപ്പെട്ടു. ഉന്നത പദവിയിൽ ജോലി ചെയ്യുന്നവർ മുതൽ സാധാരണക്കാർ വരെ തട്ടിപ്പിന് ഇരയായിട്ടുണ്ട്. കഴിഞ്ഞ ഒന്നര മാസത്തിനിടെ ഇൻഫോപാർക്ക് പൊലീസ് സ്റ്റേഷനിൽ 7 കോടി രൂപയുടെയും, എറണാകുളം നോർത്ത് പൊലീസിൽ 5 കോടി രൂപയുടെയും തട്ടിപ്പ് കേസുകൾ രജിസ്റ്റർ ചെയ്തു. എറണാകുളം സെൻട്രൽ പൊലീസ് 3.5 കോടി, മരട് പൊലീസ് 6 കോടി എന്നിങ്ങനെയും കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കേസുകൾ കൂടിയതോടെ കൊച്ചി സിറ്റി പൊലീസ് കമ്മിഷണർ എസ്. ശ്യാംസുന്ദറിന്റെ മേൽനോട്ടത്തിൽ പ്രത്യേക അന്വേഷണ സംഘം രൂപീകരിച്ചു.

കോടികൾ തട്ടിയ പല കേസുകളിലെയും പ്രതികൾ ഇപ്പോഴും കാണാമറയത്താണ്. ജൂൺ വരെയുള്ള സൈബർ തട്ടിപ്പ് കേസുകളിൽ 40 ശതമാനത്തിൽ താഴെ പ്രതികളെ മാത്രമാണ് പൊലീസിന് പിടികൂടാനായത്. മറ്റ് ജില്ലകളിലും സൈബർ തട്ടിപ്പ് കേസുകളിൽ പലരും പിടിയിലായിട്ടുണ്ട്. ഇവരെ ചോദ്യംചെയ്യതിലൂടെ കൊച്ചിയിലെ പല കേസുകളിലും ബന്ധമുണ്ടെന്ന് കണ്ടെത്തി അറസ്റ്റ് രേഖപ്പെടുകയായിരുന്നു. അക്കൗണ്ടുകൾ അറിഞ്ഞും അറിയാതെയും സൈബർ തട്ടിപ്പ് സംഘങ്ങൾക്ക് വിറ്റവരെ പ്രതിചേർക്കാൻ സാധിക്കില്ലെന്ന് പൊലീസ് പറയുന്നു. വിൽപന സ്ഥിരീകരിക്കുക എന്നത് വെല്ലുവിളിയാണെന്നാണ് പൊലീസ് വാദം. സൈബർതട്ടിപ്പ് സംഘങ്ങൾക്ക്, പണം കൈമാറ്റത്തിനായി ഒരു വിഭാഗം സ്വകാര്യ ബാങ്ക് ജീവനക്കാരുടെയും ഒത്താശയുണ്ടെന്നാണ് പൊലീസിന് ലഭിക്കുന്ന സൂചന. കൊച്ചിയിൽ രജിസ്റ്റർ ചെയ്ത സൈബർ തട്ടിപ്പ് കേസുകളിൽ അയൽ സംസ്ഥാനങ്ങളിലെ സ്വകാര്യ ബാങ്ക് മാനേജറെയും ജീവനക്കാരെയും പ്രതിചേർത്തിട്ടുണ്ട്. മരിച്ച ആളുകളുടെ ബാങ്ക് അക്കൗണ്ടുകൾ പോലും തട്ടിപ്പ് സംഘങ്ങൾക്കായി കൈമാറിയെന്ന് കണ്ടെത്തിയതോടെയാണ് നടപടി. ഏതെല്ലാം കേസുകളിലാണ് പ്രതികളാക്കിയതെന്ന് പൊലീസ് വെളിപ്പെടുത്തിയില്ല. 400 തട്ടിപ്പ് കേസുകളിൽ പണം പോയിട്ടുള്ളതെല്ലാം സ്വകാര്യ ബാങ്കുകളുടെ അക്കൗണ്ടുകളിലേക്കാണ്. ഉത്തരേന്ത്യൻ സംഘങ്ങളാണ് സൈബർ തട്ടിപ്പുകൾക്കെല്ലാം പിന്നിലെന്നും പൊലീസ് പറയുന്നു.

തട്ടിപ്പിൽ വീഴാതിരിക്കാൻ

തട്ടിപ്പ് സംഘത്തിന്റെ ഇരകളാവാതിരിക്കാൻ എല്ലാവരും ജാഗ്രത പുലർത്തണമെന്ന് പൊലീസ് അഭ്യർഥിക്കുന്നു. ഓൺലൈൻ ഇടപാടുകളിൽ ജാഗ്രതപുലർത്തണം, ഒ.ടി.പി കൈമാറുന്നതിലും ജാഗ്രത വേണം. എടുക്കാത്ത ലോട്ടറിക്ക് ഭീമമായതുക ആർക്കും ലഭിക്കില്ല, ഇത്തരം വിളികൾ അവഗണിക്കുക. ബാങ്കുകളുടെ യഥാർഥ വെബ്സൈറ്റിലെ കസ്റ്റമർകെയർ നമ്പർ തന്നെ ഉപയോഗിക്കുക. സിബിഐയുൾപ്പടെ ഏജൻസികൾ ഭീഷണിപ്പെടുത്തി പണം വാങ്ങില്ലെന്ന് തിരിച്ചറിയുക. അന്വേഷണ ഏജൻസികൾ ഒരിക്കലും പണം മറ്റൊരു ബാങ്കിലേക്ക് മാറ്റാൻ ആവശ്യപ്പെടില്ല ലോൺആപ്പ് ഉപയോഗിക്കരുത്, അജ്ഞാത അക്കൗണ്ടിൽ നിന്ന് പണംവന്നാൽ നിയമസഹായം തേടുക.സർക്കാർ ഓഫീസുകൾ, ബാങ്ക് എന്നിവിടങ്ങളിൽ നിന്ന് ഒ.ടി.പി ആവശ്യപ്പെടുന്ന വിളികൾ വരില്ല, അത്തരം കോളുകൾ പൂർണമായും അവഗണിക്കുക.

ദേശീയപാത അവഗണനക്കെതിരെ ബഹുജന സംരക്ഷണ സമിതി

പറവൂർ: ദേശീയപാത അവഗണനക്കെതിരെ ചിറ്റാറ്റുകര പഞ്ചായത്തിൽ ബഹുജന സംരക്ഷണ സമിതി രൂപീകരിച്ചു. ദേശീയപാത നിർമാണം സന്തോഷത്തോടെ ഏറ്റെടുത്ത ചിറ്റാറ്റുകര പഞ്ചായത്ത് നിവാസികളെ ദുരിതത്തിൽ ആക്കുന്ന സമീപനമാണ് ദേശീയപാത അധികൃതരുടേതെന്ന് പഞ്ചായത്തിൽ ചേർന്ന ബഹുജന സംരക്ഷണ സമിതി യോഗം അഭിപ്രായപ്പെട്ടു. പട്ടണം കവലയിൽ അടിപ്പാതയും ചിറ്റാറ്റുകര കവലയിൽ സഞ്ചാരയോഗ്യമായ റോഡും വാഗ്ദാനം ചെയ്ത അധികൃതർ വാക്കുമാറ്റുന്ന സമീപനം സ്വീകരിച്ചത് അംഗീകരിക്കാനാകില്ല. ദേശീയപാത നിർമാണം തടസ്സമില്ലാതെ മുന്നോട്ട് നീങ്ങണമെന്നത് നാടിന്റെ ആഗ്രഹമാണ്. എന്നാൽ ജനങ്ങളുടെ ന്യായമായ ആവശ്യങ്ങൾ അംഗീകരിക്കാൻ എൻഎച്ച്എഎഐയും, നിർമാണ കമ്പനിയും തയ്യാറാകാത്തത് ഗുരുതര വീഴ്ചയാണ്. ഇതിൽ ശക്തമായി പ്രതിഷേധിക്കാൻ ബഹുജന സംരക്ഷണ സമിതി തീരുമാനിച്ചു. രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ, റസിഡന്റ്സ് അസോസിയേഷൻ ഭാരവാഹികൾ, തൊഴിലാളി സംഘടനാ പ്രതിനിധികൾ എന്നിവർ യോഗത്തിൽ പങ്കെടുത്തു. പഞ്ചായത്ത് പ്രസിഡന്റ് രശ്മി അനിൽകുമാർ അധ്യക്ഷയായി. ജില്ലാ പഞ്ചായത്തംഗം എ എസ് അനിൽകുമാർ, ടി എസ് രാജൻ, കെ വി അനന്തൻ, പി പി അരൂഷ്, എം എ ഷേയ്ഖ്, എം എസ് അജിത് കുമാർ, വി.എ താജുദീൻ എന്നിവർ സംസാരിച്ചു. ബഹുജന സംരക്ഷണ സമിതി ഭാരവാഹികളായി കെ വി അനന്തൻ (ചെയർമാൻ), ശാന്തിനി ഗോപകുമാർ (കൺവീനർ) എന്നിവരെ തിരഞ്ഞെടുത്തു.

ആൻജിന ബോധവൽക്കരണവാരം

കൊച്ചി: ആഗോള ആരോഗ്യ പരിരക്ഷ കമ്പനിയായ അബോട്ട്, അസോസിയേഷൻ ഓഫ് ഫിസിഷ്യൻസ് ഓഫ് ഇന്ത്യയുടെ സഹകരണത്തോടെ ആദ്യ ആൻജിന (ഹൃദയത്തിലേക്കുള്ള രക്തതടസം മൂലമുള്ള നെഞ്ചുവേദന) അവബോധ വാരാചരണം സംഘടിപ്പിച്ചു. ആൻജിന നേരത്തെ തിരിച്ചറിയുന്നതിലൂടെ ഹൃദയ സംബന്ധിയായ രോഗങ്ങൾ നിയന്ത്രിക്കുക, രോഗികളിലെ അപകട സാധ്യത കുറക്കുക തുടങ്ങിയവയാണ് ഇതിലൂടെ ലക്ഷ്യമിട്ടത്. വാരാചരണത്തിന്റെ ഭാഗമായി അബോട്ട് ആൻജിനക്കുള്ള ശരിയായ ചികിത്സ, സമയത്തിന്റെ ആവശ്യകത എന്ന കർമപദ്ധതിയും അവതരിപ്പിച്ചു. രാജ്യത്തെ മപുരുഷന്മാരിൽ 20.3% പേരും, സ്ത്രീകളിൽ 16.9% പേരും ഹൃദയ സംബന്ധമായ രോഗങ്ങൾമൂലമാണ് മരണപ്പെടുന്നതെന്നാണ് റിപ്പോർട്ട്. ചെറിയ രീതിയിലുള്ള തലകറക്കം, കൈകൾ, പുറം എന്നീ ഭാഗങ്ങളിൽ ഉണ്ടാവുന്ന അസ്വസ്ഥത എന്നിവയാണ് ആൻജിനയുടെ ആദ്യ ലക്ഷണങ്ങൾ.

സൗരവ് ഗാംഗുലി ബ്രാൻഡ് അംബാസിഡർ

കൊച്ചി: ടൈഡ് വാട്ടർ ഓയിൽ കമ്പനി ലിമിറ്റഡിന്റെ ലൂബ്രിക്കന്റ് ബ്രാൻഡായ വീഡോളിന്റെ ബ്രാൻഡ് അംബാസഡറായി ക്രിക്കറ്റ് ഇതിഹാസം സൗരവ് ഗാംഗുലി. ഇന്ത്യയിലുടനീളം വീഡോളിന്റെ സാനിധ്യം കൂടുതൽ മെച്ചപ്പെടുത്താനാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. 2024 മാർച്ച് 31 വരെ 1931 കോടി രൂപയുടെ ഏകീകൃത വരുമാനം നേടിയ വീഡോൾ ആഫ്റ്റർ മാർക്കറ്റ് റീട്ടെയിൽ, ഇൻസ്റ്റിറ്റിയൂഷണൽ വിഭാഗങ്ങൾക്കായി വലിയൊരു ശ്രേണിയാണ് ഒരുക്കിയിട്ടുള്ളത്. 70ലധികം രാജ്യങ്ങളിലാണ് വീഡോളിന്റെ സാനിധ്യമുള്ളത്. മികച്ച നേതൃത്വപാടവവും ധീരതയുമുള്ള ഗാംഗുലി ബ്രാൻഡ് അംബാസഡറായി എത്തുന്നതിൽ ഏറെ സന്തോഷമുണ്ടെന്ന് ടൈഡ് മാനേജിംഗ് ഡയറക്ടർ അരിജിത് ബസു പറഞ്ഞു.

ഇല്ലിത്തോട്ടിൽ നിർമ്മാണം പൂർത്തിയാക്കിയ എസ്. സി കമ്മ്യൂണിറ്റിഹാൾ റോജി എം.ജോൺ എംഎൽഎ ഉദ്ഘാടനം ചെയ്യുന്നു

കമ്മ്യൂണിറ്റിഹാൾ ഉദ്ഘാടനം

കാലടി: മലയാറ്റൂർ പഞ്ചായത്ത് ഇല്ലിത്തോട് എസ്.സി കമ്മ്യൂണിറ്റിഹാളിന്റെ ഉദ്ഘാടനം റോജി എം. ജോൺ എംഎൽഎ നിർവ്വഹിച്ചു. പഞ്ചായത്ത് പ്രസിഡന്റ് വിൻസൻ കോയിക്കര അധ്യക്ഷത വഹിച്ചു. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കൊച്ചു ത്രേസ്യതങ്കച്ചൻ,ജില്ലാ പഞ്ചായത്തംഗം അനിമോൾ ബേബി, പഞ്ചായത്ത് വൈസ് പ്രസിഡന്റ് ലൈജി ബിജു,ബ്ലോക്ക് പഞ്ചായത്ത് സ്ഥിരം സമിതിയധ്യക്ഷൻ മനോജ് മുല്ലശ്ശേരി, പഞ്ചായത്ത് സ്ഥിരം സമിതിയധ്യക്ഷരായ സെലിൻ പോൾ, ഷിൽബി ആന്റണി, ഷിബു പറമ്പത്ത്, അംഗങ്ങളായ കെ. എസ് തമ്പാൻ, ബിൻസി ജോയി, ജോയി അവോക്കാരൻ,പി.വി ശശികുമാർ, പ്രമോദ്,റോയ് ഞെഴുവങ്ങൾ,ജോബി തെക്കൻ,രഘു ആട്ടേത്തറ, കെ.ജെ ബോബൻ,ഒ.കെ രാജു എന്നിവർ സംസാരിച്ചു.

ജില്ലാ പഞ്ചായത്ത് നടപ്പിലാക്കുന്ന മാതൃവന്ദനം പദ്ധതിയുടെ ഡിവിഷൻതല ഉദ്ഘാടനം ജില്ലാ പഞ്ചായത്ത് വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ സനിത റഹിം നിർവഹിക്കുന്നു.

മരുന്ന് വിതരണം നടത്തി

പെരുമ്പാവൂർ: ജില്ലാ പഞ്ചായത്ത് നടപ്പിലാക്കുന്ന മാതൃവന്ദനം പദ്ധതിയുടെ ഭാഗമായി ഗർഭിണികൾക്കും പ്രസവാനന്തരം അമ്മയ്ക്കും കുഞ്ഞിനും വേണ്ട ആരോഗ്യ പരിരക്ഷ ഉറപ്പാക്കുന്നു. ജില്ലയിലെ മുഴുവൻ ആയുർവേദ ഡിസ്പൻസറികൾവഴി ആയുർവേദ മരുന്നുകൾ വിതരണം ചെയ്യുന്നു. 60 വയസ് കഴിഞ്ഞ വയോജനങ്ങളുടെ ആരോഗ്യ പരിരക്ഷയ്ക്ക് വയോ രക്ഷ പദ്ധതിയും ഡിസ്പൻസറികൾ വഴി നടപ്പിലാക്കുന്നു. കിഴ്മാട് ഡിവിഷൻതല ഉദ്ഘാടനം വാഴക്കുളം ആയുർവേദ ഡിസ്പൻസറിയിൽ ജില്ലാ പഞ്ചായത്ത് വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ സനിത റഹിം മരുന്ന് വിതരണം നടത്തി ഉദ്ഘാടനം ചെയ്തു. പഞ്ചായത്ത് പ്രസിഡന്റ് ഗോപാൽഡിയോ അധ്യക്ഷത വഹിച്ചു. വൈസ് പ്രസിഡന്റ് ഷെജീന ഹൈദ്രോസ്, വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ കെ.എം. അബ്ദുൾ അസീസ്, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ വിനീത ഷിജു, ബ്ലോക്ക് പഞ്ചായത്ത് അംഗം കെ.എം. സിറാജ്, അംഗങ്ങളായ മുരളീധരൻ, ഗീത, തമ്പി കുര്യാക്കോസ്, അഷ്റഫ് ചിരേക്കോട്ടിൽ, സുധീർ മുച്ചേത്ത്, വിജയ ലക്ഷ്മി, ആശുപത്രി വികസന സമിതി അംഗങ്ങളായ എ.എം. ബഷീർ, മോഹൻ, സേതു സി.ഡി.എസ്. ചെയർപേഴ്സൺ ഷെമീന അബ്ദുൾ ഖാദർ, മെഡിക്കൽ ഓഫിസർ നിസാരി എന്നിവർ പങ്കെടുത്തു.

ഡോക്ടറെ നിയമിക്കണമെന്നാവശ്യപ്പെട്ട് യുഡിഎഫ് ധർണ്ണ

കോതമംഗലം : ജില്ലയുടെ കിഴക്കൻ മേഖലയിലെ ഏക ആരോഗ്യ കേന്ദ്രമായ നേര്യമംഗലം കുടുംബാരോഗ്യ കേന്ദ്രത്തിൽ സ്ഥിരം ഡോക്ടറെ നിയമിക്കണം എന്നാവശ്യപ്പെട്ട് യു ഡി എഫ് പ്രതിഷേധ നടത്തി.നേര്യമംഗലം മണ്ഡലം യുഡിഎഫ് കമ്മിറ്റിയുടെ നേതൃത്വത്തിൽ നേര്യമംഗലം നഗരത്തിൽ പ്രതിഷേധ പ്രകടനവും നടന്നു. കവളങ്ങാട് പഞ്ചായത്തിലെ മുൻ യുഡിഎഫ് ഭരണ സമിതിയുടെ കാലത്ത് ആരംഭിച്ച ഈവനിംഗ് ഒപി പുനസ്ഥാപിക്കുക, എച്ച്എംസി കമ്മിറ്റി വിളിച്ചു ചേർക്കുക, വാർഡ് തലത്തിൽ മഴക്കാല പൂർവ്വ രോഗപ്രതിരോധ പ്രവർത്തനങ്ങൾ നടത്തുക, വാർഡ് തല സാനിറ്റേഷൻ ഫണ്ട് അനുവദിക്കുക, ഹെൽത്ത് ഗ്രാന്റ് വിനിയോഗിക്കുക, ആവോലിച്ചാലിലെ സബ് സെന്റർ നിർമ്മാണം ആരംഭിക്കുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ചായിരുന്നു സമരം. യുഡിഎഫ് ജില്ലാ കൺവീനർ ഷിബുതെക്കുംപുറം ഉദ്ഘാടനം ചെയ്തു. യുഡിഎഫ് മണ്ഢലം ചെയർമാൻ ജെയ്മോൻ ജോസ് അധ്യക്ഷനായി. കൺവീനർ പി എം എ കരീം സ്വാഗതം പറഞ്ഞു. നേതാക്കളായ എ.ജി ജോർജ്, കെ പി ബാബു, കെ എം ഇബ്രാഹിം, എം എസ് എൽദോസ്, ബാബുഏലിയാസ്, സൈജന്റ് ചാക്കോ, എ.സി രാജശേഖരൻ, പി. ആർ രവി, പി.സി ജോർജ്, ജിൻസിയബിജു, സൗമ്യശശി, ജിൻസി മാത്യു, രാജേഷ് കുഞ്ഞുമോൻ, സന്ധ്യ ജെയ്സൺ, കെ എം അലിയാർ, സി പി ഷെരീഫ്,പി എ ഷാജഹാൻ തുടങ്ങിയവർ സംസാരിച്ചു. ലിനോ തോമസ് നന്ദി പറഞ്ഞു.

തൃപ്പൂണിത്തുറ അത്തച്ചമയത്തിന് രാജനഗരി ഒരുങ്ങുന്നു

തൃപ്പൂണിത്തുറ: മലയാളിയുടെ ഓണാഘോഷത്തിന് ആരംഭം കുറിക്കുന്ന ചരിത്ര പ്രസിദ്ധമായ തൃപ്പൂണിത്തുറ അത്തച്ചമയം 2024 സെപ്റ്റംബർ 6 ന് നടക്കും. മുൻ വർഷങ്ങളിലെ പോലെ തന്നെ വൈവിധ്യമാർന്ന അനുബന്ധ പരിപാടികളോടുകൂടി ഇത്തവണയും അതിഗംഭീരമായ അത്താഘോഷം സംഘടിപ്പിക്കുവാൻ തൃപ്പൂണിത്തുറ നഗരസഭ അത്താഘോഷ കമ്മിറ്റി തീരുമാനമായി.

അത്താഘോഷത്തിന്റെ ഭാഗമായി സംഘടിപ്പിക്കുന്ന കലാ മത്സരങ്ങളുടെ രജിസ്ട്രേഷൻ ഈ മാസം 10ന് വൈകീട്ട് 5 മണിക്ക് പൂർത്തിയാകും. ജൂലൈ 15ന് കലാ മത്സരങ്ങൾ ആരംഭിക്കും. 45 ഇനങ്ങളിലാണ് ഇക്കുറി മത്സരങ്ങൾ നടക്കുന്നത്. ഇത്തവണ ചെസ്സ്, കൈകൊട്ടികളി മത്സരങ്ങൾ പുതിയതായി ഉൾപ്പെടുത്തിയിട്ടുണ്ട്. ഘോഷയാത്രയിൽ അണിനിരക്കുന്ന കലാരൂപങ്ങൾക്കുള്ള രജിസ്ട്രേഷൻ ഈ മാസം 5 മുതൽ ആരംഭിക്കും. ഇത്തവണ അത്താഘോഷം വയോജന സൗഹാർദമാക്കുന്നതിന്റെ ഭാഗമായി വയോജനങ്ങൾക്കായി പ്രത്യേക പൂക്കളം, തിരുവാതിരക്കളി, ലളിതഗാനം, കവിത പാരായണം മത്സരങ്ങൾ സംഘടിപ്പിക്കുന്നുണ്ട്.

വാർത്താസമ്മേളനത്തിൽ നഗരസഭ അദ്ധ്യക്ഷ രമ സന്തോഷ്, വൈസ് ചെയർമാൻ കെ കെ പ്രദീപ്കുമാർ, ജനറൽ കൺവീനർ കെ വി സാജു, കൺവീനർമാരായ യു കെ പീതാംബരൻ, ശ്രീലത മധുസൂദനൻ, കെ ടി അഖിൽദാസ്, രോഹിണി കൃഷ്ണകുമാർ, ആന്റണി ജോ വർഗീസ്, പി എസ് കിരൺകുമാർ, വി ജി രാജലക്ഷ്മി, ഡി അർജുനൻ, സ്ഥിരം സമിതി അധ്യക്ഷരായ ജയാ പരമേശ്വരൻ, ദീപ്തി സുമേഷ്, സി എ ബെന്നി, മുനിസിപ്പൽ സെക്രട്ടറി പി കെ സുഭാഷ്, എന്നിവർ പങ്കെടുത്തു.

അപകടഭീഷണി

കാലടി: പഞ്ചായത്ത് 3-ാം വാർഡിലെ വട്ടപ്പറമ്പിൽ ബാംബു കോർപറേഷൻ കവലയിൽ അപകട ഭീഷണിയുയർത്തി വലിയ ആൽമരവും വാകമരവും. കെ.എസ്.ഇ.ബി ട്രാൻസ്ഫോർമർ ഈ മരങ്ങൾക്കടുത്താണ്.ഇവ മറിഞ്ഞുവീണാൽ എച്ച്.ടി ലൈനുകളും,എൽ.ടി ലൈനുകളും പൊട്ടിവീണ് നിരവധി വൈദ്യുതപോസ്റ്റുകൾ ഒടിയുന്നതിനും സാദ്ധ്യത കൂടുതലാണ്. വൃക്ഷങ്ങളുടെ ഇരുഭാഗത്തുകൂടിയും റോഡുകളു ള്ളതിനാൽ വലിയ അപകട സാദ്ധ്യതയാണ് നിലനിൽക്കുന്നത്.

തൊഴിലാളികൾക്ക് മികച്ച വേതനം നൽകണം

പെരുമ്പാവൂർ: കുറുപ്പംപടി പാണിയേലിപോര് ടൂറിസം പദ്ധതി നടപ്പിലാക്കുന്ന വനം സംരക്ഷണ സമിതിയിലെ തൊഴിലാളികൾക്ക് മികച്ച വേതനവും കൂടുതൽ തൊഴിൽ ദിനങ്ങളും ഉറപ്പാക്കണമെന്ന് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് എ.ടി. അജിത് കുമാർ ആവശ്യപ്പെട്ടു. പാണിയേലിപോര് വനം സംരക്ഷണ സമിതിയുടെ വാർഷിക പൊതുയോഗം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. എബിൻ വർഗീസ് അധ്യക്ഷത വഹിച്ചു. ഡി.എഫ്.ഒ. കുറ ശ്രീനിവാസ്, പഞ്ചായത്ത് പ്രസിഡന്റ് ശില്പ സുധീഷ്, വൈസ് പ്രസിഡന്റ് പി.സി. കൃഷ്ണൻക്കുട്ടി, ബ്ലോക്ക് പഞ്ചായത്ത് അംഗം പി.ആർ. നാരായണൻ നായർ, വാർഡ് അംഗം ബേസിൽ കോര, ഫോറസ്റ്റ് റേഞ്ച് ഓഫിസർ ആർ. അധീഷ്, സതീഷ് ചന്ദ്രൻ, കെ. മനോജ് കുമാർ, എം.എൻ. അനൂപ് എന്നിവർ സംസാരിച്ചു. ഭാരവാഹികളായി കെ.വി. സാജു (പ്രസി.), അനില മനോജ് (വൈ.പ്രസി.), കെ.എം. പൗലോസ് (ട്രഷ.), കെ.സി. നോബി, മനീഷ് വർഗീസ്, എം.കെ. ശശി, സി.എം. മിഥുൻ, വിമല രാജൻ, ബിന്ദു തമ്പാൻ (കമ്മറ്റി അംഗങ്ങൾ) എന്നിവരെ തിരഞ്ഞെടുത്തു.

യുവാവിനെ മർദിച്ച് ആഡംബര കാർ കടത്തി, സൈജു തങ്കച്ചൻ അറസ്റ്റിൽ

കൊച്ചി: യുവാവിനെ റിസോർട്ടിൽ തടഞ്ഞുവച്ച് മർദിച്ച് ആഢംബര കാറുമാറി കടന്ന കേസിൽ സൈജു തങ്കച്ചൻ അറസ്റ്റിൽ. പ്രമാദമായ നമ്പർ 18 കേസിലെ രണ്ടാം പ്രതി കൂടിയാണ് ഇയാൾ. നമ്പർ 18 കേസിൽ നിന്നടക്കം രക്ഷപെടുത്താമെന്ന് വിശ്വസിപ്പിച്ച് തിരുവനന്തപുരം സ്വദേശിയായ സന്യാസി 15 ലക്ഷം രൂപ കൈക്കാലാക്കിട്ടും യാതൊരുവിധ സഹായവും ചെയ്യാത്തതിന്റ വിരോധത്തിലാണ് ഇയാൾ ഇടനിലക്കാരനെ ആക്രമിച്ചതെന്ന് പൊലീസ് പറഞ്ഞു. കുണ്ടന്നൂർ സ്വദേശിയായ 40കാരനാണ് മർദനത്തിന് ഇരയായത്. ഇയാളുടെ പരാതിയിലാണ് അറസ്റ്റ്. കൊല്ലത്തെ വീട്ടിൽ നിന്ന് ഇന്നലെ രാവിലെയാണ് സൗത്ത് പൊലീസ് ഇയാളെ കസ്റ്റഡിൽ എടുത്തത്. സൈജു തങ്കച്ചന് പുറമേ സുഹൃത്തായ റെയീസ്, ഒരു യുവതി എന്നിവർക്കെതിരെയും എറണാകുളം സൗത്ത് പൊലീസ് കേസെടുത്തിട്ടുണ്ട്. ഇവരെ പിടികൂടാനായിട്ടില്ല. കഴിഞ്ഞമാസം 23ന് പരാതിയുമായി യുവാവ് പൊലീസിൽ എത്തിയപ്പോഴാണ് സന്യാസിയുൾപ്പെട്ട വിവരവും നാടകീയ സംഭവങ്ങളും പൊലീസ് അറിഞ്ഞത്. നമ്പർ 18 കേസിൽ സൈജു പിടിയിലായതിന് പിന്നാലെയാണ് സന്യാസിയെന്ന് പറയുന്നയാൾ എല്ലാ കേസുകളിൽ നിന്നും രക്ഷപ്പെടുത്താമെന്നേറ്റ് സഹോദരനിൽ നിന്ന് 15 ലക്ഷം രൂപ വാങ്ങിയത്. കുണ്ടന്നൂർ സ്വദേശിയായിരുന്നു ഇടനിലക്കാരൻ. പണം നൽകിയിട്ടും കേസ് മുറുകിയതല്ലാതെ രക്ഷപെടാൻ സാധ്യതയില്ലെന്ന് തിരിച്ചറിഞ്ഞതോടെ, സന്യാസി തങ്ങളെ കബളിപ്പിച്ചതാണെന്ന് പ്രതി ഉറപ്പിച്ചു. നൽകിയ പണം തിരിച്ചുകിട്ടാൻ കുണ്ടന്നൂർ സ്വദേശിയെ വീടിന്റെ ഇലക്ട്രിക്കൽ ജോലികൾ സംബന്ധിച്ച കാര്യങ്ങൾ സംസാരിക്കാനാണെന്ന വ്യാജേനെ ചിലവന്നൂരിലെ ഒരു റിസോർട്ടിലേക്ക് വിളിച്ചുവരുത്തി. ആദ്യത്തെ നിലയിലെ രണ്ടാമത്തെ മുറിയിൽ ഇയാളെ

കാപ്പ നിയമലംഘനം : പ്രതി അറസ്റ്റിൽ

കോട്ടയം: നിരവധി ക്രിമിനൽ കേസുകളിലെ പ്രതിയായകൂരോപ്പട,ളാക്കാട്ടൂർ തോട്ടപ്പള്ളി ഭാഗത്ത് ആനക്കല്ലുങ്കൽ വീട്ടിൽ നിധിൻ കുര്യനെ (33) കാപ്പ നിയമം ലംഘിച്ചതിന് പാമ്പാടിപോലീസ് അറസ്റ്റ് ചെയ്തു.

നിധിൻ കുര്യൻ

ചിങ്ങവനം, കോട്ടയം ഈസ്റ്റ്, കറുകച്ചാൽ എന്നീ സ്റ്റേഷനുകളിൽ ഭീഷണിപ്പെടുത്തൽ മോഷണം, കവർച്ച, തട്ടിക്കൊണ്ടുപോകൽ തുടങ്ങിയ ക്രിമിനൽ കേസുകളിലെ പ്രതിയായ ഇയാളെ ആറുമാസക്കാലത്തേക്ക് ജില്ലയിൽ നിന്നും നാടുകടത്തിയിരുന്നു. എന്നാൽ ഇയാൾ ഈ ഉത്തരവ് ലംഘിച്ച് ജില്ലയിലേക്ക് കടന്നതായി എസ്പിക്ക് ലഭിച്ച രഹസ്യവിവരത്തിന്റെ അടിസ്ഥാനത്തിൽ പാമ്പാടിപോലീസ് നടത്തിയ പരിശോധനയിലാണ് ഇയാളെ പിടികൂടുന്നത്.

മലയോര പട്ടയ വിവരശേഖരണം

കോട്ടയം: 1977 ജനുവരി ഒന്നിന് മുൻപ് വനഭൂമിയിൽ കുടിയേറി താമസിച്ചു വരുന്നവർക്ക് അതത് പ്രദേശത്ത് ബാധകമായ ഭൂപതിവ് ചട്ടങ്ങൾ പ്രകാരം പട്ടയം നൽകുന്നതിനുള്ള നടപടികളുടെ ഭാഗമായി മാർച്ച് ഒന്നു മുതൽ 30 വരെ നടത്തിയ വിവര ശേഖരണ പ്രക്രിയയിൽ അപേക്ഷ നൽകാൻ കഴിയാത്തവർക്ക് ജൂലൈ 10 മുതൽ 25 വരെ അപേക്ഷ നൽകാം.

റവന്യൂ സെക്രട്ടേറിയറ്റ് യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് സൗകര്യമൊരുക്കുന്നത്. വനം, റവന്യൂ വകുപ്പുകളുടെ സംയുക്ത പരിശോധന നടന്ന ഇടങ്ങളിൽ ഈ പട്ടികയിൽ ഉൾപ്പെടാതെ പോയവർ, സംയുക്ത പരിശോധന നടക്കാത്ത സ്ഥലങ്ങളിലെ താമസക്കാർ, നാളിതുവരെ പലകാരണങ്ങളാൽ പട്ടയത്തിന് അപേക്ഷിക്കാത്തവർ തുടങ്ങി അർഹരായ ഗുണഭോക്താക്കൾക്ക് ബന്ധപ്പെട്ട വില്ലേജ് ഓഫീസുകളിൽ അപേക്ഷ നൽകാമെന്ന് ലാൻഡ് റവന്യൂ കമ്മിഷണർ അറിയിച്ചു.

കോട്ടയം വാർത്തകൾ

കഞ്ചാവുമായി അന്യസംസ്ഥാന തൊഴിലാളി അറസ്റ്റിൽ

പാലാ: ജാർഖണ്ഡിൽ നിന്നും കേരളത്തിലേക്ക് വിൽപ്പനയ്ക്ക് കടത്തിക്കൊണ്ടുവന്ന 2.5 കിലോ കഞ്ചാവുമായി അന്യസംസ്ഥാന തൊഴിലാളിയെ പാലാ എക്സൈസ് റേഞ്ച് അറസ്റ്റ് ചെയ്തു.

ജാർഖണ്ഡ് ദൻബാദ് ജില്ലയിൽ കപുരിയ സ്വദേശി സച്ചിൻ കുമാർ സിംഗ് ആണ് (28) അറസ്റ്റിലായത്.

പാലാ ടൗണിൽ പച്ചക്കറി കടയിൽ ജോലി നോക്കി വന്നിരുന്ന ഇയാളെ ഏതാനും ആഴ്ചകളായി പാലാ റേഞ്ച് സംഘം നിരീക്ഷിച്ചു വരികയായിരുന്നു.

പ്രതി മലയാളിയായ യുവാവിനെ കുത്തി പരിക്ക് ഏൽപ്പിച്ച കേസിലും പ്രതിയാണ്.

മിനി സിവിൽ സ്റ്റേഷന് എതിർവശം ഉള്ള ലോഡ്ജിൽ ആണ് ഇയാൾ താമസിച്ചുവന്നിരുന്നത്. കൂടുതൽ പ്രതികൾ ഉൾപ്പെട്ടിട്ടുണ്ടോ എന്നറിയുന്ന അതിലേക്ക് അന്വേഷണങ്ങൾ ഊർജ്ജതമാക്കിയിട്ടുണ്ട്.

പാലാ നഗരസഭാ ചെയർമാന്റെ വാഹനത്തിന്റെ പിന്നിൽ ബസ് ഇടിച്ചു

പാലാ :നഗരസഭാ ചെയർമാൻ ഷാജു വി. തുരുത്തന്റെ ഔദ്യോഗിക വാഹനത്തിന്റെ പിന്നിൽ സ്വകാര്യ ബസ് ഇടിച്ച് അപകടം.

അപകടത്തെ തുടർന്ന് ശാരീരിക അസ്വാസ്ഥ്യം അനുഭവപ്പെട്ട ചെയർമാനെ പാലാ ജനറൽ ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

ഇന്നലെ രാവിലെ 9.30 ഓടെ പാലാ മാർക്കറ്റിന് സമീപത്തു വച്ചായിരുന്നു അപകടം.

പാലാ രാമപുരം റൂട്ടിൽ ഓടുന്ന ദേവമാതാ ബസ് ആണ് ചെയർമാന്റെ വാഹനത്തിന് പിന്നിൽ ഇടിച്ചത്. പാലാ ജനറൽ ആശുപത്രിയിൽ പ്രവേശിപ്പിക്കപ്പെട്ട ചെയർമാന്റെ ആരോഗ്യനില തൃപ്തികരമാണെന്ന് ആശുപത്രി അധികൃതർ അറിയിച്ചു. ചെയർമാൻ രാവിലെ മുനിസിപ്പൽ ഓഫീസിലേക്ക് വരുമ്പോഴായിരുന്നു അപകടം.ബസ് യാത്രക്കാരനായിരുന്ന കരൂർ സ്വദേശി രാധാകൃഷ്ണനാണ് ഷാജു.വി. തുരുത്തനെ ഉടൻ പാലാ ജനറൽ ആശുപത്രിയിലെത്തിച്ചത്.പാലാ ട്രാഫിക് എസ്. ഐ. ബി. സുരേഷ് കുമാറും സംഘവും ഉടൻ സ്ഥലത്തെത്തി മേൽ നടപടികൾ സ്വീകരിച്ചു.

എയർലൈൻ ആൻഡ് എയർപോർട് മാനേജ്മെന്റിൽ ഡിപ്ലോമ

കോട്ടയം: പൊതുവിദ്യാഭ്യാസവകുപ്പിന് കീഴിലുള്ള സ്റ്റേറ്റ് റിസോഴ്സ് സെന്ററിന്റെ എസ്.ആർ.സി. കമ്മ്യൂണിറ്റി കോളജിലെ ജൂലൈ സെഷനിൽ ആരംഭിക്കുന്ന ഡിപ്ലോമ ഇൻ എയർലൈൻ ആൻഡ് എയർപോർട്ട് മാനേജ്മെന്റ് പ്രോഗ്രാമിലേക്ക് ജൂലൈ 20 വരെ അപേക്ഷിക്കാം. പ്ലസ്ടു അഥവാ തത്തുല്യമാണു യോഗ്യത. അപേക്ഷഫോമും പ്രോസ്പെക്ടസും തിരുവനന്തപുരം നന്ദാവനത്തെ എസ്.ആർ.സി ഓഫീസിൽനിന്നും ലഭിക്കും. ഫോൺ: 9846033001

ട്രാൻസ്ജെൻഡറുകൾക്ക് ധനസഹായം

കോട്ടയം:ട്രാൻസ്ജെൻഡർ വ്യക്തികളുടെ ഉന്നമനത്തിനും ക്ഷേമത്തിനുമായി സാമൂഹ്യനീതി വകുപ്പ് നടപ്പാക്കിവരുന്ന വ്യക്തിഗത ഗുണഭോക്തൃ പദ്ധതികളായ ട്രാൻസ്ജെൻഡർ വിദ്യാഭ്യാസ സ്കോളർഷിപ്പ്, ട്രാൻസ്ജെൻഡർ വിദ്യാർഥികൾക്കുള്ള ഹോസ്റ്റൽ ധനസഹായം, യത്നം പദ്ധതി, കരുതൽ പദ്ധതി എന്നിവയ്ക്കായി 202425 വർഷത്തെ ധനസഹായത്തിന് അപേക്ഷ ക്ഷണിച്ചു. അപേക്ഷ സാമൂഹ്യനീതി വകുപ്പിന്റെ സുനീതി പോർട്ടൽ (suneethi.sjd.kerala.gov.in) വഴി ഓൺലൈനാസമർപ്പിക്കാം.

വിവരങ്ങൾക്ക് വെബ്സൈറ്റ് :swd.kerala.gov.in ഫോൺ: 04812563980

തീയതി ദീർഘിപ്പിച്ചു

കോട്ടയം: എസ്.ആർ.സി കമ്മ്യൂണിറ്റി കോളേജ് സംഘടിപ്പിക്കുന്ന വിവിധ സർട്ടിഫിക്കറ്റ് ഡിപ്ലോമ കോഴ്സുകൾക്ക് അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കുന്നതിനുള്ള തീയതി ജൂലൈ 15 വരെ ദീർഘിപ്പിച്ചു.

യോഗ, കമ്പ്യൂട്ടർ ആപ്ലിക്കേഷൻ, മാനേജ്മെന്റ് ഓഫ് സ്പെസിഫിക് ലേണിംഗ് ഡിസോഡേഴ്സ്, കൗൺസലിംഗ് സൈക്കോളജി, എയർലൈൻ ആൻഡ് എയർപോർട്ട് മാനേജ്മെന്റ്, ഫസ്റ്റ് എയ്ഡ്, ഫിറ്റ്നെസ് ട്രെയിനിംഗ്, അക്യുപ്രഷർ ആൻഡ് ഹോളിസ്റ്റിക് ഹെൽത്ത് കെയർ, ഹോട്ടൽ മാനേജ്മെന്റ് ആൻഡ് കാറ്ററിംഗ്, കമ്മ്യൂണിറ്റി ഡെവലപ്മെന്റ്, മാർഷ്യൽ ആർട്സ്, ലൈഫ് സ്കിൽ എഡ്യൂക്കേഷൻ, സംസ്കൃതം, ഫൈനാൻഷ്യൽ അക്കൗണ്ടിംഗ്, ഡി.റ്റി.പി. വേഡ് പ്രോസസ്സിംഗ്, ഡേറ്റാ എൻട്രി ഓപ്പറേറ്റർ, പി.ജി.ഡി.സി.എ. ട്രെയിനേഴ്സ് ട്രെയിനിംഗ്, മോണ്ടിസ്റ്റോറി, പെർഫോമിംഗ് ആർട്സ്ഭരതനാട്യം. ക്ലാസിക്കൽ ആൻഡ് കൊമേഴ്സ്യൽ ആർട്സ്, സംഗീത ഭൂഷണം, സോളാർ എനർജി ടെക്നോളജി, ആർട്ട് ആൻഡ് ക്രാഫ്റ്റ്, ഫാഷൻ ഡിസൈനിംഗ്, അഡ്വാൻസ്ഡ് വെൽഡിംഗ് ടെക്നോളജി ഇലക്ട്രിക്കൽ ആൻഡ് ഇലക്ട്രോണിക്സ് ടെക്നോളജി തുടങ്ങിയ മേഖലകളിലാണ് കോഴ്സുകൾ നടത്തുന്നത്.

ഡിപ്ലോമ കോഴ്സിന് ഒരു വർഷവും സർട്ടിഫിക്കറ്റ് കോഴ്സിന് ആറു മാസവുമാണ് പഠന കാലയളവ്, മൂന്ന് മാസത്തെ കാലാവധിയുള്ള ഹ്രസ്വകാല സർട്ടിഫിക്കറ്റ് കോഴ്സുകളും ഉണ്ട്.

കോഴ്സുകളുടെ വിശദവിവരങ്ങളടങ്ങിയ പ്രോസ്പെക്ടസ് wwws.rccc.in എന്ന വെബ്സൈറ്റിൽ നിന്ന് ലഭിക്കും. ഉയർന്ന പ്രായ പരിധിയില്ല. വിശദവിവരങ്ങൾ തിരുവനന്തപുരം നന്ദാവനത്തെ എസ് .ആർ.സി ഓഫീസിൽ നിന്നും ലഭിക്കും. ഫോൺ:04712325101, 8281114464.

മധ്യവയസ്കനെ കബളിപ്പിച്ച് ലക്ഷണങ്ങൾ തട്ടിയ കേസിൽ തെലുങ്കാന സ്വദേശി അറസ്റ്റിൽ

ഈരാറ്റുപേട്ട: മുംബൈ പൊലീസ് എന്ന വ്യാജേനെ മധ്യവയസ്കനെ കബളിപ്പിച്ച് ലക്ഷങ്ങൾ തട്ടിയെടുത്ത കേസിൽ തെലുങ്കാന സ്വദേശിയെ പോലീസ് അറസ്റ്റ് ചെയ്തു.

തെലുങ്കാന സ്വദേശിയായ പ്രശാന്ത് കുമാറിനെയാണ് (38) ഈരാറ്റുപേട്ട പോലീസ് അറസ്റ്റ് ചെയ്തത്. ഈരാറ്റുപേട്ട സ്വദേശിയായ മധ്യവയസ്കന് മുംബൈയിലെ കൊറിയർ കമ്പനിയിൽ നിന്നാണെന്നും പറഞ്ഞ് ഇയാളുടെ പേരിൽ തായ്വാനിലേക്ക് അയച്ച പാഴ്സലിൽ എം ഡി എം എയും, പാസ്പോർട്ടും,ലാപ്ടോപ്പും മറ്റും ഉള്ളതിനാൽ ഇയാൾക്കെതിരെ മുംബൈയിൽ പൊലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും പറയുകയായിരുന്നു.

പ്രശാന്ത് കുമാർ

തുടർന്ന് വ്യാജ സ്കൈപ്പ് ഐഡിയിൽ നിന്നും മുംബൈ പൊലീസിൽ നിന്നാണെന്നും പറഞ്ഞ് ഇയാളെ വിളിക്കുകയും, അറസ്റ്റ് ഒഴിവാക്കണമെങ്കിൽ പണം നൽകണമെന്ന് പറഞ്ഞ് പലതവണകളായി ഇയാളെ ഭീഷണിപ്പെടുത്തി 7,26,943 രൂപ കബളിപ്പിച്ച് തട്ടിയെടുക്കുകയായിരുന്നു.

മധ്യവയസ്കന്റെ പരാതിയെ തുടർന്ന് ഈരാറ്റുപേട്ട പോലീസ് കേസ് രജിസ്റ്റർ ചെയ്ത് നടത്തിയ ശാസ്ത്രീയമായ അന്വേഷണത്തിനൊടുവിൽ പ്രശാന്ത് കുമാറിന്റെ അക്കൗണ്ടിലേക്ക് പണം എത്തിയതായി കണ്ടെത്തി.തുടർന്ന് നടത്തിയ തിരച്ചിലിൽ ഇയാളെ തെലുങ്കാനയിൽ നിന്നും പിടികൂടുകയുമായിരുന്നു.

ഈരാറ്റുപേട്ട സ്റ്റേഷൻ എസ്.എച്ച്.ഓ സുബ്രഹ്മണ്യൻ പി.എസ്, എസ്.ഐ ജിബിൻ തോമസ്, സി.പി.ഓ മാരായ രമേഷ്, ശരത് കൃഷ്ണദേവ്, ജിനു ജി. നാഥ് എന്നിവരും അന്വേഷണ സംഘത്തിൽ ഉണ്ടായിരുന്നു.

കോടതിയിൽ ഹാജരാക്കിയ ഇയാളെ റിമാൻഡ് ചെയ്തു.

ഓണത്തിന് ഒരു മുറം പച്ചക്കറി എന്ന ലക്ഷ്യവുമായി കൃഷിയിടത്തിലിറങ്ങുന്ന കാരക്കാട് എം.എം.എം.യു.എം.യു.പി.സ്കൂളിലെ യങ് ഫാർമേഴ്സ് ക്ലബ്ബ് അംഗങ്ങൾ സ്കൂൾ മാനേജർ ഹാജി കെ.എ.മുഹമ്മദ് അഷറഫ്,വാർഡ് കൗൺസിലർ സുനിൽകുമാർ,അസിസ്റ്റൻറ് കൃഷി ആഫീസർ നജി പി.എ എന്നിവരോടൊപ്പം

ഓണത്തിന് ഒരു മുറം പച്ചക്കറി ലക്ഷ്യത്തിലേക്ക് കാരക്കാട് സ്കൂൾ

ഈരാറ്റുപേട്ട: ഓണത്തിന് ഒരു മുറം പച്ചക്കറി എന്ന ലക്ഷ്യവുമായി കാരക്കാട് എം.എം.എം.യു.എം.യു.പി.സ്കൂളിലെ യങ് ഫാർമേഴ്സ് ക്ലബ്ബ്. നഗരസഭാ വാർഡ് കൗൺസിലർ സുനിൽകുമാർ പച്ചക്കറി കൃഷിയുടെ ഉദ്ഘാടനം നിർവഹിച്ചു.

സ്കൂൾ മാനേജർ ഹാജി കെ.എ.മുഹമ്മദ് അഷറഫ് അധ്യക്ഷത വഹിച്ച ചടങ്ങിൽ .അസിസ്റ്റൻറ് കൃഷി ആഫീസർ നജി പി.എ, സ്കൂളിലേക്ക് കൈമാറിയ വിത്തുകുട്ട ഹെഡ്മിസ്ട്രസ് സെമിന വി.കെ.യും കുട്ടി കർഷകരും ചേർന്ന് ഏറ്റുവാങ്ങി.

കൃഷിപാഠങ്ങൾ, കർഷകനായ ശശി മറ്റത്തിലും, അസിസ്റ്റന്റ് കൃഷി ആഫീസറും, കുട്ടികൾക്ക് വിശദീകരിച്ച് സംശയങ്ങൾക്ക് മറുപടിയും നൽകി. കർഷകശ്രീ മാസികകൾ സ്കൂൾ ലൈബ്രേറിയൻ ഷീന കെ.തോമസിന് ക്ലബ്ബ് അംഗം അസ്ന ടീച്ചർ കൈമാറി. ക്ലബ്ബ് കൺവീനർ ബിസ്നി സെബാസ്റ്റ്യൻ, ക്ലബ്ബ് അംഗം യദുകൃഷ്ണൻ ആർ. എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.

തിരുവാതിര ഞാറ്റുവേലയുടെ അവസാന ദിനത്തിൽ എല്ലാ കുട്ടികളും വീടുകളിൽ കൃഷി ആരംഭിക്കുകയും ഓണാഘോഷ പരിപാടിയുടെ ഭാഗമായ സദ്യയിലേക്ക് തങ്ങൾ കൃഷി ചെയ്ത പച്ചക്കറികൾ സ്കൂളിൽ എത്തിച്ച് സ്കൂൾ പാചക തൊഴിലാളിയായ സൈനബക്ക് കൈമാറുകയും ചെയ്യുമെന്ന് കുട്ടി കർഷകർ പറഞ്ഞു.

മുക്കൂട്ടുതറയിലെ ജനകീയ ആതുര ശുശ്രൂഷകരെ ആദരിച്ചു

മുക്കൂട്ടുതറ വ്യാപാരി വ്യവസായി ഏകോപന സമിതി യുണിറ്റിന്റെ നേതൃത്വത്തിൽ നടന്ന ഡോക്ടേഴ്സ് ദിനാചരണ പരിപാടിയിൽ ആദരവ് ഏറ്റുവാങ്ങിയ ശേഷം ഡോക്ടർമാർ വ്യാപാരി ഭാരവാഹികൾക്കൊപ്പം.

മുക്കൂട്ടുതറ : റോഡും പാലങ്ങളും വൈദ്യുതി വെട്ടവുമൊക്കെ എത്തുന്ന കാലത്ത് 1976 മുതൽ മുക്കൂട്ടുതറയിൽ ചികിത്സയ്ക്ക് മടുക്കക്കുഴി കെ സി തോമസ് എന്ന ആയുർവേദ ഡോക്ടറായിരുന്നു ആശ്രയം.

1977 ൽ ഡോ. റോയി ഹോമിയോ ക്ലിനിക് തുടങ്ങി ഭാര്യ ഡോ. ഡെയ്സിയും ചേർന്ന് സജീവ സേവനമായി. 1979 ൽ ഡോ. ടി എൽ മാത്യു ചെറുപുഷ്പം ആശുപത്രി ആരംഭിച്ചതോടെ നാടിന് അലോപ്പതി ചികിത്സയ്ക്ക് അലയേണ്ടി വന്നില്ല. കിഴക്കൻ മേഖലയുടെ കേന്ദ്രമായ മുക്കൂട്ടുതറയിൽ ഇതോടെ ആയുർവേദ, അലോപ്പതി, ഹോമിയോ ചികിത്സകൾക്ക് നാടിന്റെ വിളിപ്പുറത്ത് ആതുര സേവനമായി. പിന്നാലെ ഡന്റൽ ക്ലിനിക്കുകളുമായി.

പതിറ്റാണ്ടുകളായി നാടിന്റെ ജനകീയ ഡോക്ടർമാരായ ഇവരെയെല്ലാം ആദ്യമായി ഇക്കഴിഞ്ഞ ഡോക്ടേഴ്സ് ദിനത്തിൽ മുക്കൂട്ടുതറ വ്യാപാരി വ്യവസായി ഏകോപന സമിതി യുണിറ്റിന്റെ നേതൃത്വത്തിൽ നാട് ആദരിച്ചപ്പോൾ ഡോ. ഡെയ്സി റോയിയുടെ മിഴികൾ നിറഞ്ഞൊഴുകി. അകാലത്തിൽ മരിച്ച പ്രിയതമൻ ഡോ. റോയി ഇല്ലല്ലോ എന്നുള്ള സങ്കടം നിറയുകയായിരുന്നു. എരുമേലി സർക്കാർ ആശുപത്രിയിലെ മെഡിക്കൽ ഓഫിസർ ഡോ. റെക്സൺ പോൾ, ഡോ. കെ സി തോമസ്, ഡോ. ഡെയ്സി, ഡോ. ടി എൽ മാത്യു, റിട്ട. വെറ്ററിനറി സർജൻ അനിൽകുമാർ, വെറ്ററിനറി ഡോ. സുബിൻ, ഡന്റൽ ഡോക്ടർമാരായ ആൻസി ബാബു, പി എം അനൂപ്, സൗമ്യ കെ ജോസ്, ജോയ്സ് ജോണി, ഹോമിയോ ഡോ. ജോബിൻ മാത്യു, ഡോ. ഡെയ്ഡ് മരിയ ബാബു എന്നിവർ ആദരവ് ഏറ്റുവാങ്ങി. സമിതി യുണിറ്റ് പ്രസിഡന്റ് അജിമോൻ കൃഷ്ണ അധ്യക്ഷനായിരുന്നു.

സമിതി ഭാരവാഹികളായ ബെന്നി മാത്യു, ജോബി, എൻ എസ് സാബു, ബിജോ ജോസഫ്, ഹെൽത്ത് ഇൻസ്പെക്ടർ ഷാജി കറുകത്ര തുടങ്ങിയവർ പ്രസംഗിച്ചു.

സെബാസ്റ്റ്യന്റെ മരണം ; മധ്യവയസ്കൻ അറസ്റ്റിൽ

ഏറ്റുമാനൂർ : മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സയിലിരിക്കെ മരണപ്പെട്ട 48 കാരന്റെ മരണവുമായി ബന്ധപ്പെട്ട് മധ്യവയസ്കനെ പോലീസ് അറസ്റ്റ് ചെയ്തു.

അതിരമ്പുഴ, പടിഞ്ഞാറ്റും ഭാഗത്ത് ചെറ്റേപ്പറമ്പിൽ വീട്ടിൽ പുള്ള് കുഞ്ഞുമോൻ എന്ന് വിളിക്കുന്ന കുഞ്ഞുമോനെയാണ് (71) ഏറ്റുമാനൂർ പോലീസ് അറസ്റ്റ് ചെയ്തത്. അതിരമ്പുഴ പടിഞ്ഞാറ്റുംഭാഗത്ത് വട്ടുകുളം വീട്ടിൽ ഷിജു എന്ന് വിളിക്കുന്ന സെബാസ്റ്റ്യൻ (48) ആണ് മരണപ്പെട്ടത്.ജൂൺമാസം പതിനാറാം തീയതി വൈകുന്നേരത്തോടുകൂടി അതിരമ്പുഴ ഭാഗത്ത് വച്ച് സ്കൂട്ടർ ഓടിച്ചു വരവേ ഇയാൾ കുഴഞ്ഞു വീണു.തുടർന്ന് മെഡിക്കൽ കോളജ് ആശുപത്രിയിൽ പ്രവേശിപ്പിച്ച് ചികിത്സയിലിരിക്കെ 28 ആം തീയതി മരണപ്പെട്ടു. മരണകാരണം പ്ലീഹക്ക് ഏറ്റ ആഘാതമാണെന്ന് കണ്ടെത്തുകയുമായിരുന്നു. തുടർന്ന് ഏറ്റുമാനൂർ പോലീസ് നടത്തിയ അന്വേഷണത്തിൽ ഇത് കൊലപാതകമാണെന്ന് കണ്ടെത്തുകയുമായിരുന്നു.പതിനാറാം തീയതി ഇവർ ഇരുവരുംഅതിരമ്പുഴ മാർക്കറ്റിനു സമാപം ചീട്ടു കളിക്കുന്ന സ്ഥലത്ത് വച്ച് സംഘർഷത്തിനിടെ കുഞ്ഞുമോൻ കരിങ്കല്ല് കഷണം കൊണ്ട് സെബാസ്റ്റ്യനെ ആക്രമിച്ചിരുന്നു. സെബാസ്റ്റ്യന്റെ വാരിയെല്ലിന് പൊട്ടൽ സംഭവിച്ച് പ്ലീഹയ്ക്ക് ഗുരുതരമായ പരിക്കേറ്റു. മടങ്ങിയ സെബാസ്റ്റ്യൻ കുഴഞ്ഞുവീഴുകയായിരുന്നു. ഇയാളുടെ മരണ വിവരമറിഞ്ഞ് കുഞ്ഞുമോൻ ഒളിവിൽ പോയി. പൊലീസ് നടത്തിയ തിരച്ചിലിൽ ഒളിവിൽ കഴിഞ്ഞിരുന്ന ഇയാളെ പിടികൂടുകയുമായിരുന്നു.

കുഞ്ഞുമോൻ

പോളശല്യത്തിന് പരിഹാരം തേടി

കോട്ടയം: വേമ്പനാട്ടുകായലിലും ജില്ലയിലെ ഉൾനാടൻ ജലാശയങ്ങളിലുമുള്ള പോളശല്യത്തിന് ശാശ്വതപരിഹാരത്തിന് നടപടിയുമായി ജില്ലാ പഞ്ചായത്ത്.

പ്രശ്നപരിഹാരത്തിന് സാങ്കേതികസമിതി രൂപീകരിക്കാൻ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ.വി. ബിന്ദുവിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ തീരുമാനമായി. സമിതി ഒരുമാസത്തിനകം റിപ്പോർട്ട് സമർപ്പിക്കും.

തുലാവർഷ സമയത്തോടു കൂടി വേമ്പനാട്ടുകായലിലെയും ഉൾനാടൻ ജലാശയങ്ങളിലെയും പോളശല്യം അവസാനിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് നീക്കം.

ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ.വി. ബിന്ദുവാണ് സാങ്കേതിക സമിതി അധ്യക്ഷ.

വൈക്കം ബ്ളോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ.കെ. രഞ്ജിത്താണ് സമിതി കൺവീനർ. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്സ് അസോസിയേഷൻ പ്രസിഡന്റ് അജയൻ കെ. മേനോൻ, തൊഴിലുറപ്പ് പദ്ധതി പ്രോജക്ട് ഓഫീസർ, മൈനർമേജർ ഇറിഗേഷൻ എക്സിക്യൂട്ടീവ് എൻജിനീയർമാർ, കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ, എം.ജി. സർവകലാശാല എൻവയോൺമെന്റ് സയൻസ് വിഭാഗം, പാമ്പാടി എൻജിനീയറിങ് കോളജ്, ശാസ്ത്രസാഹിത്യപരിഷത്ത് എന്നിവയുടെ പ്രതിനിധികൾ എന്നിവർ സമിതിയിൽ അംഗങ്ങളായിരിക്കും.

വേമ്പനാടു കായലും ഉൾനാടൻ ജലാശയങ്ങളുമായി ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകളെ ഉൾപ്പെടുത്തി ഇതു സംബന്ധിച്ച വിശദമായ ചർച്ച നടക്കും. ഇതിനായി കടുത്തുരുത്തി, വൈക്കം, ഏറ്റുമാനൂർ ബ്ളോക്ക് പഞ്ചായത്തുകളിലെ ഗ്രാമപഞ്ചായത്തു പ്രസിഡന്റുമാർ, കൃഷി ഉദ്യോഗസ്ഥർ, പാടശേഖരസമിതി, മത്സ്യത്തൊഴിലാളികൾ എന്നിവരെ ഉൾപ്പെടുത്തി ജൂലൈ 20ന് മുമ്പായി യോഗങ്ങൾ വിളിച്ചുചേർക്കും.

ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ ചേംബറിൽ ചേർന്ന യോഗത്തിൽ ഏറ്റുമാനൂർ ബ്ളോക്ക് പഞ്ചായത്ത് പ്രസിഡന്റ് ആര്യാ രാജൻ, വൈക്കം ബ്ളോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ.കെ. രഞ്ജിത്ത്, ജില്ലാ പഞ്ചായത്തംഗങ്ങളായ പി.ആർ. അനുപമ, ഹൈമി ബോബി, ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്സ് അസോസിയേഷൻ പ്രസിഡന്റ് അജയൻ കെ. മേനോൻ,

കുമരകം ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് വി.കെ. ജോഷി, തൊഴിലുറപ്പ് പദ്ധതി പ്രോജക്ട് ഓഫീസറും ഡെപ്യൂട്ടി ഡയറക്ടറുമായ ബെവിൻ ജോൺ വർഗീസ്, കെ. അനിൽകുമാർ, ഹൗസ് ബോട്ട് അസോസിയേഷൻ പ്രസിഡന്റ് പി.എസ്. ഡാനിയേൽ, സെക്രട്ടറി പ്രവീൺ ചന്ദ്രശേഖരൻ എന്നിവർ യോഗത്തിൽ പങ്കെടുത്തു.

ലഹരിവിരുദ്ധ പരിപാടി

കോട്ടയം: ലഹരിക്കെതിരേയുള്ള പ്രതിരോധപ്രവർത്തനങ്ങൾ മുൻകാലത്തേക്കാളും ശക്തമായി നടപ്പാക്കുന്നുണ്ടെങ്കിലും ലഹരിമരുന്നുമായി ബന്ധപ്പെട്ട കേസുകളുടെ എണ്ണം ഉയർന്നുകൊണ്ടിരിക്കുയാണെന്ന് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ.വി. ബിന്ദു.

അന്താരാഷ്ട്ര ലഹരിവിരുദ്ധ ദിനത്തിന്റെ ഭാഗമായി കോട്ടയം എം.ടി. സെമിനാരി സ്കൂളിൽ നടന്ന ജില്ലാതല പരിപാടി ഉദ്ഘാടനം ചെയ്തുപ്രസംഗിക്കുകയായിരുന്നു അവർ.

ലഹരിമരുന്നുമാഫിയകൾ ലക്ഷ്യമിട്ടിരിക്കുന്നതു കുട്ടികളെ തന്നെയാണെന്ന് ചടങ്ങിൽ അധ്യക്ഷത വഹിച്ച ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. എൻ. പ്രിയ പറഞ്ഞു.

ഡെപ്യൂട്ടി മെഡിക്കൽ ഓഫീസർ ഡോ.പി.എൻ. വിദ്യാധരൻ മുഖ്യപ്രഭാഷണം നടത്തി. വിദ്യാഭ്യാസവകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ സുബിൻ പോൾ ലഹരിവിരുദ്ധ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ ഉദയകുമാർ ദിനാചരണ സന്ദേശം നൽകി. എൻ.എച്ച്.എം. ജില്ലാ പ്രോഗ്രാം മാനേജർ ഡോ. വ്യാസ് സുകുമാരൻ, ഡെപ്യൂട്ടി ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. ടി.കെ. ബിൻസി എന്നിവർ വിഷയാവതരണം നടത്തി. ജില്ലാ എഡ്യൂക്കേഷൻ മീഡിയ ഓഫീസർ ഡോമി ജോൺ, സ്കൗട്ട്സ് ആൻഡ് ഗൈഡ്സ് ജില്ലാ ട്രെയിനിങ് കമ്മിഷണർ റോയി പി. ജോർജ്, എം.ടി. സെമിനാരി ഹയർ സെക്കൻഡറി സ്കൂൾ പ്രിൻസിപ്പൽ മേരി കെ. ജോൺ, വൈ.എം.സി.എ. സബ് റീജിയൺ ചെയർമാൻ ജോബി ജയിക് ജോർജ്, എം.ടി. സെമിനാരി ഹയർ സെക്കൻഡറി സ്കൂൾ ഹെഡ്മിസ്ട്രസ് റൂബി ജോൺ, എക്സൈസ് കൗൺസിലർ ബെന്നി സെബാസ്റ്റ്യൻ എന്നിവർ പ്രസംഗിച്ചു. തുടർന്നു ലഹരി ദുരുപയോഗവും യുവജനങ്ങളും എന്ന വിഷയത്തിൽ നടന്ന ജില്ലാതല സെമിനാർ ജില്ലാ മാനസികാരോഗ്യപരിപാടി നോഡൽ ഓഫീസർ ഡോ. ടോണി തോമസ് നയിച്ചു.

ജില്ലാ ആരോഗ്യവകുപ്പ്, സ്കൗട്ട്സ് ആൻഡ് ഗൈഡ്സ്, ആരോഗ്യകേരളം, വിദ്യാഭ്യാസവകുപ്പ്, എക്സൈസ് വകുപ്പ്, വൈ.എം.സി.എ എന്നിവ സംയുകതമായാണ് പരിപാടി സംഘടിപ്പിച്ചത്. കോട്ടയം നഗരസഭാപ്രദേശത്തെ 10 സ്കൂളുകളിലെ സ്കൗട്ട്സ് ആൻഡ് ഗൈഡ്സ്, എൻ സി.സി, എസ്.പി.സി എന്നിവയിലെ നാനൂറിലധികം വിദ്യാർത്ഥികൾ പങ്കെടുത്തു.

തീയതി നീട്ടി

കോട്ടയം: കേരള ഓട്ടോമൊബൈൽ വർക്ഷോപ്പ് തൊഴിലാളി ക്ഷേമനിധിബോർഡ് അംഗങ്

വെറ്ററിനറി സർജൻ താൽകാലിക നിയമനം

ആലപ്പുഴ: മൃഗസംരക്ഷണ വകുപ്പിൽ ജില്ലയിലെ വിവിധ ബ്ലോക്കുകകളിലേക്ക് രാത്രികാല അടിയന്തര മൃഗ ചികിത്സയ്ക്കായി വെറ്ററിനറി സർജനെ താൽകാലികമായി നിയമിക്കുന്നു. കൂടിക്കാഴ്ച ജൂലൈ എട്ടിന് രാവിലെ 10.30 മുതൽ 12 വരെ ജില്ല മൃഗസംരക്ഷണ ഓഫീസിൽ നടക്കും. യോഗ്യത: വെറ്ററിനറി സയൻസിൽ ബിരുദം, കേരള സ്റ്റേറ്റ് വെറ്ററിനറി കൗൺസിൽ രജിസ്ട്രേഷൻ. ക്ലിനിക്കൽ ഒബ്സ്ട്രെറ്റിക്സ് ആന്റ് ഗൈനക്കോളജി, ക്ലിനിക്കൽ മെഡിസിൻ, സർജറി എന്നിവയിൽ ബിരുദാനന്തര ബിരുദം എന്നീ അധിക യോഗ്യത അഭിലഷണീയം. ഫോൺ 0477 2252431.

ഗതാഗത നിയന്ത്രണം

ആലപ്പുഴ: അരൂർതുറവൂർ എലിവേറ്റഡ് ഹൈവേ ഫ്ളൈഓവറിനോട് ചേർന്നുള്ള കിഴക്കുഭാഗത്തെ സർവീസ് റോഡ് ടാർ ചെയ്യാനായി ഇന്നു മുതൽ മൂന്നു ദിവസം ഈ ഭാഗത്ത് ഗതാഗതം അനുവദിക്കില്ല. എറണാകുളം ഭാഗത്തുനിന്ന് ആലപ്പുഴ ഭാഗത്തേക്ക് പോകുന്ന വാഹനങ്ങൾ അരൂർ അമ്പലം ജംഗ്ഷൻ നിന്ന് അരൂക്കുറ്റി വഴി തൈക്കാട്ടുശ്ശേരി, മാക്കൈകടവ് വഴി തുറവൂർ ജംഗ്ഷനിൽ പ്രവേശിക്കണം.

അധ്യാപക ഒഴിവ്

ആലപ്പുഴ: ലജ്നത്തുൽ മുഹമ്മദിയ്യ ഹയർ സെക്കണ്ടറി സ്കൂളിലെ അൺ എയ്ഡഡ് ബാച്ചിലേക്ക് സുവോളജി അധ്യാപകരെ ആവശ്യമുണ്ട്. താൽപര്യമുള്ള ഉദ്യോഗാർഥികൾ യോഗ്യത സർട്ടിഫിക്കറ്റുകൾ സഹിതം നാളെ രാവിലെ 11ന് ഓഫീസിൽ ഹാജരാകണമെന്ന് പ്രിൻസിപ്പൽ അറിയിച്ചു.

കായംകുളം: എം.എസ്.എം കേളേജിൽ 2024 2025 അക്കാഡമിക വർഷത്തിൽ സ്റ്റാറ്റിസ്റ്റിക് വിഭാഗത്തിലെ ഒഴുവിലേക്ക് അതിഥി അധ്യാപകരുടെ വാക്കൻ ഇന്റർവ്യൂ അഞ്ചിന് കോളജിൽ വെച്ച് നടത്തപ്പെടുന്നു. താൽപര്യമുള്ള ഉദ്യോഗാർത്ഥികൾ കൊല്ലം കോളേജ് ഓഫീസ് ഡയറക്ടറുടെ അതിഥി അദ്ധ്യാപക പാനലിൽ രജിസ്റ്റർ ചെയ്തവരും , മതിയായ യോഗ്യതാ സർട്ടിഫിക്കറ്റ് സഹിതം രാവിലെ പത്ത്മണിക്ക് ഇന്റർവ്യൂവിന് എത്തിച്ചേരേണ്ടതാണ്.

ആലപ്പുഴ വാർത്തകൾ

മന്ത്രി സജി ചെറിയാനെതിരെ ദളിത് ലീഡേഴ്സ് കൗൺസിൽ

ആലപ്പുഴ: ദളിത് പിന്നാക്ക ജനത ജീവൻ ബലിയർപ്പിച്ച് വളർത്തിയ പ്രസ്ഥാനമാണ് കമ്മ്യൂണിസ്റ്റ് പാർട്ടിയെന്നും ഒരു ത്യാഗവും സഹിക്കാതെ വളഞ്ഞ വഴിയിലൂടെ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നേതൃത്വത്തിലും മന്ത്രിസ്ഥാനത്തും എത്തിയ സജി ചെറിയാൻ ചരിത്ര വിരുദ്ധമായ പ്രസംഗങ്ങൾ നടത്തി ദളിത് പിന്നാക്ക ജനതയെ പരിഹസിക്കുകയും വെല്ലുവിളിക്കുകയുമാണെന്നും സംസ്ഥാന ദളിത് ലീഡേഴസ് കൗൺസിൽ കേന്ദ്ര കമ്മറ്റി ജനറൽ സെക്രട്ടറി ഐ കെ രവീന്ദ്രരാജ് പറഞ്ഞു. ബ്രിട്ടീഷുകാർ പറഞ്ഞുകൊടുത്ത് ഒരു ഇന്ത്യക്കാരൻ എഴുതിയതാണ് ഇന്ത്യൻ ഭരണഘടനയെന്ന് മുമ്പ് മല്ലപ്പള്ളിയിൽ പ്രസംഗിച്ച് ഭരണഘടനാ ശിൽപിയായ ഡോ. അംബേദ്കറെ അപമാനിച്ച സജി ചെറിയാൻ, കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ സംഭാവനയിലൂടെ നേടിയെടുത്തതാണ് ദളിത് പിന്നാക്കക്കാരുടെ ജീവിതസൗകര്യം എന്നുപറയുന്നത് കേരള നവോത്ഥാന ചരിത്രം അറിയാത്തതുകൊണ്ടാണെന്ന് അദ്ദേഹം പറഞ്ഞു.

എംഎൽഎയുടെ പ്രസ്താവന ദുരുദ്ദേശപരം

കായംകുളം:ദേശീയപാത നിർമ്മാണത്തിൽവേഗത പോരെന്ന യു .പ്രതിഭ എംഎൽഎയുടെ പ്രസ്താവന ദുരുദ്ദേശപരമെന്ന് യു.ഡി.എഫ് കായംകുളത്തെ രണ്ടായി വെട്ടി മുറിച്ച്ദുരന്ത പാത നിർമ്മിക്കുവാൻ മൂകസാക്ഷിയാകേണ്ടിവന്ന എംഎൽഎയും മുൻ എംപിയും കായംകുളത്തുകാരോട് കാട്ടിയ അനീതി മറയ്ക്കുവാൻ എംഎൽഎ വീണ്ടും പ്രസ്താവനകളുമായി രംഗത്തു വന്നിരിക്കുകയാണ്. അശാസ്ത്രീയമായ റോഡ് നിർമ്മാണം മൂലംകായംകുളം രണ്ടായി വെട്ടിമുറിക്കപ്പെടുകയും

വെള്ളക്കെട്ട് മൂലം ജനം ദുരിതമനുഭവിക്കുകയും ചെയ്യുന്ന സാഹചര്യം ഒഴിവാക്കുവാൻ ഒരു ചെറുവിരൽ പോലും അനക്കുവാൻ കഴിയാത്തവർ ഇപ്പോൾപ്രസ്താവനയുമായി രംഗത്ത് വന്നിട്ടുള്ളത് കായംകുളത്ത് വിലപ്പോകില്ല. കെ സി വേണുഗോപാൽ എംപിചുരുങ്ങിയ ദിവസങ്ങൾക്കുള്ളിൽ തന്നെ ഹൈവേ നിർമ്മാണ കാര്യത്തിൽ ബന്ധപ്പെടുകയും സമരസമിതി നേതാക്കളുമായി ചർച്ച നടത്തിയ ശേഷം ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ യോഗം വിളിച്ചുചേർത്ത്കായംകുളത്ത് ജനങ്ങളുടെ ദുരിതമകറ്റുന്നതിനുള്ളപദ്ധതികൾ ആവിഷ്കരിക്കുവാൻമുൻകൈയെടുത്ത് പ്രവർത്തിക്കുമ്പോൾഹൈവേയുടെ നിർമ്മാണ പ്രവർത്തനങ്ങൾ മന്ദഗതിയിൽ ആണെന്നും അത് വേഗതയിൽ ആക്കണമെന്നുംആവശ്യപ്പെടുന്നത്സദുദ്ദേശപരമല്ലദേശീയ പാത കുണ്ടും കുഴിയുമായി യാത്ര ദുസഹം ആയിരിക്കെഇത്രയും കാലം മൗനം അവലംബിച്ച എംഎൽഎ ഇപ്പോൾരംഗത്തിറങ്ങിയിരിക്കുന്നത് സംശയദൃഷ്ടിയോടുകൂടി മാത്രമേ കാണുവാൻ കഴിയൂ.യുഡിഎഫ് നിയോജകമണ്ഡലം ചെയർമാൻ എ .ഇർഷാദും കൺവീനർ എ . എം കബീറും പറഞ്ഞു

ഡോ. എസ് ജയശ്രീക്ക് സ്നേഹാദരം

മുഹമ്മ അർബുദത്തെ അതിജീവിച്ച് വിശ്രമവേളകളിൽ വരയും വായനയും എഴുത്തുമായി കർമമണ്ഡലത്തിൽ സജീവമാകുന്ന വെറ്ററിനറി ഡോക്ടർ എസ് ജയശ്രീക്ക് ഡോക്ടേഴ്സ് ദിനത്തിൽ ജൂനിയർ റെഡ് ക്രോസ് യൂണിറ്റിന്റെ സ്നേഹാദരം. മുഹമ്മ എ ബി വിലാസം ഹയർ സെക്കൻഡറി സ്കൂളിലെ യൂണിറ്റാണ് കാവുങ്കൽ രാഗേന്ദു വീട്ടിലെത്തി പുസ്തകവും ആശംസകാർഡും നൽകി പൊന്നാട അണിയിച്ച് ആദരിച്ചത്. ഡോ. ജയശ്രീ യുടെ ഭർത്താവ് ആയുർവേദ ഡോക്ടറായ ഒ എസ് സിജിയെയും ആദരിച്ചു.

നൂറിലേറെ ചിത്രങ്ങൾ വരച്ചിട്ടുള്ള ഡോക്ടർ നിരവധി കഥയും കവിതകളും എഴുതിയിട്ടുണ്ട്. ഏഴു വർഷത്തോളം കഞ്ഞിക്കുഴിയിൽ ജോലി നോക്കവേ മികച്ച ഡോക്ടർക്കുള്ള സംസ്ഥാന സർക്കാരിന്റെ അവാർഡ് ഉൾപ്പടെ ദേശീയ അംഗീകാരങ്ങളും ലഭിച്ചു. പുതുതായി പഠിച്ചിറങ്ങുന്ന ഡോക്ടർമാർക്ക് ക്ലാസ്സ് എടുത്തിരുന്ന സംസ്ഥാന ഫാക്കൽറ്റി മെമ്പർ കൂടിയായിരുന്നു. ഇപ്പോൾ ചേർത്തല കാഫ്ഫീഡ്സ് സബ്സിഡെയറി പ്രോഗ്രാമിൽ ജോലി നോക്കുന്നു.

അധ്യാപികമാരായ ജാനിദേവ്, ആതിര അജിത്, കേഡറ്റ് ലീഡർ ദേവനന്ദന, പി ടി എ പ്രസിഡന്റ് കെ എസ് ലാലിച്ചൻ, വൈസ് പ്രസിഡന്റ് പി എസ് സനൽകുമാർ എന്നിവർ സംസാരിച്ചു.

ആശ്വാസ കിരണം പദ്ധതി പുനരാരംഭിക്കണം

കായംകുളം: മാനസിക വെല്ലുവിളി നേരിടുന്നവരുടെ പരിചാരകർക്കുള്ള ഏക ക്ഷേമ പദ്ധതിയായ ആശ്വാസ കിരണം പദ്ധതി പുനരാരംഭിക്കണമെന്ന്ജനശ്രീ മിഷൻ ആവശ്യപ്പെട്ടു. ഉമ്മൻചാണ്ടി സർക്കാർ ആരംഭിച്ച ആശ്വാസകിരണം പദ്ധതി പ്രകാരമുള്ള തുച്ഛമായ ധനസഹായ വിതരണം നിലച്ചിട്ട് നാളുകൾ ഏറെയായി ഇതുമൂലം ഒട്ടേറെപ്പേർ കഷ്ടത അനുഭവിക്കുകയാണ്2018 മുതൽ ഈ പദ്ധതിയിലേക്ക് പുതിയ അപേക്ഷകൾ സ്വീകരിക്കുന്നുമില്ല. മാനസിക വെല്ലുവിളി നേരിടുന്നവരുടെ കുടുംബങ്ങൾക്ക് ലഭിക്കുന്ന ഏക ആശ്വാസ പദ്ധതി പുനരാരംഭിക്കുവാൻ സർക്കാർ തയ്യാറാകണമെന്നുംബ്ലോക്ക് യൂണിയൻ യോഗം ആവശ്യപ്പെട്ടു. ജില്ലാ ചെയർമാൻ കെ. കെ. നൗഷാദ് ഉദ്ഘാടനം ചെയ്തു. ബ്ലോക്ക് ചെയർമാൻ എ. എം. കബീർ അധ്യക്ഷത വഹിച്ചു.കേന്ദ്ര സമിതി അംഗം പി. എസ് .പ്രസന്നകുമാർ, സി .അമ്മിണി,തോമസ് മാത്യു കരിഞ്ഞപ്പള്ളി, കെ സി കൃഷ്ണകുമാർ , തയ്യിൽ റഷീദ്,കെ ശിവരാമൻ,മധു വഞ്ചിലേത്ത് കാസിം പള്ളത്ത് ,ഹുസൈൻ പറങ്ങാംമൂട്ടിൽ ,തങ്കൻ ചെറുവള്ളി,കെ സന്തോഷ് കുറുപ്പ് എന്നിവർ പ്രസംഗിച്ചു

സ്റ്റുഡന്റ്സ് ട്രാവൽ ഫെസിലിറ്റി കമ്മിറ്റി യോഗം

ആലപ്പുഴ: ജില്ലയിലെ വിദ്യാർഥികളുടെ യാത്രാക്ലേശം പരിഹരിക്കുന്നതിനും കൺസഷൻ കാർഡ് നൽകുന്നത് തീരുമാനിക്കുന്നതിനുമായി ജില്ലാ സ്റ്റുഡന്റ്സ് ട്രാവൽ ഫെസിലിറ്റി കമ്മിറ്റിയുടെ യോഗം ജൂലൈ അഞ്ചിന് രാവിലെ 11ന് കളക്ട്രേറ്റ് കോൺഫറൻസ് ഹാളിൽ ചേരും.

■ 15 വർഷം മുൻപത്തെ യുവതിയുടെ തിരോധാനം കൊലപാതകം

ഊമക്കത്ത് ചുരുളഴിച്ചു

മാന്നാർ: നാടിനെ നടുക്കിയ കൊലപാതകത്തിന്റെ ചുരുളഴിച്ചത് പൊലീസിന് ലഭിച്ച ഊമക്കത്ത്. കാമുകനോടൊപ്പം യുവതി ഒളിച്ചോടിയെന്ന ഭർത്താവിന്റെ വാക്ക് വിശ്വസിച്ച ബന്ധുക്കളും നാട്ടുകാരും വീട്ടിലെ സെപ്റ്റിക് ടാങ്കിൽ നിന്നും യുവതിയുടെ മൃതദേഹത്തിന്റെ ഭാഗങ്ങൾ കണ്ടെത്തിയതിന്റെ ഞെട്ടലിലാണ്. ഐക്കര മുക്ക് മീനത്തേതിൽ വീട്ടിൽ കലയാണ് 15 വർഷങ്ങൾക്ക് മുമ്പ് കൊല്ലപ്പെട്ടത്.

കലയും ഭർത്താവ് അനിലും പ്രണയിച്ച് വിവാഹിതരായവരാണ്. കല്യാണം കഴിഞ്ഞ് മൂന്ന് മാസത്തിന് ശേഷം അനിൽ വിദേശത്ത് ജോലിക്ക് പോയി. ഇതിനിടെ മറ്റൊരാളുമായി കല പ്രണയത്തിലാണെന്ന് ഭർത്താവായ അനിൽ അറിഞ്ഞു.

തിരികെ നാട്ടിലെത്തിയ അനിൽ സ്നേഹപൂർവം കലയെ വിളിച്ചു വരുത്തി പ്രതികാരമായി ഇവരെകൊലപ്പെടുത്തുകയായിരുന്നുവെന്ന് പൊലീസ് നൽകുന്ന വിവരം. ഇതിനിടെ ഭാര്യയായ കലയെ കാണാനില്ലെന്ന പരാതി അനിൽ മാന്നാർ പൊലീസ് സ്റ്റേഷനിൽ നൽകിയിരുന്നു. 2009ലായിരുന്നു ഇരുവരുടെയും വിവാഹം.

മൂന്ന് മാസത്തിനു മുമ്പ് ഇത് സംബന്ധിച്ച് പൊലീസിന് ഒരു ഊമക്കത്ത് ലഭിച്ചിരുന്നു.

കത്തിൽ പറയുന്ന കാര്യങ്ങൾ അന്വേഷിച്ച് നടപടി സ്വീകരിക്കാൻ പോലീസ് മേധാവി അമ്പലപ്പുഴ പോലീസിന് പരാതി കൈമാറി. അമ്പലപ്പുഴ ഡിവൈഎസ്പി കെ.ജി അനീഷിന്റെ നേതൃത്വത്തിലുള്ള സംഘം കഴിഞ്ഞ ഒരാഴ്ച കാലയളവിൽ തെളിവുകൾ ശേഖരിച്ച് പ്രതികളെ പിടികൂടുകയായിരുന്നു.

സംഭവത്തിൽ പ്രമോദ്, ജിനു ഗോപി, സന്തോഷ് ശാരദാലയം, സോമരാജൻ എന്നിവരെയാണ് പോലീസ് കസ്റ്റഡിയിലെടുത്തത്. പ്രതിയായ ജിനു ഗോപിയുമായി അന്വേഷണ സംഘം വീട്ടിലെത്തി.

മാവേലിക്കര തഹസിൽദാർ പി ഡി സുരേഷ് കുമാറിന്റെ സാന്നിധ്യത്തിൽ വീടിന് സമീപത്തുള്ള പഴയ സെപ്റ്റിടാങ്ക് മണ്ണുമാന്തിയന്ത്രം ഉപയോഗിച്ച് തുറന്ന് വിശദമായ പരിശോധന നടത്തി.

അന്വേഷണത്തിൽ ചെറിയ രണ്ട് അസ്ഥി കഷ്ണങ്ങൾ കണ്ടെത്തി.

ഫോറൻസിക് പരിശോധന നടത്തിയാൽ മാത്രമേ മരിച്ച കലയുടെ അസ്ഥിയാണെന്ന് സ്ഥിതീകരിക്കാനാവൂവെന്ന് പോലീസ് പറഞ്ഞു.

അസിസ്റ്റന്റ് പോലീസ് സർജൻ ഡോ. നിധിൻ, ഫോറൻസിക് സംഘം മെഡിക്കൽ കോളജ് വിഭാഗം ഡോ. നിധിൻ സാം മാത്യു, ഡോ. സരിത, ഡോ. പൂജ, ഡോഗ് സ്ക്വാഡ് സംഘം എന്നിവർ സ്ഥലത്തെത്തി അന്വേഷണം ആരംഭിച്ചു.

കലയുടെ മൃതദേഹം തള്ളിയ ഇരമത്തൂർ കണ്ണമ്പള്ളി വീട്ടിലെ സെപ്റ്റിക് ടാങ്ക് ജെ.സി.ബിയുടെ സഹായത്തോടെ പൊലീസ് തുറന്ന് പരിശോധിക്കുന്നു.

പരിശോധന വീക്ഷിക്കാൻ തടിച്ചുകൂടിയ ജനം

ഇരമത്തൂർ കണ്ണമ്പള്ളി വീട്ടിലെ വീട് ജില്ലാ പോലീസ് മേധാവി ചൈത്ര തെരേസ ജോൺ സന്ദർശിക്കുന്നു

കൊലപാതകമെന്ന് സ്ഥിരീകരിച്ച് പൊലീസ്

മാന്നാർ: മാന്നാറിൽ 15 വർഷം മുമ്പ് കാണാതായ യുവതിയുടെ തിരോധാനം കൊലപാതകമാണെന്ന് കണ്ടെത്തിയതായി ജില്ലാ പൊലീസ് മേധാവി ചൈത്ര തെരേസ ജോൺ വാർത്താ സമ്മേളനത്തിൽ അറിയിച്ചു. നിലവിൽ അഞ്ച് പേർ കസ്റ്റഡിയിലാണ്. ഇവരുടെ പങ്ക് സംബന്ധിച്ച് അന്വേഷണം നടന്നുവരികയാണ്. കൊല്ലപ്പെട്ട കലയുടെ മുൻ ഭർത്താവ് അനിൽ കുമാറിനെയും ഇക്കാര്യത്തിൽ സംശയമുണ്ട്. വിദേശത്തുള്ള ഇയാളെ നാട്ടിലെത്തിക്കാനുള്ള ശ്രമങ്ങൾ ആരംഭിച്ചിട്ടുണ്ടെന്നും ഇവർ വ്യക്തമാക്കി. 15 വർഷം മുമ്പ് നടന്ന സംഭവത്തിൽ തെളിവുകളായി ആശ്രയിക്കുന്നത് ഫോറൻസിക് വിഭാഗത്തെയാണ്. കലയുടേതെന്ന് കരുതുന്ന ചില ശരീരഭാഗങ്ങളും ആഭരണത്തിന്റെ ലോക്കറ്റും ലഭിച്ചിട്ടുണ്ട്. 2008 2009 കാലയളവിലാണ് ഇവരെ കാണാതായതായി റിപോർട്ട് ലഭിച്ചത്. അമ്പലപ്പുഴയിൽ നിന്നാണ് ഈ വിവരം ലഭിച്ചത്. അന്വേഷണത്തിൽ വലിയ വെല്ലുവിളികളാണ് ഉയരുന്നത്. പ്രധാനമായും ഇരയുടെ ബന്ധുക്കളിൽ നിന്നാണ് വിവരങ്ങൾ പൊലീസ് മനസ്സിലാക്കുന്നത്. എല്ലാ വിവരങ്ങളും ക്രോഡീകരിച്ച് അന്വേഷണം മുന്നോട്ട് കൊണ്ടുപോകാനാണ് ശ്രമിക്കുന്നത്. ഇതിനായി പ്രത്യേക അന്വേഷണ സംഘത്തെയും നിയോഗിച്ച് കഴിഞ്ഞു. പോലീസ് പിടികൂടിയവരുടെ ക്രിമിനൽ പശ്ചാത്തലവും പരിശോധിക്കുമെന്നും വേഗത്തിൽ കേസ് കോടതിയിൽ എത്തിക്കാനുള്ള നടപടികൾ തുടരുമെന്നും ചൈത്ര തെരേസ ജോൺ കൂട്ടിച്ചേർത്തു.

ഓൺലൈൻ തട്ടിപ്പ് കേസുകൾ പെരുകുന്നു

ആലപ്പുഴ: ജില്ലയിൽ കഴിഞ്ഞ ഒരു വർഷം രജിസ്റ്റർ ചെയ്തത് 244 ഓൺലൈൻ തട്ടിപ്പുകൾ. നഷ്ടമായത് 35,12,72,986 രൂപ.ഈ കേസുകളിൽ അറസ്റ്റിലായത് 40 പേർ.

35 കോടിയിലധികം രൂപ നഷ്ടപ്പെട്ടതിൽ പതിനെട്ട് ലക്ഷത്തോളം രൂപ മാത്രമാണ് തിരികെ പരാതിക്കാർക്ക് ലഭിച്ചത്. 3,42,06,837 രൂപ വിവിധ ബാങ്ക് അക്കൗണ്ടുകളിലായി മരവിപ്പിച്ചിട്ടുണ്ട്.

63 വിവിധ ബാങ്ക് അക്കൗണ്ടുകളിലായി മരവിപ്പിച്ച് ചെയ്തു വെച്ചിരിക്കുന്ന 2,48,15,718 തിരികെ പരാതിക്കാരുടെ അക്കൗണ്ടിൽ എത്തിക്കുന്നതിനു വേണ്ട നടപടികൾ പുരോഗമിച്ചു വരികയാണെന്ന് സൈബർ പൊലിസ് പറയുന്നു.

ഇൻവെസ്കോ ക്യാപിറ്റൽ, ഗോൾഡ്മാൻസ് സാക്സ് എന്നീ കമ്പനികളുടെ അധികാര സ്ഥാനത്തുള്ളവരാണ് എന്ന് തെറ്റിദ്ധരിപ്പിച്ചും വ്യാജ രേഖകൾ ചമച്ചും ഓൺ ലൈൻ വ്യാപാരത്തിലൂടെ ചേർത്തല സ്വദേശിയിൽ നിന്നും 7.65 കോടി തട്ടിയ കേസാണ് പ്രധാനപ്പെട്ടത്. സെകാളി ക്യാപിറ്റൽ സ്റ്റോക്ക് ട്രെഡിങ് എന്ന സ്ഥാപനത്തിന്റെ സി.ഇ.ഒ ആണെന്ന് പറഞ്ഞ് ആൾമാറാട്ടം നടത്തി മാന്നാർ സ്വദേശിയായ വിദേശ മലയാളിയിൽ നിന്ന് 2.67കോടി രൂപ തട്ടിയെടുത്ത കേസും ജില്ലയിലുണ്ട്.

പിടിക്കപ്പെടുന്ന കേസുകളിൽ ഭൂരിഭാഗവും അന്തർ സംസ്ഥാന ബന്ധം ഉള്ളവയാണ്.

ജില്ലയിൽ ഒരു വർഷം റിപോർട്ട് ചെയ്തത്
244
കേസുകൾ

സെമിനാറും, ബോധവത്കരണ ക്ലാസും

കായംകുളം: ദി നാഷണൽ ലൈബ്രറി ആൻഡ് റീഡിങ് റൂം, ചൂളത്തെരുവ്വ് ലോക ലഹരി വിരുദ്ധ ദിനത്തിൽ, ലഹരി വിരുദ്ധ സെമിനാറും, ബോധവത്കരണ ക്ലാസും സംഘടിപ്പിച്ചു'. മുതുകുളം വടക്ക് എസ് എൻ വി യു പി സ്കൂളിൽ നടത്തിയ യോഗത്തിൽ കാർത്തികപ്പള്ളി താലൂക്ക് യൂണിയൻ എക്സിക്യൂട്ടീവ് മെമ്പർ .എൻ രാമചന്ദ്രൻ നായർ യോഗം ഉദ്ഘാടനം ചെയ്തു. കാർത്തികപ്പള്ളി സിവിൽ എക്സ് സൈസ് ഓഫീസർ എം ഷെഫീക് ക്ലാസ്സ് എടുത്തു. ലൈബ്രറി പ്രസിഡന്റ് പി ആർ സുരേന്ദ്രൻ അദ്ധ്യക്ഷൻ ആയ യോഗത്തിൽ, സെക്രട്ടറി ഷൈനി പോൾ സ്വാഗതം പറഞ്ഞു. സ്കൂൾ ഹെഡ്മിസ്ട്രെസ് സി ബീന യുടെ സാന്നിധ്യത്തിൽ, മുഴുവൻ കുട്ടികളും രക്ഷകർത്താക്കളും പങ്കെടുത്തയോഗത്തിൽ വാർഡ് മെമ്പർ ശ്രീലത, പി ടി എ പ്രസിഡന്റ് വിശ്വനാഥൻ എന്നിവർ ആശംസകൾ പറഞ്ഞു.ജി സജീവ് നന്ദി പറഞ്ഞു.

മുഹമ്മ വെളിയിൽ കുഞ്ഞുമോന്റെ കൃഷിയിടത്തിൽ മണലിൽ മഞ്ചേരി നേന്ത്രൻ കുലച്ചപ്പോൾ

കരപ്പുറത്തെ ചൊരിമണലിൽ മഞ്ചേരി നേന്ത്രന് നൂറുമേനി

മുഹമ്മ : കരപ്പുറത്തെ ചൊരിമണലിൽ മഞ്ചേരി നേന്ത്രൻ വിളഞ്ഞു , മുഹമ്മ വെളിയിൽ കുഞ്ഞുമോന്റെ കൃഷിയിടത്തിലാണ് മുന്നൂറോളം നേന്ത്ര വാഴകൾ കുലച്ച് നിൽക്കുന്നത്. മുൻപ് മഞ്ചേരിയിൽ വിളഞ്ഞിരിന്നതും ഇപ്പോൾ കർണ്ണാടകയിൽ മാത്രം കാണപ്പെടുന്നതുമായ ഉയരം കുറഞ്ഞ വാഴയാണ് മഞ്ചേരി നേന്ത്രൻ.

മൂന്നടി ഉയരം ആകുമ്പോൾ തന്നെ കുലയ്ക്കാൻ തുടങ്ങുമെന്നതും ഏഴു മാസത്തിനുള്ളിൽ വിളവെടുക്കാമെന്നതുമാണ് ഈ വാഴയുടെ പ്രത്യേകത. കുട്ടികൾക്ക് വരെ വാഴക്കുല വെട്ടാൽ കഴിയും.

സാധാരണ നേന്ത്രക്കുലയുടെ അത്രയും വലിപ്പം വരില്ലെങ്കിലും വിളവെടുക്കാൻ ഏഴു മാസം മതി എന്നത് നേട്ടമാണ്. നേന്ത്രവാഴ വിളവെടുക്കാൻ ഒരു വർഷം വേണ്ടപ്പോഴാണ് ഏഴു മാസം കൊണ്ട് മഞ്ചേരി നേന്ത്രൻ പാകമാകുന്നത്.

ഒരു പരീക്ഷണം എന്ന നിലയിലാണ് മഞ്ചേരി നേന്ത്രന്റെ വിത്ത് കർണ്ണാടകയിൽ നിന്ന് വരുത്തിയതെന്ന് കുഞ്ഞുമോൻ പറയുന്നു. കൃഷി വിജയമായതോടെ ഉൽസാഹം വർദ്ധിച്ചു. മുഹമ്മ കൃഷി ഭവനും ആത്മാ യൂണി കുഞ്ഞുമോന് പ്രോൽസാഹനം നൽകുന്നു.

ആർക്കിടെക്ചർ ലക്ചറർ നിയമനം

ആലപ്പുഴ: അടൂർ സർക്കാർ പോളിടെക്നിക് കോളജിൽ ആർകിടെക്ചറിൽ ദിവസ വേതനാടിസ്ഥാനത്തിൽ ലക്ചററെ നിയമിക്കുന്നു. താൽപര്യമുള്ളവർ പ്രായം, വിദ്യാഭ്യാസ യോഗ്യത സർട്ടിഫിക്കറ്റുകളുടെ അസലുമായി ജൂലൈ അഞ്ചിന് രാവിലെ 10.30 ന് കോളജിൽ എത്തണം. യോഗ്യത: ഒന്നാം ക്ലാസ് ബി.ആർക്ക്. പ്രവൃത്തി പരിചയമുള്ളവർക്ക് വെയിറ്റേജ് ലഭിക്കും. ഫോൺ 04734231776.

മിൽമ കാന്റീനിലെ സാമ്പാറിൽ ചത്ത തവള

അമ്പലപ്പുഴ; മിൽമ കാന്റീനിലെ ഭക്ഷണ വിതരണത്തിൽ വ്യാപക ആക്ഷേപം. മിൽമ ജീവനക്കാർക്ക് ശുദ്ധവും ആരോഗ്യകരവും വില കുറഞ്ഞ തരത്തിൽ ഭക്ഷണം ലഭ്യമാക്കാനുമുള്ള ഉദ്ദേശത്തോടെയാണ് കാൻറീൻ പ്രവർത്തിക്കുന്നത്. എന്നാൽ ഇവിടെ വൃത്തിഹീനമായ സാഹചര്യത്തിലാണ് ഭക്ഷണം പാകം ചെയ്യുന്നതെന്ന ആക്ഷേപമാണ് ജീവനക്കാർക്കിടയിൽ ഉള്ളത്. ഇത് സംബന്ധമായി അമ്പലപ്പുഴ ഭക്ഷ്യ സുരക്ഷാ വിഭാഗത്തിന് പല തവണ വിവരമറിയിച്ചെങ്കിലും നടപടി ഉണ്ടായില്ലെന്ന ആക്ഷേപമാണ് ജീവനക്കാർക്കിടയിൽ ഉയരുന്നത്. ഇവിടെ നിന്നും കഴിഞ്ഞ ദിവസം വിതരണം ചെയ്ത സാമ്പാറിൽ ചത്ത തവളയെ കണ്ടതോടെയാണ് വിവരം പുറംലോകം അറിയുന്നത്. ഉച്ചക്ക് ഊണിനോടൊപ്പം വിളമ്പിയ സാമ്പാറിലാണ് ചത്ത തവളയെ കണ്ടത്. എഞ്ചിനിയറിംങ് വിഭാഗത്തിലെ ഒരു ജീവനക്കാരൻ ഊണ് കഴിച്ചപ്പോഴാണ് ഇത് ശ്രദ്ധയിൽപ്പെടുന്നത്. ഇതിൻറെ ചിത്രം സമൂഹമാധ്യമങ്ങളിൽ വന്നതോടെയാണ് കൂടുതൽ വിവരങ്ങൾ പുറംലോകം അറിയുന്നത്. കൻറീനിലെ സാധനങ്ങളുടെ വില അനുസരിച്ചുള്ള നിലവാരം ഇല്ലെന്നുള്ള ആക്ഷേപവും ശക്തമാണ്. വൃത്തിഹീനമായ സാഹചര്യത്തിലാണ് ആഹാരം പാകം ചെയ്യുന്നത്. ശക്തമായ മഴയിൽ അടുക്കള വെള്ളത്തിൽ മുങ്ങുമെന്നും ജീവനക്കാർ പറയുന്നു.

സാമ്പാറിൽ ചത്തനിലയിൽ തവളയെ കണ്ടവിവരം ശ്രദ്ധയിൽപ്പെട്ടിരുന്നതായി കാൻറീൻറെ ചുമതലയുള്ള മാനേജർ ശ്യാമ പറഞ്ഞു. കാൻറീൻ നടത്തിപ്പുകാരനിൽ നിന്നും വിവരങ്ങൾ ശേഖരിച്ചു. ഒഴിച്ചുകറി വിളമ്പുന്ന പാത്രത്തിനുള്ളിൽ എങ്ങനെയോ കയറിക്കൂടിയതാണ് തവള. ഇത് ശ്രദ്ധയിൽപ്പെടാതെ അതിലേക്ക് ചൂട് സാമ്പാർ ഒഴിച്ചതാകാമെന്നാണ് കാന്റീൻ നടത്തിപ്പുകാരൻ പറഞ്ഞതെന്നാണ് ശ്യാമ വെളിപ്പെടുത്തിയത്. കാന്റീന്റെ പ്രവർത്തനത്തിൽ അധികൃതർ തൃപ്തരല്ല. പുതിയ കരാർ ക്ഷണിച്ചിട്ടുണ്ടെന്നും പറഞ്ഞു.



കാന്റീനിലെ ഊണിനോടൊപ്പം വിളമ്പിയ സാമ്പാറിൽ കണ്ട ചത്ത തവള

വിവിധ തസ്തികകളിൽ അഭിമുഖം നാലിന്

തിരുവനന്തപുരം: തിരുവനന്തപുരം ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനു കീഴിലുള്ള എംപ്ലോയബിലിറ്റി സെന്ററിൽ സെയിൽസ് എക്സിക്യൂട്ടീവ് (പുരുഷന്മാർ), സെയിൽസ് മാനേജർ (പുരുഷന്മാർ), ടെലികോളർ (സ്ത്രീകൾ), ഡിജിറ്റൽ മാർക്കറ്റിങ് എക്സിക്യൂട്ടീവ് (സ്ത്രീകൾ), ബിസിനസ് ഡെവലപ്മെന്റ് എക്സിക്യൂട്ടീവ് (സ്ത്രീകൾ/പുരുഷന്മാർ), അസിസ്റ്റന്റ് ബിസിനസ്സ് മാനേജർ (സ്ത്രീകൾ/പുരുഷന്മാർ) എന്നീ തസ്തികകളിലേക്ക് ജൂലൈ നാലിന് അഭിമുഖം നടത്തുന്നു. രാവിലെ 10 മുതലാണ് അഭിമുഖം. സെയിൽസ് എക്സിക്യൂട്ടീവ് യോഗ്യത : ബിരുദം/പ്ലസ് ടു ഫ്രഷേഴ്സ് /പ്രവൃത്തിപരിചയം, സെയിൽസ് മാനേജർ യോഗ്യത : ബിരുദം/എംബിഎ ടെലി കോളർ, ഡിജിറ്റൽ മാർക്കറ്റിങ് എക്സിക്യൂട്ടീവ് യോഗ്യത: ബിരുദം/പ്ലസ് ടു, ബിസിനസ് ഡെവലപ്മെന്റ് എക്സിക്യൂട്ടീവ്, അസിസ്റ്റന്റ് ബിസിനസ് മാനേജർ യോഗ്യത: ബിരുദം. പ്രായപരിധി 35 വയസ്. പ്രവർത്തി പരിചയം ഉള്ളവർക്കും ഇല്ലാത്തവർക്കും എംപ്ലോയബിലിറ്റി സെന്ററിൽ രജിസ്റ്റർ ചെയ്ത്, അഭിമുഖത്തിൽ പങ്കെടുക്കാവുന്നതാണെന്ന് ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് 0471 2992609, 8921916220.

മലയോര പട്ടയം വിവരശേഖരണം: അപേക്ഷ 25 വരെ നൽകാം

തിരുവനന്തപുരം: 1977 ജനുവരി ഒന്നിന് മുൻപ് വനഭൂമിയിൽ കുടിയേറി താമസിച്ചു വരുന്നവർക്ക് അതത് പ്രദേശത്ത് ബാധകമായ ഭൂപതിവ് ചട്ടങ്ങൾ അനുസരിച്ച് പട്ടയം നൽകുന്നതിനുള്ള നടപടികളുടെ ഭാഗമായി മാർച്ച് ഒന്നു മുതൽ 30 വരെ നടത്തിയ വിവര ശേഖരണ പ്രക്രിയയിൽ അപേക്ഷ നൽകാൻ കഴിയാത്തവർക്ക്, ജൂലൈ 10 മുതൽ 25 വരെ അപേക്ഷ നൽകാൻ അവസരം. റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഊർജിതപ്പെടുത്തുന്നതിനുള്ള നടപടികളുടെ ഭാഗമായി ചേർന്ന റവന്യൂ സെക്രട്ടറിയറ്റ് യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് അപേക്ഷ നൽകാൻ സൗകര്യമൊരുക്കിയിട്ടുള്ളത്. വനം, റവന്യൂ വകുപ്പുകളുടെ ജോയിന്റ് വെരിഫിക്കേഷൻ നടന്ന ഇടങ്ങളിൽ ജോയിന്റ് വെരിഫിക്കേഷൻ ലിസ്റ്റിൽ ഉൾപ്പെടാതെ പോയവർ, ജോയിന്റ് വെരിഫിക്കേഷൻ നടക്കാത്ത സ്ഥലങ്ങളിലെ താമസക്കാർ, നാളിതുവരെ പല കാരണങ്ങളാൽ പട്ടയത്തിന് അപേക്ഷിക്കാത്തവർ തുടങ്ങി അർഹരായ ഗുണഭോക്താക്കൾക്ക് ബന്ധപ്പെട്ട വില്ലേജ് ഓഫീസുകളിൽ അപേക്ഷ നൽകാമെന്ന് ലാൻഡ് റവന്യൂ കമ്മിഷണർ അറിയിച്ചു.

തിരുവനന്തപുരം വാർത്തകൾ

മണ്ഡലം പര്യടനത്തിന്റെ ഭാഗമായി നേമം മണ്ഡലത്തിലെ പുത്തൻപള്ളി വാർഡിലെത്തിയ ഡോ.ശശി തരൂരിനെ മുസ്‌ലിംലീഗ് നേതാവ് പരുത്തികുഴി ബഷീറിന്റെ നേതൃത്തിൽ സ്വീകരിക്കുന്നു

മുതലപ്പൊഴിയിലെ അശാസ്ത്രീയത പരിഹരിക്കണമെന്നും മരിച്ചവരുടെ കുടുംബങ്ങളെ സർക്കാർ ഏറ്റെടുക്കണമെന്നും ആവശ്യപ്പെട്ട് കോൺഗ്രസ് ആരംഭിച്ച രാപകൽ സമരം പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ ഉദ്ഘാടനം ചെയ്യുന്നു

മുതലപ്പൊഴിയിൽ കോൺഗ്രസ് നടത്തുന്ന അനിശ്ചിതകാല നിരാഹാര സമരത്തിന് ഐക്യദാർഢ്യം പ്രഖ്യാപിച്ച് മുസ്‌ലിംലീഗ് പ്രവർത്തകർ നടത്തിയ പ്രകടനം

മുതലപ്പൊഴി: അനിശ്ചിതകാല സമരം പ്രഖ്യാപിച്ച് കോൺഗ്രസ്

ചിറയിൻകീഴ്: മുതലപ്പൊഴിയിലെ അശാസ്ത്രീയത പരിഹരിക്കണമെന്നും മരിച്ചവരുടെ കുടുംബങ്ങളെ സർക്കാർ ഏറ്റെടുക്കണമെന്നും ആവശ്യപ്പെട്ട് കോൺഗ്രസ് രാപകൽ സമരം ആരംഭിച്ചു. പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ സമരം ഉദ്ഘാടനം ചെയ്തു. പൊഴിയിൽ ഡ്രെജ്ജിംഗ് നടത്താൻ അദാനി കമ്പനിയോട് ആവശ്യപ്പെടാൻ സർക്കാരിന് ഇച്ഛാശക്തി ഉണ്ടോയെന്ന് വി.ഡി സതീശൻ ചോദിച്ചു. ആവശ്യങ്ങൾ അംഗീകരിക്കുന്നത് വരെ മുതലപ്പൊഴിയിൽ അനിശ്ചിത കാല സമരം നടത്തുവാൻ കോൺഗ്രസ് തീരുമാനിച്ചു. കോൺഗ്രസ് നേതാക്കളായ അഡ്വ. എസ് കൃഷ്ണകുമാർ, ബി.എസ് അനൂപ്, മോനി ശാർക്കര , മുനീർ പെരുമാതുറ, ജോയി ലോറൻസ് എന്നിവർ അനിശ്ചിത കാല നിരാഹാര സമരം ആരംഭിച്ചത്.

കോൺഗ്രസ് ചിറയിൻകീഴ് മണ്ഡലം പ്രസിഡന്റ് സുനിൽ പെരുമാതുറ അധ്യക്ഷത വഹിച്ചു. ഡി.സി.സി പ്രസിഡന്റ് പലോട് രവി മുഖ്യപ്രഭാഷണം നടത്തി. വർക്കല കഹാർ എക്സ് എം.എൽ.എ, മുസ്‌ലിംലീഗ് സംസ്ഥാന പ്രവർത്തക സമിതി അംഗം തോന്നയ്ക്കൽ ജമാൽ, ജില്ലാ സെക്രട്ടറി ഷഹീർ ജി അഹമ്മദ്, ഡി.സി സി ജനറൽ സെക്രട്ടറിമാരായ എം.ജെ ആനന്ദ് അഡ്വ. എസ്. കൃഷ്ണകുമാർ, കെ.എസ് അജിത് കുമാർ, അഡ്വ. വി.കെ രാജു, ജെഫേഴ്സൺ, ബ്ലോക്ക് പ്രസിഡന്റുമാരായ കെ.ആർ അഭയൻ, എം.എസ് നൗഷാദ്, ദലിത് കോൺഗ്രസ് ജില്ലാ പ്രസിഡന്റ് ബി.എസ് അനൂപ്, ഓമന, മണ്ഡലം പ്രസിഡന്റുമാരായ, മോനി ശാർക്കര, കീഴുവിലം ബിജു, എച്ച്.പി ഹാരിസൺ, ജയചന്ദ്രൻ, അബ്ദുൽ ജബ്ബാർ, മൻസൂർ മംഗലപുരം, ഉദയകുമാരി, സജിത് മുട്ടപ്പലം, മഹിൻ എം. കുമാർ, ജോയി, ബൈജു എന്നിവർ സംസാരിച്ചു.

മുസ്‌ലിംലീഗ് ഐക്യദാർഢ്യ പ്രകടനം നടത്തി

ചിറയിൻകീഴ്: മുതലപ്പൊഴിയിൽ കോൺഗ്രസ് നടത്തുന്ന അനിശ്ചിതകാല നിരാഹാര സമരത്തിന് ഐക്യദാർഢ്യം പ്രഖ്യാപിച്ച് മുസ്‌ലിംലീഗ് പ്രവർത്തകർ പ്രകടനം നടത്തി. പെരുമാതുറയിൽ നിന്ന് ആരംഭിച്ച പ്രകടനം മുതലപ്പൊഴിയിലെ സമരവേദിക്ക് മുമ്പിൽ സമാപിച്ചു. നിരവധി പ്രവർത്തകർ പ്രകടനത്തിൽ പങ്കാളിയായി. മുസ്ലിംലീഗ് സംസ്ഥാന പ്രവർത്തന സമിതി അംഗം പ്രൊഫ. തോന്നയ്ക്കൽ ജമാൽ, ജില്ലാ സെക്രട്ടറി ഷഹീർ ജി അഹമ്മദ്, മണ്ഡലം പ്രസിഡന്റ് ചാന്നാങ്കര എം.പി കുഞ്ഞ്, ജനറൽ സെക്രട്ടറി ജസീം ചിറയിൻകീഴ്, കടവിളാകം കബീർ, പെരുമാതുറ ഷാഫി, ഫസിൽ ഹഖ്, സുനിൽ മൗലവി, സജീവ് പുതുക്കുറിച്ചി, എസ് എം അഷ്റഫ്, ഫൈസൽ കിഴുവിലം, സിയാദ് കഠിനംകുളം, ഷാഫി തുടങ്ങിയവർ പ്രകടനത്തിന് നേതൃത്വം നൽകി.

ചികിത്സ ധനസഹായ വിഹിതം മുസ്‌ലിംലീഗ് പാറശ്ശാല പഞ്ചായത്ത് കമ്മിറ്റി പ്രസിഡന്റ് നിസാം കളിയിക്കാവിളക്ക് നൽകി ജില്ലാ ജനറൽ സെക്രട്ടറി നിസാർ മുഹമ്മദ് സുൽഫി ഉൽഘാടനം ചെയ്യുന്നു

ചികിത്സ ധനസഹായ വിതരണം ചെയ്തു

പാറശ്ശാല: നിയോജകമണ്ഡലം മുസ്‌ലിംലീഗ് കമ്മറ്റിയും സൗദി കിഴക്കും പ്രവിശ്യാ കെ.എം.സി സി. തിരുവനന്തപുരം ജില്ലാ കമ്മറ്റിയും നൽകുന്ന ചികിത്സാ ധന സഹായ വിഹിതം മുസ്‌ലിംലീഗ് പാറശ്ശാല പഞ്ചായത്ത് കമ്മിറ്റിയുടെ വിഹിതം പാറശ്ശാല പഞ്ചായത്ത് കമ്മിറ്റി പ്രസിഡന്റ് പ്രസിഡന്റ് നിസാം കളിയക്കാവിളയ്ക്ക് നൽകി ജില്ലാ ജനറൽ സെക്രട്ടറി നിസാർ മുഹമ്മദ് സുൽഫി നൽകി ഉദ്ഘാടനം ചെയ്തു. മണ്ഡലം പ്രസിഡന്റ് പനച്ചമൂട് മുഹമ്മദ് ഹുസൈൻ അധ്യക്ഷത വഹിച്ചു. ജില്ലാ വൈസ് പ്രസിഡന്റ് ഇടവം ഖാലിദ്, വൈസ് പ്രസിഡണ്ട് എം.എം. ഹസ്സൻ, മണ്ഡലം ഓർഗനൈസിംഗ് സെക്രട്ടറി എം. മുഹമ്മദ് ഷാനവാസ് ഖാൻ, മണ്ഡലം വൈസ് പ്രസിഡന്റുമാരായ എ. അബൂബക്കർ കുഞ്ഞ്, എം. മൈദീൻ കണ്ണ്, പൂഴനാട് നസീർ,മണ്ഡലം സെക്രട്ടറിയമാരായ നൗഫൽ ഖാൻ, അൽത്താഫ് പൂഴനാട്, യൂത്ത് ലീഗ് മണ്ഡലം പ്രസിഡന്റ് സൽമാൻ അൽഹുസൈൻ സംസാരിച്ചു. മണ്ഡലം ജനറൽ സെക്രട്ടറി അഡ്വ.സിറാജുദ്ദീൻ സ്വാഗതവും ട്രഷറർ എ. സെയ്തലി നന്ദിയും പറഞ്ഞു.

മാലിന്യ പ്ലാന്റിനെതിരേ ജനകീയ സമര സമിതി പഞ്ചായത്ത് ഓഫീസ് മാർച്ചും ധർണ്ണയും നടത്തി

പാലോട്: പെരിങ്ങമ്മല പഞ്ചായത്തിലെ മാന്തുരുത്തി ചെറുമലകുന്ന് അനധികൃതമായി ഇടിച്ചു നിരത്തി നാടിനായാകെ നാശത്തിലേയ്ക്ക് നയിക്കുന്ന പ്ലാസ്റ്റിക് മാലിന്യ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള നീക്കത്തിൽ നിന്നും പിപ്പ കമ്പനി പിൻമാറണമെന്നും, ചെറുമലക്കുന്ന് അനധികൃതമായ് ഇടിച്ച് നിരത്തിയ കുറ്റവാളികളെ അറസ്റ്റ് ചെയ്യണമെന്നും ആവശ്യപ്പെട്ടുകൊണ്ട് മാന്തുരുത്തിയിൽ നിന്നും പെരിങ്ങമ്മല ഗ്രാമപഞ്ചായത്ത് ആഫീസ് പടിക്കലേക്ക് ജനകീയ സമര സമിതിയുടെ നേതൃത്വത്തിൽ നടത്തിയ പഞ്ചായത്ത് ഓഫീസ് മാർച്ചിലും, ധർണ്ണയിലും പ്രതിഷേധമിരമ്പി.

പെരിങ്ങമ്മല ഗ്രാമപഞ്ചായത്ത് ആഫീസ് പടിക്കലേക്ക് ജനകീയ സമര സമിതിയുടെ നേതൃത്വത്തിൽ നടത്തിയ മാർച്ച് ഇ.പി. അനിൽ ഉദ്ഘാടനം ചെയ്യുന്നു

പരിസ്ഥിതി പ്രവർത്തകനും ഗ്രീൻ റിപ്പോർട്ടർ ചീഫ് റിപ്പോർട്ടറുമായ ഇ.പി. അനിൽ ധർണ്ണ ഉദ്ഘാടനം ചെയ്തു. ലോക പൈതൃക പട്ടിക പട്ടികയിൽ പശ്ചിമ ഘട്ട മലനിരകളെ ഉൾപ്പെടുത്തുന്നതിന് കാരണമായ ജൈവ വൈവിധ്യ കലവറകളുടെ കലവറയായ പെരിങ്ങമ്മലയിൽ അതീവ പരിസ്ഥിതി പ്രധാന്യമുള്ള ചെറുമലക്കുന്നിൽ ഇത്തരത്തിലുള്ള ഒരു സംരംഭവും ആരംഭിക്കുവാൻ പാരിസ്ഥിതിക ബോധമുള്ള പെരിങ്ങമ്മലക്കാർ അനുവദിക്കുകയില്ലെന്നും എനിക്കുറപ്പുണ്ടെന്ന് അദ്ദേഹം പറഞ്ഞു.

അനവധി പരിസ്ഥിതി സമരങ്ങൾ നടത്തി വിജയിച്ച ഈ മണ്ണിനെ തൊട്ടു കളിക്കാൻ ഒരു കമ്പനിയെയും അനുവദിക്കില്ലെന്ന് സമര സമിതി പ്രവർത്തകർ പ്രതിഞ്ജയെടുത്തു. ജനകീയ സമര സമിതി സെക്രട്ടറി പ്ലാമൂട് അജി സ്വാഗതം ആശംസിച്ച ധർണ്ണയിൽ ജനകീയ സമര സമിതി പ്രസിഡന്റ് ജി.ബി. വേണു അദ്ധ്യക്ഷനായിരുന്നു. സി.പി.എം നേതാവ് പി.എസ് മധു, കോൺഗ്രസ് നേതാവ് ആനാട് ജയൻ, ബിജെപി ജില്ല ട്രഷറർ എം. ബാലമുരളി, മുസ്ലിംലീഗ് ജില്ല ജനറൽ സെക്രട്ടറി നിസ്സാർ മുഹമ്മദ് സുൽഫി, സി പി ഐ ലോക്കൽ കമ്മിറ്റി സെക്രട്ടറി എൽ.സാജൻ, ഗ്രാമ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ഗീത പ്രിജി, സമരസമിതി ജനറൽ കൺവീനർ അജിത് പെരിങ്ങമ്മല, സമരസമിതി കൺവീനർമാരായ ആൽബർട്ട്, പ്രഫുല ഘോഷ്, രാജേന്ദ്രൻ ആശാരി, നരേന്ദ്രൻ നായർ, സാലി പാലോട്, സലിം പള്ളിവിള, നസീമ ഇല്യാസ്, പാലോട് ശ്രീകണ്ഠൻ, സുധീർ ഷാ പാലോട് , താന്നിമൂട് ഷംസുദീൻ, ഇല്യാസ് കുഞ്ഞ് താന്നിമൂട് തുടങ്ങിയവർ പ്രസംഗിച്ചു.

പെരിങ്ങമ്മല ഗ്രാമ പഞ്ചായത്തിലെ മാന്തുരുത്തിയിൽ പഞ്ചായത്തിന്റെയോ ജിയോളജി വകുപ്പിന്റെയോ അനുമതി ഇല്ലാതെ നിയമവിരുദ്ധമായാണ് ചെറുമലക്കുന്നിന്റെ ഭാഗമായ ഒന്നര ഏക്കർ സ്ഥലം ഒരു സ്വകാര്യ വ്യവസായ സ്ഥാപനത്തിന് വേണ്ടി ഇടിച്ചു നിരത്തുകയും അനവധി ലോഡ് പ്ലാസ്റ്റിക് മാലിന്യം അവിടെ കുന്നു കൂട്ടുകയും ചെയ്തിരിക്കുന്നു. ജനകീയ സമര സമിതിയുടെ നിരന്തര ആവശ്യപ്രകാരം മാലിന്യം അവിടെ നിന്നും നീക്കം ചെയ്യുവാൻ പഞ്ചായത്ത് രേഖമൂലം ആവശ്യപ്പെട്ടിട്ടും അത് അവിടെ നിന്നും മാറ്റുവാൻ മാലിന്യ പ്ലാന്റ് കമ്പനി അധികൃതർ തയ്യാറായിട്ടില്ല.

കരമന മാഹിൻ വിടവാങ്ങിയിട്ട് ഇന്ന് അഞ്ച് വർഷം

തിരുവനന്തപുരം: തലസ്ഥാന നഗരിയിലെ ഹരിത രാഷ്ട്രീയത്തിന്റെ കരുത്തറ്റ ശബ്ദവും തന്റെ പൊതുജീവിതം ജനസേവനത്തിനും ജീവകാരുണ്യപ്രവർത്തനത്തിനുമായി മാറ്റിവെച്ച കരമന മാഹിൻ വിടവാങ്ങിയിട്ട് ഇന്ന് അഞ്ചുവർഷം തികയുന്നു.

മുസ്‌ലിംലീഗ് ജില്ലാ സെക്രട്ടറിയായി പ്രവർത്തിക്കവേയാണ് അദ്ദേഹം വിട പറഞ്ഞത്. എംഎസ്എവഎലൂടെ പൊതുപ്രവർത്തനം ആരംഭിച്ച കരമന മാഹിൻ മുസ്‌ലിം യൂത്ത് ലീഗ് ജില്ലാ പ്രസിഡന്റ്, തിരു. നഗരസഭ കൗൺസിലർ, മുസ്‌ലിംലീഗ് സംസ്ഥാന കൗൺസിൽ അംഗം, സ്വതന്ത്ര കർഷകസംഘം ജില്ലാ പ്രസിഡന്റ്, ജനറൽ സെക്രട്ടറി, തിരുവനന്തപുരം സി.എച്ച് സെന്റർ സെക്രട്ടറി, കരമന മുസ്‌ലിം ജമാഅത്ത് പ്രസിഡന്റ്, ജനറൽ സെക്രട്ടറി, ജമാഅത്ത് ഫെഡറേഷൻ സംസ്ഥാന സെക്രട്ടറി, സ്മാൾ സ്റ്റാർ വർക്കേഴ്സ് യൂണിയൻ (എസ് ടിയു) പ്രസിഡന്റ്, മുസ്‌ലിം അസോസിയേഷൻ സെക്രട്ടറി തുടങ്ങി നിരവധി സംഘടനകളുടെ അമരക്കാരനായി പ്രവർത്തിക്കുകയും തലസ്ഥാനത്തെ മത രാഷ്ട്രീയ സാമൂഹ്യ, സാംസ്കാരിക മേഖലകളിലെ നിറസാന്നിധ്യമായിരുന്നു.

എംഎസ്എഫ് യൂത്ത് ലീഗ് പ്രവർത്തകരുടെ പ്രിയപ്പെട്ട നേതാവായിരുന്നു. തലസ്ഥാന നഗരിയിൽ ഏത് സമയത്തും സഹായത്തിനായി വിളിക്കാൻ കഴിയുന്ന നേതാവായിരുന്നു അദ്ദേഹം. വിനയം മുഖമുദ്രയാക്കിയ വ്യക്തിത്വം പുഞ്ചിരിക്കുന്ന മുഖവുമായി കർമ്മമണ്ഡലങ്ങളിൽ സജീവമായിരുന്നു. മുസ്‌ലിംലീഗ് ജില്ലാ കമ്മിറ്റി യോഗം കഴിഞ്ഞു ലീഗ് ഹൗസിൽ നിന്നും വീട്ടിലേക്ക് മടങ്ങവേയായിരുന്നു അന്ത്യം.

ശമ്പളപരിഷ്കരണ ദിനം കേരള ഗസറ്റഡ് ഓഫീസേഴ്സ് യൂണിയൻ (കെ.ജി.ഒ.യു) സെക്രട്ടറിയേറ്റിന് മുന്നിൽ നടത്തിയ ധർണ ഡോ. രാജേഷ് ഉദ്ഘാടനം ചെയ്യുന്നു

കേരള മുസ്‌ലിം ജമാഅത്ത് ഫെഡറേഷൻ തിരുവനന്തപുരം ജില്ല കൗൺസിൽ യോഗം കടയ്ക്കൽ ജുനൈദ് ഉദ്ഘാടനം ചെയ്യുന്നു

വർഗീയ വൈരം വളർത്തുന്നവരെ ഒറ്റപ്പെടുത്തുക

തിരുവനന്തപുരം: സംസ്ഥാനത്ത് വർഗീയ വൈരം വളർത്താൻ ഒളിഞ്ഞും തെളിഞ്ഞും പ്രവർത്തിക്കുന്നവരെ ഒറ്റപ്പെടുത്തണമെന്ന് കേരള മുസ്‌ലിം ജമാഅത്ത് ഫെഡറേഷൻ തിരുവനന്തപുരം ജില്ല കൗൺസിൽ യോഗം അഭിപ്രായപ്പെട്ടു. കുപ്രചരണങ്ങളും തെറ്റിദ്ധാരണകളും സൃഷ്ടിച്ച് സമൂഹത്തിൽ ഭിന്നത വളർത്തുന്നവർ എത്ര ഉന്നതരായാലും അവർക്കെതിരെ നടപടി സ്വീകരിക്കാൻ സർക്കാർ സന്നദ്ധമാകണം.

ഉദ്യോഗ രംഗങ്ങളിലെ സമുദായങ്ങളുടെ പ്രാതിനിധ്യ കണക്ക് നിയമസഭയിൽ വച്ചപ്പോൾ മുസ്ലിങ്ങൾക്കാണ് ഏറ്റവും കുറവ് എന്ന് വ്യക്തമായ സാഹചര്യത്തിൽ തൽ സംബന്ധമായി കള്ളപ്രചരണം നടത്തിയവർ മാപ്പ് പറയണം. പ്രാതിനിധ്യ കുറവുള്ള സമുദായങ്ങൾക്ക് കുറവു പരിഹരിക്കാൻ സർക്കാർ സത്വര നടപടി സ്വീകരിക്കണമെന്നും യോഗം ആവശ്യപ്പെട്ടു.

ഓഗസ്റ്റ് 17ന് കൊല്ലത്ത് നടക്കുന്ന ജമാഅത്ത് ഫെഡറേഷന്റെ മഹല്ല് സംഗമം വിജയിപ്പിക്കാനും യോഗം തീരുമാനിച്ചു. ജില്ലാ പ്രസിഡണ്ട് തോന്നയ്ക്കൽ കെ എച്ച് മുഹമ്മദ് മൗലവിയുടെ അധ്യക്ഷതയിൽ കൂടിയ യോഗം സംസ്ഥാന ഓർഗനൈസിംഗ് സെക്രട്ടറി കടയ്ക്കൽ ജുനൈദ് ഉദ്ഘാടനം ചെയ്തു. ജില്ലാ ജനറൽ സെക്രട്ടറി അഡ്വക്കേറ്റ് എ എം കെ നൗഫൽ പ്രമേയം അവതരിപ്പിച്ചു.

പ്രൊഫ. കെ വൈ മുഹമ്മദ് കുഞ്ഞ് ,എ എം താജ് ആരുഡിയിൽ,ഇലവുപാലം ഷംസുദ്ദീൻ മന്നാനി, പാച്ചല്ലൂർ ഇസ്മായിൽ മൗലവി, ഷാഹുൽഹമീദ് നേമം,വൈ സഫീർ ഖാൻ മന്നാനി, മുണ്ടക്കയം ഹുസൈൻ മൗലവി, എ വൈ ഷിജു, പി എ അഹമ്മദ് കുട്ടി, എം ലിയാഖത്ത് അലിഖാൻ, പനച്ചമൂട് സയ്യിദ്, റൂബി അബ്ദുൽ ഖാദർ, പാച്ചല്ലൂർ ഷഹീർ മൗലവി, പി എ റഷീദ് വിതുര, പനച്ചമൂട് ഷാജഹാൻ, ജലാലുദ്ദീൻ മൗലവി ചിറയിൻകീഴ്, ഷറഫുദ്ദീൻ പനത്തുറ, സുനിൽ അലി കൂട്ടപ്പു, അഷ്റഫ് മൗലവി വാളക്കാട് എന്നിവർ സംസാരിച്ചു. മഹല്ല് സംഗമത്തിലേക്കുള്ള ജില്ലാ രജിസ്ട്രേഷന്റെ ഉദ്ഘാടനവും യോഗത്തിൽ നടന്നു.

കാർ മോഷണക്കേസിലെ പ്രതി അറസറ്റിൽ

പാങ്ങോട്: കാർ മോഷണക്കേസിലെ പ്രതി അറസ്റ്റിലായി. ചിതറ മേച്ചേരി സഞ്ജു വിലാസത്തിൽ സഞ്ജുവാണ് (46) അറസ്റ്റിലായത്. അയിരൂർ മുക്ക് സ്വദേശി നസീമിന്റെ മാരുതി കാറാണ് മോഷണം പോയത്. ഇക്കഴിഞ്ഞ ശനിയാഴ്ച വൈകിട്ടായിരുന്നു സംഭവം. നസീമിന്റെ ഭാര്യ ട്യൂഷൻ സെന്ററിൽ നിന്നും മക്കളെ വിളിച്ച് കൊണ്ട് വന്ന് കാർ റോഡരുകിൽ നിർത്തിയിട്ട ശേഷം അകത്തേക്ക് പോയ അവസരത്തിൽ പ്രതി കാറുമെടുത്ത് കടന്നുകളയുകയായിരുന്നു. തുടർന്ന് നസീം പാങ്ങോട് പൊലീസിൽ പരാതി നൽകി. ഇതിന്റെ അടിസ്ഥാനത്തിൽ കേസെടുത്ത പൊലീസും തിരുവനന്തപുരം റൂറൽ എസ്.പി.യുടെ സ്പെഷ്യൽ സ്ക്വാഡും സംയുക്തമായി വിവിധയിടങ്ങളിൽ നിന്നുള്ള സി.സി.ടി.വി. ദൃശ്യങ്ങൾ ശേഖരിച്ച് നടത്തിയ അന്വേഷണത്തിൽ പ്രതിയെ കടയ്ക്കലിൽ നിന്നും പിടികൂടുകയായിരുന്നു. കിളിമാനൂർ, വർക്കല, പാങ്ങോട് പൊലീസ് സ്റ്റേഷനുകളിൽ ബൈക്ക് മോഷണവുമായി ബന്ധപ്പെട്ട് ഇയാൾക്ക് നിരവധി കേസുകളുണ്ടന്ന് പൊലീസ് പറഞ്ഞു. സ്പെഷ്യൽ സ്ക്വാഡ് എസ്.ഐ.ദിലീപ്, പാങ്ങോട് എസ്.ഐ. ബിനിമോൾ, സിവിൾ പൊലീസ് ഓഫീസർമാരയ രാഹുൽ, ഗ്രേഡ് സിവിൾ പോലീസ് ഓഫീസർമാരായ റജിമോൻ, സഞ്ജീവ് എന്നിവരടങ്ങിയ സംഘമാണ് പ്രതിയെ പിടികൂടിയത്. പ്രതിയെ കോടതിയിൽ ഹാജരാക്കി.

കാപ്പാ നിയമം ലംഘിച്ച ആൾ പിടിയിലായി

നെടുമങ്ങാട്: കാപ്പാ നിയമം ലംഘിച്ച ആൾ പിടിയിൽ. സ്റ്റേഷൻ പരിധിയിൽ കരകുളം വില്ലേജിൽ വേങ്കോട് നെയ്യപ്പള്ളി തെക്കുംകര വീട്ടിൽ തോപ്പിൽ ഷൈജു എന്നറിയപ്പെടുന്ന വിനോദ് (37) ആണ് കാപ്പാ നിയമപ്രകാരമുള്ള ഉത്തരവ് ലംഘിച്ചതിന് നെടുമങ്ങാട് പൊലീസിന്റെ പിടിയിലായത്. സ്ത്രീകളെ ഉപദ്രവിക്കൽ, മോഷണം, വധശ്രമം, അടിപിടി, തീവെപ്പ് തുടങ്ങി 15ലധികം ക്രിമിനൽ കേസുകളിൽ പ്രതിയായി കാപ്പ നിയമം പ്രകാരം തിരുവനന്തപുരം റേഞ്ച് ഡിഐജി ആർ. നിശാന്തിനി ഇയാളെ ജില്ലയിൽ നിന്നും നാടുകടത്തിയിരുന്നു. വിലക്ക് ലംഘിച്ച് നെടുമങ്ങാട് എത്തിയ ഇയാൾ നെടുമങ്ങാട് സൂര്യ റോഡിലുള്ള ഹോട്ടലിൽ എത്തി ജീവനക്കാരിയായ യുവതിയെ കയ്യേറ്റം ചെയ്തതിന് കസ്റ്റഡിയിൽ എടുത്തിരുന്നു. തുടർന്നാണ് കാപ്പ നിയമലംഘനത്തിന് ഇയാളെ അറസ്റ്റ് ചെയ്തത്. നെടുമങ്ങാട് എസ് എച്ച് ഒ അനീഷ് ബിയൂടെ നേതൃത്വത്തിൽ എസ് ഐ അജി, സി പി ഓ മാരായ റിസ്വാൻ വൈശാഖ് എന്നിവർ അടങ്ങിയ സംഘമാണ് പ്രതിയെ പിടികൂടിയത്. നെടുമങ്ങാട് മജിസ്ട്രേറ്റ് കോടതിയിൽ ഹാജരാക്കിയ പ്രതിയെ റിമാൻഡ് ചെയ്തു.

വീട്ടമ്മയുടെ സ്വർണ്ണമാല പിടിച്ചുപറിച്ച പ്രതിയെ അറസ്റ്റ് ചെയ്തു

വിഴിഞ്ഞം: വലിയകുളം ഭാഗത്ത് നിന്നും വീട്ടമ്മയുടെ സ്വർണ്ണ മാല പിടിച്ചുപറിച്ച ശേഷം ഒളിവിൽ കഴിഞ്ഞു വന്ന പ്രതിയെ കോവളം പൊലീസ് അറസ്റ്റ് ചെയ്തു. വിഴിഞ്ഞം ഹാർബർ മൈലാഞ്ചിക്കല്ല് വീട്ടിൽ അല്ലു എന്ന് വിളിക്കുന്ന അൽ അമീൻ (29) ആണ് പിടിയിലായത്.

തമിഴ്നാട്ടിലെ ഒളിയിടത്ത് നിന്നാണ് കോവളം പൊലീസ് പിടികൂടിയത്. മോഷണവും പിടിച്ചുപറിയും ഉൾപ്പെടെ 17 ഓളം ക്രിമിനൽ കേസുകളിൽ പ്രതിയാണ് ഇയാളെന്ന് പൊലീസ് പറഞ്ഞു. കഴിഞ്ഞ ജൂൺ 26 ന് ബൈക്കിലെത്തിയ ഇയാൾ വലിയകുളം സ്വദേശിയായ വീട്ടമ്മയോട് വഴി ചോദിക്കാനെന്ന വ്യാജേന അടുത്തത്തി രണ്ടരപ്പവന്റെ സ്വർണ്ണ മാല പിടിച്ചുപറിച്ച ശേഷം കടന്നുകളയുകയായിരുന്നു. കൃത്യത്തിന് ശേഷം തമിഴ്നാട്ടിലെ വിവിധ സ്ഥലങ്ങളിൽ ഒളിവിൽ കഴിയുകയായിരുന്ന പ്രതിയെ നാഗർ കോവിൽ ഭാഗത്ത് വച്ചാണ് കോവളം പൊലീസ് സ്റ്റേഷൻ എസ്.എച്ച്.ഒ സജീവ് ചെറിയാൻ, എസ്.ഐ മാരായ പ്രദീപ്, അനിൽകുമാർ, മുനീർ, എ.എസ്.ഐ മാരായ ശ്രീകുമാർ, മൈന, സി പി ഒ മാരായ സെൽവദാസ്, ഗിരി, സജിത്ത്, അശോക്, ഷൈജു,ശ്യാം കൃഷ്ണൻ, ബിജു, കൃഷ്ണകുമാർ എന്നിവരടങ്ങിയ സംഘമാണ് അറസ്റ്റ

ഗൾഫ് ചന്ദ്രിക
gulfchandrikanews@gmail.com
2024 ജൂലൈ 03 ബുധൻ
ഗൾഫ് ചന്ദ്രിക

മഴക്കാല പൂർവ്വ ശുചീകരണം ദയനീയമായി പരാജയപ്പെട്ടു. ഇക്കാര്യം തദ്ദേശ മന്ത്രി തന്നെ സമ്മതിച്ചു. തിരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടത്തിന്റെ ഭാഗമായി യോഗങ്ങൾ ചേരുന്നതിന് മാത്രമാണ് വിലക്കുണ്ടായിരുന്നത്. മന്ത്രിയും എം.എൽ.എയും യോഗം ചേർന്നിട്ടാണോ മഴക്കാലപൂർവ്വശുചീകരണം നടത്തുന്നത് ? ഇതൊക്കെ ചെയ്യാൻ സർക്കാരിന് സംവിധാനം വേണ്ടേ. തിരഞ്ഞെടുപ്പിന്?.

–വി.ഡി സതീശൻ

ആരോഗ്യ മേഖലയിലെ പ്രശ്നങ്ങൾ ചൂണ്ടിക്കാട്ടുമ്പോൾ ആരോഗ്യ മന്ത്രി കണക്കുകൾ നിരത്തുകയാണ്. അതുകേട്ട് സായൂജ്യമടയാനാവില്ല. ആകെപ്പാടെ നിയന്ത്രണം വിട്ട നിലയിൽ സംസ്ഥാനം തന്നെ മലിനമായിക്കൊണ്ടിരിക്കുന്നു. ലോകനിരവാരം ആയിരുന്നു എന്ന് നമ്മൾ പറഞ്ഞിരുന്നത് മാലിന്യനിർമാർജനം അടക്കമുള്ളവ നിയന്ത്രണത്തിൽ കൊണ്ടുപോയതു കൊണ്ടാണ്. അഞ്ചെട്ടുകൊല്ലമായി എല്ലാം നഷ്ടമായി. സാംക്രമിക രോഗങ്ങൾ പടരുന്നു. ലോകത്തുള്ള അപൂർവരോഗങ്ങൾ പോലും കേരളത്തിൽ വ്യാപകമാകുന്നു.

– പി.കെ കുഞ്ഞാലിക്കുട്ടി

കേരള വാർത്തകൾ

തെരഞ്ഞെടുപ്പിന് ശേഷം വ്യാപകമായി ന്യൂനപക്ഷങ്ങൾ ആക്രമിക്കപ്പെട്ടു

രാജ്യസഭയിലെ ആദ്യ പ്രസംഗത്തിൽ കേന്ദ്രത്തിനെതിരെ രൂക്ഷ വിമർശനവുമായി അഡ്വ. ഹാരിസ് ബീരാൻ

ന്യൂഡൽഹി: ലോക്സഭാ തെരഞ്ഞെടുപ്പിന് ശേഷം രാജ്യത്ത് വ്യാപകമായി ന്യൂനപക്ഷങ്ങളും ദളിതരും ആക്രമിക്കപ്പെട്ടുവെന്ന് അഡ്വ. ഹാരിസ് ബീരാൻ എം.പി പറഞ്ഞു. റായ്പൂർ, മധ്യപ്രദേശ്, യു.പി, അലിഗഡ്, ലക്നൗ, ഗുജറാത്ത് തുടങ്ങിയ പ്രദേശങ്ങളിലെല്ലാം ന്യൂനപക്ഷ വിഭാഗങ്ങൾ ആക്രമിക്കപ്പെട്ടു. ക്രിക്കറ്റ് കളി കാണാൻ പോയ മുസ്‌ലിം യുവാവിനെ പോലും അടിച്ച് കൊല്ലുന്ന സാഹചര്യമുണ്ടായി. വിദ്വേഷ പ്രസംഗങ്ങളാണ് ഈ ആക്രമണങ്ങൾക്ക് പ്രേരകമായത്. പോലീസും അന്വേഷണ സംഘങ്ങളും ഇതിനെതിരെ യാതൊന്നും ചെയ്യാതെ നിസ്സംഗരായി നോക്കി നിൽക്കുകയാണ്. രാജ്യത്തെ പൗരന്മാരെ സംരക്ഷിക്കാനുള്ള ഉത്തരവാദിത്തം ഗവൺമെന്റിനുണ്ടെന്നും എന്നാൽ ഒരു പ്രത്യേക സമുദായത്തെ പ്രതിരോധത്തിലാക്കുന്ന രീതിയിലാണ് പ്രധാനമന്ത്രി പോലും സംസാരിച്ചുകൊണ്ടിരുന്നതെന്നും ഹാരിസ് ബീരാൻ പറഞ്ഞു. രാജ്യസഭയിലെ തന്നെ കന്നി പ്രസംഗത്തിലാണ് കേന്ദ്രത്തിനെതിരെ രൂക്ഷ വിമർശനവുമായി ഹാരിസ് ബീരാൻ രംഗത്തെത്തിയത്. ജാതി സെൻസസ് നടത്താൻ ഗവൺമെന്റ് തയ്യാറാവണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു. ഭരണഘടനയുടെ ആർട്ടിക്കിൾ 16 വളരെ വ്യക്തമായി പിന്നോക്ക സമുദായങ്ങളുടെ സർക്കാർ പ്രാതിനിധ്യത്തെക്കുറിച്ച് പറയുന്നുണ്ട്. ജാതി സെൻസസ് നടത്താതെ ഗവൺമെന്റ് ജോലികളിലേക്ക് പിന്നോക്ക വിഭാഗങ്ങൾക്ക് എത്തിച്ചേരാനാവില്ല. ദൗർഭാഗ്യകരമെന്ന് പറയട്ടെ, കേന്ദ്രം ജാതി സെൻസസിനെക്കുറിച്ച് മൗനം പാലിക്കുകയാണ്. കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധി നിരന്തരമായി ഇക്കാര്യം ആവശ്യപ്പെടുന്നുണ്ട്. നിരവധി സംസ്ഥാനങ്ങൾ ഇതിനകം തന്നെ ജാതി സെൻസസ് ആരംഭിച്ചതായും ഹാരിസ് ബീരാൻ ചൂണ്ടിക്കാട്ടി.

അർഹമായ കേന്ദ്ര വിഹിതത്തിന് വേണ്ടി സുപ്രിംകോടതിയെ സമീപിക്കേണ്ട ഗതികേടിലാണ് കേരളം ഉൾപ്പെടെയുള്ള സംസ്ഥാനങ്ങളെന്നും ഫെഡറലിസത്തെ മാനിക്കാൻ സർക്കാർ തയ്യാറാവണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. പുതിയ ക്രിമിനൽ നിയമം രാജ്യത്തെ പൗരന്മാരെയെല്ലാം സംശയത്തിന്റെ മുനയിൽ നിർത്തുന്നതാണെന്നും അദ്ദേഹം പറഞ്ഞു. പോലീസിന് കൂടുതൽ അധികാരം നൽകുന്നത് പൗരന്മാരുടെ സ്വാതന്ത്ര്യത്തെ ബാധിക്കും. രാജ്യത്ത് പോലീസ് രാജ് സംഭവിക്കാൻ പുതിയ ക്രിമിനൽ നിയമം കാരണമാകുമെന്നും അദ്ദേഹം പറഞ്ഞു. നീറ്റ് പരീക്ഷയിലെ ക്രമക്കേടുകൾ ദൗർഭാഗ്യകരമാണ്. 25 ലക്ഷം വിദ്യാർത്ഥികൾ മൂന്ന് വർഷത്തിലേറെ കഠിനാധ്വാനം ചെയ്താണ് പരീക്ഷയെഴുതാൻ വരുന്നത്. ഒരു കുട്ടിയെങ്കിലും അനർഹമായി റാങ്ക് നേടിയിട്ടുണ്ടെങ്കിൽ പരീക്ഷ റദ്ദാക്കി ഉടൻ പുനഃപരീക്ഷ നടത്തണം. അത് മാത്രമാണ് വിദ്യാർത്ഥികളോട് ചെയ്യേണ്ട നീതി. നാഷണൽ ടെസ്റ്റിങ് ഏജൻസി (എൻ.ടി.എ) വർഷങ്ങളായി ക്രമക്കേടുകൾ തുടരുകയാണ്. എൻ.ടി.എ തന്നെ എടുത്ത് കളഞ്ഞ് സംസ്ഥാന സർക്കാറുകൾക്ക് ഇത്തരം പരീക്ഷകൾ നടത്താനുള്ള അനുമതി നൽകണമെന്നും അദ്ദേഹം പറഞ്ഞു.

CLICK രാജ്യസഭാങ്കണത്തിൽ കോൺഗ്രസ് നേതാവ് സോണിയാഗാന്ധിക്കൊപ്പം പാണക്കാട് സയ്യിദ് സാദിഖലി ശിഹാബ് തങ്ങൾ. സി.കെ സുബൈർ, പാറക്കൽ അബ്ദുല്ല, ഹംസ, ഹാരിസ് ബീരാൻ തുടങ്ങിയവർ സമീപം

പ്രിൻസിപ്പലിനെ മർദ്ദിച്ച എസ്.എഫ്.ഐക്കാരുടെ കൊലവിളി

'അധ്യാപകൻ രണ്ടു കാലിൽ കോളജിൽ കയറില്ല'

കോഴിക്കോട്: കൊയിലാണ്ടി ഗുരുദേവ കോളജ് സംഘർഷവുമായി ബന്ധപ്പെട്ട് കൊലവിളിയുമായി എസ്.എഫ്.ഐ മുന്നോട്ടു പോകുമ്പോഴും പൊലീസിന് നിസംഗത. എസ്എഫ്ഐ നേതാവിനെ മർദ്ദിച്ച അധ്യാപകൻ ഇനി രണ്ടു കാലിൽ കോളജിൽ കയറില്ലെന്നു എസ്എഫ്ഐ ഏരിയ സെക്രട്ടറി നവതേജ് പരസ്യമായി വെല്ലുവിളിച്ചു. അങ്ങനെ പറഞ്ഞിട്ടുണ്ടെങ്കിൽ അത് ചെയ്യാനുള്ള കഴിവ് എസ്.എഫ്.ഐക്ക് ഉണ്ട്.

ഈ അധ്യാപകരെ എങ്ങനെ കൈകാര്യം ചെയ്യണമെന്ന് എസ്.എഫ്.ഐക്ക് അറിയാം. ഇപ്പോൾ സംയമനം പാലിക്കുകയാണ്. പ്രിൻസിപ്പലിനെ അടിച്ചു ആശുപത്രിയിൽ ആക്കാൻ തീരുമാനിച്ചിട്ടില്ല. അങ്ങനെ ഒരു തീരുമാനം എടുത്തിരുന്നെങ്കിൽ അതും ചെയ്തേനെ. പൊലീസിനെ മാത്രമല്ല, ആമ്പുലൻസും വേണ്ടിവരും. നവതേജ് വധഭീഷണി മുഴക്കി. കൊയിലാണ്ടി ഗുരുദേവ കോളജിൽ പ്രിൻസിപ്പലിനെ എസ്.എഫ്.ഐക്കാർ മർദ്ദിച്ച സംഭവത്തിൽ പൊലീസ് ആദ്യം കേസെടുത്തത് എസ്എഫ്ഐയുടെ പരാതിയിലാണെന്നത് പ്രതിഷേധത്തിനിടയാക്കിയിട്ടുണ്ട്. തുടർന്ന് രണ്ടു മണിക്കൂറിനു ശേഷമാണ് മർദനമേറ്റ പ്രിൻസിപ്പലിന്റെ പരാതിയിൽ കേസെടുത്തത്. എസ്.എഫ്.ഐയുടെ പരാതിയിൽ പ്രിൻസിപ്പൽ സുനിൽ ഭാസ്കറും സ്റ്റാഫ് സെക്രട്ടറി രമേഷും പ്രതികളാണ്. പ്രിൻസിപ്പലിന്റെ പരാതിയിൽ കണ്ടാലറിയുന്ന 15 പേർക്കെതിരെയാണ് കേസ് എടുത്തിട്ടുള്ളത്. എന്നാൽ എഫ്ഐആറിൽ ആരുടെയും പേര് പരാമർശിച്ചിട്ടില്ല.

അതേസമയം, കോളജിന് പുറത്തുനിന്നുൾപ്പെടെ എത്തിയ എസ്എഫ്ഐ പ്രവർത്തകരാണ് തന്നെ മർദ്ദിച്ചതെന്ന് പ്രിൻസിപ്പൽ സുനിൽ ഭാസ്കർ പറഞ്ഞു. കൈപിടിച്ച് തിരിക്കുകയും മുഖത്തടിക്കുകയും പുറത്ത് മർദ്ദിക്കുകയും ചെയ്തു. യാതൊരു പ്രകോപനവുമില്ലാതെയാണ് എസ്എഫ്ഐ പ്രവർത്തകർ മർദിച്ചതെന്നും സുനിൽ ഭാസ്കർ വിശദീകരിച്ചു. കൊയിലാണ്ടി ഗുരുദേവാ കോളജ് പ്രിൻസിപ്പലിനെ പുറത്താക്കണമെന്നാവശ്യപ്പെട്ട് സമരം സംഘടിപ്പിക്കുമെന്ന് എസ്എഫ്ഐ കോളജിൽ ഹെൽപ് ഡെസ്ക് തുടങ്ങാൻ അനുമതി നൽകണമെന്നാവശ്യപ്പെട്ട ഏരിയാ പ്രസിഡന്റ് അഭിനവിനെ പ്രിൻസിപ്പലാണ് ആക്രമിച്ചതെന്നും എസ്എഫ്ഐ നേതാക്കൾ ആരോപിച്ചു. എന്നാൽ, സി.സി ടി.വി ദൃശ്യങ്ങൾ ഉൾപ്പെടെ എസ്.എഫ്.ഐയുടെ വാദങ്ങൾ പൊളിക്കുന്നതാണ്.

CLICK മർദ്ദനമേറ്റ കൊയിലാണ്ടി ഗുരുദേവ കോളജ് പ്രിൻസിപ്പൽ സുനിൽ ഭാസ്കർ, 2. ഭീഷണി പ്രസംഗം നടത്തിയ എസ്.എഫ്.ഐ നേതാന് നവതേജ്

പൊലീസ് മേധാവി 'പ്രതിക്കൂട്ടിൽ'

വിവാദ ഭൂമി ഇടപാടിൽ പണം തിരികെ നൽകിയേക്കും

തിരുവനന്തപുരം: സംസ്ഥാന പൊലീസ് മേധാവി ഉൾപ്പെട്ട ഭൂമി ഇടപാട് കേസ് വൻവിവാദമായതോടെ ഒത്ത് തീർത്ത് മുഖം രക്ഷിക്കാൻ നീക്കം. പരാതിക്കാരനായ പ്രവാസിക്ക് മുഴുവൻ തുകയും തിരിച്ച് നൽകാനാണ് ശ്രമം. ഇതിനിടെ ബാധ്യത മറച്ചുവെച്ച് ഡി.ജി.പി നടത്തിയ ഭൂമി ഇടപാടിനെ കുറിച്ച് മുഖ്യമന്ത്രിക്ക് നേരത്തെ പരാതി നൽകിയതിന്റെ വിവരം പുറത്തായി. ഗുരുതരസ്വാഭാവമുള്ള പരാതി പരിഗണനയിലിരിക്കെയാണ് ഡി.ജി.പി ഷെയ്ഖ് ദർവേഷ് സാഹിബിന് കാലാവധി നീട്ടി നൽകിയത്. സംസ്ഥാന പൊലീസ് മേധാവിക്കെതിരെ ഇത്ര ഗുരുതരമായ പരാതി വരുന്നതും കോടതിയുടെ ഇടപെടലുണ്ടാകുന്നത് അസാധാരണ സംഭവമായി. ആഭ്യന്തരവകുപ്പിനെതിരെ പാർട്ടി യോഗങ്ങളിലും പുറത്തും വലിയ വിമർശനങ്ങൾ ഉയരുമ്പോഴാണ് പൊലീസ് മേധാവി തന്നെ വിശ്വാസവഞ്ചനാ കേസിൽ പ്രതിക്കൂട്ടിലാകുന്നത്. ഭൂമിയുടെ പേരിലുള്ള ലോൺ വിവരം മറച്ചുവെച്ച് വിൽപന കരാർ ഉണ്ടാക്കിയത് ഗുരുതര കുറ്റമാണ്. അതിലും ഗൗരവമേറിയതാണ് ആദായനികുതി വകുപ്പിന്റെ മാർഗരേഖ മറികടന്ന് സ്വന്തം ചേംബറിൽ വെച്ച് അഞ്ചു ലക്ഷം രൂപ നേരിട്ട് കൈപ്പറ്റിയത്. ഡി.ജി.പി നടത്തിയ ക്രമക്കേടിനെ കുറിച്ച് അക്കമിട്ട് നിരത്തിയുള്ള പരാതി നേരത്തെ ലഭിച്ചിട്ടും അനങ്ങാത്ത മുഖ്യമന്ത്രിക്കും ഉത്തരവാദിത്വത്തിൽ നിന്നൊഴിയാനാകില്ല.

കഴിഞ്ഞ മാസം 24നാണ് പ്രവാസിയായ ഉമർ ഷെറീഫ് മുഖ്യമന്ത്രിക്ക് ഓൺലൈനായി പരാതി നൽകിയത്. പരാതി കൈപ്പറ്റിയ ശേഷം തുടർനടപടിക്ക് ആഭ്യന്തരവകുപ്പ് അഡീഷനൽ ചീഫ് സെക്രട്ടറിക്ക് കൈമാറി. കോടതി ഉത്തരവ് അടക്കമുള്ള തെളിവുകളോടെയായിരുന്നുപ രാതി. പരാതി നിലനിൽക്കെയാണ് രണ്ട് ദിവസത്തിന് ശേഷം ഷേയ്ഖ് ദർവേസ് സാഹിബിന് സർവ്വീസ് കാലാവധി നീട്ടിയത്. ഭൂമി വിവാദത്തിൽ സർക്കാറും സേനയും ഒരു പോലെ വെട്ടിലായതോടെയാണ് അതിവേഗത്തിലുള്ള ഒത്ത് തീർപ്പ് ശ്രമങ്ങൾ. ഉമർ ഷെറീഫിൽ നിന്ന് കൈപ്പറ്റിയ 30 ലക്ഷം രൂപ ഉടൻ കൈമാറി കേസ് അവസാനിപ്പിക്കാനാണ് ശ്രമം. പണം നൽകുന്ന മുറക്ക് പരാതിക്കാരൻ കോടതിയെ ഇക്കാര്യം അറിയിച്ച് പിന്മാറും. പണം നൽകി കേസ് തീർന്നാലും പ്രശ്നം തീരുന്നില്ല. നിയമം നടപ്പാക്കാൻ ബാധ്യതയുള്ള സേനയുടെ തലപ്പത്തുള്ളയാൾ തന്നെ വിശ്വാസ വഞ്ചന കാണിച്ചു എന്നത് അതീവ ഗൗരവമേറിയ പ്രശ്നമാണ്.

പ്ലസ് വൺ സപ്ലിമെന്ററി അലോട്ട്മെന്റ്

സീറ്റ് ലഭിക്കാത്ത എല്ലാവർക്കും അപേക്ഷിക്കാൻ അവസരം നൽകണം: എം.എസ്.എഫ്

മലപ്പുറം: പ്ലസ്‌വണിൽ സീറ്റു ലഭിക്കാത്ത മുഴുവൻ വിദ്യാർഥികൾക്കും സപ്ലിമെന്ററി അലോട്ട്മെന്റിൽ അപേക്ഷിക്കാൻ അവസരം നൽകണമെന്ന് എം.എസ്.എഫ് സംസ്ഥാന പ്രസിഡന്റ് പി.കെ നവാസ് മലപ്പുറത്ത് വാർത്താസമ്മേളനത്തിൽ ആവശ്യപ്പെട്ടു. മൂന്ന് അലോട്ട്മെന്റുകളിലായി സീറ്റ് കിട്ടാത്തവരാണ് സപ്ലിമെന്ററി അപേക്ഷ നൽകേണ്ടത്. എന്നാൽ, ആദ്യ മൂന്ന് അലോട്ട്മെന്റിലും ഇഷ്ടവിഷയത്തിൽ സീറ്റ് കിട്ടാത്തവരും, പ്രവേശനം ലഭിച്ച സ്കൂളിലേക്കുള്ള ദൂരം കാരണം അഡ്മിഷൻ എടുക്കാൻ സാധിക്കാത്തവരും ഇനി അപേക്ഷിക്കാൻ പാടില്ലെന്നാണ് കഴിഞ്ഞ ദിവസം ഇറങ്ങിയ ഉത്തരവിൽ പറയുന്നത്. സർക്കാർ സീറ്റ് കിട്ടാത്തതിനാൽ എയ്ഡഡ് കോഴ്സിൽ ചേർന്നവർക്കും സപ്ലിമെന്ററി അപേക്ഷ നൽകാൻ പാടില്ലെന്ന വിചിത്ര നിർദേശവും ഉത്തരവിലുണ്ട്. ഇങ്ങനെ വന്നാൽ 7056 കുട്ടികൾക്ക് പ്ലസ് വണിന് അപേക്ഷിക്കാൻ സാധിക്കില്ല. ഇത്രയധികം കുട്ടികളുടെ ഭാവിയെ വഴിയാധാരമാക്കുന്ന നിലപാടാണ് സർക്കാർ സ്വീകരിക്കുന്നത്. പ്ലസ് വൺ വിഷയത്തിൽ കണക്ക് കൊണ്ട് തോൽപ്പിക്കുകയല്ല സർക്കാർ ചെയ്യേണ്ടത്. തെറ്റുമനസിലാക്കി മാന്യമായി തിരുത്തണം. സീറ്റ് കിട്ടാത്ത എല്ലാവർക്കും അപേക്ഷിക്കാൻ അവസരം നൽകണം, അല്ലാത്ത പക്ഷം വീണ്ടും സമരം ആരംഭിക്കാൻ എം.എസ്.എഫ് നിർബന്ധിതമാകും. പ്ലസ് വൺ വിഷയത്തിൽ സർക്കാർ ചർച്ചക്ക് വിളിച്ചുവെന്ന് മനസിലാക്കി തട്ടിക്കൂട്ട് സമരം നടത്തിയവരാണ് എസ്എഫ്ഐ. ഈ വിഷയത്തിൽ കുറച്ച് ആത്മാർത്ഥതയുണ്ടെങ്കിൽ യു.ഡി.എസ്.എഫിനൊപ്പം ചേർന്നു നിന്ന് സർക്കാറിനെ കാര്യം ബോധിപ്പിക്കണമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

സംസ്ഥാനത്തെ കോളജുകളിൽ ഡിഗ്രി പ്രവേശന നടപടികൾ അതിന്റെ അവസാനഘട്ടത്തിലാണ്. ഹയർസെക്കന്ററി സീറ്റുകളെപോലെ തന്നെ ഡിഗ്രി പ്രവേശനത്തിലും വ്യാപക പ്രതിസന്ധി മലബാർ മേഖലയിലുണ്ട്. 91,000 അപേക്ഷകളാണ് ഇത്തവണ കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ മാത്രം വന്നത്. കേവലം 32400 സീറ്റുകൾ മാത്രമാണ് നിലവിലുള്ളത്. 50000 സീറ്റുകളുടെ കുറവ് കാലിക്കറ്റിൽ മാത്രമുണ്ട്. ഈ വിഷയത്തിൽ സർക്കാറിന്റെ അടിയന്തര ഇടപെടലുണ്ടാവണം. അതോടൊപ്പം തന്നെ സ്വാശ്രയ കോഴ്സുകൾക്കെല്ലാം 12 ശതമാനം ഫീസ് വർധിപ്പിച്ച സാഹചര്യമുണ്ട്. ഒരു വിദ്യാർഥി പഠിച്ചിറങ്ങുമ്പോൾ 20,000 രൂപയോളം അധിക ബാധ്യതയാണ് ഇതിലൂടെയുണ്ടാവുന്നത്. സ്വാശ്രയ കോളജിനെ സമരം ചെയ്തവരാണ് സി.പി.എമ്മുകാർ. എന്നാൽ അവരെ വളർത്തുന്ന നിലപാടാണ് ഇപ്പോൾ സി.പി.എം നേതൃത്വം നൽകുന്ന ഇടതുപക്ഷ സർക്കാർ സ്വീകരിക്കുന്നത്. നൂറുകണക്കിന് ഗവ. അംഗീകൃത സ്വാശ്രയ കോളജുകൾക്ക് ഇപ്പോൾ അംഗീകാരം നൽകിക്കഴിഞ്ഞു. ഇങ്ങനെ വിദ്യാഭ്യാസ മേഖലയിൽ വലിയ അരക്ഷിതാവസ്ഥയാണ് സംസ്ഥാനത്ത് നിലനിൽക്കുന്നത്. പ്ലസ്‌വൺ, ഡിഗ്രി സീറ്റു വിഷയം ഉൾപ്പെടെ രാഷ്ട്രീയ വിരോധം മറന്ന് അതിന്റെ യാഥാർത്ഥ്യം മനസിലാക്കി ഇടപെടാൻ സർക്കാർ തയ്യാറാവണം.

ഉന്നത വിജയം നേടിയ വിദ്യാർഥികളെ ആത്മഹത്യയിലേക്ക് തള്ളിവിടുന്ന സാഹചര്യം കേരളത്തിലുണ്ടാവരുത്. ഇങ്ങനെ വന്നാൽ ശക്തമായ സമരത്തെ സർക്കാർ നേരിടേണ്ടി വരുമെന്നും നേതാക്കൾ ഓർമപ്പെടുത്തി.

വാർത്താ സമ്മേളനത്തിൽ സംസ്ഥാന ട്രഷറർ അഷ്ഹർ പെരുമുക്ക്, മലപ്പുറം ജില്ലാ പ്രസിഡന്റ് കബീർ മുതുപറമ്പ്, ജനറൽ സെക്രട്ടറി വി.എ വഹാബ്, ഹസൈനാർ നെല്ലിശ്ശേരി പങ്കെടുത്തു.

CLICK ഡൽഹിയിൽ ചേർന്ന ഇന്ത്യ സഖ്യ സംയുക്ത പ്രതിപക്ഷ സംഘടനകളുടെ യോഗത്തിൽ എൻ എസ് യു ഐ ദേശീയ പ്രസിഡന്റ് വരുൺ ചൗദരി, എ ഐ എസ് എഫ് ദേശീയ പ്രസിഡന്റ് വിരാജ് ദേവാങ്, എം എസ് എഫ് ദേശീയ പ്രസിഡന്റ് പി വി അഹമ്മദ് സാജു, എസ് എഫ് ഐ ദേശീയ ജനറൽസെക്രട്ടറി മയുഖ് ബിസ്‌വാസ്, ചത്ര ജനത ദൽ (ആർ ജെ ഡി) പ്രസിഡന്റ് അക്ഷൻ രഞ്ജൻ എന്നിവർ

പ്രതിപക്ഷ വിദ്യാർത്ഥി സംഘടനകളുടെ

സംയുക്ത പാർലമെന്റ് മാർച്ച് ഇന്ന്

ന്യൂഡൽഹി : തുടർച്ചയായി വിദ്യാർത്ഥി വിരുദ്ധ നയങ്ങളുമായി മുന്നാട്ട് പോകുന്ന നാഷണൽ ടെസ്റ്റിംഗ് ഏജൻസി (എൻ ടി എ) ക്കെതിരെ സംയുക്ത പ്രതിപക്ഷ വിദ്യാർഥി സംഘടനകളുടെ നേതൃത്വത്തിൽ ഇന്ന് പാർലിമെന്റ് മാർച്ച് നടക്കും. പരീക്ഷ എഴുതിയ ലക്ഷക്കണക്കിന് വിദ്യാർത്ഥികളുടെ ഭാവി അവതാളത്തിലാക്കുന്ന എൻ ടി എയുടെ നടപടിക്കെതിരെ ശക്തമായ പ്രധിഷേധം നടക്കുകയാണ്.

കേന്ദ്ര സർക്കാരിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലുള്ള നാഷണൽ ടെസ്റ്റിംഗ് ഏജൻസി നടത്തുന്ന പരീക്ഷകളിൽ ഇത്തരത്തിലുള്ള ക്രമക്കേടുകൾ സർവസാധാരണമാവുകയാണ്. നീറ്റ് പരീക്ഷകളും നെറ്റ് പരീക്ഷയുമായുമെല്ലാം ബന്ധപ്പെട്ട വീഴ്ചകൾ അങ്ങേയറ്റം ഗുരുതരമാണ്. ബന്ധപ്പെട്ട അധികാരികളുടെ അറിവോടും സമ്മതത്തോടും കൂടിയാണ് ഇത്തരം ക്രമകേടുകൾ നടക്കുന്നത് എന്നത് ഏറെ ഗൗരവകരവും. പാർലിമെന്റിൽ പോലും വിഷയം ചർച്ച ചെയ്യാൻ ഭരണപക്ഷം അനുവദിക്കുന്നില്ല, വിഷയത്തിൽ കേന്ദ്ര സർക്കാർ അടിയന്തരമായി ഇടപെടണമെന്നും ഇന്ത്യ സഖ്യ വിദ്യാർഥി സംഘടനകളുടെ യോഗം ആവിശ്യപ്പെട്ടു. യോഗത്തിൽ എൻ എസ് യു ഐ ദേശീയ പ്രസിഡന്റ് വരുൺ ചൗദരി, എ ഐ എസ് എഫ് ദേശീയ പ്രസിഡന്റ് വിരാജ് ദേവാങ്, എം എസ് എഫ് ദേശീയ പ്രസിഡന്റ് പി വി അഹമ്മദ് സാജു, എസ് എഫ് ഐ ദേശീയ ജനറൽ സെക്രട്ടറി മയുഖ് ബിസ്‌വാസ്, ചത്ര ജനത ദൽ (ആർ ജെ ഡി) പ്രസിഡന്റ് അക്ഷൻ രഞ്ജൻ എന്നിവർ പങ്കെടുത്തു.

നീറ്റ് പരീക്ഷ സമ്പ്രദായം റദ്ദാക്കണം: എം.ഇ.എസ്

മലപ്പുറം: നീറ്റ് പരീക്ഷ സമ്പ്രദായം റദ്ദാക്കണമെന്നും ഈ വിഷയത്തിൽ സംസ്ഥാന സർക്കാർ ശക്തമായ നിലപാട് സ്വീകരിക്കണമെന്നും എം.ഇ.എസ് പ്രസിഡന്റ് ഡോ. പി.എ ഫസൽ ഗഫൂർ ആവശ്യപ്പെട്ടു. നീറ്റ് സംസ്ഥാനത്തിന്റെ അധികാരത്തിലുള്ള കൈകടത്തലാണെന്ന തമിഴ്നാട് മുഖ്യമന്ത്രി സ്റ്റാലിൻ എടുത്ത നിലപാട് സംസ്ഥാന സർക്കാറും പിന്തുടരണമെന്നും ഫസൽ ഗഫൂർ പറഞ്ഞു. മലപ്പുറം പ്രസ് ക്ലബ്ബിൽ നടന്ന വാർത്താസമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. അഖിലേന്ത്യാ പരീക്ഷ പരാജയമാണ്. വൻതോതിൽ അഴിമതിയും പേപ്പർ ചോർച്ചയും ആൾമാറാട്ടവും നീറ്റ് പരീക്ഷയിൽ നടക്കുന്നുവെന്നും അദ്ദേഹം ആരോപിച്ചു. എം.ബി.ബി.എസ് അടക്കമുള്ള കോഴ്സിനുള്ള ആൾ ഇന്ത്യ ക്വാട്ട റദ്ദാക്കണം. അനാവശ്യമായി ഇളംപ്രായത്തിൽ കുട്ടികളെ മറ്റു സംസ്ഥാനങ്ങളിലേക്ക് പോയി പഠിക്കുവാൻ നിർബന്ധിക്കുന്നു. നീറ്റ് പരീക്ഷ കൊണ്ടെല്ലാം ഗുണം ലഭിക്കുന്നത് കോച്ചിങ് സെന്ററുകൾക്കാണ്. ഒരു മാഫിയ പോലെയാണ് ഇവരുടെ വളർച്ച. ജാതി സെൻസസ്, സാമ്പത്തിക സാമൂഹിക സർവേ നടത്താൻ തയ്യാറാകണം. ഏതെങ്കിലും സമുദായത്തിന് കൂടുതലോ കുറവോ വീതിച്ചിട്ടുണ്ടെങ്കിൽ അത് തിരുത്താൻ ഇത് ഉപകാരമാകും. എൻ.എസ്.എസോ മറ്റ് സംഘടനകളോ പറയുന്നതിന് അനുസരിച്ച് ജാതി സെൻസസിൽ നിന്ന് പിന്മാറരുതെന്നും ഫസൽ ഗഫൂർ ആവശ്യപ്പെട്ടു. എം.ഇ.എസ് ജനറൽ സെക്രട്ടറി കെ.കെ കുഞ്ഞുമൊയ്തീൻ, ട്രഷറർ ഒ.സി സലാഹുദ്ദീൻ എന്നിവരും വാർത്താസമ്മേളനത്തിൽ പങ്കെടുത്തു.

രാഹുൽ ഗാന്ധിയുടെ ലോക്സഭാ പ്രസംഗം മുക്കി സി.പി.എം മുഖപത്രം

ബി.ജെ.പി വാർത്തക്ക് ഇടം നൽകി ദേശാഭിമാനി

തിരുവനന്തപുരം: പ്രതിപക്ഷ നേതാവ് എന്ന നിലയിൽ ലോക്സഭയിൽ രാഹുൽഗാന്ധി നടത്തിയ പ്രസംഗവും പ്രകടനവും കാണാതെയും തൊടാതെയും സി.പി.എം മുഖപത്രം ദേശാഭിമാനി. സി.പി.ഐ പത്രമായ ജനയുഗമടക്കം മലയാളത്തിലെ മുഴുവൻ പത്രങ്ങളും ലോക്സഭയിലെ രാഹുലിന്റെയും പ്രതിപക്ഷ പാർട്ടികളുടെയും പ്രകടനം ഒന്നാം പേജിൽ നൽകിയപ്പോൾ. ദേശാഭിമാനി കൊടുത്തത് രാജ്യസഭയിൽ ജോൺബ്രിട്ടാസ് പ്രസംഗിച്ചതായിരുന്നു. ലോക്സഭയിൽ നടന്നതൊന്നും ദേശാഭിമാനിയിലില്ല. ദേശീയ മാധ്യമങ്ങളിലെല്ലാം നരേന്ദ്രമോദിക്കെതിരെ ആഞ്ഞടിച്ച പ്രകടനത്തിന് വലിയ പ്രാധാന്യം നൽകിയപ്പോൾ പ്രധാന ഇടതുപാർട്ടിയുടെ മുഖപത്രം രാഹുൽ ഗാന്ധിയെ അവഗണിച്ചെന്ന് മാത്രമല്ല, ബി.ജെ.പിയുടെ നാവായി മാറുകയും ചെയ്തു. 'വിറപ്പിച്ച് രാഹുൽ' എന്നാണ് ചന്ദ്രിക രാഹുൽ ഗാന്ധിയുടെ പ്രസംഗത്തെ വിശേഷിപ്പിച്ചത്. രാഹുൽ ഷോക്ക് എന്ന് മനോരമ (ഷോ എന്നും ഷോക്ക് എന്നും വായിക്കാം). നന്ദി രാഹുൽ എന്ന് മാതൃഭൂമി. നിർഭയത്വമാണ് ഇന്ത്യ എന്ന് മാധ്യമം. കത്തിക്കയറി രാഹുൽ എന്ന് ദീപിക. രാഹുൽ പ്രഹരം എന്ന് കേരളകൗമുദി. രൗദ്രം രാഹുൽ എന്ന് സുപ്രഭാതം. സജ്ജം പ്രതിപക്ഷം മോദിക്കെതിരെ രാഹുൽ ആഞ്ഞടിച്ചുവെന്ന് സിറാജ്. ആരെയും ഭയമില്ല, ആളിക്കത്തി രാഹുൽ എന്ന് വീക്ഷണം, ഇരുസഭകളിലും കേന്ദ്രസർക്കാരിനെ പൊളിച്ചടുക്കി പ്രതിപക്ഷം എന്ന് ജനയുഗം. 'ബി.ജെ.പി ജനങ്ങൾക്കിടയിൽ ഭയം ജനിപ്പിക്കുന്നു: രാഹുൽ' എന്ന വാർത്തയും ജനയുഗം ഒന്നാം പേജിൽ നൽകി. ഹിന്ദുക്കളെ രാഹുൽ ആക്രമികളെന്ന് വിളിച്ചെന്ന തരത്തിൽ ജന്മഭൂമി രാഹുൽ ഗാന്ധിയുടെ പ്രസംഗം ലീഡാക്കി നൽകി. പോരാട്ടം തുടരണം എന്ന സി.പി.എം ആഹ്വാനമാണ് ദേശാഭിമാനി ലീഡാക്കിയത്. പാർലമെന്റ് വാർത്തകളിൽ പ്രധാനവാർത്തയാക്കിയത് ബ്രിട്ടാസിന്റെ പ്രസംഗമാണ്. രാഹുൽ ഗാന്